ശ്രീ ഗുരുഭ്യോ നമഃ

ശ്രീമദ് ഏകനാഥീ ഭാഗവതം

അദ്ധ്യായം 2

ശ്രീമദ് ഭാഗവതം ഏകാദശ സ്കന്ധത്തിലെ
രണ്ടാം അദ്ധ്യായത്തിനുള്ള വ്യാഖ്യാനം

॥ശ്രീ॥

॥ ശ്രീമദ് ഏകനാഥീ ഭാഗവതം ॥



അദ്ധ്യായം രണ്ട്

മലയാളം വിവർത്തനം

श्रीगणेशाय नमः ॥ श्री गोपालकृष्णाय नमः ॥

जय जय देवाधिदेवा । भोगिसी गुरुत्वें सुहावा ।
विश्वीं विश्वात्मा ये सद्भावा । तूं कृपेनें जेव्हां अवलोकिसी ॥ १ ॥

ദൈവങ്ങളുടെ ദൈവമേ, അങ്ങേയ്ക്ക് വിജയം! ഗുരു എന്ന നിലയിൽ, അവിടുന്ന് സ്വയം ബ്രഹ്മഭാവത്തിനെ അനുഭവിക്കുന്നു. അങ്ങയുടെ കൃപാമയമായ ദൃഷ്ടിയാൽ ഈ വിശ്വം മുഴുവനും ആത്മാവുതന്നെയാണ് വ്യാപിച്ചിരിക്കുന്നത് എന്ന സദ്ഭാവം ഉണ്ടാകുന്നു.

ते विश्वीं जो विश्ववासी । त्यातें विश्वासी म्हणसी ।
तेणें विश्वासें प्रसन्न होसी । तैं पायांपाशीं प्रवेशु ॥ २ ॥

വിശ്വനാഥനായ ഭഗവാനിൽ വിശ്വസിക്കുവാൻ അവിടുന്ന് ഉപദേശിക്കുന്നു. വിശ്വാസികളിൽ അവിടുന്ന് പ്രസന്നനായി അങ്ങയുടെ ചരണങ്ങളുടെ അടുത്ത് വരാൻ പ്രവേശനം നൽകുന്നു.

त्या चरणारविंदकृपादृष्टी । अहं सोहं सुटल्या गांठी ।
एकसरें तुझ्या पोटीं । उठाउठी प्रवेशलों ॥ ३ ॥

ആ ചരണാരവിന്ദങ്ങളെ ദർശിക്കുന്നതുകൊണ്ട് 'അഹം', 'സോഹം' എന്നീ ബന്ധനങ്ങൾ അകന്നുപോയി, അങ്ങയുടെ ഉദരത്തിൽ ഞാൻ പ്രവേശിക്കുന്നു.

यालागीं तूं निजात्ममाये । या हेतु जंव पाहों जायें ।
तंव बापपण तुजमाजीं आहे । अभिनव काये सांगावें ॥ ४ ॥

(അങ്ങയുടെ ഉദരത്തിൽ പ്രവേശിച്ച ഞാൻ) അങ്ങയെ അമ്മയെന്ന് കരുതി നോക്കുമ്പോൾ, അങ്ങ് എനിക്കച്ഛനായും കാണപ്പെടുന്നു! ഇതിലും ആശ്ചര്യം വേറെന്തുണ്ട്?

येथ मातापिता दोनी । वेगळीं असती जनीं ।
ते दोनी एक करोनी । एका जनार्दनीं निजतान्हें ॥ ५ ॥

ഈ ലോകത്തിൽ, അമ്മയും അച്ഛനും വേറെ വേറെ ആൾക്കാരാകുന്നു, എന്നാൽ എന്റെ ഗുരു ജനാർദ്ദനനിൽ മാതൃത്വവും പിതൃത്വവും ഒന്നാകുന്നു, ഞാൻ അദ്ദേഹത്തിന്റെ കുഞ്ഞുമാകുന്നു.

आतां उभयस्नेहें स्नेहाळा । वाढविसी मज बाळा ।
परी नित्य नवा सोहळा । संभ्रमु आगळा निजबोधाचा ॥ ६ ॥

ഇപ്പോൾ, (അമ്മയും അച്ഛനുമായി) ഈ ഇരട്ടിച്ച സ്നേഹവാത്സല്യം അവിടുന്ന് എനിക്കു നൽകി എന്നെ ഒരു കുഞ്ഞിനെ പോലെ പരിപാലിക്കുന്നു, അതുകൊണ്ട്, പ്രതിദിനം എനിക്കാത്മബോധത്തിന്റെ ഒരു പുതിയ വൈഭവം അവിടുന്ന് പ്രദാനം ചെയ്യുന്നു.

शिव शक्ति गणेशु । विश्व विष्णु चंडांशु ।
ऐसा अलंकार बहुवसु । निजविलासु लेवविशी ॥ ७ ॥

അവിടുന്ന് സ്വന്തം സന്തോഷത്തിനായി എനിക്ക് ശിവൻ, ശക്തി, ഗണേശൻ, വിശ്വം, വിഷ്ണു, സൂര്യൻ തുടങ്ങിയ വിവിധ ആഭരണങ്ങൾ അണിയിക്കുന്നു.

यापरी मज निजबाळा । लेणीं लेवविशी स्वलीळा ।
आणि लेइलेपणाचा सोहळा । पहाशीं वेळोवेळां कृपादृष्टीं ॥ ८ ॥

അങ്ങനെ അവിടുന്ന് സ്വന്തം കുഞ്ഞായ എന്നെ പലവിധത്തിൽ അലങ്കരിച്ച്, കൃപാദൃഷ്ടിയോടെ നോക്കി ആനന്ദിക്കുന്നു.

बाळका लेवविजे लेणें । तयाचें सुख तें काय जाणे ।
तो सोहळा मातेनें भोगणें । तेवीं जनार्दनें भोगिजे सुख ॥ ९ ॥

ഒരു കുട്ടിക്ക് ആഭരണങ്ങൾ അണിയിച്ചാലും, ആ കുഞ്ഞെങ്ങിനെയാണ് അവയെ വിലമതിക്കുക? ആ സന്തോഷം അനുഭവിക്കാൻ അവന്റെ അമ്മയ്ക്ക് മാത്രമേ കഴിയൂ. അതുപോലെ, ഈ മഹത്തായ ഗ്രന്ഥം എഴുതാൻ എന്നെ പ്രേരിപ്പിക്കുമ്പോൾ, ആ വലിയ സന്തോഷം അനുഭവിക്കേണ്ടത് ഗുരു ജനാർദ്ദനനാണ്!

आपुल्या चिद्रत्नांच्या गांठी । आवडी घालिशी माझ्या कंठी ।
यालागीं मज पाठोवाठीं । निजात्मदृष्टीं सवें धांवे ॥ १० ॥

ചിദ്രത്നങ്ങളാൽ (ശുദ്ധ ബോധത്താലുള്ള) നിർമ്മിതമായ മാല അവിടുന്നെനിക്കണിയിച്ചു. (പ്രാരബ്ധവശാൽ) ഓടിനടക്കുന്ന (ശിശുവായ) എന്നെ നിജ ദൃഷ്ടിയാൽ അവിടുന്ന് രക്ഷിക്കുന്നു, അഥവാ സ്വസ്വരൂപജ്ഞാനം പ്രദാനം ചെയ്തുംകൊണ്ട് അവിടുന്ന് രക്ഷിക്കുന്നു.

समर्थ जयाचा जनकु । त्यास मानिती सकळ लोकु ।
एका जनार्दनीं एकु । अमान्य अधिकु मान्य कीजे ॥ ११ ॥

ഒരു ധനികന്റെ മകനെ എല്ലാവരും ബഹുമാനിക്കുന്നു. അതുപോലെ, ഗുരു ജനാർദ്ദനൻ എന്നെ സ്വീകരിച്ചതിനാൽ, ഞാൻ അയോഗ്യനാണെങ്കിലും ഞാൻ വലിയവനും ബഹുമാന്യനുമായി മാറിയിരിക്കുന്നു.

बाळक स्वयें बोलों नेणे । त्यासी माता शिकवी वचनें ।
तैशीं ग्रंथकथाकथनें । स्वयें जनार्दनें बोलविजे ॥ १२ ॥

ഒരു കുട്ടിക്ക് സ്വന്തമായി സംസാരിക്കാൻ കഴിയില്ല, അതിനാൽ അവന്റെ അമ്മ അവനെ സംസാരിക്കാൻ പഠിപ്പിക്കുന്നു. അതുപോലെ, ഗുരു ജനാർദ്ദനൻ എന്നെക്കൊണ്ട് ഈ ഗ്രന്ഥത്തിന്റെ കഥ പറയിപ്പിക്കുകയാണ്.

तेणें नवल केलें येथ । मूर्खाहाती श्रीभागवत ।
शेखीं बोलविलें प्राकृत । एकादशार्थ देवभाषा ॥ १३ ॥

അദ്ദേഹം എത്ര വലിയ ഒരു ചമത്കാരമാണ് ചെയ്തിരിക്കുന്നത് - എന്നെപോലെയൊരു മൂർഖനിലൂടെ ശ്രീമദ് ഭാഗവതത്തിലെ ഏകാദശ സ്കന്ധത്തിന്റെ അർത്ഥം പറയിപ്പിച്ചു, അതും മറാത്തി ഭാഷയിലൂടെ!

****

परिसोनि प्रथम अध्यावो । उगाचि राहिला कुरुरावो ।
पुढें कथाकथनीं ठावो । कांहीं अभिप्रावो दिसेना ॥ १४ ॥

ആദ്യത്തെ അദ്ധ്യായത്തിലുള്ള കഥ ഇതുവരെ കേട്ടതിനുശേഷം, ഇനി കേൾക്കുവാൻ വലിയ താല്പര്യമില്ലാത്ത വിധത്തിൽ പരീക്ഷിത്ത് നിശബ്ദനായി ഇരുന്നു.

आपण करावा प्रश्न । तंव हा सांगेल कृष्णनिधन ।
यालागीं राजा मौन । ठेला धरून निवांत ॥ १५ ॥

ഇനി എന്താണ് സംഭവിച്ചതെന്ന് ചോദിച്ചാൽ, ഭഗവാൻ കൃഷ്ണന്റെ വിയോഗത്തിന്റെ കഥ ശ്രീശുകമുനി വിസ്തരിച്ചു പറയുമെന്ന് അദ്ദേഹം കരുതി. അതിനാൽ രാജാവ് മൗനം പാലിച്ചു.

जाणोनि त्याचा अभिप्रावो । बोलत जाहला शुकदेवो ।
तो म्हणे मोक्षाचा प्रस्तावो । तो हा अध्यावो परीक्षिति ॥ १६ ॥

പരീക്ഷിത്തിന്റെ അഭിപ്രായം മനസ്സിലാക്കിയ ശുകമുനി പറഞ്ഞു, "ഹേ പരീക്ഷിത്! ഈ അധ്യായത്തെ മോക്ഷത്തിനുള്ള ഒരു നിർദ്ദേശമായി കണക്കാക്കുക".

हा एकादश अलोलिक । श्लोकाहून श्लोक अधिक ।
पदोपदीं मुक्तिसुख । लगटले देख निजसाधकां ॥ १७ ॥

ഈ ഏകാദശ സ്കന്ധം അലൗകികമാണ്. ഇതിൽ നിരവധി മഹത്തായ ശ്ലോകങ്ങളുണ്ട്. ഓരോ പദത്തിലും മുക്തിസുഖം അടങ്ങിയിട്ടുണ്ട്, അതിനാൽ സാധകന്മാർക്ക് ഈ വരികൾ കാണുമ്പോൾ തന്നെ ആനന്ദം ലഭിക്കുന്നു.

ऐसें ऐकतांचि वचन । राजा जाहला सावधान ।
मुक्तिसुखीं आवडी गहन । अवधानें कान सर्वांग केले ॥ १८ ॥

ഇത് കേട്ടപ്പോൾ രാജാവ് ജാഗ്രത പാലിച്ചു. കാരണം മോക്ഷം നേടാൻ അദ്ദേഹം അത്യധികം ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ എല്ലാ അവയവങ്ങളെയും ചെവിയാക്കികൊണ്ട് (അതായത് അത്രയധികം ശ്രദ്ധയോടെ) ശ്രവണം ചെയ്തു.

ऐसें देखोन परीक्षिती । शुक सुखावे अत्यंत चित्तीं ।
तो म्हणे अवधानमूर्ती । ऐक निश्चितीं गुह्यज्ञान ॥ १९ ॥

ഇത് കണ്ടപ്പോൾ ശുകാചാര്യർ വളരെ സന്തോഷിച്ചു പറഞ്ഞു, "അങ്ങ് ശ്രദ്ധയുടെ മൂർത്തീഭാവമായി മാറിയിരിക്കുന്നു, അതിനാൽ ഇപ്പോൾ ശാന്തമായ അന്തഃകരണങ്ങളോടെ ഈ ഗുഹ്യമായ ജ്ഞാനത്തിനെ ശ്രവിച്ചാലും".

द्वितीयाध्यायीं निरूपण । नारद वसुदेवसंवाद जाण ।
निमिजायंतांचे प्रश्न । मुख्य लक्षण भागवतधर्म ॥ २० ॥

രണ്ടാമത്തെ അദ്ധ്യായത്തിൽ നാരദനും വസുദേവനും തമ്മിലുള്ള സംഭാഷണമാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ഇതിൽ, ഒരു ചോദ്യോത്തര രൂപത്തിൽ ഭാഗവത ധർമ്മത്തിന്റെ സവിശേഷതകൾ വിവരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ ശുക ഉവാച
ഗോവിന്ദഭുജഗുപ്തായാം ദ്വാരവത്യാം കുരൂദ്വഹ
അവാത്സീന്നാരദോഽഭീക്ഷ്ണം കൃഷ്ണോപാസനലാലസഃ . 1

ശ്രീകൃഷ്ണന്റെ കൈകളാൽ രക്ഷിക്കപ്പെട്ടുവരുന്ന ദ്വാരകയിൽ, അല്ലയോ കുരുശ്രേഷ്ഠ, കൃഷ്ണനെ സേവിക്കുന്നതിൽ അത്യാഗ്രഹമുള്ളവനായ നാരദമഹർഷി പലപ്പോഴും വസിച്ചു.

जो मुक्तांमाजीं अग्रणी । जो ब्रह्मचारियां शिरोमणी ।
योगी वंदिती मुकुटस्थानीं । जो भक्तमंडणीं अतिश्रेष्ठ ॥ २१ ॥

മുക്തപുരുഷന്മാരിൽ അഗ്രഗണ്യനും, ബ്രഹ്മചാരികളിൽ ശിരോമണിയും, യോഗികൾപോലും വന്ദിക്കുന്ന, ഭക്തരിൽ അതിശ്രേഷ്ഠനും ...

जो ब्रह्मरसाचा समुद्र । जो निजबोधाचा पूर्णचंद्र ।
तो बोलता झाला शुक योगींद्र । श्रोता नरेंद्र कुरुवंशीचा ॥ २२ ॥

ബ്രഹ്മരസത്തിന്റെ സാഗരവും ആത്മബോധത്തിന്റെ പൂർണചന്ദ്രനുമായ ആ ശുകബ്രഹ്മം കഥ പറയുവാൻ തുടങ്ങി, കുരുവംശ രാജാധിരാജനായ പരീക്ഷിത്ത് കേൾക്കാനും തുടങ്ങി.

तो म्हणे व्यासाचा जो निजगुरु । आणि माझाही परमगुरु ।
नारद महामुनीश्वरु । त्यासी अतिआदरु श्रीकृष्णभजनीं ॥ २३ ॥

ശ്രീശുകബ്രഹ്മം പറഞ്ഞു, വ്യാസഭഗവാന്റെ ഗുരുവും, എന്റെ പരമ ഗുരുവുമായ മഹാമുനീശ്വൻ നാരദന് ശ്രീകൃഷ്ണ ഭജനത്തിൽ വലിയ ഇഷ്ടമായിരുന്നു.

द्वारकेहूनि स्वयें श्रीकृष्ण । पिंडारका पाठवी मुनिगण ।
तेथूनि नारद आपण । द्वारकेसी जाण पुनः पुनः येतु ॥ २४ ॥

ഭഗവാൻ കൃഷ്ണൻ തന്നെ ദ്വാരകയിൽ നിന്ന് എല്ലാ മുനിമാരെയും പിണ്ഡാരകത്തിലേക്ക് അയച്ചിരുന്നു, എന്നാൽ കാലപുരുഷന് ദ്വാരകയിൽ പ്രവേശിക്കാൻ കഴിയാത്തതിനാൽ നാരദമുനി അവിടെ നിന്ന് വീണ്ടും വീണ്ടും ദ്വാരകയിലേക്ക് വരാറുണ്ടായിരുന്നു.

हो कां जे द्वारकेआंत । न रिघे भय काळकृत ।
जेथ स्वयें श्रीकृष्णनाथ । असे नांदत निजसामर्थ्यें ॥ २५ ॥

കാലപുരുഷൻ ഒരിക്കലും ദ്വാരകയിൽ പ്രവേശിച്ചിരുന്നില്ല, കാരണം സർവ്വശക്തനായ ശ്രീകൃഷ്ണൻ അവിടെ വസിച്ചിരുന്നു.

दक्षशापु नारदासी पाहीं । मुहूर्त राहों नये एके ठायीं ।
तो शापु हरिकीर्तनीं नाहीं । यालागीं तो पाहीं किर्तननिष्ठु ॥ २६ ॥

ഒരു നിമിഷം പോലും ഒരു സ്ഥലത്ത് നിൽക്കാൻ കഴിയില്ലെന്ന് ദക്ഷൻ നാരദനെ ശപിച്ചിരുന്നു. പക്ഷേ ആ ശാപം ഹരിഭജനം ചെയ്യുന്ന സമയത്തിൽ ബാധകമല്ലാത്തതുകൊണ്ടു അദ്ദേഹം തുടർച്ചയായി കീർത്തനത്തിൽ മുഴുകിയിരുന്നു.

ज्याची गाइजे कीर्तनीं कीर्ती । तो द्वारकेसी वसे स्वयें श्रीपती ।
तेथें शापबाधेची न चले प्राप्ती । यालागीं नित्यवस्ती नारदासि तेथें ॥ २७ ॥

ആരുടെ ഖ്യാതിയെയാണോ ഈ നാമസങ്കീർത്തനം ഉദ്ഘോഷിക്കുന്നത്, അതേ ശ്രീപതിയായ ശ്രീകൃഷ്ണൻ ദ്വാരകയിലാണ് താമസിച്ചിരുന്നത്, അതിനാൽ ശാപം നാരദമുനിയെ അവിടെ ബാധിക്കാത്തതുകാരണം അദ്ദേഹം അവിടെ താമസിച്ചു.

नारदासी पूर्ण ब्रह्मज्ञान । त्यासी कां कृष्णमूर्तीचें ध्यान ।
श्रीकृष्णदेहो चैतन्यघन । यालागी श्रीकृष्णभजन नारदा पढियें ॥ २८ ॥

പൂർണജ്ഞാനിയായ നാരദമുനി എന്തിനാണ് സഗുണരൂപത്തിലുള്ള ശ്രീകൃഷ്ണനെ ഭജിക്കാൻ ഇഷ്ടപ്പെട്ടത്? കാരണം, ശ്രീകൃഷ്ണൻ ശരീരധാരിയാണെങ്കിലും, അദ്ദേഹം ചൈതന്യഘനം ആയിരുന്നു. അതുകൊണ്ട് നാരദമുനിക്ക് ശ്രീകൃഷ്ണഭജനം അത്യന്തം പ്രിയമായിരുന്നു.

यापरी कृष्णभजन । मुक्तांसी पढिये पूर्ण ।
त्यासी न भजे अभागी कोण । तेंचि निरूपण शुक सांगे ॥ २९ ॥

ഈ വിധത്തിൽ, മുക്തപുരുഷന്മാർപോലും ശ്രീകൃഷ്ണാരാധന ആസ്വദിക്കുമ്പോൾ അവനെ ആരാധിക്കാത്ത നിർഭാഗ്യവാനായ ആത്മാവ് ആരാണ്? ശ്രീശുകബ്രഹ്മം ഇത് വിശദീകരിക്കുന്നു.

കോ നു രാജന്നിന്ദ്രിയവാൻ മുകുന്ദചരണാംബുജം
ന ഭജേത് സർവതോമൃത്യുഃ ഉപാസ്യമമരോത്തമൈഃ. 2

അല്ലയോ രാജാവേ, എല്ലാദിക്കിലും മൃത്യുവിന്നധീനനും ഇന്ദ്രിയജയം പ്രാപിച്ചവനുമായ ഏതൊരുത്തൻ ദേവശ്രേഷ്ഠന്മാരാൽ സേവിക്കപ്പെടുവാൻ യോഗ്യമായ ശ്രീകൃഷ്ണന്റെ പാദപദ്മത്തെ ഭജിക്കയില്ല?

ऐकें बापा नृपवर्या । येऊनि उत्तमा देहा या ।
जो न भजे श्रीकृष्णराया । तो गिळिला माया अतिदुःखें ॥ ३० ॥

ഹേ രാജശ്രേഷ്ഠാ! ഈ ഉത്തമമായ മനുഷ്യശരീരം ലഭിച്ചതിനുശേഷവും, ശ്രീകൃഷ്ണനെ ആരാധിക്കാത്തവൻ മായയുടെ കഠിനമായ ദുഃഖത്താൽ വലയം ചെയ്യപ്പെടുന്നുവെന്ന് അറിയുക.

ज्या भगवंतालागुनी । माथा धरूनि पायवणी ।
सदाशिव बैसला आत्मध्यानीं । महाश्मशानीं निजवस्ती ॥ ३१ ॥

ഭഗവാന്റെ തൃപ്പാദങ്ങളിൽനിന്നും വന്ന ജലത്തിനെ മഹാദേവൻ ശിരസ്സിൽ വഹിച്ചുകൊണ്ട് സ്മശാനത്തിൽ ആത്മധ്യാനത്തിൽ മുഴുകിയിരിക്കുന്നു.

पोटा आला चतुरानन । इतरांचा पाडु कोण ।
देहा येवोनि नारायण । न भजे तो पूर्ण मृत्युग्रस्त ॥ ३२ ॥

സാക്ഷാൽ ബ്രഹ്മാവ് തന്നെ അദ്ദേഹത്തിൽനിന്നും ജനിച്ചപ്പോൾ നമുക്ക് മറ്റുള്ളവരെക്കുറിച്ച് എന്തു പറയാൻ കഴിയും? മനുഷ്യശരീരം ലഭിച്ചിട്ടും നാരായണനെ ആരാധിക്കാത്തവനെ മൃത്യു പൂർണ്ണമായും പീഡിപ്പിക്കുന്നു എന്ന് കണക്കാക്കണം.

सांडूनि श्रीकृष्णचरण । इंद्रादि देवांचें करितां भजन ।
ते देव मृत्युग्रस्त पूर्ण । मा भजत्याचें मरण कोण वारी ॥ ३४ ॥

പരമാത്മാവായ ശ്രീകൃഷ്ണനെ ഭജിക്കുക എന്ന മാർഗ്ഗം അല്ലാതെ മറ്റ് മാർഗ്ഗങ്ങളിൽ കുടുങ്ങിപ്പോകുന്നവർക്ക് ഒരിക്കലും ഈ ലോകത്തിന്റെ ബന്ധനത്തിൽനിന്ന് മോചനം ലഭിക്കില്ല.

असोनि इंद्रियपाटव पूर्ण । जो न भजे श्रीकृष्णचरण ।
त्यासी सर्वत्र बाधी मरण । क्षणक्षण निर्दाळी ॥

അതുകൊണ്ട്, ഒരു മനുഷ്യൻ എവിടെ പോയാലും, എല്ലാ ഇന്ദ്രിയങ്ങളും ശരിയായി പ്രവർത്തിച്ചുകൊണ്ട് പൂർണ്ണമായും ആരോഗ്യവാനാണെങ്കിലും, ശ്രീകൃഷ്ണനെ ആരാധിക്കാത്തവൻ തീർച്ചയായും മരണത്താൽ പിടിക്കപ്പെടും. വാസ്തവത്തിൽ, അവൻ ഓരോ നിമിഷവും മരണത്താൽ നശിപ്പിക്കപ്പെടുകയാണ്.

तो नारद महामुनीश्वरु । मुक्त होऊनि भजनतत्परु ।

द्वारके वसे निरंतरु । श्रीकृष्णीं थोरु अतिप्रीति तया ॥ ३६ ॥

മുനീശ്വരനായ നാരദൻ മുക്തനാണെങ്കിലും എപ്പോഴും ശ്രീകൃഷ്ണഭക്തിയിൽ മുഴുകിയിരിക്കും; ശ്രീകൃഷ്ണനോട് അദ്ദേഹത്തിന് വലിയ സ്നേഹമുള്ളതിനാൽ അദ്ദേഹം മിക്ക സമയവും ദ്വാരകയിലാണ് താമസിച്ചിരുന്നത്.

തമേകദാ തു ദേവർഷിം വസുദേവോ ഗൃഹാഗതം
അർച്ചിതം സുഖമാസീനം അഭിവാദ്യേദമബ്രവീത്. 3

ഒരിക്കൽ, വസുദേവൻ ഗൃഹത്തിൽ ആഗമിച്ചും പൂജിക്കപ്പെട്ടും സുഖമാകുംവണ്ണം പീഠത്തിൽ ഇരിക്കുന്നവനുമായ ആ ദേവർഷി നാരദനെ നമസ്കരിച്ചിട്ട് ഇതിനെ പറഞ്ഞു.

धन्य धन्य तो नारदु । ज्यासी सर्वीं सर्वत्र गोविंदु ।
सर्वदा हरिनामाचा छंदु । तेणें परमानंदु सदोदित ॥ ३७ ॥

ആഹാ! നാരദമുനി അനുഗ്രഹീതൻ തന്നെ! എല്ലായിടത്തും ഗോവിന്ദനെ മാത്രമേ അദ്ദേഹത്തിന് കാണാൻ കഴിഞ്ഞുള്ളൂ. അദ്ദേഹം എപ്പോഴും ഹരിനാമത്തിൽ ആസക്തനായിരുന്നു, അതുകൊണ്ട് എപ്പോഴും പരമാനന്ദത്തിൽ മുഴുകിയിരുന്നു.

जो श्रीकृष्णाचा आवडता । ज्यासी श्रीकृष्ण आवडे सर्वथा ।
ज्याचेनि संगें तत्त्वतां । नित्यमुक्तता जडजीवां ॥ ३८ ॥

ശ്രീകൃഷ്ണനോട് പരമഭക്തിയുള്ളവനും, ശ്രീകൃഷ്ണനു പ്രിയങ്കരനുമായ നാരദമുനിയുടെ സമ്പർക്കത്തിൽ ജഡജീവങ്ങൾക്കുപോലും മോക്ഷം ലഭിക്കുന്നു.

तो नारदु एके वेळां । स्वानंदाचिया स्वलीळा ।
आला वसुदेवाचिया राउळा । तेणें देखोनि डोळां हरिखला ॥ ३९ ॥

ആ മുനി നാരദൻ ഒരു ദിവസം പതിവുപോലെ സന്തോഷത്തോടെ, ശ്രീകൃഷ്ണന്റെ പിതാവായ വസുദേവന്റെ വീട്ടിലേക്ക് യാദൃശ്ചികമായി പോയി. അദ്ദേഹത്തെ കണ്ടപ്പോൾ വസുദേവനും വളരെ സന്തോഷിച്ചു.

केलें साष्टांग नमन । बैसों घातलें वरासन ।
ब्रह्मसद्‌भावें पूजन । श्रद्धासंपूर्ण मांडिलें ॥ ४० ॥

വസുദേവൻ അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിച്ചു, ഇരിക്കാൻ ഉയർന്ന ഒരു ആസനം നൽകി. സാക്ഷാൽ പരബ്രഹ്മം തന്നെ ഗൃഹത്തിൽ വന്ന ഭാവത്തിൽ ശ്രദ്ധാഭക്തിയോടെ ആരാധിച്ചു.

नारद तोचि नारायण । येणें विश्वासेंकरूनि जाण ।
हेमपात्रीं चरणक्षाळण । मधुपर्क विधिपूर्ण पूजा केली ॥ ४१ ॥

നാരദമുനി ഭഗവാൻ നാരായണൻ തന്നെയാണെന്ന ഉറച്ച വിശ്വാസത്തോടെ അദ്ദേഹം ആരാധിച്ചു. സ്വർണ്ണ പാത്രത്തിൽ പാദങ്ങൾ കഴുകി തേനുകൊണ്ട് വിധിയാംവണ്ണം പൂജിച്ചു.

पूजा करोनि सावधानीं । वसुदेव बैसोनी सुखासनीं ।
हृदयीं अत्यंत सुखावोनी । काय आल्हादोनी बोलत ॥ ४२ ॥

ഈ വിധത്തിൽ സ്നേഹത്തോടെ പൂജ നടത്തിയ ശേഷം, വസുദേവൻ തന്റെ ഇരിപ്പിടത്തിൽ ഇരുന്ന് സന്തോഷഭരിതമായ ഹൃദയത്തോടെ സംസാരിക്കാൻ തുടങ്ങി.

വസുദേവ ഉവാച
ഭഗവൻ ഭവതോ യാത്രാ സ്വസ്തയേ സർവ്വദേഹിനാം
കൃപണാനാം യതാ പിത്രോഃ ഉത്തമശ്ലോകവർത്മനാം. 4

അല്ലയോ ഭഗവാനെ, പിതാക്കന്മാരുടേയും ഉത്തംശ്ലോകനെ ഭജിക്കുന്നവരുടെയും സഞ്ചാരമെന്നപോലെ നിന്തിരുവടിയുടെ യാത്ര ദുഃഖിതരായ സകല ജനങ്ങളുടേയും സുഖത്തിനായ്ക്കൊണ്ടാകുന്നു.

स्वलीला कृपा केली तुम्हीं । तेणें परम सभाग्य जाहलों जी मी ।
तुमचेनि आगमनें आम्ही । कृतकृत्य स्वामी सन्निधिमात्रें ॥ ४३ ॥

ഇന്ന് അവിടുന്ന് ഇവിടെ വന്നത് ഞങ്ങളുടെ പരമഭാഗ്യമാണ്. അങ്ങയുടെ സാന്നിധ്യത്തിൽത്തന്നെ ഞങ്ങൾ കൃതകൃത്യരായിതീർന്നിരിക്കുന്നു.

चुकलिया निजजननी । बाळक दीन दिसे जनीं ।
त्यासी मातेच्या आगमनीं । संतोष मनीं निर्भर ॥ ४४ ॥

അമ്മയെ കാണാതായ ഒരു കുട്ടിക്ക് അടുത്തെത്ര ആളുകൾ ഉണ്ടായാലും നിസ്സഹായതയാണ് തോന്നുന്നത്. അമ്മയെ കാണുന്ന മാത്രത്തിൽ കുട്ടിയുടെ ഹൃദയം സന്തോഷപൂരിതമാകുന്നു.

त्याहूनि श्रेष्ठ तुमची यात्रा । नित्य सुखदाती भूतमात्रां ।
स्वलीला तुम्ही मही विचरां । दीनोद्धारालागुनी ॥ ४५ ॥

എല്ലാ ജീവജാലങ്ങൾക്കും നിത്യമായ സന്തോഷം നൽകുന്നതിനാൽ അങ്ങയുടെ വരവ് അതിനേക്കാൾ മികച്ചതാണ്. ദീനരെ ഉദ്ധരിക്കാനായി അവിടുന്ന് ഭൂമിയിൽ സ്വതന്ത്രമായി സഞ്ചരിക്കുന്നു.

मातेच्या आगमनीं निजबाळा । दृष्टिउत्संगीं नित्य नवा सोहळा ।
तुमची यात्रा दीनां सकळां । भोगवी स्वलीळा निजात्मसुख ॥ ४६ ॥

എല്ലാ ദിവസവും ഒരു കുട്ടിക്ക് അവന്റെ അമ്മ വരുന്നത് കാണുമ്പോൾ ഒരു പുതിയ സന്തോഷം ലഭിക്കുന്നു, എന്നാൽ അങ്ങയുടെ ആഗമനം എല്ലാ ദീനജനങ്ങൾക്കും സഹജമായ ആത്മസുഖത്തിന്റെ അനുഭവമാണ് പ്രദാനം ചെയ്യുന്നത്.

माता सुख दे तें नश्वर । तुमच्या आगमनीं अनश्वर ।
नित्य चित्सुख चिन्मात्र । परात्पर भोगावया ॥ ४७ ॥

അമ്മ കുഞ്ഞിന് നൽകുന്ന സുഖം നശ്വരമാകുന്നു, എന്നാൽ അവിടുന്ന് ഞങ്ങൾക്ക് നൽകുന്ന സുഖം ശാശ്വതമാണ്. പരാവാക്കിൽ അടങ്ങിയിരിക്കുന്ന ചിന്മാത്ര ചിത് സുഖം അവിടുന്ന് നൽകുന്നു.

तुम्ही भागवतधर्ममार्गगामी । तैंचि तुमची भेटी लाहों आम्ही ।
जैं पुण्यकोटी निष्कामीं । प्रयागसंगमीं केलिया ॥ ४८ ॥

അവിടുന്ന് സദാ ഭാഗവതധർമ്മത്തിന്റെ പാതയിലൂടെ സഞ്ചരിക്കുന്നു. നിഷ്കാമ്യമായി എപ്പോഴാണോ പ്രയാഗ് സംഗമത്തിൽ ദശലക്ഷക്കണക്കിന് യാഗങ്ങൾ നടത്തുന്നത്, അപ്പോൾ മാത്രമാണ് ഞങ്ങൾക്ക് അങ്ങയെ ദർശിക്കാൻ സാധിക്കുന്നത്.

नारदा तूं भगवद्‌रूप । तुझी भेटी करी निष्पाप ।
तुवां कृपा केलिया अल्प । स्वयें चित्स्वरूप ठसावे ॥ ४९ ॥

ഹേ നാരദമുനെ! അവിടുന്ന് സാക്ഷാൽ ഭഗവത് രൂപമാണ്. അങ്ങയുടെ ദർശനത്താൽ തന്നെ ഒരുവൻ പാപരഹിതനാകുന്നു. അങ്ങയുടെ കൃപ

ഒരല്പം ലഭിച്ചാൽപോലും സ്വസ്വരൂപാനുഭൂതിയുടെ അനുഭവം ഉള്ളിൽ സിദ്ധിക്കുന്നു.

तुझेनि भक्तीसी महिमा अमूप । तुझेनि वाढला भक्तिप्रताप ।
तुझेनि भक्ति भगवद्‌रूप । तूं चित्स्वरूप निजनिष्ठां ॥ ५० ॥

ഭക്തിയുടെ മഹിമ അങ്ങയിലൂടെ ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നു, ഭക്തിക്ക് പ്രതാപം ലഭിച്ചതും, ഭഗവത് രൂപത്തിനു തുല്യമായ സ്ഥാനം ലഭിച്ചതും അങ്ങുകാരണമാണ്. അവിടുന്ന് ആത്മനിഷ്ഠ കാരണം ചിത്സ്വരൂപമായി തീർന്നിരിക്കുന്നു.

तूं भक्तिप्रकाशकु दिवटा । कीं भक्तिमार्गींचा मार्गदृष्टा ।
नारदा तुझा उपकार मोठा । भक्तीच्या पेठा वसविल्या तुवां ॥ ५१ ॥

അവിടുന്ന് ഭക്തിയെ പ്രകാശിപ്പിക്കുന്ന ദീപമാണ്, ഭക്തിമാർഗ്ഗത്തിലെ വഴികാട്ടിയാണ്. അവിടുന്ന് നിരവധി ഉപകാരങ്ങൾ ചെയ്തു. ഭക്തിയുടെ ഒരു വിപണി തന്നെ അവിടുന്ന് സ്ഥാപിച്ചു!

मुख्य भागवतशास्त्र पूर्ण । तुवां व्यासासी उपदेशून ।
प्रगट करविलें दशलक्षण । दीन जन उद्धरावया ॥ ५२ ॥

ദീനജനങ്ങളെ ഉദ്ധരിക്കാനായിട്ട്, ശ്രേഷ്ഠവും പൂർണ്ണവുമായിട്ടുള്ള ഭാഗവതധർമ്മത്തിനെ അവിടുന്ന് വ്യാസമുനിക്കുപദേശം നൽകി. അങ്ങനെ ഭാഗവതത്തിലൂടെ അവിടുന്ന് ദശലക്ഷണങ്ങളും പ്രകടിപ്പിച്ചു.

नारदा तूं देवासमान । हेही उपमा दिसे गौण ।
तेचिविषयीं निरूपण । वसुदेव आपण निरूपी ॥ ५३ ॥

ഓ നാരദമുനെ! അവിടുന്ന് ഈശ്വരതുല്യനാണ്. പക്ഷേ ഈ ഉപമയും പര്യാപ്തമല്ല. ഈ വിധത്തിൽ തന്റെ അഭിപ്രായത്തിനെ വസുദേവൻ പറഞ്ഞു.

ഭൂതാനാം ദേവചരിതം ദുഃഖായ ച സുഖായ ച
സുഖായൈവ ഹി സാധൂനാം ത്വാദൃശാമച്യുതാത്മനാം. 5

ദേവന്മാരുടെ വ്യാപാരം പ്രാണികൾക്ക് ദുഃഖത്തിനായ്ക്കൊണ്ടും സുഖത്തിനായ്ക്കൊണ്ടും ഭവിക്കുന്നു. നാശരഹിതനായ ഭഗവാനിൽ മനസ്സു വെച്ചുകൊണ്ടിരിക്കുന്ന അങ്ങയെപ്പോലെയുള്ള സാധുക്കളുടെ വ്യാപാരം നിശ്ചയമായിട്ടും സുഖത്തിനായ്ക്കൊണ്ടുമാത്രം ആണ്.

देवांपासूनि भूतसृष्टी । सुखदुःखें शिणे पोटीं ।
अतिवृष्टी कां अनावृष्टी । भूतकोटी आकांतु ॥ ५४ ॥

ദേവന്മാരിൽ നിന്ന് ജീവജാലങ്ങൾക്ക് സുഖദുഃഖങ്ങൾ ലഭിക്കുകയും അവ അനുഭവിക്കേണ്ടിവരികയും ചെയ്യുന്നു. (ഉദാഹരണത്തിന്) മഴ കൂടുതലോ കുറവോ ആയാൽ ജീവജാലങ്ങളിൽ ഉത്കണ്ഠ ഉണ്ടാക്കുന്നു.

त्या देवांपरीस साधु अधिक । हें साचचि मज मानलें देख ।
देवचरिते उठी सुखदुःख । साधु निर्दोख सुखदाते ॥ ५५ ॥

അതുകൊണ്ട്, ദൈവങ്ങളെക്കാൾ ശ്രേഷ്ഠരാണ് സാധുക്കൾ എന്നെനിക്ക് തോന്നുന്നു, കാരണം ദൈവങ്ങളുടെ പ്രവൃത്തികൾ ദുഃഖവും കൂടിച്ചേർന്ന സന്തോഷവും ഉളവാക്കുന്നു, എന്നാൽ സാധുക്കൾ നിഷ്കളങ്കമായ സന്തോഷം നൽകുന്നവരാണ്.

त्यांहीमाजीं तुजसारिखा । जोडल्या कृपाळू निजात्मसुखा ।
तैं पेठ पिके परमार्थसुखा । हा महिमा लोकां कदा न कळेचि ॥ ५६ ॥

ഈ സാധുക്കളാലുള്ള സമ്പർക്കം മൂലം നമുക്ക് സ്വരൂപജ്ഞാനം ഉണ്ടാകുന്നു. ഇതിൽ പരമാർത്ഥസുഖം വിളയുന്നു. ഈ ആനന്ദത്തെ എത്രതന്നെ വർണ്ണിച്ചാലും ലോകത്തിനു മനസ്സിലാക്കാൻ സാധിക്കുകയില്ല.

दिधल्या सुखाचि मागुती । च्युती हों नेणे कल्पांतीं ।
ते अच्युतात्मस्थिती । तुजपाशीं निश्चितीं नारदा ॥ ५७ ॥

ഈ സുഖം ഒരിക്കൽ ലഭിച്ചുകഴിഞ്ഞാൽ, കല്പാന്തത്തിലും ഇതിനൊരു സമാപ്തിയുണ്ടാവില്ല. ഓ നാരദമുനെ, ഈ വിധത്തിലുള്ള `അച്യുതാത്മസ്ഥിതി' (ഒരു പതനവും വരാൻ സാധിക്കാത്ത ആത്മസുഖം) നിശ്ചയമായും അങ്ങയുടെ പക്കലുണ്ട്.

तुझिये महिमेपासीं । मुदल देवो नये तुकासी ।
तेंही सांगेन मी तुजपासीं । यथार्थेंसी नारदा ॥ ५८ ॥

അങ്ങയുടെ മഹിമ ദൈവമായിട്ടുപോലും തുലനം ചെയ്യാൻ സാധിക്കില്ല. എന്തുകൊണ്ടെന്ന് പറയാം.

देवाचा अवतार होये । दासां सुख दैत्यां भये ।
तेथेही ऐसे विषम आहे । हें न समाये तुजमाजीं ॥ ५९ ॥

സർവ്വശക്തനായ ഭഗവാൻ അവതരിക്കുമ്പോൾ ദാസന്മാർ സന്തോഷിക്കുകയും ദൈത്യന്മാർ ഭയപ്പെടുകയും ചെയ്യുന്നു. അങ്ങനെ അവിടെ പക്ഷപാതം ഉണ്ട്; അങ്ങയുടെ കാര്യത്തിൽ അങ്ങനെയല്ല.

तूं देवांचा आप्त होसी । दैत्यही विश्वासती तुजपासीं ।
रावण नेऊनि तुज एकांतासी । निजगुह्यासी स्वयें सांगे ॥ ६० ॥

അവിടുന്ന് ദേവന്മാരുടെ മിത്രമാണ്, എന്നാൽ അസുരന്മാർക്കും അങ്ങ് വിശ്വസ്തനാണ്. രാവണൻപോലും ഏകാന്തത്തിൽ അങ്ങയോട് തന്റെ ഹൃദയരഹസ്യം പങ്കുവെച്ചിട്ടുണ്ട്.

देव रावणें घातलें बंदीं । तो रावण तुझे चरण वंदी ।
शेखी रामाचा आप्त तूं त्रिशुद्धी । विषम तुजमधीं असेना ॥ ६१ ॥

രാവണൻ ദേവന്മാരെ തടവിലാക്കിയിരുന്നു, പക്ഷേ അങ്ങയുടെ ചരണങ്ങൾ വന്ദിക്കുമായിരുന്നു. ഇത്രക്കും, അങ്ങ് രാമന്റെ അഭ്യുദയകാംക്ഷിയായിരുന്നു. അതിനാൽ അങ്ങയുടെ മനസ്സിൽ ഒരു പക്ഷപാതവുമില്ല.

जरासंधु कृष्णाचा वैरी । तुझी चाल त्याच्या घरीं ।
आणि कृष्णाचे सभेमाझारीं । आप्तत्वें थोरी पैं तुझी ॥ ६२ ॥

ജരാസന്ധൻ കൃഷ്ണന്റെ ശത്രുവായിരുന്നു, പക്ഷേ അവിടുന്ന് ജരാസന്ധന്റെ ഗൃഹവും സന്ദർശിക്കുമായിരുന്നു. കൃഷ്ണന്റെ വിഷയത്തിലാണെങ്കിലോ, അങ്ങ് കൃഷ്ണന്റെ ആപ്തബന്ധുവായിരുന്നു!

नाम घेवों नेदी देवाचें । हें बिरुद हिरण्यकशिपूचें ।
त्यासी कीर्तन तुझें रुचे । विषमत्व साचें तुज नाहीं ॥ ६३ ॥

ആരും ഭഗവന്നാമം ഉച്ചരിക്കരുതെന്ന് ഹിരണ്യകശിപു ഉത്തരവിട്ടിരുന്നു, പക്ഷെ അദ്ദേഹത്തിന് അങ്ങയുടെ കീർത്തനം വളരെ ഇഷ്ടമായിരുന്നു. അങ്ങേയ്ക്കു പക്ഷപാതമില്ലെന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

लांचुगी बुद्धि सदा देवांसी । तैशी नाहीं तुम्हां साधूंसी ।
ऐक त्याही अभिप्रायासी । यथार्थेंसीं सांगेन ॥ ६४ ॥

ദേവന്മാർക് അത്യാഗ്രഹം ഉണ്ടായേക്കാം, പക്ഷേ നിങ്ങൾ ഋഷിമാർ അങ്ങനെയല്ല. അത് എങ്ങനെ വാസ്തവമായി സംഭവിക്കുന്നുവെന്ന് ഞാൻ പറയാം.

ഭജന്തി യേ യഥാ ദേവാൻ ദേവാ അപി തഥൈവ താൻ
ഛായേവ കർമ്മസചിവാഃ സാധവോ ദീനവത്സലാഃ. 6

യാവചിലർ ഏതുവിധം ദേവന്മാരെ ഭജിക്കുന്നുവോ ദേവന്മാരും അവരെ അപ്രകാരംതന്നെ ഭജിക്കുന്നു. നിഴൽ എന്നപോലെ കർമ്മത്തിനധീനമാകുന്നു. സാധുക്കൾ ദുഃഖികളായിരിക്കുന്ന എല്ലാവരിലും സ്നേഹമുള്ളവരാകുന്നു.

जे जैसे देव यागीं यजिजती । तैसतैसी फळें देव देती ।
न भजत्यांतें विघ्नें सूचिती । ऐसी गती देवांची ॥ ६५ ॥

ദൈവങ്ങൾ ആളുകൾക്ക് നൽകുന്ന സേവനത്തിനോ ആരാധനയ്ക്കോ അനുസൃതമായി ഫലങ്ങൾ നൽകുന്നു; എന്നാൽ അവയെ ആരാധിക്കാത്തവർക്ക് അവ വലിയ ദുരന്തങ്ങളും വരുത്തുന്നു. അതാണ് ദൈവങ്ങളുടെ സ്വഭാവം.

जैसजैसा पुरुष वेंठे । तैसतैसी छाया नटे ।
तेवीं भजनें देव प्रसन्न मोठे । येरवीं उफराटें विघ्न करिती ॥ ६६ ॥

ഒരു മനുഷ്യൻ തിരിയുമ്പോൾ അവന്റെ നിഴലും തിരിയുന്നു. മനുഷ്യൻ ദൈവങ്ങളെ ആരാധിക്കുന്നതുപോലെ, അവ അവന് അവർ ആഗ്രഹിക്കുന്നത് നൽകുന്നു; അല്ലാത്തപക്ഷം അവ വലിയ ദുരന്തങ്ങൾ വരുത്തിവയ്ക്കും.

जंव जंव सूर्य प्रकाशत असे । तंव तंव छाया सरिसी दिसे ।
निजकर्मे देवही तैसे । कर्मवशें प्रसन्न ॥ ६७ ॥

രാവിലെ മുതൽ ഉച്ചവരെ സൂര്യൻ ഉദിക്കുമ്പോൾ, നമ്മുടെ നിഴൽ ചുരുങ്ങുന്നു. അതുപോലെ, നമ്മൾ ദേവന്മാരെ ആരാധിക്കുന്തോറും അവർ സന്തോഷിക്കുന്നു.

सूर्य अस्तमानीं छाया नासे । अभजनें देव क्षोभती तैसे ।
एवं लांचुगे देव ऐसे । तूंही अनायासे जाणसी ॥ ६८ ॥

സൂര്യൻ അസ്തമിക്കുമ്പോൾ നിഴലുകൾ അപ്രത്യക്ഷമാകുന്നു. അതുപോലെ, ആരാധന നടത്തിയില്ലെങ്കിൽ, ദേവന്മാർ കോപിക്കും. അതുകൊണ്ട് ദേവന്മാർ സ്വാർത്ഥരാണെന്ന് അങ്ങേയ്ക്കും അറിയാം.

इतर देवांची कथा कोण । थोरला देव लांचुगा पूर्ण ।
तोही न भेटे जीव घेतल्याविण । भेटल्याचे आपण गर्भवास सोसी ॥ ६९ ॥

മറ്റ് ദേവതകളെ വിടൂ. ഈശ്വരൻ സ്വയം ഒരു അഴിമതിക്കാരനാണ്. കാരണം, നമ്മുടെ ജീവബോധം നശിപ്പിക്കപ്പെടുന്നതുവരെ അദ്ദേഹം പ്രകടനമാവുകയില്ല. എന്നാൽ ദർശനം തന്നാലോ, സന്തോഷംകൊണ്ട് ഭക്തന് പകരം ജന്മമെടുക്കുന്നതിന്റെ ഭാരം സ്വയം ഏറ്റെടുക്കുന്നു.

त्याचें जीवें सर्वस्वें भजन । केल्या निजांग देऊनि होये प्रसन्न ।
परी न भजत्याच्या घरा जाण । विसरोनि आपण कदा न वचे ॥ ७० ॥

സ്നേഹത്തോടെ അദ്ദേഹത്തെ ആരാധിക്കുമ്പോൾ, അദ്ദേഹം വളരെ സന്തോഷിക്കുകയും, തന്റെ ശരീരം തന്നെ ഭക്തന്റെ സേവനത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു; എന്നാൽ തന്നെ ആരാധിക്കാത്ത ഒരാളുടെ വീട്ടിലേക്ക് അദ്ദേഹം ഒരിക്കലും പോകുന്നില്ല.

तैसी नव्हे तुमची बुद्धी । दीनदयाळ त्रिशुद्धी ।
तूं तंव केवळ कृपानिधी । ऐक तो विधी सांगेन ॥ ७१ ॥

എന്നാൽ സാധുക്കൾ ഇങ്ങനെ ചിന്തിക്കാറില്ല. പ്രത്യേകിച്ചും ദീനജനങ്ങളോട് നിങ്ങൾ വളരെ അനുകമ്പയുള്ളവരാണ്. നിങ്ങൾ ദയയുടെ ഒരു കലവറയാണ്. ഞാൻ ഇതു വിശദീകരിക്കാം.

तुवां व्यास देखोनि सज्ञान । उपदेशिलें गुह्यज्ञान ।
ध्रुव बाळक अज्ञान । म्हणोनि जाण नुपेक्षिसी ॥ ७२ ॥

ശ്രീ വ്യാസൻ ബുദ്ധിമാനായിരുന്നതിനാൽ, അവിടുന്ന് അദ്ദേഹത്തിന് പരമഗുഹ്യമായ ജ്ഞാനത്തിനെ ഉപദേശിച്ചു. എന്നാൽ, ധ്രുവൻ ഒരു നിഷ്കളങ്കനായ കുട്ടിയാണെന്ന് കരുതി അവിടുന്ന് ധ്രുവനെ അവഗണിച്ചില്ല.

प्रल्हाद उपदेशिला जेव्हां । दैत्यपुत्र न म्हणसी तेव्हां ।
तुझिया कृपेचा हेलावा । तो निजविसांवा दीनांसी ॥ ७३ ॥

ഒരു ദൈത്യപുത്രനാണെങ്കിലും പ്രഹ്ളാദന് ഉപദേശം നൽകുവാൻ അവിടുന്ന് മടിച്ചില്ല. വാസ്തവത്തിൽ, അങ്ങയുടെ ഈ കൃപാതരംഗം തന്നെ ദീനജനങ്ങൾക്ക് വിശ്രമസ്ഥലമാകുന്നു!

केवळ वाटपाडा देख । भजनेंवीण एकाएक ।
महाकवी केला वाल्मीक । अमर आवश्यक वंदिती त्यासी ॥ ७४ ॥

കേവലം ഒരു കൊള്ളക്കാരനും കൊലയാളിയുമായിരുന്ന ഒരു വേട്ടക്കാരന് ഭക്തി എന്താണെന്നും ദൈവാരാധന എന്താണെന്നും അറിയില്ലായിരുന്നു. അവിടുന്ന് അവനെ രാമനാമം ചൊല്ലാൻ പഠിപ്പിച്ചു; അതിലൂടെ അദ്ദേഹം ദേവന്മാർ പോലും ആദരിക്കുന്ന മഹാകവി വാൽമീകിയായി.

देखोनि ज्याचिया ग्रंथासी । सुख वोसंडे सदाशिवासी ।
ऐसा तूं कृपाळू होसी । अनाथासी कुवांसा ॥ ७५ ॥

അദ്ദേഹത്തിന്റെ ഗ്രന്ഥം കാണുമ്പോൾ സദാശിവൻ പോലും സന്തോഷംകൊണ്ട് മതിമറക്കുന്നു. അവിടുന്ന് അത്രയധികം ദയാലുവും അനാഥർക്ക് ഒരു അഭയകേന്ദ്രവുമാണ്.

वरिवरी दाविसी मिणधा कोप । कोपोनि सांडविशी त्याचें पाप ।
शेखीं सायुज्याचे दीप । दाविशी सद्‌रूप दयाळुवा ॥ ७६ ॥

ബാഹ്യമായി അവിടുന്ന് കോപിച്ചാലും, പിന്നീട് അവരുടെ പാപം നീക്കം ചെയ്യുന്നു. ഒടുവിൽ, ഹേ ദയാനിധേ, അവിടുന്ന് സായൂജ്യത്തിന്റെ ദീപം കൊളുത്തി, അവർക്ക് സ്വസ്വരൂപം കാണിച്ചുകൊടുക്കുന്നു.

तुम्ही अच्युतात्मे निजनिर्धारीं । म्हणौनि देवो तुमचा आज्ञाधारी ।
तुम्ही म्हणाल त्यातें उद्धरी । येऱ्हवीं हातीं न धरी आनातें ॥ ७७ ॥

അവിടുന്ന് ശരിക്കും അച്യുതാത്മാവാണ്, അതുകൊണ്ടാണ് ഭഗവാൻ പോലും അങ്ങയുടെ കല്പനകൾ അനുസരിക്കുന്നത്. അവിടുന്ന് ഉദ്ധരിക്കാൻ പറയുന്നവരെ ഭഗവാൻ ഉദ്ധരിക്കുന്നു. ഭഗവാൻ പോലും സ്വന്തം ഇഷ്ടപ്രകാരം ആരെയും കടാക്ഷിക്കുന്നില്ല.

ऐसा तूं दीनदीक्षागुरु । ब्रह्मज्ञाने अतिउदारु ।
तरी पुसेन तो विचारु । निजनिर्धारु सांगावा ॥ ७८ ॥

ഈ വിധത്തിൽ, ദീനജനങ്ങൾക്ക് ആത്മീയ ദീക്ഷ നൽകുന്ന ഗുരുവാണ് അവിടുന്ന്; ബ്രഹ്മജ്ഞാനം പ്രദാനം ചെയ്യുന്നതിൽ അതിയുദാരനാണ്.

അതുകൊണ്ട്, ഞാൻ ചോദിക്കാൻ പോകുന്ന വിഷയത്തിനെക്കുറിച്ച് പറഞ്ഞുതരണമെന്ന് അപേക്ഷിക്കുന്നു.

ബ്രഹ്മംസ്തഥാമി പൃച്ഛാമോ ധർമ്മാൻ ഭാഗവതാംസ്തവ
യാഞ്ഛ്രുത്വാ ശ്രദ്ധയാ മർത്ത്യോ മുച്യതേ സർവ്വതോഭയാത്. 7

അല്ലയോ ബ്രഹ്മസ്വരൂപനായുള്ളോരേ, എങ്കിലും ഭഗവത്പ്രീതിക്കു ഹേതുക്കളായ ധർമ്മങ്ങളെക്കുറിച്ച് അങ്ങയോട് ഞങ്ങൾ ചോദിക്കുന്നു. മനുഷ്യൻ യാതൊരു കർമ്മങ്ങളെ ശ്രദ്ധയോടുകൂടി കേട്ടിട്ട് എല്ലാ ഭയത്തിൽനിന്നും മോചിക്കപ്പെടുന്നുവോ, ആ ധർമ്മത്തിനെ ഉപദേശിക്കേണമേ.

आदरें म्हणे देवऋषी । आजि सकळ पुण्यें आलीं फळासी ।
मायबाप तूं घरा आलासी । निजसुखासी दायक ॥ ७९ ॥

അദ്ദേഹം വീണ്ടും ആദരവോടെ പറഞ്ഞു, "ഹേ ദേവർഷി! അടിയൻ ചെയ്ത എല്ലാം പുണ്യകർമ്മങ്ങളുടെയും ഫലം ഇതാ ഇന്ന് ലഭിച്ചിരിക്കുന്നു, കാരണം, ആത്മസുഖം നൽകുന്ന, എന്റെ അച്ഛനുമമ്മയുമായ അവിടുന്ന് വീട്ടിലേക്കു വന്നിരിക്കുന്നു.

कृपा केली मागील शिष्यां । तेचि कृपेचा घालीं ठसा ।
मज तुझा पूर्ण भरंवसा । सोडवीं भवपाशापासूनि ॥ ८० ॥

മറ്റ് ശിഷ്യന്മാരോട് കൃപ കാണിച്ചിട്ടുള്ളതുപോലെ എന്നോടും കൃപ കാണിക്കണമേ; ലൗകിക ജീവിതത്തിന്റെ ബന്ധനങ്ങളിൽനിന്ന് എന്നെ മോചിപ്പിക്കണമേ. എനിക്ക് അങ്ങയിൽ പൂർണ്ണ വിശ്വാസമുണ്ട്.

तुझेनि दर्शनें कृतकृत्यता । जन्ही मज जाली तत्त्वतां ।
तन्ही भागवतधर्मकथा । कृपेनें तत्त्वतां सांगावी ॥ ८१ ॥

അങ്ങയുടെ ദർശനത്താൽ ഞാൻ കൃതകൃത്യനായിരിക്കുന്നു. അതിനാൽ, ഇപ്പോൾ, അതേ ദയയോടെ, ഭാഗവതധർമ്മത്തിനെ എനിക്ക് പറഞ്ഞുതരണം.

ऐसे सांगावे भागवतधर्म । जेणें निरसे कर्माकर्म ।
श्रद्धेनें ऐकतां परम । जन्ममरण हारपे ॥८२ ॥

കർമ്മ - അകർമ്മങ്ങളുടെ എല്ലാ അവശിഷ്ടഫലങ്ങളും നീങ്ങത്തക്ക രീതിയിൽ ഭാഗവതധർമ്മത്തിനെ എനിക്ക് ഉപദേശിച്ചാലും. ശ്രദ്ധാപൂർവ്വകം അവയെ ശ്രവണം ചെയ്യുന്നതിലൂടെ ഞാൻ ജന്മമരണങ്ങളിൽ നിന്നും മുക്തനാകും.

भवभय अति दारुण । त्या भयाचें माया निजकारण ।
तिचें समूळ होय निर्दाळण । ऐसे धर्म कृपेनें सांगावे ॥ ८३ ॥

സംസാരജീവിതത്തിലെ ദുഃഖങ്ങൾ അതി ഭയാനകം ആണ്. ഇതിന്റെ മൂല കാരണം മായയാണ്. ഈ മായയുടെ വേരറക്കത്തക്ക രീതിയിൽ അവിടുന്ന് കൃപ ചെയ്ത് ഭാഗവതധർമ്മത്തിനെ ഉപദേശിക്കേണമേ.

मज नाही अधिकार पूर्ण । ऐसें विचाराल लक्षण ।
तेविषयींची हे निवारण । सावधान अवधारीं ॥ ८४ ॥

ഈ ജ്ഞാനം സ്വീകരിക്കാൻ എനിക്ക് യോഗ്യതയില്ലെന്നു അവിടുന്ന് കരുതുകയാണെങ്കിൽ, ദയവായി ഞാൻ പറയുന്നത് കേൾക്കണം -

അഹം കില പുരാനന്തം പ്രജാർത്ഥോ ഭുവി മുക്തിദം
അപൂജയം ന മോക്ഷായ മോഹിതോ ദേവമായയാ. 8

ഞാൻ പണ്ട് ഭൂമിയിൽ സന്തതികളെ കാംക്ഷിക്കുന്നവനായിട്ട് മുക്തിയെ കൊടുക്കുന്ന ഭഗവാനെ പൂജിച്ചുവല്ലോ? ഈശ്വരന്റെ മായാശക്തിയാൽ മോഹിക്കപ്പെട്ട ഞാൻ മോക്ഷത്തിനായ്ക്കൊണ്ടു പൂജിച്ചില്ല.

मज अधिकारु नाहीं पूर्ण । हें मीही जाणतो आपण ।
मागें म्यां केले भगवद्‌भजन । तें तूं कथन अवधारीं ॥ ८५ ॥

ആത്മജ്ഞാനോപദേശം സ്വീകരിക്കാൻ എനിക്ക് പൂർണ അധികാരമില്ലെന്നെനിക്കറിയാം. പക്ഷെ, ഈശ്വരഭജനം ഞാൻ ചെയ്തിട്ടുണ്ട്, ആ വിഷയം അവിടുന്ന് കേൾക്കണം.

म्यां पूर्वीं आराधिलें देवराया । तें भजन ममता नेलें वायां ।
प्रलोभविलों देवमाया । पुत्रस्नेहालागूनि ॥ ८६ ॥

ഞാനും പണ്ട് ദേവന്മാരെ ആരാധിച്ചിരുന്നു, പക്ഷേ എന്റെ മമതകാരണം ആ ഭജനം വ്യർത്ഥമായി. പുത്രസ്നേഹത്താൽ ഞാൻ മായയുടെ പ്രലോഭനങ്ങളിൽ കുടുങ്ങി.

मज देव तुष्टला प्रसन्नपणें । मागसी तूं देईन म्हणे ।
तेथें मायेनें ठकिलें मजकारणें । माझा पुत्र होणें मी मागें ॥ ८७ ॥

ഭഗവാൻ എന്റെ ഭജനത്തിൽ പ്രസന്നനായിട്ട് വരം ചോദിക്കാൻ ആവശ്യപ്പെട്ടപ്പോൾ, മായ എന്നെ വഞ്ചിച്ചു; ഭഗവാൻ എന്റെ പുത്രനായി ജനിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടു.

तो हा माझा पुत्र श्रीकृष्ण । परी मज न सांगे ब्रह्मज्ञान ।
तोचि वंदी माझे चरण । म्हणे बाळक पूर्ण मी तुझें ॥ ८८ ॥

അതുകൊണ്ട് ഭഗവാൻ തന്നെ എനിക്ക് പുത്രനായി ജനിച്ചു, പക്ഷെ എനിക്ക് ബ്രഹ്മജ്ഞാനം തന്നില്ല, പകരം, എന്റെ കാൽക്കൽ വണങ്ങി എന്നോട് പറയുന്നു- "ഞാൻ അങ്ങയുടെ മകൻ മാത്രമാണ്".

यापरी श्रीकृष्णापासीं । ज्ञानप्राप्ति नव्हे आम्हांसी ।
कृष्ण परमात्मा हृषीकेशी । हें निश्चयेंसीं मी जाणें ॥ ८९ ॥

ഇക്കാരണത്താൽ നമുക്ക് ശ്രീകൃഷ്ണനിൽ നിന്ന് ജ്ഞാനപ്രാപ്തിയുണ്ടാവുന്നില്ല. കൃഷ്ണൻ സ്വയം ഹൃഷികേശിയും പരമാത്മാവുമാണെന്ന് എനിക്ക് ബോധ്യമുണ്ട്.

श्रीकृष्ण जन्मला माझिया कुशीं । म्हणौनि श्रद्धा आहे मजपाशीं ।
तेणेंचि तूं तुष्टलासी देवऋषी । तरी निजकृपेंसीं उद्धरी ॥ ९० ॥

കൃഷ്ണന് ജന്മം നല്കിയതുകൊണ്ട് എനിക്ക് (ഭാഗവതധർമ്മത്തിൽ) ശ്രദ്ധ ലഭിച്ചു. അതിനാൽ ദേവഋഷിയായ അങ്ങും സംതൃപ്തനായിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ അവിടുന്ന് കൃപചെയ്തെന്നെ ഉദ്ധരിച്ചാലും.

जे मायेनें ठकिलो वाडेंकोडें । ते माया समूळ झडे ।
ऐसें सांगिजें रोकडें । बहू बोलोनि पुढें काय काज ॥ ९१ ॥

എന്നെ വഞ്ചിച്ച ആ മായയെ വേരോടെയില്ലാതാക്കാൻ തക്കതായ ആത്മജ്ഞാനം തരേണമേ. ഇനി ഇതിൽ കൂടുതൽ എന്താണ് ഞാൻ പറയേണ്ടത്?

യഥാ വിചിത്രവ്യസനാദ് ഭവദ്ഭിർവിശതോഭയാത്
മുച്യേമ ഹ്യഞ്ജസൈവാദ്ധാ തഥാ നഃ ശാധി സുവ്രത. 9

നാനാവിധദുഃഖങ്ങളോടുകൂടിയ സർവ്വഭയത്തിൽനിന്നും പ്രയാസം കൂടാതെ പരമാർത്ഥമായിട്ട് ഏതുവിധമായാൽ ഭവാന്മാരാൽ ഞങ്ങൾ മോചിപ്പിക്കപ്പെടുമോ? അല്ലയോ ദീനന്മാരെ രക്ഷിക്കുന്ന വ്രതത്തോടുകൂടിയോരേ, അങ്ങ് ആ വിധം ഞങ്ങളെ ശാസിക്കണമേ.

मायाजलें भवसागरु । भरला असे अतिदुस्तरु ।
त्याचा उतरावया पैलपारु । होय तूं तारूं मुनिराया ॥ ९२ ॥

ഭവസാഗരം മായയുടെ ജലത്താൽ നിറഞ്ഞിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്; അത് കടക്കാൻ വളരെ പ്രയാസകരമാണ്. അതിനാൽ, ഹേ മുനിവര്യ! ദയവായി ഞങ്ങൾക്ക് ഈ സാഗരത്തിനെ തരണംചെയ്യാനായി ഒരു കടത്തുവള്ളമായി മാറുക.

याचें सकळ जळ क्षार । माजीं सावजें अनिवार ।
एकएकें चराचर । गिळिलें साचार निजशक्तिं ॥ ९३ ॥

ഈ സമുദ്രത്തിലെ വെള്ളം തികച്ചും ഉപ്പുരസമുള്ളതും മാരകമായ ജലജീവികളാൽ നിറഞ്ഞതുമാണ്. അവ ഉന്മത്തരായി സ്വശക്തിയാൽ എല്ലാ ജീവജാലങ്ങളെയും വിഴുങ്ങുന്നു.

लाटांवरी अचाट लाटा । मोहाचिया अतिदुर्घटा ।
आदळती अविवेकतटा । धैर्याचिया कांठा पाडित ॥ ९४ ॥

അവിവേകത്തിന്റെ തീരത്ത് ആസക്തിയുടെ ഉഗ്രമായ തിരമാലകൾ അലയടിച്ച് ധൈര്യത്തിന്റെ തീരത്തിനെ നശിപ്പിക്കുന്നു.

अहं कुवावो वाजतां थोरु । अवघाचि खवळे सागरु ।
मी माझेनि गजरें घोरु । अतिदुर्धरु गर्जत ॥ ८५ ॥

അഹങ്കാരത്തിന്റെ കാറ്റ് എപ്പോഴും ശബ്ദത്തോടെ ഒഴുകി വീശുന്നു, അത് സമുദ്രത്തെ വലിയ പ്രക്ഷുബ്ധതയിലേക്ക് നയിക്കുന്നു, തുടർന്ന് സമുദ്രം "ഞാൻ" എന്നും "എന്റേത്" എന്നും രണ്ട് വാക്കുകൾ ഉപയോഗിച്ച് ആർത്തുവിളിക്കുന്നു.

नाना वासनांचा वळसा । पाहे पां भंवताहे कैसा ।

येथ तरावया धिंवसा । नव्हे सहसा सुरनरां ॥ ९६ ॥

അതിൽ എത്രയെത്ര വ്യത്യസ്ത കാമങ്ങളുടെയും അഭിനിവേശങ്ങളുടെയും ചുഴികൾ വേഗത്തിൽ നീങ്ങുന്നുവെന്ന് നോക്കൂ! മനുഷ്യർക്കും ദേവന്മാർക്കും ഈ ഭയാനകമായ സമുദ്രത്തിനെ കടക്കാൻ ധൈര്യമില്ല.

क्रोधाचें प्रबळ भरतें । भरी द्वेषाचिया तरियांतें ।
असूयातिरस्कारांची तेथें । चिडाणी उते अनिवार ॥ ९७ ॥

അസൂയയുടെ നീർച്ചാലുകളിൽ, കോപത്തിന്റെ കൊടുങ്കാറ്റ് എപ്പോഴും കടന്നുവരുന്നു, അവിടെ എല്ലായിടത്തും അസൂയയുടെയും അവഗണനയുടെയും ഉപ്പ് പടരുന്നു.

कामपर्वताचीं शिखरें । विषमें भासती अपारें ।
आशेइच्छेचीं वरी थोरें । झाडें विषयांकुरें वाढलीं ॥ ९८ ॥

കാമത്തിന്റെ പർവതങ്ങളുടെ എണ്ണമറ്റ കൊടുമുടികളുണ്ട്, അവയിൽ ആഗ്രഹത്തിന്റെ സസ്യങ്ങൾ മുളയ്ക്കുന്നു, അവയിൽ വിഷയാങ്കുരങ്ങൾ തളിരിടുന്നു.

संकल्पविकल्पांचे मीन । निंदेच्या सुसरी दारुण ।
ब्रह्मद्वेषाचे नक्र पूर्ण । सागरीं जाण तळपती ॥ ९९ ॥

ഈ സമുദ്രത്തിൽ സങ്കല്പ വികല്പങ്ങളാകുന്ന മത്സ്യങ്ങളും, നിന്ദയാകുന്ന ഭയാനകമായ മുതലകളും, ബ്രഹ്മദ്വേഷമാകുന്ന ചീങ്കണ്ണികളും ഉണ്ട്, അവ സമുദ്രത്തിൽ സ്വതന്ത്രമായി അലഞ്ഞുനടക്കുന്നു.

एवढाही हा भवसागरु । शोषितां तूं अगस्ती साचारु ।
तुझेनि भवाब्धीपैलपारु । पावों हा निर्धारु जाहला आम्हां ॥ १०० ॥

ലോകമെന്ന സമുദ്രം ഇത്ര ഉഗ്രമാണ്, എന്നിട്ടും അതിനെ വറ്റിക്കാൻ അഗസ്ത്യമുനിയെ പോലെ അവിടുന്ന് ശക്തനാണ്. അതിനാൽ, അങ്ങയുടെ സഹായത്തോടെ, ഈ സമുദ്രം ഞങ്ങൾ കടക്കുമെന്ന് ഞങ്ങൾക്ക് പൂർണ്ണ വിശ്വാസമുണ്ട്.

याचा विश्वतोभय हेलावा । तो आम्हां न बाधी तुमच्या कणवा ।
अप्रयासें नारददेवा । मरणार्णवा मज तारीं ॥ १०१ ॥

ഈ സമുദ്രത്തിലെ വലിയ തിരമാലകളെ പ്രപഞ്ചം മുഴുവൻ ഭയപ്പെടുന്നു, പക്ഷേ അവിടത്തെ കൃപയാൽ ഞങ്ങൾ അവയാൽ അസ്വസ്ഥരാകില്ല. ഹേ നാരദമുനി! കാരുണ്യത്തിന്റെ സമുദ്രമേ! ദയവായി എന്നെ ഈ പ്രക്ഷുബ്ദമായ സമുദ്രത്തിന്റെ മറുകരയിലേക്ക് കൊണ്ടുപോകൂ!

पायी उतरून भवसागरु । साक्षात् पावें परपारु ।
ऐसा भागवतधर्मविचारु । तो निजनिर्धारु प्रबोधीं ॥ १०२ ॥

ഈ സമുദ്രത്തിനെ കാൽനടയായി കടക്കാനായി, ഭാഗവതധർമ്മത്തിനെ ഉപദേശിച്ചാലും.

ऐकोनि वसुदेवाची उक्ती । नारद सुखावला चितीं ।
तोचि अभिप्रावो परीक्षिती । शुक स्वमुखें स्थिति सांगत ॥ १०३ ॥

വസുദേവന്റെ ഈ വാക്കുകൾ കേട്ടപ്പോൾ നാരദമുനി വളരെ സന്തുഷ്ടനായി. ഇതേ ആനന്ദത്തിനെ ശ്രീശുകമുനി പരീക്ഷിത്ത് രാജാവിന് പകർന്നുകൊണ്ട് വിവരിക്കുന്നു -

ശ്രീ ശുക ഉവാച
രാജന്നേവം കൃതപ്രശ്നോ വസുദേവേന ധീമതാ
പ്രീതസ്തമാഹ ദേവർഷിഃ ഹരേഃ സംസ്മാരിതോ ഗുണൈഃ. 10

ശ്രീ ശുകമുനി അരുളി:
അല്ലയോ രാജാവേ ബുദ്ധിമാനായ വസുദേവനാൽ ഇപ്രകാരം ചോദിക്കപ്പെട്ടും ഹരിയുടെ ഗുണങ്ങളെ നന്നായി സ്മരിക്കപ്പെട്ടും അതിനാൽ സന്തുഷ്ടനായിരിക്കുന്ന നാരദമഹർഷി അവനോടു പറഞ്ഞു.

सांगतां वसुदेवाचा प्रश्न । श्रीशुक जाहला स्वानंदपूर्ण ।
नारदु वोळला चैतन्यघन । चित्सुखजीवन मुमुक्षां ॥ १०४ ॥

വസുദേവന്റെ ഈ ചോദ്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ശ്രീശുകന്റെ ഉള്ളം സ്വാനന്ദത്താൽ പൂർണ്ണമായി. അദ്ദേഹം പറഞ്ഞു - "നാരദമുനിയാകുന്ന ചൈതന്യഘനമേഘം മുമുക്ഷുക്കൾക്കായി ചിത്സുഖത്തിന്റെ മഴ പൊഴിഞ്ഞു".

श्रीशुक म्हणे नरदेवा । भावो मीनला नारदाच्या भावा ।
ऐकोनि प्रश्नसुहावा । तो म्हणे वसुदेवा धन्य वाणी ॥ १०५ ॥

ശ്രീശുകമുനി പറഞ്ഞു, " ഹേ നരേന്ദ്ര, ഇപ്പോൾ വസുദേവന്റെ ഉള്ളവും നാരദമുനിയുടെ ഉള്ളവും ഏകാത്മഭാവം പ്രാപിച്ചു. വസുദേവന്റെ ഈ ചോദ്യം കേട്ട നാരദമുനി പറഞ്ഞു, "അങ്ങയുടെ വാക്കുകൾ ധന്യം തന്നെ!"

परिसतां हा तुझा प्रश्न । चित्सुखें प्रगटे नारायण ।
ऐसें बोलतां नारद जाण । स्वानंदें पूर्ण वोसंडला ॥ १०६ ॥

"അങ്ങയുടെ ഈ ചോദ്യം കേട്ട് ശ്രീനാരായണൻ ചിതാനന്ദരൂപത്തോടെ അവതരിച്ചിരിക്കുന്നു", നാരദമുനി പറഞ്ഞു. ഇത് പറയുമ്പോൾ അദ്ദേഹം ആത്മാനന്ദത്താൽ മതിമറന്നു.

रोमांच उचलले अंगीं । स्वेद दाटला सर्वांगीं ।
आनंदाश्रु चालिले वेगीं । स्वानंदरंगीं डुल्लतु ॥ १०७ ॥

അദ്ദേഹത്തിന്റെ ശരീരം മുഴുവൻ രോമാഞ്ചത്താൽ നിറഞ്ഞു, എല്ലാ അംഗങ്ങളും വിയർത്തു, കണ്ണുകളിൽ നിന്ന് സന്തോഷാശ്രുക്കൾ ഒഴുകാൻ തുടങ്ങി, അദ്ദേഹം സ്വാനന്ദത്താൽ നൃത്തച്ചുവടുകൾ വെച്ചുതുടങ്ങി.

सप्रेम मीनलिया श्रोता । जैं पूर्ण सुखावेना वक्ता ।
तैं तो जाणावा अवघा रिता । कथासारामृता चवी नेणे ॥ १०८ ॥

പ്രേമികനായ ഒരു ശ്രോതാവിനെ ലഭിച്ചിട്ടും പൂർണ്ണ സന്തോഷം ലഭിക്കാത്ത വക്താവ് കഥാസാരാമൃതത്തിനെ പാനം ചെയ്തിട്ടില്ല എന്നുതന്നെ മനസ്സിലാക്കണം. അങ്ങനെയുള്ള ഒരു വക്താവിന്റെ ഉള്ളം ശുഷ്കിച്ചതാകുന്നു.

ऐकतां वसुदेवाचा प्रश्न । नारद सुखावे पूर्ण ।
मग स्वानंदगिरा गर्जोन । काय आपण बोलत ॥ १०९ ॥

വസുദേവന്റെ ചോദ്യം കേട്ട് നാരദൻ വളരെ സന്തോഷിച്ചു, തുടർന്ന് ആ സന്തോഷകരമായ ശബ്ദത്തിൽ ഗർജ്ജിച്ചുകൊണ്ട് അദ്ദേഹം വസുദേവനോട് പറഞ്ഞു -

നാരദ ഉവാച
സമ്യഗേതത് വ്യവസിതം ഭവതാ സാത്വതർഷഭ
യത് പൃച്ഛസേ ഭാഗവതാൻ ധർമ്മാംസ്ത്വം വിശ്വഭാവനാൻ. 11

നാരദൻ പറഞ്ഞു:
അല്ലയോ ഭഗവത്ഭക്തന്മാരിൽവെച്ച് ശ്രേഷ്ഠ, അങ്ങയാൽ ഇത് എത്രയും നന്നായിട്ട് ഉത്സാഹിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ സർവ്വരേയും ശുദ്ധിവരുത്തുന്ന ഭാഗവതധർമ്മങ്ങളെ അങ്ങു ചോദിക്കുന്നു.

नारद म्हणे सात्वत श्रेष्ठा । वसुदेवा परमार्थ निष्ठा ।
धन्य धन्य तुझी उत्कंठा । तूं भावार्थी मोठा भागवतधर्मी ॥ ११० ॥

നാരദമുനി പറഞ്ഞു, "പരമാർത്ഥത്തിൽ നിഷ്ഠയുള്ള ഹേ യാദവശ്രേഷ്ഠാ! അങ്ങയുടെ ഈ ജിജ്ഞാസ തീർച്ചയായും അനുഗ്രഹീതമാണ്. ഭാഗവതധർമ്മത്തോട് അങ്ങേക്ക് വലിയ ഭക്തിയുണ്ടെന്നതിൽ സംശയമില്ല."

ज्याचेनि धर्माचे प्रश्नोत्तरें । हें विश्व अवघेंचि उद्धरे ।
हें विचारिलें तुवां बरें । निजनिर्धारें श्रीकृष्णजनका ॥ १११ ॥

ഹേ ശ്രീകൃഷ്ണ ജനക! അവിടുന്ന് ഉന്നയിച്ച ചോദ്യങ്ങൾക്കും അതിന്റെ ഉത്തരങ്ങൾക്കും ഈ മുഴുവൻ വിശ്വത്തിനേയും ഉദ്ധരിക്കാൻ സാധിക്കും. വളരെ നന്നായി.

तुझेनि प्रश्नोत्तरें जाण । साधक निस्तरती संपूर्ण ।
साधकांचें नवल कोण । महापापी पावन येणें होती ॥ ११२ ॥

അങ്ങയുടെ ചോദ്യോത്തരങ്ങളിലൂടെ സാധകർ പൂർണ്ണത്വം പ്രാപിക്കുന്നു എന്നതിൽ എന്താണ് അത്ഭുതമുള്ളത്? ഈ യോഗത്തിലൂടെ മഹാപാപികൾ പോലും ശുദ്ധരാകുന്നു.

ശ്രുതോഽനുപഠിതോ ധ്യാത ആദൃതോ വാനുമോദിതഃ
സദ്യഃ പുനാതി സദ്ധർമ്മോ ദേവവിശ്വദ്രുഹോഽപി ഹി. 12

കേൾക്കപ്പെടുകയോ ഉച്ചരിക്കപ്പെടുകയോ ധ്യാനിക്കപ്പെടുകയോ ആദരിക്കപ്പെടുകയോ സന്തോഷിക്കപ്പെടുകയോ ചെയ്താൽ സത്തായ ധർമ്മം ദേവന്മാരേയും ലോകത്തേയും ദ്രോഹിക്കുന്നവരെക്കൂടി ഉടനെ പരിശുദ്ധരാക്കിത്തീർക്കുന്നു.

भागवतधर्माचेनि गुणें । एक उद्धरती श्रवणें ।
एक तरती पठणें । एक निस्तरती ध्यानें संसारपाश ॥ ११३ ॥

ഭാഗവതധർമ്മത്തിന്റെ മഹിമ എത്രത്തോളമെന്നാൽ ചിലർ അത് കേൾക്കുന്നതിലൂടെയും, ചിലർ അത് വായിക്കുന്നതിലൂടെയും ഉദ്ധരിക്കപ്പെടുന്നു. ചിലർ അതിനെക്കുറിച്ച് ധ്യാനിക്കുന്നതിലൂടെയും സംസാരബന്ധനത്തിൽനിന്ന് മോചനം നേടുന്നു.

एक श्रोतयां वक्तयांतें । देखोनि सुखावती निजचित्तें ।
सद्भावें भलें म्हणती त्यांतें । तेही तरती येथें भागवतधर्में ॥ ११४ ॥

(ഭാഗവതധർമ്മത്തിനെകുറിച്ച് വലിയ അറിവില്ലെങ്കിലും) ചിലർ വക്താവിനെയും ശ്രോതാക്കളെയും കണ്ട് സന്തോഷിക്കുകയും, "എത്ര മനോഹരമായി വർണ്ണിക്കുന്നു" എന്നും "ആഹാ! എത്ര ഭക്തിയോടെ ശ്രവിക്കുന്നു" എന്നും ഒക്കെ ഹൃദയത്തിൽ നല്ലഭാവത്തോടെ അവരെ അനുമോദിക്കുന്നു. അവരെയും ഭാഗവതധർമ്മം കരകയറ്റി വിടുന്നു!

हें नवल नव्हे भागवतधर्मा । जो कां देवद्रोही दुरात्मा ।
अथवा विश्वद्रोही दुष्टात्मा । तोही तरे हा महिमा भगवतधर्मी ॥ ११५ ॥

ഇതിൽ അതിശയിക്കാനൊന്നുമില്ല, കാരണം ദേവദ്രോഹിയോ, ദുരാത്മാവോ ഒരു വിശ്വദ്രോഹിയോ ആയ ദുഷ്ടാത്മാവുപോലും ഈ ഭാഗവതധർമ്മത്താൽ ഉദ്ധരിക്കപ്പെടുന്നു, അത്രയ്ക്കുണ്ട് അതിന്റെ മഹത്വം.

हृदयीं धरितां भागवतधर्म । अकर्म्याचें निर्दळी कर्म ।
अधर्म्याचें निर्दळी धर्म । दे उत्तमोत्तमपदप्राप्ती ॥ ११६ ॥

ഈ ഭാഗവതധർമ്മത്തിനെ ഹൃദയത്തിൽ ധരിക്കുകയാണെങ്കിൽ അകർമ്മിയുടെ കർമ്മങ്ങൾ ഇല്ലാതെയായിത്തീരുന്നു, ഒരധർമ്മിയെപ്പോലും രസാതലം വരയ്ക്കും കൂട്ടികൊണ്ടുപോയി പരമോന്നതപദം നൽകുന്നു.

जेथ रिगाले भागवतधर्म । तेथ निर्दळे कर्माकर्मविकर्म ।
निंदा द्वेष क्रोध अधर्म । अविद्येचें नाम उरों नेदी ॥ ११७ ॥

ഭാഗവതധർമ്മം എത്തുന്നിടത്തെല്ലാം അത് എല്ലാ കർമ്മാകർമ്മങ്ങളെയും ലയിപ്പിക്കുന്നു. നിന്ദ, ദ്വേഷം, ക്രോധം, അധർമ്മം, അവിദ്യ മുതലായവ നാമാവശേഷമാകുന്നു.

ते भागवतधर्मी अत्यादर । श्रद्धेनें केला प्रश्न तुवां थोर ।
निजभाग्यें तूं अति उदार । परम पवित्र वसुदेवा ॥ ११८ ॥

ഇപ്പോൾ അവിടുന്ന് ആ ഭാഗവതധർമ്മത്തെക്കുറിച്ച് വളരെ ബഹുമാനത്തോടും ഭക്തിയോടും കൂടി ആഴത്തിലുള്ള ഒരു ചോദ്യം ചോദിച്ചിരിക്കുന്നു. അതുകൊണ്ട്, ഹേ വസുദേവാ, അങ്ങ് അങ്ങേയറ്റം പവിത്രനും ഭാഗ്യവാനുമാണ്.

तुझें वानूं पवित्रपण । तरी पोटा आला श्रीकृष्ण ।
जयाचेनि नामें आम्ही जाण । परम पावन जगद्वंद्य ॥ ११९ ॥

അങ്ങയുടെ പവിത്രതയെ ഞാൻ എത്രത്തോളം വർണ്ണിക്കണം? ആരുടെ സുനാമത്താലാണോ ഞാൻ പാവനനും വിശ്വവന്ദ്യനുമായിത്തീർന്നിരിക്കുന്നത്, ആ ശ്രീകൃഷ്ണൻ അങ്ങയുടെ മകനാണ്.

तो स्वयें श्रीकृष्णनाथ । नित्य वसे तुझियां घरांत ।
तुझियाऐसा भाग्यवंत । न दिसे येथ मज पाहतां ॥ १२० ॥

ആ ശ്രീകൃഷ്ണൻ എപ്പോഴും അങ്ങയുടെ ഗൃഹത്തിൽ വസിക്കുന്നു. അതുകൊണ്ട്, ഈ ലോകത്തിൽ തന്നെ അങ്ങയെപ്പോലെയൊരു ഭാഗ്യവാനെ ഞാൻ വേറെ കാണുന്നില്ല.

वसुदेव तुझिया नामतां । “वासुदेव” म्हणती अनंता ।
तें वासुदेव नाम स्मरतां । परमपावनता जगद्वंद्यां ॥ १२१ ॥

ഹേ വസുദേവനെ! അങ്ങയുടെ പേരിൽനിന്നുമാണ് ഈ അനന്തതക്ക് 'വാസുദേവൻ' എന്ന് പേരുലഭിച്ചിരിക്കുന്നത്. ആ വാസുദേവന്റെ നാമം സ്മരിക്കുന്നതിലൂടെ ഓരോ ജീവജാലവും പരമപാവനവും വിശ്വവന്ദ്യവുമായിത്തീരുന്നു.

ത്വയാ പരമകല്യാണഃ പുണ്യശ്രവണകീർത്തനഃ
സ്മാരിതോ ഭഗവാനദ്യ ദേവോ നാരായണോ മമ. 13

അങ്ങയാൽ ഇപ്പോൾ എനിക്ക് അതിശ്രേഷ്ഠങ്ങളായ ഗുണങ്ങളോടുകൂടിയും പുണ്യത്തെ ഉണ്ടാക്കിത്തീർക്കുന്ന കീർത്തനത്തോടും ശ്രവണത്തോടുകൂടിയും നരന്മാരുടെ സമൂഹത്തിൽ അന്തര്യാമിയായിരുക്കുന്നവനും (എല്ലാറ്റിലും വസിക്കുന്നുണ്ട് എങ്കിലും നരന്മാരിൽ അധികം പ്രകാശിക്കുന്നതിനാൽ നാരായണൻ എന്ന പേരിനെ വഹിച്ചുംകൊണ്ടിരിക്കുന്ന) ആറു ഗുണങ്ങൾ തികഞ്ഞവൻ സ്മരിപ്പിക്കപ്പെട്ടു.

ज्याचेनि श्रवणें वाढे पुण्य । ज्यचेनि नामें झडे भवबंधन ।
तो सद्य स्मरविला तुवां नारायण । तुझी वाचा कल्याण वसुदेवा ॥ १२२ ॥

ആരുടെ ശ്രവണത്താൽ പുണ്യങ്ങൾ വർദ്ധിക്കുമോ, ഭവബന്ധനങ്ങൾ തകർക്കപ്പെടുമോ, ആ നാരായണസ്മരണ അവിടുന്നിപ്പോൾ എന്നിൽ ഉണർത്തിയിരിക്കുന്നു, അങ്ങയുടെ വാക്കുകൾ എപ്പോഴും മംഗളകരമായിരിക്കട്ടെ!

तुझा आजि ऐकतांचि प्रश्न । पूर्ण प्रगटला नारायण ।
मज तुझा हा उपकार पूर्ण । तूं परम कल्याण वसुदेवा ॥ १२३ ॥

ഇന്ന്, അങ്ങയുടെ ഈ ചോദ്യം കേട്ടതിനുശേഷം, ഭഗവാൻ നാരായണൻ തന്നെ എന്റെ ഹൃദയത്തിൽ പൂർണ്ണരൂപത്തിൽ പ്രത്യക്ഷപ്പെട്ടതായി തോന്നുന്നു. അവിടുന്ന് എനിക്കൊരു വലിയ ഉപകാരം ചെയ്തു. അതിനാൽ, ഹേ വസുദേവാ, അങ്ങേക്ക് പരമകല്യാണം ഭവിക്കട്ടെ!

आशंका : ऐकोनि नारदाचें वचन । झणें विकल्प धरील मन ।
यासी पुर्वीं होतें विस्मरण । आतां जाहलें स्मरण वसुदेवप्रश्नें ॥ १२४ ॥

നാരദമുനിയുടെ ഈ വചനം കേട്ടാൽ ഒരുപക്ഷെ ആരുടെയെങ്കിലും മനസ്സിൽ ഒരു ചിന്ത വന്നേക്കാം - മുമ്പ് നാരദൻ നാരായണനെ മറന്നിരുന്നുവെന്നും ഇപ്പോൾ വസുദേവന്റെ ചോദ്യം കാരണം അദ്ദേഹത്തെ ഓർമ്മിച്ചിരിക്കാമെന്നും.

ज्यांची ऐसी विकल्पयुक्ती । ते जाणावे निजात्मघाती ।
तेही अर्थींची उपपत्ती । ऐक निश्चितीं शुक सांगे ॥ १२५ ॥

പക്ഷേ, ഈ രീതിയിൽ വികല്പയുക്തിയോടെ തർക്കിക്കുന്നവർ ആത്മഹിംസ ചെയ്യുന്നുവെന്നു കണക്കാക്കണം. ആ വിഷയത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ശ്രീശുകമുനി പറയുന്നത് കേൾക്കൂ.

अग्नि कुंडामाजीं स्वयंभ असे । तो घृतावदानें अति प्रकाशे ।
तेवीं सप्रेम प्रश्नवशें । सुख उल्लासे मुक्तांचें ॥ १२६ ॥

അഗ്നികുണ്ഡത്തിലെ അഗ്നി സ്വയം നിലനിൽക്കുന്നതാണ്, അതിൽ നെയ്യ് ഒഴിക്കുമ്പോൾ അത് കൂടുതൽ ജ്വലിക്കുന്നു. അതുപോലെ, സ്നേഹപൂർവ്വം ചോദ്യങ്ങൾ ചോദിക്കുന്നതിലൂടെ, മുക്തപുരുഷന്മാരുടെ സന്തോഷം കൂടുതൽ വർദ്ധിക്കുന്നു.

सप्रेम भावार्थे मीनला श्रोता । मुक्तही उल्हासें सांगे कथा ।
तेथील सुखाची सुखस्वादुता । जाणे जाणता सवर्म ॥ १२७ ॥

ശ്രോതാവ് ഭക്തിയിൽ മുഴുകുമ്പോൾ, മുക്തനായിട്ടുള്ള വക്താവ് കൂടുതൽ ഉല്ലാസത്തോടെ കഥ പറയുന്നു. ഭക്തിയുടെ രഹസ്യം അറിയുന്നവർക്കുമാത്രമേ ആ സന്തോഷം ആസ്വദിക്കാൻ കഴിയൂ.

यालागीं मुक्त मुमुक्षु विषयी जन । भागवतधर्में निवती संपूर्ण ।
तोचि वसुदेवें केला प्रश्न । तेणें नारद पूर्ण सुखावला ॥ १२८ ॥

അതുകൊണ്ട്, മുക്തർക്കും, മുമുക്ഷുക്കൾക്കും, വിഷയലോലുപന്മാരായ ലൗകികർക്കും ഭാഗവതധർമ്മത്തിൽനിന്നും പൂർണ്ണമായ സുഖം ലഭിക്കുന്നു. ഇവിടെ, വസുദേവന്റെ ചോദ്യത്തിലൂടെ നാരദമുനി സന്തുഷ്ടനായി.

जे कां पूर्वपरंपरागत । जीर्ण भागवतधर्म येथ ।
सांगावया नारदमुनि निश्चित । उपपादित इतिहासु ॥ १२९ ॥

പുരാതനവും പരമ്പരാഗതവുമായ ഭാഗവത ധർമ്മത്തെ പ്രമാണസഹിതമായി നാരദ മഹർഷി ഒരു ചരിത്രത്തിലൂടെ പറയാൻ തുടങ്ങി.

അത്രാപ്യുദാഹരന്തീമം ഇതിഹാസം പുരാതനം
ആർഷഭാണാം ച സംവാദം വിദേഹസ്യ മഹാത്മനഃ. 14

ഇതിൽ ഋഷഭന്റെ പുത്രന്മാർക്കും പുണ്യാത്മാവായ നിമിരാജാവിനും തമ്മിലുണ്ടായ സംഭാഷണസ്വരൂപമായ പണ്ടുണ്ടായ ഈ കഥയെ അറിവുള്ളവർ ഉദാഹരിക്കുന്നു.

येच अर्थीं विदेहाचा प्रश्न । संवादती आर्षभ नवजण ।
ते भागवतधर्म जीर्ण । इतिहास संपूर्ण सांगेन ऐक ॥ १३० ॥

"ഇതിനു മുമ്പ് ഇതുപോലെയൊരു ചോദ്യം ജനക രാജാവ് ചോദിച്ചിരുന്നു, അതിന് നവ ആർഷഭന്മാർ (ഋഷഭയോഗീശ്വരന്റെ പുത്രന്മാർ) ഉത്തരം നൽകിയിരുന്നു", നാരദൻ പറഞ്ഞു, "ആ ഭാഗവതധർമ്മത്തിന്റെ മുഴുവൻ പുരാതന ചരിത്രവും ഞാൻ അങ്ങേക്കു പറഞ്ഞുതരാം, കേൾക്കൂ".

आर्षभ कोण म्हणसी मुळीं । त्यांची सांगेन वंशावळी ।
जन्म जयांचा सुकुळीं । नवामाजीं जाहली ब्रह्मनिष्ठा ॥ १३१ ॥

പക്ഷേ ആദ്യത്തെ ആർഷഭൻ ആരാണെന്ന് അവിടുന്ന് ചോദിക്കും, അതിനാൽ അവരുടെ വംശപരമ്പരയെക്കുറിച്ച് ഞാൻ അങ്ങേക്ക് പറയാം. അവർ ഒരു കുലീന കുടുംബത്തിലാണ് ജനിച്ചത്. ആ ഒമ്പതുപേരും ബ്രഹ്മനിഷ്ഠരായിരുന്നു.

പ്രിയവ്രതോ നാമ സുതോ മനോഃ സ്വായംഭുവസ്യ യഃ
തസ്യാഗ്നീധ്രസ്തതോ നാഭിഃ ഋഷഭസ്തത്സുതഃ സ്മൃതം. 15

ബ്രഹ്മാവിന്റെ പുത്രനായ മനുവിന് പ്രിയവ്രതനെന്നു പേരായ പുത്രനുണ്ടായി. അവർക്കു ആഗ്നീധ്രനുണ്ടായി അവരിൽനിന്നു നാഭിയെന്ന രാജാവുണ്ടായി. ഋഷഭൻ നാഭിയുടെ പുത്രൻ എന്ന് അറിയപ്പെട്ടിരിക്കുന്നു.

स्वायंभु मनूचा सुतु । जाण नामें 'प्रियव्रतु' ।
त्याचा 'आग्नीध्र' विख्यातु । 'नाभी' त्याचा सुतु सूर्यवंशीं ॥ १३२ ॥

സ്വായംഭു മനുവിന്റെ പുത്രനായിരുന്നു 'പ്രിയവ്രതൻ'. 'ആഗ്നീന്ദ്രൻ' എന്ന പേരിൽ അദ്ദേഹത്തിന്റെ മകൻ പ്രശസ്തനായിരുന്നു. സൂര്യവംശത്തിൽ നിന്നുള്ള അദ്ദേഹത്തിന്റെ മകന്റെ പേര് 'നാഭി' എന്നാണ്.

त्या नाभीपासूनि ज्ञानविलासु । 'ऋषभ' जन्मला वासुदेवांशु ।
मोक्षधर्माचा प्रकाशु । जगीं सावकाशु विस्तारिला ॥ १३३ ॥

ആ നാഭിക്ക് 'ഋഷഭൻ' എന്നൊരു പുത്രനുണ്ടായിരുന്നു, അദ്ദേഹം പരമജ്ഞാനിയും, വാസുദേവന്റെ അംശാവതാരവുമായിരുന്നു. അദ്ദേഹം ലോകത്തിൽ മോക്ഷധർമ്മത്തിന്റെ പ്രകാശം പരത്തി.

തമാഹുർവാസുദേവാംശം മോക്ഷധർമ്മവിവക്ഷയാ
അവതീർണ്ണം സുതശതം തസ്യാസീദ് ബ്രഹ്മപാരഗം. 16

അദ്ദേഹത്തെ, മോക്ഷധർമ്മത്തെപ്പറ്റി പറയാൻ വേണ്ടി അവതരിച്ച ശ്രീവിഷ്ണുവിന്റെ അംശം എന്നു പറയുന്നു. അദ്ദേഹത്തിനു വേദത്തിന്റെ കരകണ്ടവരായ നൂറു പുത്രന്മാർ ഉണ്ടായി.

ऋषभ वासुदेवाचा अंशु । ये लोकीं मोक्षधर्मविश्वासु ।
प्रवर्तावया जगदीशु । हा अंशांशु अवतार ॥ १३४ ॥

ലോകത്തിനു മോക്ഷധർമ്മത്തിന്റെ പാത കാണിച്ചുകൊടുക്കുക എന്ന ഉദ്ദേശത്തോടെയായിരുന്നു വാസുദേവന്റെ അംശാവതാരമായിട്ട് ഋഷഭദേവൻ അവതരിച്ചത്.

त्याचें पंचमस्कंधीं चरित्र । सांगितलें सविस्तर ।
त्यासी जाहले शत पुत्र । वेदशात्रसंपन्न ॥ १३५ ॥

പഞ്ചമസ്കന്ധത്തിൽ ഋഷഭയോഗീശ്വരചരിതം വിസ്താരമായി പറയപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന് നൂറുപുത്രന്മാരായിരുന്നു. അവരെല്ലാവരും വേദശാസ്ത്രസമ്പന്നരായിരുന്നു.

त्यांहीमाजीं ज्येष्ठ पुत्र । अतिशयें परम पवित्र ।
ऐक त्याचे चरित्र । अतिविचित्र सांगेन ॥ १३६ ॥

അവരിൽ മൂത്ത മകൻ പരമപവിത്രനായിരുന്നു. അദ്ദേഹത്തിൻറെ അതിവിചിത്രമായ ജീവിതകഥയാണ് ഞാൻ പറയാൻ പോകുന്നത്.

തേഷാം തു ഭരതോ ജ്യേഷ്ഠോ നാരായണപരായണഃ
വിഖ്യാതം വർഷമേതദ് യത് നാംനാ ഭാരതമദ്ഭുതം. 17

അവരിൽവെച്ച് ഭരതൻ ജ്യേഷ്ഠനും ശ്രീഭഗവാനെ ആശ്രയിച്ചവനും ആകുന്നു. ഈ അദ്ഭുതമായ വർഷം - അജനാഭമെന്നു പേരായ ഈ ഭൂഖണ്ഡം അദ്ദേഹത്തിന്റെ പേരുകൊണ്ട് ഭാരതമെന്ന് പേരുള്ളതായി പ്രസിദ്ധപ്പെട്ടു.

जो ज्येष्ठपुत्र ‘भरत’ जाण । तो नारायणपरायण ।
अध्यापि ‘भरतवर्ष’ उच्चारण । त्याचेनि नांवें जाण विख्यात ॥ १३७ ॥

ഈ മൂത്ത മകന്റെ പേര് ഭരതൻ എന്നായിരുന്നു, അദ്ദേഹം ഒരു വലിയ നാരായണ ഭക്തനായിരുന്നു. ഇന്നും ഭരതഖണ്ഡം 'ഭരതവർഷം' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇത് അദ്ദേഹത്തിന്റെ നാമത്തിന്റെ ഖ്യാതിയാണ്.

जो मनसा-वाचा-कर्मणा । अखंड भजे नारायणा ।
असतांही राज्यधर्मी जाणा । जो आत्मखुणा न चुके ॥ १३८ ॥

അദ്ദേഹം മനസ്സിലും, വാക്കിലും, പ്രവൃത്തിയിലും ഭഗവാൻ നാരായണനെ ആരാധിച്ചു. രാജാവായിരുന്നിട്ടും, അദ്ദേഹം ആത്മജ്ഞാനിയായിരുന്നു.

जेवीं मार्गीं चालतां । पाउलें वक्रेंही टाकिता ।
दैववशें अडखुळतां । आश्रयो तत्त्वतां भूमिचाचि ॥ १३९ ॥

വഴിയിൽ നടക്കുമ്പോൾ ഒരാൾ തെറ്റായ ഒരു ചുവടുവെപ്പ് നടത്തുകയോ കാലിന് പരിക്കേൽക്കുകയോ ചെയ്താലും അയാൾക്ക് നിലം താങ്ങായി നിൽക്കുന്നതുപോലെ...

तेवींचि तयासी असतां । राज्यधर्म चाळितां ।
यथोचित कर्म आचरितां । निजीं निजात्मता पालटेना ॥ १४० ॥

ഭരതൻ രാജ്യം ഭരിക്കുമ്പോൾ, രാജ്യധർമ്മപരിപാലനത്തിനായിട്ടു എന്തു കർമ്മം ചെയ്താലും ഒരിക്കലും അദ്ദേഹം ആത്മസ്ഥിതിയിൽനിന്നും ചലിച്ചില്ല.

या नाव बोलिजे 'अखंडस्थिती' । जे पालटेना कल्पांती ।
जेथ असतां सुखी होती । पुनरावृत्ति असेना ॥ १४१ ॥

ഈ അവസ്ഥയെ 'അഖണ്ഡ സ്ഥിതി' എന്ന് വിളിക്കുന്നു, ഇത്
കല്പാന്തത്തിൽപോലും മാറുന്നില്ല. ഈ പരമാത്മസുഖത്തിനെ പ്രാപിച്ച
ഒരു വ്യക്തിക്ക് ഇനി ജനനമരണങ്ങളില്ല.

ऐसें करी सदाचरण । आणि नारायणपरायण ।
आईक त्याचेंही व्याख्यान । विशद करूनि सांगेन ॥ १४२ ॥

ഇങ്ങനെ സദാചാരസമ്പന്നനായ ഭരതൻ നാരായണപരായണനായിരുന്നു.
ഇത് ഞാൻ വിശദമായി പറയാം, കേൾക്കൂ.

नरांचा समुदाय गहन । त्यासी 'नार' म्हणती जाण ।
त्याचें 'अयन' म्हणजे स्थान । म्हणौनि म्हणती 'नारायण' आत्मयासी ॥ १४३ ॥

നരന്മാരുടെ സമുദായത്തിനെ `നാരം' എന്ന് വിളിക്കുന്നു. ആ
നാരത്തിന്റെ, അല്ലെങ്കിൽ എല്ലാ ജീവജാലങ്ങളുടെ കൂട്ടത്തിന്റെ
ആത്മാവ് 'അയൻ', അതായത് അധിഷ്ഠാനം, ഭഗവാൻ ആയതുകൊണ്ട്,
അദ്ദേഹത്തെ 'നാരായണൻ' എന്ന് വിളിക്കുന്നു.

त्याच्या ठायीं परायण । म्हणिजे अनन्यत्वें शरण ।
निवटूनियां आपुलें अहंपण । तद्रूपें जाण राहिला ॥ १४४ ॥

ഭരതൻ നാരായണപരായണനായിട്ട് അനന്യഭാവത്തോടെ അദ്ദേഹത്തിനെ
ശരണം പ്രാപിച്ചു. തന്റെ അഹങ്കാരം മറന്ന് സ്വരൂപത്തിൽ തല്ലീനമായി.

ऐसा तो ऋषभाचा पुत्र । जयासी नांव 'भरत' ।
ज्याच्या नामाची कीर्ति विचित्र । परम पवित्र जगामाजीं ॥ १४५ ॥

അങ്ങനെയുള്ള ഋഷഭപുത്രൻ ഭരതന്റെ പവിത്രമായ പ്രശസ്തി
ലോകമെമ്പാടും വ്യാപിച്ചിരിക്കുന്നു.

तो भरतु राहिला हे भूमिकेसी । म्हणौनि 'भरतवर्ष' म्हणती यासि ।
सकळ कर्मारंभीं करितां संकल्पासी । ज्याचिया नामासी स्मरताति ॥ १४६ ॥

ഭരതൻ ഈ മണ്ണിലാണ് ജനിച്ചത്, അതുകൊണ്ടാണ് ഈ രാജ്യം
'ഭരതവർഷം' എന്നറിയപ്പെടുന്നത്. എല്ലാ വൈദിക ആചാരങ്ങളുടെയും
സങ്കൽപം ആരംഭിക്കുമ്പോൾ അദ്ദേഹത്തിന്റെ നാമം
ഉച്ചരിക്കേണ്ടതുണ്ട്.

ऐसा आत्माराम जऱ्ही झाला । तऱ्ही विषयसंग नव्हे भला ।
यालागीं त्याचा वृत्तांतु पुढिला । सांगेन सकळां आइकें ॥ १४७ ॥

ഇത്രയധികം ആത്മാരാമനായ ഒരാളെപ്പോലും വിഷയസംഗം ബാധിക്കും. ഈ വസ്തുത ഊന്നിപ്പറയുന്നതിനായി, ഞാൻ അദ്ദേഹത്തിന്റെ ജീവിതകഥ പറയാൻ പോകുന്നു, ദയവായി അത് കേൾക്കൂ.

नामें ख्याती केली उदंड । यालागीं त्यातें म्हणती 'भरतखंड' ।
आणीकही प्रताप प्रचंड । त्याचा वितंड तो ऐका ॥ १४८ ॥

അദ്ദേഹത്തിന്റെ നാമം തന്നെ ഇത്രയധികം ഖ്യാതിയുള്ളതുകൊണ്ടാണ് ഈ ഭൂമി `ഭരതഖണ്ഡം' എന്നറിയപ്പെടുന്നത്. എന്നാൽ, അദ്ദേഹത്തിന്റെ മഹത്വം ഇതിനും അപ്പുറമാണ്, എങ്ങിനെയെന്ന് കേൾപ്പിക്കാം-

സ ഭുക്തഭോഗാം ത്യക്ത്വേമാം നിർഗ്ഗതസ്തപസാ ഹരിം
ഉപാസീനസ്തത് പദവീം ലേഭേ വൈ ജന്മഭിസ്ത്രിഭിഃ. 18

അദ്ദേഹം ഭുജിക്കപ്പെട്ട സുഖതോടു കൂടിയ ഈ ഭൂമിയെ ഉപേക്ഷിച്ചിട്ട് പുറപ്പെട്ടുപോയി. തപസ്സുകൊണ്ട് വിഷ്ണുവിനെ സേവിച്ചവനായിട്ട് മൂന്നുജന്മംകൊണ്ട് വിഷ്ണുസായൂജ്യത്തെ പ്രാപിച്ചു.

तेणें दिग्मंडल जिंतिलें । समुद्रवलयांकित राज्य केलें ।
नानाविध भोग भोगिले । जे नाहीं देखिले सुरवरीं ॥ १४९ ॥

അദ്ദേഹം എല്ലാ ദിശകളെയും കീഴടക്കി, അദ്ദേഹത്തിന്റെ രാജ്യത്തിന്റെ സീമ കടൽ മാത്രമായിരുന്നു, ദേവന്മാർക്ക് പോലും ആസ്വദിക്കാൻ കഴിയാത്ത വിവിധ ആഡംബരങ്ങൾ അദ്ദേഹം ആസ്വദിച്ചു.

अनुकूळ स्त्रिया पुत्र । अनुकूळ मंत्री पवित्र ।
अनुकूळ राज्य सर्वत्र । ते त्यागिले विचित्र नानाभोग ॥ १५० ॥

അദ്ദേഹത്തിന്റെ ഭാര്യമാരും പുത്രന്മാരും അദ്ദേഹത്തിനനുകൂലമായിരുന്നു; മന്ത്രിയും മുഴുവൻ രാജ്യവും അദ്ദേഹത്തെ അനുസരിച്ചു, എന്നിട്ടും അദ്ദേഹത്തിന് നാനാഭോഗങ്ങളെ ത്യജിക്കാൻ കഴിഞ്ഞു.

ऐसे भोग भोगिलियापाठीं । सांडूनि वलयांकित राज्यसृष्टी ।
स्वयें निघाला जगजेठी । स्वहितदृष्टी हरिभजनीं ॥ १५१ ॥

തന്റെ എല്ലാ സുഖങ്ങളും സ്വത്തുക്കളും ഉപേക്ഷിച്ച്,
കടലുകൊണ്ടുമാത്രം ചുറ്റപ്പെട്ട തന്ടെ രാജ്യം തന്നെ ഉപേക്ഷിച്ചിട്ട്
അദ്ദേഹം ഹരിഭജനത്തിൽ ഏർപ്പെട്ടു.

जे राज्यवैभव भोगिती । त्यांसी कदा नव्हे गा विरक्ती ।
भरतें केली नवलख्याती । सेविला श्रीपती भोगत्यागें ॥ १५२ ॥

രാജകീയ സുഖഭോഗങ്ങളെ ആസ്വദിക്കുന്നവർക്ക് വിരക്തി ഒരിക്കലും
സാധ്യമല്ല. എന്നാൽ ഭരതൻറെ പ്രവർത്തി തികച്ചും ആശ്ചര്യകരം തന്നെ!
എല്ലാം ഭോഗങ്ങളും ഉപേക്ഷിച്ച് അദ്ദേഹം ശ്രീപതിയായ ഭഗവാനെ
സേവിച്ചു.

तों नेणेंचि जन्में जाण । होआवा मोक्षासी आरोहण ।
परी जाहलें जन्मांतरकारण । तेंही विंदाण सांगेन ॥ १५३ ॥

സത്യം പറഞ്ഞാൽ, ആ ജന്മത്തിൽ തന്നെ അദ്ദേഹത്തിന് മോക്ഷം
ലഭിക്കുമായിരുന്നു, പക്ഷേ മറ്റൊരു ജന്മം കൂടി എടുക്കേണ്ടി വന്നു.
അതിനുള്ള കാരണവും പറയാം.

संनिहितप्रसूतकाळीं । मृगी जळ प्राशितां जळीं ।
ऐकोनि पंचाननाची आरोळी । उडाली तत्काळीं अतिसत्राणें ॥ १५४ ॥

പ്രസവസമയം അടുത്ത ഒരു മാൻ നദിയിൽ നിന്നുകൊണ്ട് വെള്ളം
കുടിക്കുകയായിരുന്നു. അപ്പോഴാണ് ഒരു പുലിയുടെ ഗർജ്ജനം കേട്ടത്.
പെട്ടെന്ന് ആ മാൻ ഭയത്താൽ ചാടിയെഴുന്നേറ്റു.

धाकें गर्भु तिचा पडतां जळीं । भरत स्नान करी ते काळीं ।
देखोनि कृपाळु कळवळी । काढी तत्काळी दयाळुत्वें ॥ १५५ ॥

പക്ഷേ ചാടുന്നതിനിടയിൽ അവളുടെ ഗർഭപാത്രത്തിലെ ഗർഭസ്ഥ ശിശു
വെള്ളത്തിൽ വീണു. ആ സമയത്ത് ഭരതൻ അവിടെ സ്നാനം
ചെയ്യുകയായിരുന്നു. മൃദുലഹൃദയമുള്ള അദ്ദേഹം ഇതുകാണുകയും ആ
ശിശുവിനെ പുറത്തെടുക്കുകയും ചെയ്തു.

मृगी न येचि परतोन । मातृहीन हें अतिदीन ।
भरत पाळी भूतदयेनें । मृगममता पूर्ण वाढली ॥ १५६ ॥

ആ മാൻ തിരിച്ചുവന്നില്ല. അമ്മയില്ലാത്ത കുട്ടി ദയനീയമായി കാണപ്പെട്ടു. അങ്ങനെ, ജീവകാരുണ്യത്താൽ പ്രചോദിതനായി, ഭരതൻ ആ മാൻകുട്ടിയെ വളർത്താൻ തുടങ്ങി.

स्नान संध्या अनुष्ठान । करितां मृग आठवे क्षणक्षण ।
आरंभिल्या जपध्यान । मृगमय मन भरताचें ॥ १५७ ॥

ക്രമേണ, ആ മാനിനോടുള്ള സ്നേഹം വളരെയധികം വർദ്ധിച്ചു. കുളിക്കുമ്പോഴും, സന്ധ്യാവന്ദനാദി പ്രാർത്ഥനകൾ ചെയ്യുമ്പോഴും, അനുഷ്ഠാനങ്ങൾ ചെയ്യുമ്പോഴും ഒക്കെ അദ്ദേഹതിൻ്ടെയുള്ളിൽ ആ മാൻകുട്ടിയുടെ സ്മരണയായിരുന്നു.

आसनीं भोजनीं शयनीं । मृग आठवे क्षणक्षणीं ।
मृग न देखतां नयनी । उठे गजबजोनि ध्यानत्यागें ॥ १५८ ॥

ഇരിക്കുമ്പോഴും, ഭക്ഷണം കഴിക്കുമ്പോഴും, ഉറങ്ങുമ്പോഴും, ഓരോ നിമിഷവും അദ്ദേഹം ആ മാനിനെക്കുറിച്ചാണ് ചിന്തിക്കുന്നത്. ആ മാൻ കുഞ്ഞ് കാഴ്ചയിൽ നിന്ന് മറയുമ്പോൾ, അദ്ദേഹം ധ്യാനം ഉപേക്ഷിച്ച് ഞെട്ടി എഴുന്നേൽക്കും.

ममता बैसली मृगापाशीं । मृग वना गेला स्वइच्छेंसीं ।
त्याचा खेदु करितां भरतासी । काळ आकर्षी देहातें ।१५९ ॥

ഇങ്ങനെ, ആ മൃഗത്തോടുള്ള മമത ഇത്രയധികം വർധിച്ചു. ഒരു ദിവസം ആ മാൻ സ്വന്തം ഇഷ്ടപ്രകാരം കാട്ടിലേക്ക് പോയി. ഭരതന് വളരെ ദുഃഖം തോന്നി. ഈ സമയം, മൃത്യു അദ്ദേഹത്തെ പിടികൂടി.

यालागी साचचि जाण । ममतेपाशीं असे मरण ।
जो निर्मम संपूर्ण । त्यासि जन्ममरण स्पर्शेना ॥ १६० ॥

അതുകൊണ്ട്, ആസക്തിയുള്ളിടത്ത് മരണം തീർച്ചയായും ഉണ്ട്. ആസക്തി പൂർണ്ണമായും ഇല്ലാതായ ഒരാളെ ജനനമോ മരണമോ സ്പർശിക്കുന്നില്ല.

भरत तपिया थोर अंगें । तेथ काळ कैसेनि रिघे ।
ममतासंधी पाहोनि वेगें । मृत्यु तद्योगें पावला ॥ १६१ ॥

ഭരതൻ സ്വയം ഒരു വലിയ തപസ്വിയായിരുന്നു. പിന്നെ എങ്ങനെയാണ് മരണം അവനെ സ്പർശിക്കുക? മമതയുടെ പഴുതുകൾ കണ്ടെത്തിയതോടെ മരണം അവനെ ആക്രമിച്ചു.

देहासी येतां मरण । भरतासी मृगाचें ध्यान ।
तेणें मृगजन्म पावे आपण । जन्मांतरकारण जाहलें ऐसें ॥ १६२ ॥

ദേഹവിയോഗസമയത്ത് ഭരതന്റെ ധ്യാനം ആ മാൻ കുഞ്ഞിലായിരുന്നു. അതുകൊണ്ട് അദ്ദേഹം ഒരു മാനായി ഉടനടി പുനർജനിച്ചു.

कृपेनें केला जो संगु । तोचि योगियां योगभंगु ।
यालागीं जो निःसंगु । तो अभंगु साधक ॥ १६३ ॥

കാരുണ്യപ്രേരിതമായ ഒരു പ്രവർത്തിപോലും ചിലപ്പോൾ യോഗികളിൽ യോഗഭംഗത്തിന് കാരണമായിത്തീരും. അതിനാൽ, നിസ്സംഗനായ യോഗി തന്നെ അഭംഗസാധകൻ.

मृगाचेनि स्मरणें निमाला । यालागीं तो मृगजन्म पावला ।
जो कृष्णस्मरणें निमाला । तो कृष्णुचि जाला देहांतीं ॥ १६४ ॥

ആ മാൻകുഞ്ഞിനെ ഓർത്തുകൊണ്ടിരിക്കുമ്പോൾ ഭരതൻ മരണത്തെ നേരിട്ടു, അതുകൊണ്ടാണ് അദ്ദേഹത്തിന് അടുത്തത് ഒരു മാൻ ജന്മം ലഭിച്ചത്. മരിക്കുമ്പോൾ ഭഗവാൻ ശ്രീകൃഷ്ണനെ സ്മരിക്കുന്നവർ ഭഗവാനുമായി ഒന്നാകുന്നു.

अंतकाळीं जे मती । तेचि प्राणियांसी जाण गती ।
यालागी श्रीकृष्ण चित्तीं । अहोरातीं स्मरावा ॥ १६५ ॥

അന്തിമക്ഷണത്തിൽ നാം എന്തിനെ സ്മരിക്കുന്നുവോ, നാം അതായിത്തീരുന്നു. അതിനാൽ നാം ഇപ്പോഴും ശ്രീകൃഷ്ണനെ സ്മരിച്ചുകൊണ്ടിരിക്കണം.

परी मृगदेहीं जाण । भरतासी श्रीकृष्णस्मरण ।
पूर्वीं केलें जें अनुष्ठान । तें अंतर जाण कदा नेदी ॥ १६६ ॥

ഭരതൻ ഒരു മാൻ ആയി മാറി, പക്ഷേ ആ മാനിന്റെ ശരീരത്തിൽ പോലും അദ്ദേഹത്തിന് ശ്രീകൃഷ്ണ സ്മരണയുണ്ടായിരുന്നു. പൂർവ്വ ജന്മത്തിൽ ചെയ്ത അനുഷ്ഠാനങ്ങൾ ഒരിക്കലും വ്യർത്ഥമാവുകയില്ല എന്നത് നിശ്ചയമാണ്.

मागुता तिसरे जन्में पाहें । तो 'जडभरत' नाम लाहे ।
तेथें तो निर्ममत्वें राहे । तेणें होय नित्यमुक्त ॥ १६७ ॥

അതിനുശേഷം, മൂന്നാമത്തെ ജന്മത്തിൽ (ഒരു മന്ദബുദ്ധിയെപോലെ ഇരിക്കുന്നതുകൊണ്ട്) 'ജഡ-ഭരതൻ' എന്ന പേരിൽ അദ്ദേഹം അറിയപ്പെട്ടു. ഈ ജന്മത്തിൽ പൂർണ്ണമായും മമതാബുദ്ധിയറ്റവനായതുകൊണ്ട് അദ്ദേഹം ഒരു നിത്യമുക്തനായിരുന്നു.

बहुतां जन्मींची उणीवी । येणें जन्में काढिली बरवी ।
निजात्मा आकळोनि जीवीं । परब्रह्मपदवी पावला ॥ १६८ ॥

ഈ ജന്മത്തിൽ തന്റെ മുൻ ജന്മങ്ങളിലുണ്ടായിരുന്ന ദൗർബല്യങ്ങളെ നികത്തി, ആത്മസ്വരൂപത്തിൽത്തന്നെ മുഴുകി, അദ്ദേഹം പരബ്രഹ്മപദവിയെ പ്രാപിച്ചു.

ऋषभपुत्रउत्पत्ती । शतबंधु जाण निश्चितीं ।
त्यांत ज्येष्ठाची स्थिती । उरल्यांची गती ते ऐका ॥ १६९ ॥

ഇങ്ങനെ ഋഷഭന് നൂറു പുത്രന്മാരുണ്ടായിരുന്നു; അവരിൽ മൂത്തവനെക്കുറിച്ച് ഞാൻ പറഞ്ഞുവല്ലോ; ഇനി ബാക്കിയുള്ളവരുടെ കാര്യം കേൾക്കൂ.

തേഷാം നവദ്വീപപതയോഽസ്യ സമന്തതഃ
കർമ്മതന്ത്രപ്രണേതാര ഏകാശീതിർദ്വിജാതയഃ. 19

ബാക്കിയുള്ളവരിൽവെച്ച് ഒമ്പതുപേർ ഈ ഭാരതവർഷത്തെ നാലുഭാഗത്തുമുള്ള ഒമ്പതു ദ്വീപുകളുടെ അധിപന്മാരായി ഭവിച്ചു. എൺപത്തിയൊന്നു പേർ കർമ്മമാർഗ്ഗത്തെ നടത്തുന്ന ബ്രാഹ്മണരായി ഭവിച്ചു.

नव नवखंडांप्रती । ते केले खंडाधिपती ।
एक्यायशीं जणांची स्थिती । कर्ममार्गी होती प्रवर्तक ॥ १७० ॥

അടുത്ത ഒൻപതു പുത്രന്മാരും ഒൻപതു ഖണ്ഡങ്ങളിലെ അധിപതികളായി നിയമിക്കപ്പെട്ടു. എണ്പത്തിയൊന്ന് പുത്രന്മാർ കർമ്മമാർഗ്ഗത്തിലെ പ്രവർത്തകരായിത്തീർന്നു.

उरले जे नव जण । सकळ भाग्याचें भूषण ।
ब्रह्मज्ञानाचें अधिष्ठान । ऐक लक्षण तयांचें ॥ १७१ ॥

ബാക്കിയുള്ള ഒമ്പത് പുത്രന്മാർ ഭാഗ്യത്തിനുതന്നെ

ആഭരണങ്ങളായിരുന്നു! അവ സ്വയം ബ്രഹ്മജ്ഞാനത്തിന്ടെ അധിഷ്ഠാനമായിരുന്നു. അവരുടെ സവിശേഷതകൾ ഞാൻ അങ്ങയോട് പറയാം, കേൾക്കൂ.

നവാഭവൻ മഹാഭാഗാ മുനയോ ഹ്യർത്ഥശംസിനഃ
ശ്രമണാ വാതരശനാ ആത്മവിദ്യാവിശാരദാഃ. 20

ബാക്കിയുള്ള ഒമ്പതുപേർ മഹാഭാഗ്യവാന്മാരും മനനശീലന്മാരും ആത്മവിദ്യയിൽ ശ്രമിക്കുന്നവരും വസ്ത്രാദികളിൽ മനസ്സിരുത്താത്തവരും ആത്മവിദ്യയിൽ നിപുണന്മാരും പരമാത്മാവിനെപ്പറ്റി പറയുന്നവരുമായി ഭവിച്ചു.

ऋषभकुळीं कुळदीप । स्नेहसूत्रेंवीण देदीप्य ।
नवही जण स्वयें सद्‌रूप । सायुज्यस्वरूप प्रकाशक ॥ १७२ ॥

ഈ ഒമ്പത് സഹോദരന്മാരും എണ്ണയോ തിരിയോ ഇല്ലാതെ ഋഷിവംശത്തെ പ്രകാശിപ്പിക്കുന്ന വിളക്കുകൾ പോലെയായിരുന്നു. സച്ചിദാനന്ദത്തിന്റെ മൂർത്തീഭാവമായതിനാൽ, അവർ സത്യാന്വേഷികൾക്ക് സായുജ്യസ്വരൂപത്തിനെ കാണിച്ചുകൊടുക്കുന്നവരായിരുന്നു.

आत्माभ्यासीं परिश्रम । करून निरसिलें कर्माकर्म ।
यालागीं ते अकृताश्रम । निजनिभ्रम स्वयें जाहले ॥ १७३ ॥

കഠിനാധ്വാനത്തിലൂടെ അവർ കർമാകർമ്മങ്ങളെ നശിപ്പിച്ചു. അതിനാൽ, അവർ (ബ്രഹ്മചര്യം ഗാർഹസ്ഥ്യം വാനപ്രസ്ഥം മുതലായ) ഒരു ആശ്രമവും സ്വീകരിച്ചില്ല.

शाब्दबोधें सदोदित । ब्रह्मज्ञानपारंगत ।
शिष्यप्रबोधीं समर्थ । परमाद्‌भुत अतिदक्ष ॥ १७४ ॥

ശബ്ദജ്ഞാനത്തിലും ബ്രഹ്മജ്ഞാനത്തിലും നിപുണരായിരുന്ന അവർ ശിഷ്യപ്രബോധനത്തിൽ സമർത്ഥരായിരുന്നു. അവർ പരമാദ്ഭുതശാലികളും പ്രാവീണ്യമുള്ളവരുമായിരുന്നു.

ते ब्रह्मविद्येचें चालतें डिंब । त्यांचे अवेव ते ब्रह्मकोंब ।
हे विद्येचें पूर्णबिंब । स्वयें स्वयंभ परब्रह्म ॥ १७५ ॥

അവർ ബ്രഹ്മവിദ്യയുടെ ചലിക്കുന്ന ഒരു പ്രതിരൂപമായിരുന്നു, അവരുടെ അംഗങ്ങൾ ബ്രഹ്മത്തിന്റെ അങ്കുരങ്ങൾ പോലെയായിരുന്നു. അവർ വിദ്യയുടെ പ്രതിബിംബമായിരുന്നു, സ്വയം പരബ്രഹ്മമായിരുന്നു.

दशदिशा एकूचि दोरा । भरूनि पांघरुणें मुनीश्वरा ।
वारा वळून कडदोरा । बांधिला पुरा ग्रंथीरूप ॥ १७६ ॥

ആ മുനീശ്വരന്മാർ പത്തുദിശകളും ഒരു നൂലാക്കി, അതിനാൽ ഉണ്ടാക്കപ്പെട്ട ഒരു അദൃശ്യ വസ്ത്രം ശരീരത്തിൽ ധരിച്ചു, വായുവിനെ വിഭജിച്ച് ഒരു അരക്കെട്ടാക്കി അണിഞ്ഞു.

आकाशाच्या ठायीं । अंबरत्व केलें तिहीं ।
ते चिदंबर पाहीं । एकचि नवांही पांघरूण ॥ १७७ ॥

അവർ ആകാശത്തിനെ തന്നെ വസ്ത്രമാക്കിയുടുത്തു. ചിതാകാശത്തിനെ തന്നെ വസ്ത്രമാക്കി ധരിച്ചുകൊണ്ട് ആ ഒമ്പതു പുരുഷന്മാരും അവിടെ നിന്നു.

प्राणापान वळूनि दोन्ही । गांठी केली नाभीच्या ठायीं ।
तंव जीवग्रंथी सुटली पाहीं । तेंचि नवांही ब्रह्मसूत्र ॥ १७८ ॥

അവർ പ്രാണനെയും അപാനനെയും ഒരു ചരടുകൊണ്ട് ബന്ധിച്ച് നാഭിപ്രദേശത്തിൽ കെട്ടി. അപ്പോൾ, ജീവഗ്രന്ഥി നശിക്കുകയും ആ നൂൽ ഈ ഒമ്പത് പുരുഷന്മാർക്ക് ബ്രഹ്മസൂത്രം, അതായത് യജ്ഞോപവീതമായി മാറി.

ऐसे परब्रह्मवैभवें । निडारले निजानुभवें ।
त्यांचीं सांगेन मी नांवें । यथागौरवें तें ऐक ॥ १७९ ॥

ഇങ്ങനെ, പരബ്രഹ്മത്തിന്ടെ വൈഭവത്തിന്റെ അറിവിനാലും സ്വാനുഭവത്താലും അവർ പകചരായിരുന്നു. ഇപ്പോൾ ആ ഒമ്പത് യോഗികളുടെ പേരുകൾ പറയാം, കേൾക്കുക.

ज्यांचे नाम ऐकतां । कांपत काळ पळे मागुता ।
संसार नुघवी माथा । नाम स्मरतां जयांचें ॥ १८० ॥

അവരുടെ പേര് കേൾക്കുമ്പോൾ തന്നെ കാലപുരുഷൻ പേടിച്ചുവിറച്ചോടിപ്പോകുന്നു; അവരുടെ നാമ സ്മരണമാത്രത്തിൽ സംസാരത്തിനു തലയുയർത്താൻ ആകുന്നില്ല.

त्यांचिया नामांची कीर्ती । आईक सांगेन परीक्षिती ।
ज्यांचेनि नामें आतुडे मुक्ती । जाण निश्चितीं भाविकां ॥ १८१ ॥

ഹേ പരീക്ഷിത്! കേൾക്കൂ, ഭക്തർക്ക് മോക്ഷം നൽകുന്ന നാമത്തിന്റെ കീർത്തിയെക്കുറിച്ചു ഞാൻ അങ്ങയോടു പറയാം.

കവിർഹരിരന്തരിക്ഷഃ പ്രബുദ്ധഃ പിപ്പലായനഃ
ആവിർഹോത്രോഥ ദ്രുമിളഃ ചമസഃ കരഭാജനഃ. 21

കവി, ഹരി, അന്തരിക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, ആവിർഹോത്രൻ, ദ്രുമിളൻ, ചമസൻ, കരഭാജനൻ ഇങ്ങനെ ഒമ്പതു പേരായിരുന്നു മുൻപറഞ്ഞ ആത്മജ്ഞാനികൾ.

कवि हरि अंतरिक्ष । प्रबुद्ध पिप्पलायन देख ।
आविर्होत्र द्रुमिल सुटंक । चमस निर्दोष करभाजन ॥ १८२ ॥

കവി, ഹരി, അന്തരിക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, ആവിർഹോത്രൻ, സുഭഗനായ ദ്രുമിളൻ, നിർദ്ദോഷനായ ചമസൻ, കരഭാജനൻ എന്നിവരായിരുന്നു ആ ഒമ്പത് പേരുകൾ.

एवं नवही नांवें जाण । यांचें करितां नामस्मरण ।
सकळ पापा निर्दळण । हे महिमा पूर्ण तयांची ॥ १८३ ॥

ഈ നാമസ്മരണം തന്നെ എല്ലാ പാപങ്ങളെയും നശിപ്പിക്കുന്നു, അത്രയ്ക്കുണ്ട് അവയുടെ മഹത്വം.

त्यांची परमहंसस्थिती । सांगेन मी तुजप्रती ।
ज्यांचेनि पावन होय क्षिती । त्या या नव मूर्ती पुण्य पूज्य ॥ १८४ ॥

അവരുടെ പരമഹംസസ്ഥിതിയെക്കുറിച്ച് ഞാൻ നിങ്ങളോട് പറയാം. ഭൂമിയെ മുഴുവൻ ശുദ്ധമാകുന്ന ഭക്തരും പൂജ്യസ്ഥാനീയരുമായിരുന്നു ആ ഒമ്പത് മഹാത്മാക്കൾ.

ത ഏതേ ഭഗവദ്രൂപം വിശ്വം സദസദാത്മകം
ആത്മനോഽവ്യതിരേകേണ പശ്യന്തോ വ്യചരൻ മഹീം. 22

ആ ഒമ്പതുപേർ സ്ഥൂലമായും സൂക്ഷ്മമായും ഇരിക്കുന്ന ലോകത്തെ ആത്മാവിൽ നിന്ന് അഭിന്നമായിട്ടുള്ള ഭഗവത്സ്വരൂപമാകുന്നുവെന്ന് കണ്ടുകൊണ്ട് ഭൂമിയിൽ സഞ്ചരിച്ചു.

ते वेगळे दिसती नवांक । परी भगवद्रूपें अवघे एक ।
संतासंत जन अनेक । आपणांसगट देख एकत्वें पाहती ॥ १८५ ॥

ഇവർ ശാരീരികതലത്തിൽ ഒമ്പതുപേരായി കാണപ്പെട്ടുവെങ്കിലും ഒരേ ഭഗവത് രൂപം തന്നെയായിരുന്നു. നല്ലവരായാലും ചീത്തവരായാലും, അവർ എല്ലാവരെയും സമദൃഷ്ടിയോടെയാണ് വീക്ഷിച്ചത്.

त्यांसी तंव असंतता । उरली नाहीं सर्वथा ।
संत म्हणावया पुरता । भेदु न ये हाता चिन्मयत्वें ॥ १८६ ॥

കാരണം, അവരുടെ ദൃഷ്ടിയിൽ ദുഷ്ടഗുണം എന്നൊന്നില്ല. എല്ലാം ചിന്മയമായി ശോഭിക്കുന്നതുകൊണ്ട് സാധു എന്നോ അസാധു എന്നോ പറയാൻ ഭേദങ്ങളില്ല.

जग परिपूर्ण भगवंतें । आपण वेगळा नुरे तेथें ।
तंव भगवद् रूप समस्तें । भूतें महाभूतें स्वयें देखे ॥ १८७ ॥

ലോകം മുഴുവൻ ഈശ്വരമയമായിരിക്കുമ്പോൾ, നമുക്ക് എങ്ങനെ അതിൽനിന്ന് വേറിട്ടു നിൽക്കാൻ കഴിയും? അതുകൊണ്ടാണ് അവർ എല്ലാ ജീവജാലങ്ങളെയും പഞ്ചമഹാഭൂതങ്ങളെയും ഭഗവത്സ്വരൂപമായിത്തന്നെ കണ്ടത്.

हेंही देखतें देखणें । तेंही स्वयें आपण होणें ।
होणें न होणें येणें जाणें । हीं गिळूनि लक्षणें विचरती मही ॥ १८८ ॥

ദൃശ്യവും ദൃഷ്ടാവും തമ്മിലുള്ള അന്തരമില്ലാതെയാകുന്നു. പരമഹംസരുടെ സ്ഥിതി ഇങ്ങനെയാണ് - ഇന്നതാവുക, ആകാതെയിരിക്കുക,പോവുക, വരുക എന്നതെല്ലാം നിരർത്ഥകമായിത്തീരുന്നു. ഇങ്ങനെയുള്ള ഭാവത്തിലാണ് ഈ ഒമ്പത് യോഗികളും ഭൂമിയിൽ സഞ്ചരിച്ചിരുന്നത്.

അവ്യാഹതേഷ്ടഗതയഃ സുരസിദ്ധസാദ്ധ്യ-
ഗന്ധർവ്വയക്ഷനരകിന്നരനാഗലോകാൻ
മുക്താശ്ചരന്തി മുനി ചാരണഭൂതനാഥ-
വിദ്യാധരദ്വിജഗവാം ഭുവനാനി കാമം. 23

തടസ്സമില്ലാത്ത ഇഷ്ടസഞ്ചാരത്തോടുകൂടിയവരായി ദേവന്മാർ, സിദ്ധന്മാർ, സാദ്ധ്യന്മാർ, ഗന്ധർവ്വന്മാർ, യക്ഷന്മാർ, മനുഷ്യർ, കിന്നരന്മാർ, സർപ്പങ്ങൾ ഇവരുടെ ലോകങ്ങളെയും മുനികൾ, ചാരണന്മാർ, ഭൂതാധിപതികൾ, വിദ്യാധരന്മാർ, പക്ഷികൾ, പശുക്കൾ ഇവരുടേയും ലോകങ്ങളെ ആസക്തിയില്ലാത്തവരായിട്ട് യഥേഷ്ടം സഞ്ചരിക്കുന്നു.

वैकुंठ कैलास सुरसिद्धस्थानें । सप्तपाताळादि गमनें ।
एवं श्लोकोक्त चवदा भुवनें । स्वइच्छा विचरणें कामनारहित ॥ १८९ ॥

വൈകുണ്ഠം, കൈലാസം, അതുപോലെ ദേവന്മാരുടേയും സിദ്ധന്മാരുടേയും സ്ഥലങ്ങൾ (സാധ്യന്മാർ, ഗന്ധർവ്വൻമാർ, യക്ഷന്മാർ, നരന്മാർ, കിന്നരന്മാർ, നാഗങ്ങൾ, മുനികൾ, ചാരണന്മാർ, ഭൂതാധിപതികൾ, വിദ്യാധരന്മാർ, പക്ഷികൾ, പശുക്കൾ) മുതലായവയുടെ സംഗ്രഹങ്ങളിലും, സപ്തസ്വർഗ്ഗങ്ങളിലും സപ്ത പാതാളാദികളിലും, അതായത് പതിനാലു ലോകങ്ങളിലും, അവർ സ്വതന്ത്രമായി സഞ്ചരിച്ചിരുന്നു.

त्यांसी जीवीं नाहीं विषयासक्ती । यालागीं खुंटेना त्यांची गती ।
इच्छामात्रें गमनशक्ती । सुखें विचरती निष्काम ॥ १९० ॥

വിഷയാസക്തി ഇവർക്കില്ലാത്തതിനാൽ സഞ്ചാരത്തിന് ഒരിക്കലും തടസ്സമുണ്ടായിരുന്നില്ല. സ്വന്തം ഇച്ഛക്കനുസരിച്ചുള്ള ഗമനശ്ശക്തി ഇവർക്കുള്ളതിനാൽ നിഷ്ക്കാമന്മാരായി സുഖമായി സഞ്ചരിച്ചിരുന്നു.

ത ഏകദാ നിമേഃ സത്രം ഉപജഗ്മുര്യദൃച്ഛയാ
വിതായമാനമൃഷിഭിഃ അജനാഭേ മഹാത്മനഃ. 24.

അവർ ഒരിക്കൽ യാദൃച്ഛികമായി അജനാഭവർഷത്തിൽ മഹാത്മാവായ നിമിയുടെ മഹർഷിമാരാൽ അനുഷ്ഠിക്കപ്പെട്ടുകൊണ്ടിരിക്കുന്ന യാഗശാലയെ പ്രാപിച്ചു.

जेथें मनाचा प्रवेशु नाहीं । त्यांची पायवाट ते ठायीं ।
ऐसे स्वइच्छा विचरतां मही । आले ते पाहीं कर्मभूमीसी ॥ १९१ ॥

മനസ്സിന് പോലും പ്രവേശനം നിഷിദ്ധമായിരിക്കുന്നിടത്ത് അവർ സ്വതന്ത്രമായി സഞ്ചരിച്ചു. അങ്ങനെ, സ്വന്തം ഇഷ്ടത്തിന് സഞ്ചരിക്കാൻ ശക്തിശാലികളായ ഇവർ ഒരിക്കൽ കർമ്മഭൂമിയായ ഭൂമണ്ഡലത്തിൽ വരാൻ ഇടയായി.

मही विचरतां वितंड । पातले 'अजनाभ' खंड ।
तंव विदेहाचा याग प्रचंड । मीनले उदंड ऋषीश्वर ॥ १९२ ॥

ഭൂമിയിൽ ഇവർ `അജനാഭഖണ്ഡത്തിൽ' (ഭാരതവർഷത്തിൽ) എത്തി. ഇവിടെ ജനക രാജാവിന്റെ യാഗം നടക്കുകയായിരുന്നു, എണ്ണമറ്റ മഹർഷിമാർ ഇതിനായി ഇവിടെ ഒത്തുകൂടിയിരുന്നു.

याग वेदोक्तविधी निका । कुंडमंडप वेदिका ।
आवो साधोनि नेटका । विधानपीठिका अतिशुद्ध ॥ १९३ ॥

യാഗം വൈദിക വിധി പ്രകാരം ശാസ്ത്രോക്തമായ രീതിയിൽ നടക്കുകയായിരുന്നു. ഹോമകുണ്ഡം, മണ്ഡപം, ദ്രവ്യങ്ങൾ, മറ്റൊരുക്കങ്ങളെല്ലാം ഉത്തമരീതിയിൽ ചെയ്യപ്പെട്ടിരുന്നു, എല്ലാം കർമ്മങ്ങളും പവിത്രമായ മുറയിൽ നടത്തപ്പെട്ടിരുന്നു.

स्रुक्-स्रुवा-त्रिसंधानें । विस्तरूनि परिस्तरणें ।
अखंड वसुधारा दंडाप्रमाणें । ऋषिमंडणें होम करिती ॥ १९४ ॥

സ്രുക്- സ്രുവാദി ഉപകരണങ്ങൾ ഉപയോഗിച്ചും ത്രിസന്ധാനം, അതായത്, ദർഭയുടെ ചരട് മൂന്ന് സ്ഥലങ്ങളിൽ ബന്ധിപ്പിച്ചും, പരിസ്ഥരണങ്ങൾ ഉപയോഗിച്ചും അഖണ്ഡമായ വസോർധാരയിലൂടെ ഋഷി മണ്ഡലങ്ങൾ നെയ്യ് ഹോമിക്കുകയായിരുന്നു.

होम होतां संपूर्ण । पूर्णाहुतीसमयीं जाण ।
येतां देखिले नवही जण । देदीप्यमान निजतेजें ॥ १९५ ॥

ഹോമസമാപ്തിയിൽ പൂർണ്ണാഹുതിയുടെ സമയത്തിൽ ഈ ഒമ്പത്

യോഗികൾ അവിടെ എത്തിച്ചേർന്നു. അവരുടെ തപസ്സിന്റെ പ്രഭാവം കൊണ്ട് അവർ ജ്വലിക്കുന്നതായി കാണപ്പെട്ടു.

താൻ ദൃഷ്ട്വാ സൂര്യസങ്കാശാൻ മഹാഭഗവതാൻ നൃപ
യജമാനോഽഗ്നയോ വിപ്രാഃ സർവ്വ ഏവോപതസ്ഥിരേ. 25

സൂര്യനു തുല്യരായി മഹാഭക്തന്മാരായിരിക്കുന്ന അവരെ കണ്ടിട്ട് യജമാനനും അഗ്നികളും ബ്രാഹ്മണരും എല്ലാവരും ഒരുമിച്ചു തന്നെ അവരുടെ സമീപത്തു ചെന്നു വന്ദിച്ചു.

अमित सूर्यांचिया कोटी । हारपती नखतेजांगुष्टीं ।
तो भगवंत जिंहीं धरिला पोटीं । त्यांची तेजाची गोष्टी अलोलिक ॥ १९६ ॥

ഏതു ഭഗവാന്റെ അംഗുഷ്ഠനഖത്തിന്റെ കാന്തി ആയിരം സൂര്യന്മാരുടെ പ്രകാശത്തിനെ വെല്ലുന്നുവോ, ആ ഭഗവാനെ ഹൃദയത്തിൽ ഭദ്രമായി ധരിച്ചിരിക്കുന്ന ഈ ഒമ്പതു മുനികളുടെ അലൗകിക തേജസ്സിനെ കുറിച്ച് എന്തു പറയാൻ!

त्यांचिया अंगप्रभा । सूर्य लोपताहे उभा ।
जिंहीं प्रभेसी आणिली शोभा । चैतन्यगाभा साकार ॥ १९७ ॥

അവരുടെ അംഗപ്രഭയുടെ മുന്നിൽ സൂര്യതേജസ്സുപോലും നിഷ്പ്രഭമായി പോകുന്നു. പ്രഭയ്ക്കുപോലും പ്രഭ നൽകുന്ന ശരീരകാന്തിയുള്ള ഈ ഒമ്പതു പുരുഷന്മാർ സ്വയം ചൈതന്യസാരം തന്നെയാകുന്നു.

ते भगवद्भांववैभव । भगवंताचें निजगौरव ।
भक्तीचे भाग जे नव । ते हे जाण सर्व मूर्तिमंत ॥ १९८ ॥

ഈ ഒമ്പത് പേരെയും ഭഗവത് ഭാവത്തിന്ടെ വൈഭവമെന്നോ, ഭഗവാന്റെ തന്നെ അഭിമാനമെന്നോ, അഥവാ നവവിധ ഭക്തിയുടെ ജീവരൂപങ്ങൾ എന്ന് വിളിക്കുന്നത് ഉചിതമായിരിക്കും.

नवखंड पृथ्वीचे अलंकार । नवविधीचें निजसार ।
नवरत्नांचेंही निजभांडार । तें हे साकार नवही जण ॥ १९९ ॥

ആ ഒമ്പത് പേർ ഭൂമിയുടെ ഒമ്പത് ഭാഗങ്ങളുടെയും അലങ്കാരങ്ങളായിട്ടും, ഒമ്പത് നിധികളുടെ സത്ത അല്ലെങ്കിൽ ഒമ്പത് രത്നങ്ങളുടെ യഥാർത്ഥ ഭണ്ഡാരം മൂർത്തമായ രൂപമെടുത്തതുപോലെയായിരുന്നു.

कीं ते नवही नारायण । स्वयें प्रगटले आपण ।
नवही नृसिंह जाण । देदीप्यमान पैं आले ॥ २०० ॥

അഥവാ, ഒമ്പത് നാരായണന്മാർ അവിടെ സ്വയം പ്രത്യക്ഷപ്പെട്ടതുപോലെയോ, ഒമ്പത് നരസിംഹന്മാർ ദിവ്യപ്രഭയോടെ എത്തിയതുപോലെയോ ആയിരുന്നു.

आव्हानिले तिन्ही अग्नी । उभे ठेले त्यांतें देखोनी ।
ते हे भागवतीं देखिले नयनीं । इतरांलागुनी दिसेना ॥ २०१ ॥

യജ്ഞകുണ്ഡത്തിൽ ദക്ഷിണാഗ്നി, ഗാർഹപത്യാഗ്നി, ആഹവനീയാഗ്നി എന്ന് മൂന്നുവിധത്തിലുള്ള അഗ്നികളെ ആവാഹനം ചെയ്യപ്പെട്ടിരുന്നു, ഇവ മൂന്നും ഈ ഒമ്പതു മുനികളെ കണ്ടതും എഴുന്നേറ്റുനിന്നു. ഇത് ബാക്കിയാർക്കും കാണാൻ സാധിച്ചില്ല, ഈ ഒമ്പതു മുനികൾ മാത്രമേ കണ്ടുള്ളൂ.

येतां देखोनि तेजोमूर्ती । ऋत्विज आचार्य उभे ठाकती ।
साउमा धांवे विदेहनृपती । स्वानंदवृत्ती सन्मानी ॥ २०२ ॥

ആ തേജഃപുഞ്ജമായ രൂപങ്ങളെ കണ്ട് ഋത്വിജനും (മുഖ്യ പുരോഹിതൻ) ആചാര്യനും എഴുന്നേറ്റു നിന്നു. ജനക രാജാവ് ആനന്ദത്തോടെ ഓടിവന്ന് അവരെ സ്വീകരിച്ചു.

सवेग घाली लोटांगण । मुगुट काढोनि आपण ।
मस्तकीं वंदूनियां चरण । पूर्णादरें जाण आणिता झाला ॥ २०३ ॥

രാജാവ് ഓടിച്ചെന്ന് അവരെ നമസ്കരിച്ചു, അദ്ദേഹത്തിന്റെ കിരീടം അഴിച്ചു വെച്ച് അവരുടെ പാദങ്ങളിൽ തന്റെ ശിരസ്സുവെച്ച് പ്രണമിച്ചുംകൊണ്ട്, അത്യന്തം ആദരവോടെ യാഗമണ്ഡപത്തിലേക്ക് ആനയിച്ചുകൊണ്ടുവന്നു.

വിദേഹസ്താനഭിപ്രേത്യ നാരായണപരായണാൻ
പ്രീതഃ സംപൂജയാഞ്ചക്രേ ആസനസ്ഥാൻ യഥാർഹതഃ. 26

നിമി അവരെ ശ്രീനാരായണനെ പരമാശ്രയമായി കരുതിയിരുന്നവർ എന്നു അറിഞ്ഞിട്ട് സന്തുഷ്ടനായി സിംഹാസനത്തിൽ ഇരുത്തിയിട്ട് സാദരം പൂജിച്ചു.

त्यांतें जाणोनि भगवत्पर । विदेहा आल्हाद थोर ।
त्यांचे पूजेसी अत्यादर । स्वयें सादर पैं झाला ॥ २०४ ॥

അതിഥികൾ പരമ ഭക്തരാണെന്നറിഞ്ഞ ജനകരാജാവ് ആഹ്ളാദത്തോടെയും ആദരവോടെയും അവരെ സ്വന്തം കൈകൊണ്ട് പൂജിക്കാൻ തുടങ്ങി.

श्रद्धायुक्त चरणक्षालन । धूप दीप सुमन चंदन ।
पूजा मधुपर्कविधान । केलें संपूर्ण यथायोग्य ॥ २०५ ॥

ശ്രദ്ധയോടെ പാദപ്രക്ഷാളനം ചെയ്ത് ധൂപം, ദീപം കാണിച്ചു പുഷ്പങ്ങൾ അർപ്പിച്ചു, ചന്ദനം തൊട്ടു. മധുപർക്കവിധാനമനുസരിച്ചു ഉപചാരങ്ങൾ ചെയ്തു.

താൻ രോചമാനാൻ സ്വരുചാ ബ്രഹ്മപുത്രോപമാൻ നവ
പപ്രച്ഛ പരമപ്രീതഃ പ്രശ്രയാവനതോ നൃപഃ. 27

അവരുടെ സ്വന്തം കാന്തിയാൽ പ്രകാശിച്ചുകൊണ്ടും ബ്രഹ്മാവിന്റെ പുത്രന്മാരായ സനകാദിമുനികളെപ്പോലെയുമിരിക്കുന്ന ആ ഒമ്പതുപേരോടും പരമസന്തുഷ്ടനും വിനയപൂർവ്വം നമസ്കരിച്ചവനുമായ രാജാവ് ചോദിച്ചു.

निजांगींच्या निजप्रभा । अंगासी आणिली शोभा ।
काय ब्रह्मविद्येचा गाभा । शोभे नवप्रभा शोभायमान ॥ २०६ ॥

സ്വന്തം അംഗങ്ങളുടെ പ്രഭ കാരണം അവരുടെ ശരീരകാന്തി വർധിക്കുകയായിരുന്നു. ശോഭനീയമായ ആ ശരീരങ്ങൾ തന്നെ ബ്രഹ്മവിദ്യയുടെ ഉറവിടമായിരുന്നു.

निजहृदयींचें ब्रह्मज्ञान । परिपाकें प्रकाशलें पूर्ण ।
तेंचि निजांगा मंडण । इतर भूषण त्यां नाहीं ॥ २०७ ॥

അവരുടെ ഹൃദയത്തിൽ ധരിച്ചിരിക്കുന്ന ബ്രഹ്മജ്ഞാനം തന്നെ പക്വപ്പെട്ട് പ്രകാശമാനമായി, അവരുടെ ശരീരങ്ങൾക്ക് അതുമാത്രം ഒരുഭൂഷണമായതുപോലെയായിരുന്നു. (അന്യഭൂഷണങ്ങൾ ഒന്നും ആ ശരീരങ്ങളിൽ ഇല്ലായിരുന്നു).

मुगुट कुंडलें कंकण । मूर्खांअंगीं बाणलीं पूर्ण ।
ते शोभा लोपूनि मूर्खपण । बाहेर संपूर्ण प्रकाशे ॥ २०८ ॥

വിഡ്ഢികൾ എത്രതന്നെ ശരീരത്തിൽ കിരീടങ്ങൾ, കുണ്ഡലങ്ങൾ, സ്വർണ്ണ വളകൾ എന്നിവ ധരിച്ചാലും, ഈ ആഭരണങ്ങളുടെ ഭംഗി മങ്ങുകയും അവയിലുള്ള വിഡ്ഢിത്തം പ്രകടമാവുകയും ചെയ്യും.

तैसे नव्हती हे ज्ञानघन । ब्रह्मपूर्णत्वें विराजमान ।
तेंचि त्यांसी निजांगा मंडण । इतर भूषण त्यां नाहीं ॥ २०९ ॥

ജ്ഞാനഘനവാന്മാരായ ഇവരുടെ കാര്യം അങ്ങിനെ യല്ലായിരുന്നു. പൂർണ്ണമായ ബ്രഹ്മത്വത്താൽ ഇവർ സുശോഭിതരായിരുന്നു. അതുതന്നെ ഇവരുടെ ശരീരത്തിന് ഭൂഷണമായിരുന്നു. അന്യ ഭൂഷണങ്ങളൊന്നും അവർ ധരിച്ചില്ല.

ब्रह्मानुभवें पूर्णत्व पूर्ण । इंद्रियद्वारा विराजमान ।
तें त्यांसी निजशांतिभूषण । मुगुट कंकण तें तुच्छ ॥ २१० ॥

അവർ ബ്രഹ്മാനുഭവത്താൽ പൂർണതനേടിയിരുന്നു, അതേ അനുഭൂതി അവരുടെ ഇന്ദ്രിയങ്ങളിലൂടെ പുറമേയ്ക്കും പ്രതിഭലിച്ചു. ഈ പൂർണ്ണതയിൽനിന്നും വന്ന ശാന്തി തന്നെ അവർക്ക് ഭൂഷണമായിരുന്നു. ഈ ഉന്നതമായ ഭൂഷണത്തിനുമുമ്പിൽ കിരീടങ്ങളും വളകളും തുച്ഛമായിരുന്നു.

मागां वाखाणिले सनकादिक । त्यांसमान कीं अधिक ।
ऐसा विचारितां परिपाक । त्यां यां वेगळिक दिसेना ॥ २११ ॥

മുമ്പ് സനകാദിമുനികളുടെ മഹിമ വർണ്ണിച്ചിട്ടുണ്ട്. ഇവരെ അവരുമായി താരതമ്യം ചെയ്യുമ്പോൾ, ആരാണ് കൂടുതൽ പ്രഗത്ഭരെന്ന് നിർണ്ണയിക്കാൻ കഴിയില്ല, ആർക്കും ഈ ഋഷിമാരെ അവരിൽനിന്നും ഭിന്നമായി കാണാൻ സാധിക്കില്ല.

त्यांची यांची एक गती । त्यांची यांची एक स्थिती ।
त्यांची यांची एक शांती । भेदु निश्चितीं असेना ॥ २१२ ॥

അവർക്കും ഇവർക്കും ഒരേ രീതിയായിരുന്നു, ഒരേ സ്ഥിതിയായിരുന്നു, ഒരേ ശാന്തിയുടെ അനുഭവമായിരുന്നു; വാസ്തവത്തിൽ അവർക്കിടയിൽ ഒരു വ്യത്യാസവുമില്ലായിരുന്നു.

**त्यांच्याऐसे हे सखे बंधु । त्यांच्याऐसा समान बोधु ।
त्यांच्याऐसा हा अनुवादु । सर्वथा भेदु असेना ॥ २१३ ॥**

അവരെപോലെതന്നെ ഇവരും സഹോദരന്മാരായിരുന്നു; അവരെപോലെതന്നെ ഇവരും ബോധവാന്മാരായിരുന്നു; രീതിയിലും പെരുമാറ്റത്തിലും ഒക്കെ ഒരുപോലെയായിരുന്നു.

**ते चौघे हे नवजण । अवघ्यां एकचि ब्रह्मज्ञान ।
त्यांची यांची शांती समान । हें विदेहासी पूर्ण कळूं सरले ॥ २१४ ॥**

അവർ നാലുപേരും ഇവർ ഒമ്പതുപേരും ആയിരുന്നു, പക്ഷേ എല്ലാവരുടെയും ബ്രഹ്മജ്ഞാനം ഒന്നുതന്നെയായിരുന്നു, ഇവർ അനുഭവിക്കുന്ന ശാന്തിയും ഒന്ന് തന്നെയായിരുന്നു. ജനകമഹാരാജാവിന് ഇതു നല്ലവിധം അറിയാമായിരുന്നു.

**ऐसें परिपूर्णत्व जाणोनी । राजा सुखावे स्थिति देखोनी ।
मग अतिविनीत होऊनी । मृदु मंजुळ वचनीं विनवीत ॥ २१५ ॥**

ഇവരിൽ തുളുമ്പുന്ന പൂർണ്ണത്വത്തിനെയും സുഖാനുഭവത്തിനെയും കണ്ട് രാജാവ് വളരെ സംതൃപ്തനായി, അങ്ങേയറ്റം വിനയത്തോടെ മൃദുവും സൗമ്യവുമായ വചനങ്ങളിൽ അദ്ദേഹം ഇങ്ങനെ അഭ്യർത്ഥിച്ചു.

**വിദേഹ ഉവാച
മന്യേ ഭഗവതഃ സാക്ഷാത് പാർഷദാൻ വോ മധുദ്വിഷഃ
വിഷ്ണോർഭൂതാനി ലോകാനാം പാവനായ ചരന്തി ഹി. 28**

മധുകൈടഭന്മാരെ സംഹരിച്ച സാക്ഷാത് ശ്രീ വിഷ്ണുവിന്റെ പാർഷദന്മാരായിട്ട് നിങ്ങളെ ഞാൻ വിചാരിക്കുന്നു. ലോകങ്ങളുടെ പരിശുദ്ധിക്കായ്ക്കൊണ്ട് വിഷ്ണുവിന്റെ സംബന്ധികളായി സഞ്ചരിക്കുന്നതു പ്രസിദ്ധം.

**सार्वभौम चक्रवर्ती । देहीं असोनि विदेहस्थिती ।
तो जनकु आर्षभांप्रती । अतिप्रीतीं विनवितु ॥ २१६ ॥**

വിശ്വചക്രവർത്തിയാണെങ്കിലും, വിദേഹരാജാവായ ജനകൻ ജ്ഞാനിയായിരുന്നു, അദ്ദേഹത്തിന് ദേഹഭാവം തെല്ലും ഇല്ലായിരുന്നു. ആ

മുനിപുത്രന്മാരോട് അത്യധികം സ്നേഹത്തോടെ അപേക്ഷിക്കാൻ തുടങ്ങി.

त्यांच्या भेटीसवें उलथलें सुख । विदेहासी देहेंवीण हरिख ।
तेणें हरिखेंकरूनियां देख । प्रीतीपूर्वक विनवितु ॥ २१७ ॥

ഈ മുനികളെ ദർശിച്ചപ്പോൾ ജനക രാജാവിന് അതിയായ സന്തോഷം തോന്നി, സന്തോഷത്തിന്റെയും സംതൃപ്തിയുടെയും ആ പ്രേരണയിൽ അദ്ദേഹം സ്നേഹപൂർവ്വം അഭ്യർത്ഥിച്ചു.

तुमचें सामर्थ्य पाहतां येथ । तुम्हीं ईश्वररूप समस्त ।
देहभावें तरी भगवद्‌भक्त । जैसे पार्षद हरीचे ॥ २१८ ॥

അദ്ദേഹം പറഞ്ഞു - നിങ്ങളുടെ വൈഭവം നോക്കുകയാണെങ്കിൽ നിങ്ങൾ ഈശ്വരരൂപം തന്നെയാകുന്നു. നിങ്ങളെ ശരീരഭാവത്തോടെ നോക്കുകയാണെങ്കിൽ നിങ്ങൾ ശ്രീഹരിയുടെ പാർഷദന്മാർക്ക് തുല്യമായിട്ടുള്ള ഭക്തന്മാരാകുന്നു.

देवो आपुला आपण भक्तु । ऐसा जो कां उपनिषदर्थु ।
तो साच करूनि वेदार्थु । निजपरमार्थु अनुभवा ॥ २१९ ॥

ഭഗവാന്റെ ഭക്തന്മാർ സ്വയം ഭഗവാൻ തന്നെയാകുന്നു എന്ന് ഉപനിഷത്തുകൾ ഉദ്ഘോഷിക്കുന്നു. ഇതു നിങ്ങളുടെ വിഷയത്തിൽ വളരെ ശെരിയാണ്.

'शिव होऊनि शिवु यजिजे' । हें लक्षण तुम्हांसीच साजे ।
येरीं हे बोलचि बोलिजे । परी बोलते वोजें अर्थ न लभे ॥ २२० ॥

"ശിവഭാവത്തിൽ ഇരുന്നുകൊണ്ട് ശിവനെ ആരാധിക്കുക!" (ശിവോ ഭൂത്വാ ശിവം യജേത്) എന്ന ഉപനിഷദ് രഹസ്യം നിങ്ങൾക്ക് അനുയോജ്യമാണ്. മറ്റുള്ളവർ ഈ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചേക്കാം, പക്ഷേ വെറുതെ സംസാരിക്കുന്നതിൽ അർത്ഥമില്ല.

विष्णुनें सृष्टीं जें जें स्रजणें । तें तें तुम्हीं पवित्र करणे ।
मही विचरायाचीं कारणें । कृपाळूपणे दीनोद्धारा ॥ २२१ ॥

ശ്രീവിഷ്ണു ലോകത്തിൽ എന്ത് സൃഷ്ടിച്ചാലും, അത് പവിത്രമാക്കാനും ദീനജനങ്ങളെ ഉദ്ധരിക്കുവാനും വേണ്ടിയാണ് നിങ്ങൾ ഭൂമിയിൽ ദയയോടെ സഞ്ചരിക്കുന്നത്.

**तुम्ही विचरा विश्वकणवा । परी भेटी होय प्राप्ति तेव्हां ।
आजि लाधलों तुमची सेवा । उद्भट दैवाथिलों मी ॥ २२२ ॥**

നിങ്ങൾ വിശ്വം മുഴുവനും സഞ്ചരിക്കുന്നുണ്ടെങ്കിലും ഭാഗ്യം കൊണ്ട് മാത്രമാണ് ആർക്കെങ്കിലും നിങ്ങളെ ദർശിക്കുവാൻ സാധിക്കുന്നത്. നിങ്ങളെ സേവ ചെയ്യാൻ ഒരു അവസരം ലഭിച്ചതിൽ ഞാൻ വളരെ ഭാഗ്യവാനാണ്.

**आजि माझें धन्य दैव । आजि माझे धन्य वैभव ।
आजि धन्य मी सर्वीं सर्व । हें चरण अपूर्व पावलों ॥ २२३ ॥**

എന്റെ ഭാഗ്യം ധന്യം തന്നെ, എന്റെ ജീവിതത്തിൽ ഇന്ന് നടന്ന വൈഭവം ധന്യം തന്നെ. ഇന്ന് നിങ്ങളുടെ പാദങ്ങളുടെ അതുല്യമായ ദർശനം ലഭിച്ചതിൽ ഞാൻ യഥാർത്ഥത്തിൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.

**ദുർല്ലഭോ മാനുഷോ ദേഹോ ദേഹിനാം ക്ഷണഭംഗുരഃ
തത്രാപി ദുർല്ലഭം മന്യെ വൈകുണ്ഠപ്രിയദർശനം. 29**

ദേഹികൾക്ക് ക്ഷണത്തിൽ നശിക്കുന്ന മനുഷ്യദേഹം കിട്ടുവാൻ പ്രയാസം. അതിലും വെച്ച് വിഷ്ണുഭക്തന്മാരുടെ കാഴ്ച വളരെ ദുർല്ലഭം.

**सकल देहांमाजीं पहा हो । अतिदुर्लभ मनुष्यदेहो ।
त्याचिया प्राप्तीचा संभवो । तो अभिप्रावो अतिदुर्गम ॥ २२४ ॥**

എല്ലാത്തരം ശരീരങ്ങളിലും വെച്ച് മനുഷ്യശരീരം വളരെ അപൂർവ്വമാണ്. അത് ലഭിക്കുന്നത് വളരെ പ്രയാസകരമാണ്.

**सुकृतदुष्कृत समान समीं । तैं पाविजे कर्मभूमी ।
तेंचि जैं पडे विषमीं । तैं स्वर्गगामी कां नरकीं ॥ २२५ ॥**

പാപങ്ങളും പുണ്യങ്ങളും തുല്യമാകുമ്പോൾ മാത്രമേ ഒരു ജീവന് ഈ കർമ്മഭൂമി (അതായത് ഈ മനുഷ്യശരീരം) ലഭിക്കുകയുള്ളൂ. പുണ്യങ്ങളുടെയും പാപങ്ങളുടെയും അളവ് കുറവോ കൂടുതലോ ആണെങ്കിൽ അയാൾക്ക് സ്വർഗ്ഗമോ നരകമോ ലഭിക്കും.

समानकर्मीं नरदेह जोडे । तरी समस्तां समबुद्धि न घडे ।
त्यां समांमाजीं विषम गाढें । जेणें पडे तें ऐका ॥ २२६ ॥

പാപപുണ്യകർമ്മങ്ങൾ തുല്യമാകുമ്പോഴാണ് മനുഷ്യ ശരീരം ലഭിക്കുന്നത്. എന്നാൽ എല്ലാവരുടെയും ബുദ്ധി ഒരുപോലെയല്ല, ആ സമത്വത്തിൽ പോലും വലിയ അസമത്വം എങ്ങനെയുണ്ടെന്ന് ഞാൻ നിങ്ങളോട് പറയാം.

पापाचा एकु महाचिरा । पुण्यें जोखणीं चाराचुरा ।
समान आलिया तुळाभारा । येणें जन्में नरा दृढ पापबुद्धी ॥ २२७ ॥

ഒരു മനുഷ്യൻ ചെയ്ത പാപങ്ങളും പുണ്യങ്ങളും ത്രാസിൽ ഇരുവശത്തു വെച്ച് അത് രണ്ടും സമാസമമായാൽപോലും മനുഷ്യന് ആ ജന്മത്തിൽ പാപം ചെയ്യാനുള്ള പ്രവണതയായിരിക്കും കൂടുതൽ.

वाळू आणि सुवर्ण । जोखितां झाल्याही समान ।
सोनियालागीं वेंचिती धन । वाळू ते जाण न घेती फुकट ॥ २२८ ॥

ഉദാഹരണത്തിന്, കുറച്ച് മണലും കുറച്ച് സ്വർണ്ണവും തുലാസിൽ ഇടുമ്പോൾ തുല്യ ഭാരമുള്ളതായിരിക്കാം. എന്നാൽ ആളുകൾ സ്വർണ്ണം വാങ്ങാൻ പണം ചെലവഴിക്കുന്നു, മണൽ ഒരിക്കലും എടുക്കുന്നില്ല.

एकाचें पुण्य अत्यंत थोर । पाप लहानसहान एकत्र ।
करूनि जोखितां तुळाभार । समान साचार जैं होय ॥ २२९ ॥

അതുപോലെ, ഒരാളുടെ പുണ്യം വലുതായാലും, തുല്യ ഭാരമുള്ള നിരവധി ചെറിയ പാപങ്ങൾ മറ്റേവശത്തിൽ ഇട്ടാൽ, അവ സമാസമമാകും.

ऐसेनि कर्में जे जन्मती । त्यांसी पुण्यावरी अतिप्रीती ।
पुण्य पाप दोनी झडती । तैं नित्यमुक्ति पाविजे ॥ २३० ॥

അത്തരം കർമ്മങ്ങളോടെ ജനിക്കുന്നവർക്ക് പുണ്യത്തോടുള്ള ഇഷ്ടം കൂടുതലാണ്. പുണ്യവും പാപവും പൂർണ്ണമായും നശിച്ചാൽ മാത്രമേ ഒരാൾക്ക് ശാശ്വതമായ മോക്ഷം ലഭിക്കൂ.

ऐशा अतिसूक्ष्म संकटीं । मनुष्यदेहीं होय भेटी ।
तेथेंही अभिमान अति उठी । धन दारा दिठी विषयांच्या ॥ २३१ ॥

അത്തരമൊരു നിർണായക ഘട്ടത്തിലാണ് ഒരു ജീവൻ മനുഷ്യനായി ജനിക്കുന്നുത്, എന്നാൽ അവിടെയും, കനകം, കാമിനി, മറ്റിന്ദ്രിയസുഖങ്ങൾ എന്ന ഊരാക്കുടുക്കിൽ അഭിമാനം പെട്ടുപോകുന്നു.

मनुष्यदेहींचेनि आयुष्यें । विषयीं सायास करिती कैसे ।
अमृत देऊनि घे जैसें । तान्हें सावकाशें मृगजळ ॥ २३२ ॥

വിലപ്പെട്ട മനുഷ്യജന്മം ലഭിച്ചിട്ടും ആളുകൾ വിഷയസുഖങ്ങളിൽ മുഴുകിപോയി ജന്മത്തിനെ പാഴാക്കുന്നു. ഇത് അമൃതം കൊടുത്ത് മരുമരീചിക വാങ്ങി ദാഹം തീർക്കാൻ നോക്കുന്നതുപോലെയാണ്.

गंधर्वनगरींचीं ठाणीं । घेतलीं देऊनि चिंतामणी ।
तैशी लटिकियालागीं आटणी । विषयसाधनीं नरदेहा ॥ २३३ ॥

അഥവാ, ഒരാൾ ചിന്താമണി കൊടുത്ത് ഗന്ധർവ്വ നഗരത്തിനെ, അതായത് ആകാശത്തിൽ കോട്ടകളുടെ ആകൃതിയിൽ കാണുന്ന മേഘങ്ങളെ, വാങ്ങുന്നതുപോലെ, മിഥ്യയായ വിഷയസുഖങ്ങൾക്കുവേണ്ടി അവർ മനുഷ്യശരീരത്തെ നശിപ്പിക്കുന്നു.

तोडूनि कल्पतरूंचे उद्यान । सायासीं तें वाहोनि रान ।
तेथें साक्षेपें पेरिली जाण । आणूनि आपण विजया जैशीं ॥ २३४ ॥

ഒരാൾ കൽപതരുവൃക്ഷത്തിന്റെ ഉദ്യാനത്തിനെ ഒരു കാടായി കരുതി അതിനെ നശിപ്പിച്ച്, അതിന്റെ സ്ഥാനത്ത് കഞ്ചാവ് നടുന്നത് പോലെ,

तैसें नरदेहा येऊनि नरां । करिती आयुष्याचा मातेरा ।
पूर्ण व्यवसायो शिश्नोदरां । उपहास निद्रा कां निंदा ॥ २३५ ॥

മനുഷ്യർ അവരുടെ ആയുസ്സു മുഴുവനും ആഹാരത്തിലും മൈഥുന്യത്തിലും അന്യരെ പരിഹസിക്കുന്നതിലും വിമർശിക്കുന്നതിലും നിദ്രയിലും ചിലവഴിക്കുന്നു.

नित्य प्रपंचाची कटकट । सदा विषयांची खटपट ।
कदा आरायिल्या चोखट । स्वेच्छा सारीपाट खेळणें ॥ २३६ ॥

അവർ കുടുംബ കലഹങ്ങളിലും ഇന്ദ്രിയവിഷയങ്ങളിലും സമയം കളയുന്നു, ശേഷം സമയം ബാക്കി ഉണ്ടെങ്കിൽ അത് ചൂതുകളിച്ചും പാഴാക്കുന്നു.

नाना विनोद टवाळी । नित्य विषयांची वाचाळी ।

त्यासी जपतां रामनामावळी । पडे दांतखिळी असंभाव्य ॥ २३७ ॥

വേണ്ടാത്ത എല്ലാം വിഷയങ്ങളിലും അവർ തലയിടും. ഇന്ദ്രിയസുഖങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ അവർ വാചാലരാകും, എന്നാൽ അവരോട് രാമന്റെ പവിത്രനാമം ഉച്ചരിക്കാൻ നിർദ്ദേശിച്ചാൽ, അവർ പെട്ടെന്ന് വിചിത്രമായ നിശ്ശബ്ദത പാലിക്കും!

घरा आली कामधेनु । दवडिती न पोसवे म्हणूनु ।
तेवीं श्रीरामनाम नुच्चारूनु । नाडला जनु नरदेहीं ॥ २३८ ॥

കാമധേനു വീട്ടിൽ വന്നിട്ടും, അതിനു തീറ്റ കൊടുക്കാൻ കഴിയാത്തതിനാൽ അതിനെ വീട്ടിൽനിന്നും ഓടിച്ചുവിടുന്നതുപോലെ, അമൂല്യമായ മനുഷ്യശരീരം ലഭിച്ചിട്ടും രാമനാമം ജപിക്കാതിരുന്നാൽ ഈ ജന്മം തന്നെ വ്യർത്ഥമാകും.

करितां नरदेहीं अहंकार । तंव तो देहचि क्षणभंगुर ।
देहीं देहवंता भाग्य थोर । जैं भगवत्पर भेटती ॥ २३९ ॥

ഈ നരദേഹത്തിൽ ഒരാൾ അഹങ്കരിച്ചാലും, ദേഹം ക്ഷണഭംഗുരമാണ്. ഈ ചെറിയ ജീവിതത്തിൽ അത്രയധികം ഭാഗ്യമുണ്ടെങ്കിൽ മാത്രമേ ഭക്തന്മാരെ കാണുവാൻ സാധിക്കുകയുള്ളൂ.

ज्यांसी भगवद्‌भक्तीची अति गोडी । त्यांवरी भगवंताची आवडी ।
त्यांची भेटी तैं होय रोकडी । जैं पुण्याच्या कोडी तिष्ठती ॥ २४० ॥

കോടിക്കണക്കിനു പുണ്യങ്ങൾ ചേരുമ്പോൾ മാത്രമേ ഇങ്ങനെയുള്ള ഭക്തന്മാരെ ദർശിക്കുവാൻ സാധിക്കുകയുള്ളു. ഇവർ ഭഗവത്ഭക്തിയുടെ മാധുര്യത്തിൽ നിരന്തരം മുഴുകിയിരിക്കുന്നു, ഭഗവാന് പോലും ഇവർ പ്രിയതമന്മാരാകുന്നു.

ज्यांचिया आवडीच्या लोभा । भगवंतु पालटें आला गर्भा ।
दशावतारांची शोभा जाहली । पद्मनाभा ज्यांचेनि ॥ २४१ ॥

ഇങ്ങനെയുള്ള ഭക്തന്മാരോടുള്ള പരമപ്രേമം കാരണമാണ് ഭഗവാൻ തന്റെ നിർഗുണരൂപം ത്യജിച്ച് ഗർഭവാസിയായത്. അങ്ങനെ പദ്മനാഭനായ ഭഗവാന് ദശാവതാരമെടുത്ത ശോഭലഭിച്ചു.

(**കുറിപ്പ്** - വാരക്കരി സമ്പ്രദായത്തിൽ അംബരീശ ചരിത്രവുമായി ബന്ധപ്പെട്ട് പ്രചാരമുള്ള ഒരു ഉപകഥയുണ്ട് - കോപിഷ്ഠനായ ദുർവ്വാസാ

അംബരീശൻ രാജാവ് അതിഥിസത്കാരം ചെയ്യാതെ ദ്വാദശി പാരണ ചെയ്തത് വലിയ അപരാധമായിപ്പോയി എന്ന് ആരോപിച്ച് അദ്ദേഹത്തിന് ഇനി പത്തു തവണ ഗർഭവാസിയായി ഭവിക്കേണ്ടിവരട്ടെ എന്ന് ശാപം കൊടുത്തു. ഭക്തവത്സലനായ ഭഗവാൻ അംബരീശ രാജാവിന്റെമേൽ വീണ ഈ ശാപത്തിനെ സ്വയം ഏറ്റെടുത്തതു. അതുകൊണ്ടാണ് ഭഗവാൻ ദശാവതാരം എടുത്തത് എന്നാണ് ഉപകഥ).

ऐसे कृष्णकृपासमारंभे । जे भगवंताचे वालभे ।
त्यांची भेटी तैंचि लाभे । जैं भाग्यें सुलभें पैं होती ॥ २४२ ॥

കൃഷ്ണന്റെ കൃപയാൽ അദ്ദേഹത്തിന് പ്രിയപ്പെട്ടവരായി മാറിയ അത്തരം ആളുകളെ, ഒരാളുടെ ഭാഗ്യം പ്രകാശിക്കുമ്പോൾ മാത്രമേ കണ്ടുമുട്ടാൻ കഴിയൂ.

निष्कामता निजदृष्टी । अनन्त पुण्यकोट्यनुकोटी ।
रोकड्या लाभती पाठोवाठीं । तैं होय भेटी हरिप्रियांची ॥ २४३ ॥

ശരീരബോധം ക്ഷയിക്കുമ്പോഴും ദൃഷ്ടി അന്തർമുഖമായിത്തീരുമ്പോഴും, കോടിക്കണക്കിനു പുണ്യങ്ങൾ ചേരുമ്പോഴുമാണ് ശ്രീഹരിക്കു പ്രിയരായവരെ നമുക്ക് ദർശിക്കുവാൻ സാധിക്കുന്നത്.

व्याघ्रसिंहांचे दूध जोडे । चंद्रामृतही हाता चढे ।
परी हरिप्रियांची भेटी नातुडे । दुर्लभ भाग्य गाढें मनुष्यां ॥ २४४ ॥

ചിലപ്പോൾ കടുവയുടേയൊ സിംഹത്തിൻടേയോ പാൽ ലഭിച്ചേക്കാം; ചന്ദ്രന്റെ അമൃതും ലഭിച്ചേക്കാം, പക്ഷെ ശ്രീഹരിക്കു പ്രിയരായവരെ കാണാൻ സാധിക്കുകയില്ല.

व्याघ्रसिंहदुधासाठी । अतिसबळता जोडे पुष्टी ।
परी जन्ममरणांची तुटी । दुधासाठीं कदा नव्हे ॥ २४५ ॥

കടുവയുടേയോ സിംഹത്തിൻടേയോ പാൽ കുടിച്ചാൽ ഒരു മനുഷ്യൻ വളരെ ശക്തനാകാം, പക്ഷേ അത് അവനെ ജനനമരണങ്ങളിൽ നിന്ന് മുക്തനാക്കില്ല.

म्हणती चंद्रामृत जो आरोगी । तो होय नित्य निरोगी ।
मुख्य चंद्रचि क्षयरोगी । त्याचें अमृत निरोगी करी केवीं ॥ २४६ ॥

ചന്ദ്രന്റെ അമൃതം കഴിക്കുന്നവർ രോഗമുക്തരാകുമെന്നാണ് പറയപ്പെടുന്നത്, എന്നാൽ ചന്ദ്രൻ അടിസ്ഥാനപരമായി ഒരു

ക്ഷയരോഗിയാണ്, അപ്പോൾ ചന്ദ്രന്റെ അമൃതം മറ്റുള്ളവരെ എങ്ങനെ ആരോഗ്യവാന്മാരാക്കും?

व्याघ्रसिंहदुग्धाचे शक्तीं । प्राणी जैं अजरामर होती ।
तैं तेणें दुग्धें जयांची उत्पत्ती । ते कां मरती व्याघ्रसिंह ॥ २४७ ॥

കടുവയുടേയും സിംഹത്തിൻടേയും പാൽ കുടിച്ചാൽ അമർത്യരാകുമെങ്കിൽ, അതേ പാലുകുടിച്ച ആ മൃഗങ്ങൽ എങ്ങിനെ മരിക്കുന്നു?

जैं हरिभक्तांची भेटी घडे । तैं न बाधी संसारसांकडें ।
जन्ममरण समूळीं उडे । त्यांची भेटी आतुडे अतिभाग्यें ॥ २४८ ॥

എന്നാൽ ഹരിഭക്തന്മാരെ കണ്ടുമുട്ടിയാൽ, സാംസാരിക ക്ലേശങ്ങൾ ഇനി ബാധിക്കുന്നില്ല, ജനനമരണചക്രം പൂർണ്ണമായും അവസാനിക്കുന്നു. ചുരുക്കത്തിൽ, അവരെ കണ്ടുമുട്ടാൻ ഒരാൾക്ക് വലിയ ഭാഗ്യം ആവശ്യമാണ്.

आजि मी भाग्यें सभाग्य पूर्ण । लाधलों तुमचें दर्शन ।
तरी "आत्यंतिक क्षेम" कोण । तें कृपा करून मज सांगा ॥ २४९ ॥

ഇന്ന് ആ ഭാഗ്യമെല്ലാം എനിക്ക് പൂർണ്ണമായി ലഭിച്ചിരിക്കുന്നു, കാരണം, എനിക്കങ്ങയെ ദർശിക്കുവാൻ സാധിച്ചു. അതുകൊണ്ട് 'ആത്യന്തികമായ ക്ഷേമത്തിന്റെ' അർത്ഥം ദയവായി എനിക്ക് വിശദീകരിച്ചുതന്നാലും.

അത ആത്യന്തികം ക്ഷേമം പൃച്ഛാമോ ഭവതോഽനഘാഃ
സംസാരേഽസ്മിൻ ക്ഷണാർദ്ധോഽപി സത്സംഗഃ ശേവധിർനൃണാം. 30
അതുകൊണ്ട്, അല്ലയോ പരിശുദ്ധന്മാരെ, അതിശ്രേഷ്ഠമായ ക്ഷേമത്തെ നിങ്ങളോട് ഞങ്ങൾ ചോദിക്കുന്നു. ഈ സംസാരത്തിൽ അല്പസമയമെങ്കിലും സജ്ജനസംസർഗ്ഗം മനുഷ്യർക്ക് നിധിക്കുതുല്യം ആകുന്നു.

म्हणों तुम्ही निष्पाप निर्मळ । तंव तुमचेनि दर्शनें तत्काळ ।
नासती सकळ कलिमळ । ऐसे निजनिर्मळ तुम्ही सर्व ॥ २५० ॥

നിങ്ങൾ നിഷ്കളങ്കരും നിർമ്മലരും ആണ്. നിങ്ങളുടെ ദർശനത്താൽ എല്ലാ പാപങ്ങളും തൽക്ഷണം നശിപ്പിക്കപ്പെടുന്നു, കാരണം നിങ്ങൾ

സ്വാഭാവികമായി പരിശുദ്ധരാണ്.

स्नान केलिया गंगा । पवित्र करी सकळ जगा ।
ते गंगाही निजपापभंगा । तुमचे चरणसंगा वांछीत ॥ २५१ ॥

ഗംഗാസ്നാനത്താൽ എല്ലാവരും പവിത്രമാകുന്നു. എന്നാൽ ആ ഗംഗ പോലും നിങ്ങളുടെ പാദങ്ങളെ സ്പർശിച്ച് പാപങ്ങൾ കഴുകിക്കളയാൻ ആഗ്രഹിക്കുന്നു.

तुमची दर्शनसंग-चिद्गंगा । अत्यंत दाटुगी माजीं जगा ।
दर्शनमात्रें ने भव भंगा । जन्ममरण पैं गा मग कैंचे ॥ २५२ ॥

നിങ്ങളുടെ ദർശനത്തിന്റെ പ്രയോജനം തന്നെ ചിത്സ്വരൂപിയായ ഗംഗയാകുന്നു. ഈ ദർശനം വളരെ ശക്തിയുള്ളതാണ്, കാരണം ഈ ദർശനം ഒന്നുകൊണ്ടു മാത്രം ലൗകിക ക്ലേശങ്ങൾ നിലയ്ക്കുന്നു. പിന്നെ എവിടെയാണ് ജനനമരണങ്ങളുടെ ചോദ്യം ഉയരുന്നത്?

तेथें कायसा गंगेचा पडिपाडु । नाहीं तीर्थमहिमेसी पवाडु ।
तीर्थां भवदोष अवघडु । त्यांचा करी निवाडु दृष्टिसंगें ॥ २५३ ॥

നിങ്ങളുടെ ഒരു നോട്ടവുമായി താരതമ്യം ചെയ്യുമ്പോൾ ഗംഗയ്ക്ക് ഒരു സ്ഥാനവുമില്ല. നിങ്ങളുടെ മഹത്വമായി താരതമ്യം ചെയ്യുമ്പോൾ തീർത്ഥ ക്ഷേത്രങ്ങൾ ഒന്നുമല്ലാതാകുന്നു. ആ പുണ്യസ്ഥലങ്ങൾക്ക് ലൗകിക ജീവിതത്തെ ഇല്ലാതാക്കാൻ കഴിയില്ല; എന്നാൽ നിങ്ങളുടെ സൗമ്യമായ ദർശനം എല്ലാ ബന്ധനങ്ങളെയും നശിപ്പിക്കുന്നു.

ऐशी पवित्रता प्रबळ । दृष्टिउत्संगी वाढवा सकळ ।
आजि झालों मी अतिनिर्मळ । तुम्हीं दीनदयाळ मीनलेति ॥ २५४ ॥

നിങ്ങളുടെ ദയാപൂർണ്ണമായ ദൃഷ്ടിയാൽ പവിത്രത വർദ്ധിക്കുന്നു. നിങ്ങളുടെ ദൃഷ്ടി എന്റെമേൽ വീണതുകൊണ്ട് ഞാൻ ഇപ്പോൾ പവിത്രനായിരിക്കുന്നു. നിങ്ങൾ വളരെ കാരുണ്യവാന്മാരാണ്.

ऐसे पवित्र आणि कृपामूर्ति । भाग्यें लाधलो हे संगती ।
सत्संगाची निजख्याती । सांगता श्रुति मौनावल्या ॥ २५५ ॥

എന്റെ പരമ ഭാഗ്യം കൊണ്ട് മാത്രമാണ് ഇന്ന് പവിത്രവും കൃപാമൂർത്തികളുമായ നിങ്ങളുടെ ദർശനം എനിക്ക് ലഭിച്ചത്. സത്സംഗമഹിമയെ വർണ്ണിക്കുമ്പോൾ വേദം പോലും മൗനമായിപോകുന്നു.

**ब्रह्म निर्धर्म नेणे निजधर्मा । साधुमुखें ब्रह्मत्व ये ब्रह्मा ।
त्या सत्संगाचा महिमा । अतिगरिमा निरुपम ॥ २५६ ॥**

ബ്രഹ്മം സ്വധർമ്മമെന്തെന്ന് അറിയുന്നില്ല. സാധുക്കൾ ഉദ്ബോധനപ്പെടുത്തിയാണ് ബ്രഹ്മം പോലും ബ്രഹ്മത്വത്തിനെ പ്രാപിക്കുന്നത്. അത്രയും മഹിമയുള്ള സത്സംഗമഹിമ അത്യധികം മഹത്തരവും അതുല്യവുമാണ്.

**सत्संग म्हणों निधीसमान । निधि जोडल्या हारपे जाण ।
सत्संगाचें महिमान । साधकां संपूर्ण सद्रूप करी ॥ २५७ ॥**

സത്സംഗത്തെ ഒരു നിധിയോട് ഉപമിച്ചാൽ, അത് നഷ്ടപ്പെടുമോ എന്ന ഭയമുണ്ട്, എന്നാൽ സത്സംഗത്തിന്റെ പ്രഭാവം കൊണ്ട് സാധകർ സ്വരൂപത്തിനെ പൂർണ്ണമായി പ്രാപിക്കുന്നു.

**निधि सांपडलिया साङ्ग । अत्यंत वाढे विषयभोग ।
तैसा नव्हे जी सत्संग । निर्विषयें चांग सुखदाता ॥ २५८ ॥**

ഒരു നല്ല നിധി ലഭിക്കുമ്പോൾ, ലൗകിക സുഖങ്ങളുടെ ആസ്വാദനം വർദ്ധിക്കുന്നു. പക്ഷേ സത്സംഗനിധി അങ്ങനെയല്ല. അത് ലൗകിക സുഖങ്ങളില്ലാത്തതും അതിരറ്റ സന്തോഷം നൽകുന്നതുമാണ്.

**इंद्रियांवीण स्वानंदु । विषयांवीण परमानंदु ।
ऐसा करिती निजबोधु । अगाध साधुनिजमहिमा ॥ २५९ ॥**

ഇന്ദ്രിയസുഖരഹിതമായ സ്വാനന്ദം, വിഷയസുഖമില്ലാത്ത പരമാനന്ദം ഒരാൾക്ക് നേടാൻ സാധിക്കും എന്ന് അവർ നമ്മളെ ഉദ്ബോധനപ്പെടുത്തുന്നു. അതുകൊണ്ട്, സാധുമഹിമ അഗാധമാണ്.

**निमिषार्ध होता सत्संग । तेणें संगें होय भवभंग ।
यालागीं सत्संगाचें भाग्य । साधक सभाग्य जाणती ॥ २६० ॥**

ഒരു നിമിഷത്തേക്ക് സത്സംഗം ലഭിച്ചാൽ പോലും അത് ഭവഭംഗത്തിനു കാരണമാകുന്നു; അതിനാൽ ഭാഗ്യമുള്ള സാധകന്മാർക്കു മാത്രമേ സത്സംഗമഹിമ അറിയുകയുള്ളൂ.

**संतचरणीं ज्यांचा भावो । भावें तुष्टती संत स्वयमेवो ।
संतसन्निधिमात्रें पहावो । संसार वावो स्वयें होय ॥ २६१ ॥**

സാധു ചരണങ്ങളിൽ ഭക്തിയുള്ളവരിൽ സാധുക്കൾ പ്രസാദിക്കുന്നു. സാധുജനങ്ങളുടെ സാന്നിധ്യം ഒന്നുകൊണ്ടുമാത്രം സാംസാരിക ബന്ധനങ്ങൾ ഇല്ലാതെയായിത്തീരുന്നു.

नाना विकार विषयविधी । संसारु सबळत्वें बाधी ।
त्या संसाराची अवधी । जाण त्रिशुद्धी सत्संग ॥ २६२ ॥

ഈ ലൗകിക ജീവിതം പല വിഷയങ്ങളോടുള്ള ആസക്തി കാരണം പലതരം ക്ലേശങ്ങളും രോഗങ്ങളും കൊണ്ടുവരുന്നു. ലൗകിക ജീവിതത്തെ ഇല്ലാതാക്കാനുള്ള ഏക മരുന്ന് സത്സംഗമാണ്.

दीपाचिये संगप्राप्ती । निःशेष कापुरत्वाची शांती ।
तेवीं झालिया सत्संगती । संसारनिवृत्ति क्षणार्धें ॥ २६३ ॥

കർപ്പൂരത്തിന് ജ്വാലയായി ഒരു ക്ഷണനേരത്തെ സഹവാസം ലഭിച്ചാൽത്തന്നെ അത് പൂർണ്ണമായും കത്തി ഇല്ലാതെയാകുന്നു. അതുപോലെ, ഒരു ക്ഷണനേരത്തിനുപോലും സാധുസംഗം ലഭിച്ചാൽ ഈ ജനനമരണ ശൃംഖലയോടുകൂടിയ ലൗകിക ജീവിതവും `ഞാൻ ശരീരമാണ്' എന്ന മിഥ്യാധാരണയും ഇല്ലാതാകുന്നു.

ते तुमची सत्संगती । भाग्यें पावलों अवचितीं ।
"आत्यंतिक क्षेम" कैशा रितीं । प्राणी पावती तें सांगा ॥ २६४ ॥

ഇന്ന് യാതൊരു കഷ്ടവുമില്ലാതെ എനിക്ക് നിങ്ങളുടെ സത്സംഗം ലഭിച്ചിരിക്കുന്നു. അതിനാൽ ഇപ്പോൾ ദയവുചെയ്ത് ഒരു ജീവി എങ്ങനെയാണ് 'ആത്യന്തിക ക്ഷേമം,' അതായത് ശാശ്വതമായ സുഖം നേടുന്നതെന്ന് പറഞ്ഞുതന്നാലും.

आत्यंतिक क्षेमाचें वर्णन । जरी म्हणाल भागवतधर्म ।
त्या धर्माचा अनुक्रम । साङ्ग सुगम सांगा जी ॥ २६५ ॥

ഭാഗവതധർമ്മമാണ് പരമമായ ക്ഷേമത്തിലേക്കുള്ള താക്കോൽ എന്ന് നിങ്ങൾ പറയുകയാണെങ്കിൽ, ഹേ മഹാത്മാക്കളെ, ആ ധർമ്മത്തിന്റെ ക്രമം എളുപ്പമുള്ള രീതിയിൽ എനിക്ക് വിശദീകരിച്ചു തരേണമേ!

ധർമ്മാൻ ഭാഗവതാൻ ബ്രൂത യദി നഃ ശ്രുതയേ ക്ഷമം
യൈഃ പ്രസന്നഃ പ്രപന്നായ ദാസ്യത്യാത്മാനമപ്യജഃ. 31

ഞങ്ങൾക്ക് കേൾക്കാനായ്ക്കൊണ്ട് യോഗ്യമാണെങ്കിൽ യാതൊന്നുകളാൽ സന്തുഷ്ടനായ ഭഗവാൻ ശരണാഗതന് ആത്മാവിനേയും ദാനം ചെയ്യുമോ ആ ഭാഗവതധർമ്മങ്ങളെ ഉപദേശിക്കണമേ.

परिसावया भागवतधर्मीं । श्रवणाधिकारी असों जरी आम्ही ।
तरी कृपा करूनि तुम्हीं । सांगावे स्वामी सकळ धर्म ॥ २६६ ॥

ഭാഗവത ധർമ്മം കേൾക്കുവാൻ എനിക്ക് അവകാശമുണ്ടെങ്കിൽ, അല്ലയോ മഹാത്മാക്കളെ, ദയവായി അതിനെ പൂർണ്ണ രൂപത്തിൽ പറഞ്ഞുതരേണമേ.

“अजन्मा” या नामाची ख्याती । वेदशास्त्रीं मिरवी श्रीपती ।
तो भागवतधर्माचिया प्रीती । सोशी जन्मपंक्ती भक्तांचिया ॥ २६८ ॥

ഈ ഭാഗവത ധർമ്മത്തിന്റെ ഖ്യാതി അല്പം വിചിത്രമാണ്. ഇത് പ്രേമത്തോടെ സ്വീകരിച്ചാൽ, ശ്രീപതിയായ ഭഗവാൻ അതിൽ സംതൃപ്തനാകുകയും ഭക്തർക്ക് കീഴടങ്ങുകയും ചെയ്യുന്നു.

“अजन्मा” या नामाची ख्याती । वेदशास्त्रीं मिरवी श्रीपती ।
तो भागवतधर्माचिया प्रीती । सोशी जन्मपंक्ती भक्तांचिया ॥ २६८ ॥

വേദശാസ്ത്രങ്ങൾ പറയുന്നു, ഭഗവാൻ ജന്മരഹിതനാണെന്ന്. ആ ശ്രീപതി തന്റെ ഭക്തർക്കുവേണ്ടി പല ജന്മങ്ങൾ എടുക്കുന്നു.

एवं भागवतधर्मी जाण । जो कोणी अनन्य शरण ।
त्यासी तुष्टोनियां नारायण । निजात्मता पूर्ण स्वयें देतु ॥ २६९ ॥

ഭാഗവതധർമ്മത്തിൽ സമ്പൂർണ്ണ ഭക്തിയോടെ അഭയം പ്രാപിക്കുന്ന ഏതൊരാളിലും നാരായണൻ സംപ്രീതനായി തന്റെ സർവ്വസ്വവും ആ ഭക്തന് നൽകുന്നു.

जी भागवतधर्मश्रवणार्थ । मज अधिकारु जरी नसेल येथ ।
तरी मी अनन्य शरणागत । आणि तुम्ही समस्त कृपाळू ॥ २७० ॥

ഇനി, ഭാഗവതധർമ്മം കേൾക്കുവാൻ എനിക്ക് അവകാശമില്ലെങ്കിൽ, ഞാൻ നിങ്ങളുടെ അടുക്കൽ വന്നത് പൂർണ്ണമായ ഭക്തിയോടെയാണ്, നിങ്ങളെല്ലാവരും അങ്ങേയറ്റം ദയാലുക്കളാണ്.

भूतदयेचें निडारलेपण । तुमच्या ठायीं वोसंडे पूर्ण ।
तुम्ही दयानिधि संपूर्ण । दीनोद्धरण तुमचेनी ॥ २७१ ॥

നിങ്ങളിൽ ഭൂതദയ പരിപക്വപ്പെട്ടിരിക്കുന്നു. നിങ്ങൾ ദയയുടെ സാഗരമാണ്, നിങ്ങൾ കാരണം ദീനജനങ്ങൾ ഉദ്ധരിക്കപ്പെടുന്നു.

जेथ तुमची कृपा पूर्ण । तेथ न राहे जन्ममरण ।
सर्वाधिकार संपूर्ण । सहज आपण वोळंगे ॥ २७२ ॥

നിങ്ങളുടെ പൂർണ്ണകൃപയാരിലുണ്ടോ, അവർക്കിനി ജന്മമരണക്ലേശങ്ങൾ ഇല്ല, എല്ലാ വിധ അധികാരങ്ങളും അവരെവന്നുചേരുന്നു.

तंव तुमचे कृपेपरतें । आन सामर्थ्य नाहीं येथें ।
ऐसें जाणोनियां निश्चितें । शरण तुम्हांतें मी आलों ॥ २७३ ॥

അതായത്, നിങ്ങളുടെ കൃപയ്ക്ക് തുല്യമായ ഒരു ശക്തിയും ഇല്ലെന്നുള്ള നിശ്ചയബുദ്ധിയോടെ ഞാൻ നിങ്ങളെ ശരണം പ്രാപിച്ചിരിക്കുന്നു.

कायसी ज्ञातेपणाची लाज । येथें तुमचे कृपें माझें काज ।
ऐसें विदेहें प्रार्थूनि द्विज । चरणरज वंदिलें ॥ २७४ ॥

എന്റെ (തുച്ഛമായ) അറിവിൽ ലജ്ജിച്ചിട്ട് എന്ത് പ്രയോജനം? നിങ്ങളുടെ കൃപ കൊണ്ടുമാത്രമാണ് എന്റെ എല്ലാം കാര്യങ്ങളും നടക്കാൻ പോകുന്നത്. ഈ വിധത്തിൽ ജനകരാജാവ് പ്രാർത്ഥിച്ചുകൊണ്ട് ആ ബ്രാഹ്മണരുടെ പാദരജസ്സ് തന്റെ ശിരസ്സിൽ ധരിച്ചു.

ऐकोनि विदेहाचा नम्र प्रश्न । संतोषले नवही जण ।
तेंचि श्रीमुखें नारद आपण । करी निरूपण वसुदेवा ॥ २७५ ॥

ജനക രാജാവ് വിനമ്രമായി ചോദിച്ച ഈ ചോദ്യം കേട്ട് ഒമ്പത് യോഗികളും സന്തോഷിച്ചു. നാരദ മുനി അതേ കഥയെ തന്റെ തിരുമുഖത്തിൽനിന്നും വസുദേവന് വിവരിച്ചു കൊടുക്കുന്നു -

നാരദ ഉവാച
ഏവം തേ നിമിനാ പൃഷ്ടാഃ വസുദേവ മഹത്തമാഃ
പ്രതിപൂജ്യാബ്രുവൻ പ്രീത്യാ സസദസ്യർത്വിജം നൃപം. 32

ഇപ്രകാരം നിമിയാൽ ചോദിക്കപ്പെട്ട ഏറ്റവും മഹാത്മാരായ അവർ, അല്ലയോ വസുദേവ, സന്തോഷത്തോടുകൂടി സഭാവാസികളോടും ഋത്വിക്കുകളോടും കൂടിയിരിക്കുന്ന രാജാവിനെ മാനിച്ചിട്ട് പറഞ്ഞു.

जो जगाचि स्थिती गति जाणता । जो हरिहरांचा पढियंता ।
जो निजात्मज्ञानें पुरता । तो झाला बोलता नारदु ॥ २७६ ॥

ജഗത്തിന്റെ സ്ഥിതിയും ഗതിയും അറിയുന്നവനും, ഹരിക്കും ഹരനും പ്രിയ പുത്രനായവനും, ആത്മജ്ഞാനത്തിൽ പരിപൂർണ്ണനുമായ ആ നാരദ മുനി വസുദേവനോട് പറഞ്ഞു -

नारद म्हणे वसुदेवा । विदेहें प्रश्न केला बरवा ।
तेणें परमानंदु तेव्हां । त्या महानुभावां उलथला ॥ २७७ ॥

ഹേ വസുദേവരെ! ജനക രാജാവ് അത്തരം സുപ്രധാനമായ ചോദ്യങ്ങൾ ചോദിച്ചപ്പോൾ, ആ മഹാത്മാർക്ക് വളരെ സംതൃപ്തി തോന്നി.

संतोषोनि नवही मूर्ती । धन्य धन्य विदेहा म्हणती ।
ऋत्विजही सादर परमार्थी । सदस्य श्रवणार्थी अतितत्पर ॥ २७८ ॥

അവർ വിദേഹരാജാവിനെ `ധന്യൻ ധന്യൻ' എന്ന് വാഴ്ത്തി. യാഗത്തിലെ പുരോഹിതന്മാർക്കും സഭാംഗങ്ങൾക്കും പരമാർത്ഥവിഷയത്തിനെ ശ്രവിക്കാനുള്ള ഉത്സാഹം കൂടി.

ऐसें देऊनि अनुमोदन । बोलते जाहले नवही जण ।
तेचि कथेचें निजलक्षण । नव प्रश्न विदेहाचे ॥ २७९ ॥

അവർക്കും ഉചിതമായ അംഗീകാരം നൽകിയ ശേഷം, ആ ഒമ്പത് യോഗികൾ സംസാരിച്ചു തുടങ്ങി. ജനകന്റെ ഒമ്പത് ചോദ്യങ്ങളാണ് ഈ കഥയുടെ പ്രധാന പ്രമേയം.

भागवतधर्म भगवद्भक्त । माया कैसी असे नांदत ।
तिचा तरणोपाव येथ । केवीं पावत अज्ञानी ॥ २८० ॥

(ചോദ്യം 1) - ഭാഗവത ധർമ്മം എന്താണ്?
(ചോദ്യം 2) -ആരാണ് ഭഗവത്ഭക്തൻ?
(ചോദ്യം 3) - മായയെന്നാൽ എന്ത്?
(ചോദ്യം 4) -അജ്ഞാനികൾക്ക് അവയെ മറികടക്കാനുള്ള മാർഗങ്ങൾ എന്തൊക്കെയാണ്?

येथ कैचें असे परब्रह्म । कासया नांव म्हणिजे कर्म ।
अवतारचरित्रसंख्या परम । अभक्तां अधमगति कैशी ॥ २८१ ॥

(ചോദ്യം 5) - പരബ്രഹ്മം എന്നാൽ എന്ത്?
(ചോദ്യം 6) - എന്തിനെയാണ് നാം കർമ്മം എന്നു വിളിക്കുന്നത്?
(ചോദ്യം 7) - എത്ര അവതാരങ്ങളാണുള്ളത്?
(ചോദ്യം 8) - അഭക്തർക്ക് അധോഗതി ഭവിക്കുന്നതെങ്ങിനെ?

कोणे युगीं कैसा धर्म । सांगावा जी उत्तमोत्तम ।
ऐसे नव प्रश्न परम । जनक सवर्म पुसेल ॥ २८२ ॥

(ചോദ്യം 9) - ഓരോ യുഗത്തിലും ഉള്ള ധർമ്മങ്ങൾ എന്ത്?
ഇതെല്ലാം നന്നായി വിശദീകരിച്ചു തന്നാലും. ഇങ്ങനെ, ജനക രാജാവ് ഒമ്പത് പ്രധാന ചോദ്യങ്ങൾ ചോദിച്ചു.

ऐसे विदेहाचे प्रश्न । अनुक्रमें नवही जण ।
उत्तर देती आपण । तयांत प्रथम प्रश्न कवि सांगे ॥ २८३ ॥

ആ ഒമ്പത് പുരുഷന്മാരും അവരുടെ ക്രമാനുസരണം ഉത്തരം നൽകി. ആദ്യത്തെ ചോദ്യത്തിന് കവി എന്ന യോഗി ഉത്തരം നൽകി.

കവിരുവാച
മന്യേ്കുതശ്ചിദ് ഭയമച്യുതസ്യ
പാദാംബുജോപാസനമത്ര നിത്യം
ഉദ്വിഗ്നബുദ്ധേരസദാത്മഭാവാത്
വിശ്വാത്മനാ യത്ര നിവർ
ത്തതേ ഭീഃ. 33

നശിക്കുന്ന ശരീരത്തിൽ ആത്മാവെന്ന വിചാരത്താൽ എപ്പോഴും ഭയപ്പെട്ടിരിക്കുന്ന ബുദ്ധിയോടുകൂടിയ പുരുഷനു എങ്ങുനിന്നും ഭയമില്ലാതിരിക്കത്തക്ക വ്യാപാരം ഭഗവാന്റെ പാദകമലസേവതന്നെയെന്ന് വിചാരിക്കുന്നു. ആ ഭജനത്തിൽ പേടി അശേഷവും ഇല്ലാതാകുന്നു.

रायें पुशिलें "आत्यन्तिक क्षेम" । तदर्थीं कवि ज्ञाता परम ।

तो आत्यंतिक क्षेमाचें वर्म । भागवतधर्म प्रतिपादी ॥ २८४ ॥

രാജാവ് ആത്യന്തിക ക്ഷേമത്തിനെ കുറിച്ച്, അതായത് നിത്യനിരന്തരമായ സുഖത്തിനെ കുറിച്ചാണ് ചോദിച്ചത്. കവി എന്ന യോഗിയാകട്ടെ, ആ വിഷയത്തിൽ വിദഗ്ദ്ധനായിരുന്നു. ആത്യന്തിക ക്ഷേമത്തിന്റെ അർത്ഥം അദ്ദേഹം വിശദീകരിച്ചുകൊണ്ട് ഭാഗവത ധർമ്മത്തിനെ പ്രതിപാദിക്കാൻ തുടങ്ങി.

ऐक राया नवलपरी । आपुला संकल्प आपणा वैरी ।
देहबुद्धी वाढवूनि शरीरीं अतिदृढ करी भवभया ॥ २८५ ॥

അദ്ദേഹം പറഞ്ഞു, "അല്ലയോ രാജാവേ! ഒരു വിചിത്രമായ വിഷയം മനസ്സിൽ വയ്ക്കുക. നമ്മുടെ സങ്കൽപ്പങ്ങൾ തന്നെയാണ് നമ്മുടെ ശത്രു. നമ്മുടെ ചിന്തകളാണ് ശരീരബോധത്തെ, അതായത്, ഞാൻ ഈ ദേഹമാണ്, എന്ന മിഥ്യയെ ദൃഢപ്പെടുത്തിക്കൊണ്ട് ഭവഭയത്തെ ശക്തിപ്പെടുത്തുന്നത്.

जयापाशीं देहबुद्धी । त्यासी सुख नाहीं त्रिशुद्धी ।
ते बुडाले द्वंद्वसंधीं । आधिव्याधिमहार्णवीं ॥ २८६ ॥

താൻ ശരീരമാണെന്നു കരുതുന്നവൻ ഒരിക്കലും സുഖം പ്രാപിക്കുന്നില്ല. അത്തരം വ്യക്തികൾ ദുഃഖം- സുഖം, തണുപ്പ്- ചൂട് തുടങ്ങിയ ദ്വന്ദ്വങ്ങളിലും, നിരവധി രോഗങ്ങളിലും ദുരിതങ്ങളിലും മുഴുകുന്നു.

जे देहबुद्धीपाशीं । सकळ दुःखांचिया राशी ।
महाभयाचीं भूतें चौपाशीं । अहर्निशीं झोंबती ॥ २८७ ॥

ദേഹബുദ്ധിയോടുകൂടിയിരിക്കുന്നവർക്ക് ഒരുപാട് ദുഃഖങ്ങൾ ഉണ്ടാകും. മഹാഭയത്തിന്റെ പ്രേതങ്ങൾ അവരെ രാവും പകലും എല്ലാ വശങ്ങളിൽ നിന്നും പീഡിപ്പിക്കുന്നു.

देहबुद्धीचिया नरा । थोर चिंतेचा अडदरा ।
संकल्पविकल्पांचा मारा । ममताद्वारा अनिवार ॥ २८८ ॥

"ഞാൻ ശരീരമാണ്" എന്ന് വിശ്വസിക്കുന്ന ഒരാളെ ചിന്തകൾ വല്ലാതെ അലട്ടുന്നു. മമതകാരണം സങ്കല്പ വികല്പങ്ങൾ നിരന്തരം അവനെ പ്രഹരിച്ചുകൊണ്ടേയിരിക്കുന്നു.

देहबुद्धीमाजीं सुख । अणुमात्र नाहीं देख ।

सुख मानिती ते महामूर्ख । दुःखजनक देहबुद्धी ॥ २८९ ॥

ദേഹബുദ്ധിയോടെയുള്ളവർക്ക് അണുമാത്രംപോലും സുഖം ലഭിക്കുന്നില്ല. ഇതൊക്കെയാണെങ്കിലും, ഈ മഹാമൂർഖർ ഈ ശരീരത്തിനെ സുഖം എന്നുകരുതുന്നു. ദേഹബുദ്ധി ദു:ഖജനകമാകുന്നു.

दीपाचे मिळणीपाशीं । केवळ दुःख पतंगासी ।
तरी आलिंगूं धांवे त्यासी । तेवीं विषयांसी देहबुद्धी ॥ २९० ॥

വിളക്കിനെനോക്കിപോകുന്ന ഈയാംപാറ്റക്ക് ദുഃഖം (മരണം) മാത്രമേ വിധിച്ചിട്ടുള്ളു; എന്നിട്ടും അത് അതിനെ സ്വീകരിക്കാൻ മുന്നോട്ട് നീങ്ങുന്നു. അതുപോലെ, താൻ ശരീരമാണ് എന്നുകരുതുന്ന ജീവാത്മാക്കൾ വിഷയസുഖങ്ങളെ ആലിംഗനം ചെയ്യാനായി പുറകെ ഓടുന്നു.

ऐशी असंत देहबुद्धी कुडी । वाढवी विषयांची गोडी ।
तेथें महाभयाची जोडी । जन्ममरणकोडी अनिवार ॥ २९१ ॥

ഈ വിധത്തിൽ, ദേഹബുദ്ധി വളരെ മോശമാണ്. അത് വിഷയസുഖങ്ങളിൽ രുചിയെ വർദ്ധിപ്പിക്കുന്നു. ഇത് വലിയ ഭയം സൃഷ്ടിക്കുകയും ജനനമരണചക്രത്തിന്റെ ശൃംഖലയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

एवढा अनिवार संताप । देहबुद्धीपाशीं महापाप ।
जाणोनि धरी जो अनुताप । विषयीं अल्प गुंतेना ॥ २९२ ॥

ഈ ആസക്തി കഷ്ടത മാത്രമാണെന്നും അത് പാപജനകമാണെന്നും മനസ്സിലാക്കിയ ഒരാൾ വിവേകപൂർവ്വം ഇത്തരം പ്രവണതകളെ ഒഴിവാക്കുകയും, ചെയ്ത പാപങ്ങളെ ഓർത്ത് പശ്ചാതപിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, അവൻ ഇനി വീണ്ടും ഇന്ദ്രിയവിഷയങ്ങളിൽ കുടുങ്ങിപ്പോകുന്നില്ല.

धरितां विषयांची गोडी । भोगाव्या जन्ममरणकोडी ।
येणें भयें विषय वोसंडी । इंद्रियांतें कोंडी अतिनेमें ॥ २९३ ॥

വിഷയാസക്തർക്ക് എണ്ണമറ്റ ജനനമരണങ്ങൾ അനുഭവിക്കേണ്ടിവരുമെന്ന് മനസ്സിലാക്കുമ്പോൾ അവൻ ജാഗ്രത പാലിക്കുകയും, വിഷയസുഖങ്ങളിൽനിന്നും അകന്നു നിൽക്കുകയും, ഇന്ദ്രിയങ്ങളെ അടക്കുകയും ചെയ്യുന്നു.

इंद्रियें कोंडितां न कोंडती । विषय सांडितां न सांडती ।
पुढतपुढती बाधूं येती । यालागी हरिभक्ती द्योतिली वेदें ॥ २९४ ॥

പക്ഷെ ഇന്ദ്രിയങ്ങളെ അടക്കുക എന്നത് അത്ര എളുപ്പമല്ല. അവ വീണ്ടും വീണ്ടും നമ്മെ വെല്ലുവിളിച്ചുകൊണ്ടിരിക്കും. അതുകൊണ്ടാണ് വേദങ്ങൾ നമുക്ക് ഹരിഭക്തി എന്ന മാർഗം ഉപദേശിച്ചു തന്നത്.

इंद्रियें कोंडावीं न लगती । सहजें राहे विषयासक्ती ।
एवढें सामर्थ्य हरिभक्तीं । जाण निश्चितीं नृपवर्या । २९५ ॥

ഇതിൽ ഇന്ദ്രിയങ്ങളെ അടക്കേണ്ടതില്ല, വിഷയാസക്തി സഹജമായി തന്നെ വിട്ടുപോകുന്നു. അല്ലയോ നൃപവര്യ! ഹരിഭക്തിയിൽ ഇത്രയും അത്ഭുതകരമായ ഒരു ശക്തിയുണ്ടെന്ന് ഓർക്കുക.

योगी इंद्रियें कोंडती । तीं भक्त लाविती भगवद्भक्तीं ।
योगी विषय जे त्यागितीं । ते भक्त अर्पिती भगवंतीं ॥ २९६ ॥

യോഗികൾ ഇന്ദ്രിയങ്ങളെ അടിച്ചമർത്തുന്നു, എന്നാൽ ഭക്തർ ആ ഇന്ദ്രിയങ്ങളെ ഭഗവത്ഭക്തിക്കായി ഉപയോഗിക്കുന്നു. യോഗികൾ വിഷയസുഖങ്ങളെ ത്യജിക്കുന്നു, ഭക്തർ അവയെ ഭഗവാനായി അർപ്പിക്കുന്നു.

योगी विषय त्यागिती । त्यागितां देह दुःखी होती ।
भक्त भगवंतीं अर्पिती । तेणें होती नित्यमुक्त ॥ २९७ ॥

യോഗികൾ വിഷയങ്ങളെ ത്യജിക്കുന്നു, എന്നാൽ ഈ ത്യാഗം ശരീരത്തിന് വേദന ഉണ്ടാക്കുന്നു, അതേസമയം ഭക്തർ ഇതേ വിഷയങ്ങളെ ഭഗവാന് അർപ്പണം ചെയ്യുന്നു, അതിലൂടെ മോക്ഷവും പ്രാപിക്കുന്നു.

हें नव्हे म्हणती विकल्पक । याचिलागीं येथें देख ।
"कायेन वाचा" हा श्लोक । अर्पणद्योतक बोलिजेला ॥ २९८ ॥

സംശയബുദ്ധിയോടുകൂടിയ ചിലർ ഇത് സാധ്യമാണെന്ന് കരുതുന്നില്ല. അതുകൊണ്ടാണ് ഇവിടെ 'കായേന വാചാ!' എന്ന ശ്ലോകം അർപ്പണഭാവത്തോടെ വെക്കപ്പെട്ടിരിക്കുന്നത്.

दारा सुत गृह प्राण । करावे भगवंतासी अर्पण ।
हे भागवतधर्म पूर्ण । मुख्यत्वें "भजन" यां नांव ॥ २९९ ॥

ഭാര്യ, കുട്ടികൾ, വീട്, പ്രാണൻ - ഇതെല്ലാം ഭഗവാന് അർപ്പിക്കണം. ഇതാണ് പൂർണ്ണമായിട്ടുള്ള ഭാഗവത ധർമ്മം. ഇതാണ് ഭജനയുടെ മുഖ്യമായ സ്വരൂപം.

अकराही इंद्रियवृत्ती । कैशा लावाव्या भगवद्भक्ती ।
ऐक राया तुजप्रती । संक्षेपस्थिती सांगेन ॥ ३०० ॥

രാജാവേ, ഇനി, പതിനൊന്ന് ഇന്ദ്രിയങ്ങളെയും എങ്ങനെ ഈശ്വരഭക്തിയിൽ അർപ്പിക്കാമെന്ന് ഞാൻ ചുരുക്കമായി പറയാം.

'मनें' करावें हरीचें ध्यान । 'श्रवणें' करावें कीर्तिश्रवण ।
'जिव्हेनें' करावे नामस्मरण । हरिकिर्तन अहर्निशी ॥ ३०१ ॥

മനസ്സുകൊണ്ട് ഹരിയെ ധ്യാനിക്കുകയും, കാതുകൾകൊണ്ട് അവന്റെ കീർത്തി കേൾക്കുകയും, നാവ് കൊണ്ട് അവന്റെ നാമം ജപിക്കുകയും, രാവും പകലും ഹരികീർത്തനത്തിൽ മുഴുകുകയും വേണം.

'करीं' करावे हरिपूजन । 'चरणीं' देवालयगमन ।
'घ्राणी' तुलसी आमोदग्रहण । जिंहीं हरिचरण पूजिले ॥ ३०२ ॥

ഹരിയെ കൈകൾ കൊണ്ട് പൂജിക്കുകയും, കാലുകൾ കൊണ്ട് ക്ഷേത്രത്തിൽ പ്രവേശിക്കുകയും, ഹരിചരണത്തെ പൂജിച്ച തുളസിയുടെ (നിർമ്മാല്യം) ഗന്ധം നാസികവഴി അനുഭവിക്കുകയും വേണം.

नित्य निर्माल्य मिरवे शिरीं । चरणतीर्थें अभ्यंतरीं
हरिप्रसाद ज्याचे उदरीं । त्या देखोनि दूरी भवभय पळें ॥ ३०३ ॥

ദിവസവും ശിരസ്സിൽ നിർമ്മാല്യം ധരിക്കുകയും, തീർത്ഥവും പ്രസാദും കൊണ്ട് ഉദരം നിറക്കുന്ന ഭക്തരെ കണ്ടാൽ സംസാരഭയം ഓടി ദൂരെ പോകുന്നു.

वाढतेनि सद्भावें जाण । चढतेनि प्रेमें पूर्ण ।
अखंड ज्यासी श्रीकृष्णभजन । त्यासी भवबंधन असेना ॥ ३०४ ॥

വർദ്ധിച്ചുവരുന്ന സദ്ഭാവവും പ്രേമവും കാരണം ആർക്കാണോ അഖണ്ഡമായ കൃഷ്ണ സ്മരണ പരമഭാഗ്യമായിട്ടു ലഭിക്കുന്നത്, അവർക്കിനി സംസാരബന്ധനമില്ല.

सकल भयांमाजीं थोर । भवभय अतिदुर्धर ।

तेंही हरिभक्तीसमोर । बापुडें किंकर केवीं राहे ॥ ३०५ ॥

എല്ലാ ഭയങ്ങളിലും വച്ച് ഏറ്റവും ഘോരമായത് സംസാരഭയമാണ്. അത്രയും ഭയങ്കരമായ ഭയം പോലും ഹരിഭക്തരുടെ മുന്നിൽ ഒരു ദാസനായി മാറുന്നു.

करितां रामकृष्णस्मरण । उठोनि पळे जन्ममरण ।
तेथें भवभयाचें तोंड कोण । धैर्यपण धरावया ॥ ३०६ ॥

രാമകൃഷ്ണസ്മരണ ചെയ്യുന്ന ഭക്തനെ കണ്ടാൽ ജനനവും മരണവും ഓടിയൊളിക്കുന്നു. പിന്നെ, നിസ്സാരമായ ഭവഭയം എങ്ങനെയാണ് അവന്റെ മുന്നിൽ നിൽക്കാൻ ധൈര്യപ്പെടുന്നത്?

जेथें हरिचरणभजनप्रीती । तेथें भवभयाची निवृत्ती ।
परम निर्भय भगवद्भक्ती । आमुच्या मतीं निजनिश्चयो ॥ ३०७ ॥

ശ്രീഹരിചരണഭജനത്തിൽ പ്രീതിയെവിടെയുണ്ടോ, അവിടെ ഭവഭയം വിരമിക്കുന്നു. ഭഗവത്ഭക്തിയിൽ എല്ലാ ഭയങ്ങളും അകന്നുപോകുന്നു. ഇത് നമ്മുടെ ദൃഢവിശ്വാസമാണ്.

कृतनिश्चयो आमुचा जाण । येथें साक्षी वेद-शास्त्र-पुराण ।
सर्वात्मना भगवद्भजन । निर्भयस्थान सर्वांसी ॥ ३०८ ॥

ഇത് നമ്മുടെ ദൃഢനിശ്ചയമാണെന്നും, വേദങ്ങളും ശാസ്ത്രങ്ങളും പുരാണങ്ങളും ഇതിന് സാക്ഷികളാണെന്നും നിങ്ങൾ തീർച്ചയായും അറിയണം. ചുരുക്കത്തിൽ, ഈശ്വരഭജനമാണ് എല്ലാ ജീവജാലങ്ങൾക്കും ഉള്ള ഏക നിർഭയസ്ഥാനം.

असो वेद शास्त्र पुराण । स्वमुखें बोलिला श्रीकृष्ण ।
मी सर्वथा भाक्तिआधीन । भक्तिप्रधान भगवद्वाक्य ॥ ३०९ ॥

വേദങ്ങളും ശാസ്ത്രങ്ങളും പുരാണങ്ങളും ഒരു വശത്തിരിക്കട്ടെ, സാക്ഷാൽ ശ്രീകൃഷ്ണൻ തന്നെ പറഞ്ഞിട്ടുണ്ട്, ഞാൻ എപ്പോഴും എന്റെ ഭക്തന് അധീനനാണ് എന്ന്. അതിനാൽ, ഭഗവാൻ പറഞ്ഞിരിക്കുന്ന വാക്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഭക്തിയാണ്.

उभवूनियां चारी बाह्या । निजात्मप्राप्तीच्या उपाया ।
“भक्त्याहमेकया ग्राह्यः” । बोलिला लवलाह्यां श्रीकृष्ण ॥ ३१० ॥

ഇതു മാത്രമല്ല, ശ്രീകൃഷ്ണൻ തന്നെ തന്റെ നാല് കൈകളും ഉയർത്തി

ആത്മസാക്ഷാത്കാരത്തിനുള്ള വഴി വിശദീകരിക്കുമ്പോൾ, "ഭക്ത്യാഹമേകയാ ഗ്രാഹ്യഃ" എന്ന് പറഞ്ഞിട്ടുണ്ട്. അതായത്, ഭക്തിയിലൂടെ മാത്രമേ എന്നെ വശപ്പെടുത്തുവാൻ (പ്രാപിക്കുവാൻ) കഴിയുകയുള്ളു.

യേ വൈ ഭഗവതാ പ്രോക്താ ഉപായാ ഹ്യാത്മലബ്ധയേ
അഞ്ജഃ പുംസാമവിദുഷാം വിദ്ധി ഭാഗവതാൻ ഹിതാൻ. 34

അറിവില്ലാത്ത പുമാന്മാർക്കു പ്രയാസം കൂടാതെ ആത്മാവിനെ അറിയാനായ്ക്കൊണ്ട് യാവചില മാർഗ്ഗങ്ങൾ ഭഗവാനാൽ പറയപ്പെട്ടിരിക്കുന്നുവോ ഹിതങ്ങളായ അവയെ ഭഗവത്സംബന്ധികളായ ധർമ്മങ്ങളെന്ന് അറിഞ്ഞാലും.

न करितां वेदशात्रव्युत्पत्ति । ऐशिया अज्ञानां निजात्मप्राप्ती ।
सुगम जोडे ब्रह्मस्थिती । यालागीं हरिभक्ती प्रकाशिली देवें ॥ ३११ ॥

വേദശാസ്ത്രങ്ങളെക്കുറിച്ചറിവില്ലാത്ത പാമരന്മാർക്കുപോലും എളുപ്പത്തിൽ ഈശ്വരപ്രാപ്തിയുണ്ടാകുവാനായിട്ടും ബ്രഹ്മസ്വരൂപത്തെ സുഗമമായി പ്രാപിക്കാനായിട്ടുമാണ് ഭഗവാൻ ഹരിഭക്തി എന്ന മാർഗ്ഗത്തിനെ കാണിച്ചുതന്നത്.

न करितां वेदशास्त्रपठण । जड मूढ म्हणाल तरले कोण ।
उन्मत्तगजेंद्रउद्धरण । गर्भसंरक्षण परिक्षितीचें ॥ ३१२ ॥

വേദശാസ്ത്രാഭ്യാസമില്ലാതെ ഏത് വിഡ്ഢിയാണ് ഭവസാഗരത്തിനെ തരണം ചെയ്തത് എന്നുചോദിച്ചാൽ മദം പിടിച്ച ഗജേന്ദ്രൻ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്, ഗർഭാവസ്ഥയിൽ പരീക്ഷിത്ത് രക്ഷിക്കപ്പെട്ടിട്ടുണ്ട്.

अंबरीषगर्भनिवारण । करावया भक्तीच कारण ।
"अहं भक्तपराधीनः" । स्वमुखें नारायण बोलिला ॥ ३१३ ॥

അംബരീഷന് ഭഗവാൻ ഇനി ഗർഭവാസമില്ലാതെയാകി. "അഹം ഭക്തപരാധീന:", അതായത്, "ഞാൻ ഭക്തപരാധീനനാണ്" എന്ന് നാരായണൻ തന്നെ സ്വയം പറഞ്ഞിട്ടുണ്ട്.

वनचर वानर नेणों किती । उद्धरले भगवद्‌भक्तीं ।

अस्वलें तारावया निश्चितीं । विवरीं जांबवती भक्तीस्तव वरिली ॥ ३१४ ॥

എത്രയെത്ര കുരങ്ങന്മാരും കാട്ടുമൃഗങ്ങളും ഭഗവത്ഭക്തികൊണ്ട് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട് എന്നതിന് കണക്കില്ല. കരടികളെ ഉദ്ധരിക്കുവാൻവേണ്ടി ഭഗവാൻ ഗുഹക്കുള്ളിൽ പോയി, ജാമ്പവാന്റെ ഭക്തിക്ക് വശപ്പെട്ട്, മകളായ ജാമ്പവതിയേ വിവാഹം കഴിച്ചു.

जाण पां अविवेकी केवळ । गौळी गोधनें गोपाळ ।
तेही उद्धरिले सकळ । श्रीकृष्णसखे प्रबळ अनन्यप्रीतीं ॥ ३१५ ॥

പിന്നെ, ഇതുകൂടി അറിഞ്ഞാലും - അവിവേകികളായിരുന്ന ഗോപസ്ത്രീകളും, പശുക്കളും ഗോപാലന്മാരും ശ്രീകൃഷ്ണനെ സഖാവായിട്ടു മാനിച്ചു. അവർ കൃഷ്ണനോടുള്ള പ്രബലമായ അനന്യപ്രീതിയൊന്നുകൊണ്ടുമാത്രം ഉദ്ധരിക്കപ്പെട്ടു.

शास्त्रविरुद्ध अविवेकस्थिती । जारभावें श्रीकृष्णप्रीती ।
गोपी उद्धरिल्या नेणों किती । अनन्यभक्तिसख्यत्वें ॥ ३१६ ॥

ശാസ്ത്രവിരുദ്ധമായിട്ടുള്ള അവിവേകസ്ഥിതിയിൽ പോലും കാമാസക്തിമൂലം ഗോപസ്ത്രീകൾക്ക് ശ്രീകൃഷ്ണനോടുള്ള അതിയായ സ്നേഹം കാരണം, എത്ര ഗോപികമാർ ഉദ്ധരിക്കപ്പെട്ടു എന്നതിന് കണക്കില്ല.

न करितां नाना व्युत्पत्ती । सुगमोपायें ब्रह्मप्राप्ती ।
अबळें तारावया निश्चितीं । भगवंतें निजभक्ति प्रगट केली ॥ ३१७ ॥

നാനാപ്രകാരമുള്ള ശാസ്ത്രപഠനങ്ങൾ ചെയ്യാതെ തന്നെ സുലഭമായി ബ്രഹ്മപ്രാപ്തി കൈവരിക്കാനും ദുർബലർക്ക് പോലും തരണം ചെയ്യുവാനുള്ള എളുപ്പത്തിനും വേണ്ടിയാണ് ഭഗവാൻ ഭക്തിയുടെ മാർഗ്ഗം കാണിച്ചു തന്നത്.

तें हें राया भागवत जाण । मुख्यत्वें भक्तिप्रधान ।
भावें करितां भगवद्भजन । अज्ञान जन उद्धरती ॥ ३१८ ॥

രാജാവേ! ഇതാണ് ഭാഗവതം, ഇവിടെ ഭക്തിയാണ് പ്രധാനം. ഭാവത്തോടെ ഭജനം ചെയ്യുന്നതുകൊണ്ട് അജ്ഞാനികൾ പോലും ഉദ്ധരിക്കപ്പെടുന്നു.

हें भागवत नव्हे नव्हे । अज्ञानालागीं निजपव्हे ।
भवाब्धि तरावया भजनभावें । महानाव देवें निर्माण केली ॥ ३१९ ॥

ഇത് ഭാഗവതം മാത്രമല്ല, മറിച്ച് അജ്ഞാനികൾക്കു ദാഹം തീർക്കാനായിട്ടുള്ള ഒരു ജല സ്രോതസ്സാണ്, അഥവാ, അനായാസമായി ഭജനം ചെയ്തുകൊണ്ട് ഈ ഭവക്കടലിനെ തരണം ചെയ്യുവാനായിട്ട് ഭഗവാൻ നിർമിച്ച ഒരു തോണിയാണ്.

भागवताचे महानावे । जे रिघाले भजनभावें ।
त्यांसी भवभयाचे हेलावे । भजनस्वभावें न लागती ॥ ३२० ॥

ഭാഗവതം എന്ന ഈ മഹാനൗകയിൽ ആരാണോ ഭക്തിപൂർവ്വം യാത്ര പുറപ്പെടുന്നത്, അവരുടെ ഈശ്വരനിഷ്ഠ കാരണം സാംസകാരിക ഭയത്തിന്റെ ആഘാതങ്ങളൊന്നും അവർക്കനുഭവപ്പെടുകയില്ല.

स्त्रीशूद्रादि आघवे । घालूनियां ये नावे ।
एकेच खेपे स्वयें न्यावे । भजनभावें परतीरा ॥ ३२१ ॥

സ്ത്രീശൂദ്രാദികളുൾപ്പെടെ എല്ലാവരെയും ഒരേസമയം ഉൾക്കൊള്ളാനും, സമുദ്രത്തിന്റെ മറുകരയിലേക്ക് കൊണ്ടുപോകാനും കഴിയുന്നത്ര സൗകര്യപ്രദമാണ് ഈ തോണി.

जे आवलितां भावबळें । तोडी कर्माकर्मक्रूरजळें ।
स्वबोधाचेनि पाणिढाळें । काढिती एक वेळे निजात्मतीरा ॥ ३२२ ॥

ഭാവബലംകൊണ്ടു ഈ തോണി തുഴഞ്ഞാൽ, കർമ്മബന്ധനത്തിന്റെ ജലാശയങ്ങളെ മുറിച്ചു കടക്കാൻ സാധിക്കും. ആത്മജ്ഞാനത്തിന്റെ തീരത്തേക്ക് ഈ തോണി നമ്മളെ കൊണ്ടുപോകും.

वैराग्याचे निजनावाडे । अढळ बसले चहूंकडे ।
विषयांचे आदळ रोकडे । चुकवूनि धडपुडे काढिती कांठा ॥ ३२३ ॥

വൈരാഗ്യമാകുന്ന നാവികർ ചുറ്റും ദൃഢമായിട്ടു നിൽക്കുന്നതിനാൽ, അവർ പാറകളാകുന്ന വിഷയസുഖങ്ങളിൽ തോണി പോയിടിക്കാതെ എളുപ്പത്തിൽ മറുകരയെത്തിക്കുന്നു.

संचितक्रियमाणांच्या लाटा । मोडोनि लाविती नीट वाटा ।
वेंचूनि प्रारब्धाचा सांठा । निजात्मतटा काढिती ॥ ३२४ ॥

സഞ്ചിത കർമ്മങ്ങളുടെ തരംഗങ്ങളെ തകർത്തുകൊണ്ട് അവർ തോണിയെ ഭദ്രമായി നയിക്കുന്നു. പ്രാരബ്ധത്തിനനുസരിച്ച് എത്രദൂരം സഞ്ചരിക്കണമോ, അത്രയും ദൂരം സുരക്ഷിതമായി തുഴഞ്ഞു നമ്മളെ ആത്മസ്ഥിതിയാകുന്ന മറുകരയെത്തിക്കുന്നു.

तेथ गुरुवचन साचोकारें । सांभाळित उणेंपुरें ।
भूतदयेचेनि दोरें । निजनिर्धारें वोढिती ॥ ३२५ ॥

ഇതിൽ എന്തെങ്കിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിൽ ഗുരുവചനത്തിനനുസരിച്ച് നമ്മളെ ശ്രദ്ധയോടെ അവർ രക്ഷിക്കുന്നു. മറുകരയടുക്കുമ്പോൾ, ആത്മവിശ്വാസത്തിന്റെ ബലം കൊണ്ട് ഭൂതദയയാകുന്ന കയറുകൊണ്ട് തോണി കരയ്ക്കടുപ്പിക്കുന്നു.

तंव एकाएक एकसरीं । काढिली परात्परतीरीं ।
तंव प्रत्यावृत्ती येरझारी । आत्मसाक्षात्कारीं खुंटली ॥ ३२६ ॥

അതിവേഗം ആ തോണി മറുതീരത്തെത്തുന്നു. ഇവിടെ, സജ്ജനങ്ങൾ നമ്മളെ ജാഗ്രതയോടെ ഇറക്കിവിടുന്നു. ഇവിടെ ഇറങ്ങിയവർക്കൊക്കെ ആത്മസാക്ഷാത്കാരം ലഭിച്ചതിനാൽ ഇനി ജനനവും മരണവും ഉള്ള ലോകത്തിലേക്ക് അവർക്കൊരു മടക്കയാത്രയില്ല.

येथ धरिला पुरे भावो । तैं बुडणेंचि होय वावो ।
मग टाकावो जो ठावो । तो स्वयमेवो आपण होय ॥ ३२७ ॥

ഭക്തിഭാവം മനസ്സിൽ വിരിഞ്ഞുകഴിഞ്ഞാൽ, പിന്നെ, ഭവ സാഗരത്തിൽ മുങ്ങുക എന്നത് മിഥ്യയായിത്തീരും. നമ്മൾക്കെത്തേണ്ട ലക്ഷ്യം നമ്മൾ തന്നെയാകുന്നു. അന്വേഷകൻ തന്നെ ലക്ഷ്യമാകുന്നു.

येथ पव्हणयावीण तरणें । प्रयासेंवीण प्राप्ति घेणें ।
सुखोपायें ब्रह्म पावणें । यालागीं नारायणें प्रकाशिली भक्ती ॥ ३२८ ॥

ഇവിടെ, ഭക്തന് നീന്തേണ്ട ആവശ്യം ഇല്ല, അദ്ദേഹം സഹജമായിത്തന്നെ പൊങ്ങിക്കിടക്കുകയും, ഒരു പ്രയാസവും ഇല്ലാതെ ബ്രഹ്മപ്രാപ്തി കൈവരിക്കുകയും ചെയ്യുന്നു. അതായത്, ലളിതമായ മാർഗങ്ങളിലൂടെ ബ്രഹ്മത്തെ പ്രാപിക്കാൻ നാരായണൻ ഭക്തിമാർഗ്ഗത്തെ പ്രകാശിപ്പിച്ചു.

भागवतधर्माचिये स्थिती । बाळीं भोळीं भवाब्धि तरती ।
सुखोपायें ब्रह्मप्राप्ती । तेचि श्लोकार्थीं विशद सांगे ॥ ३२९ ॥

സാധാരണ ജനങ്ങൾക്കുപോലും ഭാഗവത ധർമ്മത്തിനെ അവലംബിച്ചുകൊണ്ട് ഭവസാഗരത്തിനെ കടക്കാം. ഇനി, അടുത്ത ശ്ലോകങ്ങളിലൂടെ എളുപ്പവഴിയിൽ ബ്രഹ്മപ്രാപ്തി നേടുന്ന വിധത്തിനെ നമുക്ക് കാണാം.

യാനാസ്ഥായ നരോ രാജൻ ന പ്രമാദ്യേത കർഹിചിത്
ധാവന്നിമീല്യ വാ നേത്രേ ന സ്ഖലേന്ന പതേദിഹ. 35

അല്ലയോ രാജാവേ, യാതൊന്നുകളെ അനുഷ്ഠിച്ചിട്ട് മനുഷ്യൻ ഒരിക്കലും പ്രമാദത്തെ പ്രാപിക്കയില്ലയോ, കണ്ണുകളെ അടച്ചിട്ട് ഓടുന്നവനായാലും ഇതിൽ തടഞ്ഞുവീഴുകയില്ല, കുണ്ടിലും വീഴുകയില്ല.

जो श्रुतिस्मृती नेणता । भावें भजे भगवत्पथा ।
त्यासी विधिनिषेधबाधकता । स्वप्नींही सर्वथा प्रमादु न घडे ॥ ३३० ॥

ശ്രുതി-സ്മൃതി ജ്ഞാനമില്ലെങ്കിലും ഭാഗവത ധർമ്മത്തിനെ പിന്തുടരുന്ന ഒരാളെ വിധി നിഷേധത്തിന്റെ അന്തരഫലങ്ങൾ ബാധിക്കുന്നില്ല, ഇദ്ദേഹം സ്വപ്നങ്ങളിൽ പോലും ഒരു തെറ്റും ചെയ്യുന്നില്ല.

सद्भावेंसीं सप्रेम । आचरितां भागवतधर्म ।
बाधूं न शके कर्माकर्म । भावें पुरुषोत्तम संतुष्ट सदा ॥ ३३१ ॥

ഭാവത്തോടെയും പ്രേമത്തോടെയും ആരാണോ ഭാഗവത ധർമ്മത്തിനെ ആചരിക്കുന്നത്, അദ്ദേഹത്തിന് കർമ്മ-അകർമ്മങ്ങളുടെ ബാധയുണ്ടാവുകയില്ല. ഇങ്ങനെയൊരാളുടെ ഭക്തികൊണ്ടു മാത്രം ഭഗവാൻ സന്തുഷ്ടനാകുന്നു.

श्रुतिस्मृति हे दोन्ही डोळे । येणेंवीण जे आंधळे ।
तेही हरिभजनी धांवतां भावबळें । पडे ना आडखुळें सप्रेमयोगें ॥ ३३२ ॥

ശ്രുതി, സ്മൃതി എന്നിവ ഒരു മനുഷ്യന്റെ രണ്ടു കണ്ണുകൾ പോലെയാണ്. അവയില്ലാതെ അന്ധരായവർ പോലും ഹരിഭജനത്തിൽ ചരിക്കുമ്പോൾ, ഭക്തിയുടെ ശക്തി കാരണം, വീഴുകയോ ഇടറുകയോ ചെയ്യുന്നില്ല.

प्रेमेंवीण श्रुतिस्मृतिज्ञान । प्रेमेंवीण ध्यानपूजन ।
प्रेमेंवीण श्रवण कीर्तन । वृथा जाण नृपनाथा ॥ ३३३ ॥

ഹേ രാജാവേ, ഈ വിഷയം മനസ്സിൽ വെച്ചാലും - പ്രേമഭാവമില്ലാത്ത ശ്രുതിസ്മൃതിജ്ഞാനമോ ധ്യാനമോ, ആരാധനയോ, ശ്രവണമോ ജപമോ ഉപയോഗശൂന്യമാണ്!

माता देखोनि प्रेमभावें । बालक डोळे झांकूनि धांवे ।

तें धांवेसवें झेंपावे । अति सद्‌भावे निजमाता ॥ ३३४ ॥

ഒരു ശിശു അമ്മയെകാണുമ്പോൾ തന്നെ കണ്ണുകൾ അടച്ച് അമ്മയുടെ അടുത്തേക്ക് പാഞ്ഞെത്തുന്നു. എന്നാൽ അമ്മയും അതേ സ്നേഹത്തോടെ കുഞ്ഞിനെ ഓടിവന്നണക്കുന്നു.

जैसा सप्रेम जो भजे भक्तु । त्या भजनासवें भगवंतु ।
भुलला चाले स्वानंदयुक्तु । स्वयें सांभाळितु पदोपदीं ॥ ३३५ ॥

അതുപോലെ, ഒരു ഭക്തൻ പ്രേമഭാവത്തോടെ ഭഗവാനെ ആരാധിക്കുമ്പോൾ ഭഗവാനും സന്തോഷത്തോടെ ഭക്തന്റെ ഓരോ ചുവടുവെപ്പിലും അവനെ പിന്തുണയ്ക്കുന്നു.

ऐसे आचरितां भागवतधर्म । बाधूं न शके कर्माकर्म ।
कर्मासी ज्याची आज्ञा नेम । तो पुरुषोत्तम भजनामाजीं ॥ ३३६ ॥

ഈ വിധത്തിൽ ഭാഗവത ധർമ്മം ആചരിക്കുന്ന ഭക്തനെ കർമ്മ-അകർമ്മ ബന്ധനങ്ങൾ ബാധിക്കുന്നില്ല, കാരണം കർമ്മങ്ങൾക്കുതന്നെ നിർദേശങ്ങളും നിയമങ്ങളും സൃഷ്ടിച്ച ആ പുരുഷോത്തമൻ ഈ ഭജനത്തിൽ സന്നിഹിതനാണ്.

ऐसा भागवतधर्मे गोविंदु । तुष्टला चाले स्वानंदकंदु ।
तेथें केवीं रिघे विधिनिषेधु । भक्तां प्रमादु न कदा बाधी ॥ ३३७ ॥

ഈ വിധത്തിൽ സ്വാത്മാരാമനായ ഗോവിന്ദൻ എവിടെയാണോ ഭാഗവത ധർമ്മത്തിൽ സന്തുഷ്ടനായിട്ട് സ്ഥിതിചെയ്യുന്നത്, അവിടെ വിധി നിഷേധങ്ങൾക്ക് പ്രവേശിക്കാൻ പോലും എങ്ങനെ സാധിക്കും?

जेवीं कां स्वामीचिया बाळा । अवरोधु न करवे द्वारपाळा ।
तेवीं भागवतधर्मभजनशीळा । कर्मार्गळा बाधूं न शके ॥ ३३८ ॥

ഒരു കാവൽക്കാരന് യജമാനന്റെ മകനെ തടയാൻ സാധ്യമല്ല. അതുപോലെ, ഭാഗവത ധർമ്മം അനുസരിച്ചു ജീവിക്കുന്ന ഒരു ഭക്തനെ കർമ്മം സ്പർശിക്കില്ല.

ज्यासी भगवद्‌भजनीं विश्वासु । विधिनिषेधु त्याचा दासु ।
देखोनि निजभजनविलासु । स्वयें जगन्निवासु सुखावे ॥ ३३९ ॥

ഈശ്വരഭജനം ചെയ്യുന്ന ഒരാളുടെമുന്നിൽ വിധിനിഷേധങ്ങൾ

ദാസന്മാരാകുന്നു. അദ്ദേഹത്തിന്റെ ഭജനവൈഭവത്താൽ ഭഗവാൻ സന്തുഷ്ടനാകുന്നു.

भागवतधर्मे राहे कर्म । तंव तंव सुखावे पुरुषोत्तम ।
सप्रेमभक्ता बाधी कर्म । हा वृथा भ्रम भ्रांतांसी ॥ ३४० ॥

ഭാഗവതധർമ്മം അനുസരിച്ച് കർമ്മം ചെയ്യുന്ന ഒരാളിൽ ഭഗവാൻ സന്തുഷ്ടൻ ആകുന്നു. ഭക്തരെ കർമ്മം ബാധിക്കുന്നു എന്ന് ലോകം വ്യർത്ഥമായി കരുതുന്നു.

कर्म करूं पावे प्रमादु । तंव प्रमादीं प्रगटे गोविंदु ।
यालागीं विधिनिषेधु । न शकती बाधूं हरिभक्तां ॥ ३४१ ॥

ഭക്തൻ ഒരു തെറ്റ് ചെയ്താൽ, അത്ഭുതകരമായി ഭഗവാൻ തന്നെ ആ തെറ്റായി പ്രത്യക്ഷപ്പെടുന്നു. വിധിനിഷേധങ്ങൾ ഒരിക്കലും ഒരു ഭക്തനെ ബാധിക്കുന്നില്ല.

अजामिळा कर्मबाध । यमपाशीं बांधितां सुबद्ध ।
तेथें प्रगटोनि गोविंद । केला अतिशुद्ध नाममात्रें ॥ ३४२ ॥

അജാമിളൻ തന്റെ ദുഷ്കർമ്മത്തിന്റെ ഫലങ്ങൾ അനുഭവിക്കാൻ വിധിക്കപ്പെട്ടവനായിരുന്നു; യമപാർഷദന്മാർ അജാമിളനെ യമലോകത്തേക്ക് കൊണ്ടുപോകാൻ വന്നിരുന്നു, പക്ഷേ അവൻ ഉച്ചരിച്ച നാരായണ നാമത്തിന്റെ ശക്തിയാൽ മാത്രമാണ് (വിഷ്ണുപാർഷദന്മാരിലൂടെ) ഭഗവാൻ അവിടെ പ്രകടമാവുകയും അവനെ രക്ഷിക്കുകയും ചെയ്തത്.

स्वधर्म कर्म हेच दोनी । निजसत्ता भोयी करूनी ।
जो पहुडे भजनसुखासनीं । तो पडे तैं दंडणी स्वधर्म-कर्मां ॥ २४३ ॥

സ്വധർമ്മത്താലും കർമ്മത്താലും ചുമക്കപ്പെടുന്ന ഈശ്വരഭജനം എന്ന പല്ലക്കിൽ ഒരു ഭക്തൻ സുഖമായി ഉറങ്ങുന്നു. ആ പല്ലക്കിൽനിന്നും വീണാൽ ആരാണ് ശിക്ഷിക്കപ്പെടുക? പല്ലക്ക് വഹിക്കുന്ന സ്വധർമ്മത്തിനും കർമ്മത്തിനും ശിക്ഷ ലഭിക്കും.

भजनप्रतापसत्तालक्षणें । स्वधर्मकर्मां ऐसें दंडणें ।
वर्णाश्रमांचा ठावो पुसणें । होळी करणें कर्माची ॥ ३४४ ॥

ഈ വിധത്തിൽ ഈശ്വര ഭജനത്തിന്റെ വൈഭവം കാരണം സ്വധർമ്മത്തിനും കർമ്മത്തിനും ശിക്ഷ ലഭിക്കുന്നതാണ്.

വർണ്ണാശ്രമത്തിന്ടെ നിലനിൽപ്പുപോലും ഇല്ലാതെയാക്കി കർമ്മത്തെയും നശിപ്പിക്കുന്നു.

एवं भागवतधर्मे जे सेवक । स्वधर्मकर्म त्यांचें रंक ।
तें राहों न शके त्यांसन्मुख । मा केवीं बाधक हों शकेल ॥ ३४५ ॥

ചുരുക്കത്തിൽ, സ്വധർമ്മവും കർമ്മവും ഭാഗവത ധർമ്മം അനുഷ്ഠിക്കുന്ന ഭക്തന്മാരുടെ തുച്ഛമായ സേവകരാണ്. അവയ്ക്ക് ഭക്തരുടെ മുന്നിൽ നിൽക്കാനുള്ള ധൈര്യം പോലും ഇല്ല! അവ ഒരു ഭക്തനെ എങ്ങനെ ബാധിക്കും?

कैसे कैसे भागवतधर्म । केवीं भगवंती अर्पे कर्म ।
अतिगुह्य उत्तमोत्तम । निजभजनवर्म ऐक राया ॥ ३४६ ॥

ഈ ശ്രേഷ്ഠമായ ഭാഗവത ധർമ്മത്തിനെ എങ്ങനെയനുഷ്ഠിക്കാം? കർമ്മങ്ങൾ ഭഗവാന് എങ്ങനെ അർപ്പിക്കാം? ഹേ രാജാവെ, പരമഗുഹ്യമായ ഈശ്വരഭജനത്തിനെകുറിച്ചു ഞാൻ അങ്ങേയ്ക്കു പറഞ്ഞുതരാം.

കായേന വാചാ മനസേന്ദ്രിയർവ്വാ
ബുദ്ധ്യാ്ത്മനാ വാനുസൃതസ്വഭാവാത്
കരോതി യദ്യത് സകലം പരസ്മൈ
നാരായണായേതി സമർപ്പയേത്തത്. 36

അവരവരുടെ സ്വഭാവത്തെ അനുസരിച്ചുകൊണ്ട് ദേഹംകൊണ്ടോ വാക്കുകൊണ്ടോ മനസ്സുകൊണ്ടോ ഇന്ദ്രിയങ്ങൾകൊണ്ടോ ബുദ്ധികൊണ്ടോ ആത്മാവുകൊണ്ടോ എന്തെന്ത് ചെയ്യുന്നുവോ അതൊക്കെയും സർവ്വാന്തര്യാമിയായിരിക്കുന്ന പരമപുരുഷനായിക്കൊണ്ട് തന്നെ സമർപ്പിക്കണം.

हेतुक अथवा अहेतुक । वैदिक लौकिक स्वाभाविक ।
भगवंतीं अर्पे सकळिक । या नांव देख “भागवतधर्म” ॥ ३४७ ॥

മനഃപൂർവ്വമോ മനഃപൂർവ്വമല്ലാത്തതോ ആകട്ടെ, വൈദികമോ, ലൗകികമോ, സ്വാഭാവികമോ ആകട്ടെ, ഈ പ്രവൃത്തികളെല്ലാം ഈശ്വരസമർപ്പിതമായി ചെയുന്നതിനെയാണ് 'ഭാഗവത ധർമ്മം' എന്ന് വിളിക്കുന്നത്, ഇത് മനസ്സിൽ വയ്ക്കുക.

उदकीं तरंग अतिचपळ । जिकडे जाय तिकडे जळ ।
तैसें भक्ताचें कर्म सकळ । अर्पे तत्काळ भगवंतीं ॥ ३४८ ॥

ജലത്തിന്റെ തിരമാല വളരെ ചഞ്ചലമാണ്, പക്ഷേ അത് ജലത്തിൽ തന്നെ ലയിക്കുന്നു. അതുപോലെ, ഒരു ഭക്തന്റെ എല്ലാ പ്രവൃത്തികളും തത്ക്ഷണം ദൈവത്തിന്റെ പാദങ്ങളിൽ അർപ്പിക്കപ്പെടുന്നു, അതായത്, അവ ഭഗവത് രൂപമായിത്തന്നെ മാറുന്നു.

ये श्लोकींचें व्याख्यान । पहिलें मानसिक अर्पण ।
पाठीं इंद्रियें बुद्धि अभिमान । कायिक जाण श्लोकान्वयें ॥ ३४९ ॥

ഈ ശ്ലോകത്തിൽ ആദ്യം മാനസിക കർമ്മങ്ങളുടെ അർപ്പണത്തെക്കുറിച്ചും, പിന്നീട് ഇന്ദ്രിയങ്ങൾ, ബുദ്ധി, അഹങ്കാരം തുടങ്ങിയവയുടെ കർമ്മങ്ങളുടെ അർപ്പണത്തെക്കുറിച്ചും, ഒടുവിൽ ശാരീരി കർമ്മങ്ങളുടെ അർപ്പണത്തെക്കുറിച്ചും വിവരിച്ചിരിക്കുന്നു.

भागवतधर्माची निजस्थिती । मन बुद्धि चित्त अहंकृती ।
आदिकरूनि इंद्रियवृत्ती । भगवंतीं अर्पिती तें ऐक ॥ ३५० ॥

ഭാഗവത ധർമ്മത്തിന്റെ ശെരിയായ അർത്ഥം ഇന്ദ്രിയ വൃത്തികളാകുന്ന മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം മുതലായവ ഭഗവാന് സമർപ്പിക്കുക എന്നതാണ്.

बाधूं न शके स्वधर्मकर्म । ऐक राया त्याचें वर्म ।
मनीं प्रगटला पुरुषोत्तम । अतिनिःसीम निजबोधें ॥ ३५१ ॥

ഇതെങ്ങിനെ ചെയ്യാം എന്ന് കേട്ടാലും. ഹേ രാജാവെ, ഒരു ഭക്തന് `കർമ്മം ഞാൻ ചെയ്യുന്നു' എന്ന ഭാവം എന്തുകൊണ്ടുണ്ടാകുന്നില്ല എന്ന രഹസ്യം ഞാൻ പറയാം. നിസ്സീമമായ ആത്മബോധത്തിൽ ഭക്തനുള്ളത് കൊണ്ട് അവിടെ പുരുഷോത്തമൻ സ്ഥിതിചെയ്യുന്നു.

म्हणोनि संकल्पविकल्प । अवघे झाले भगवद्रूप ।
यालागीं भक्त नित्य निष्पाप । सत्यसंकल्प हरिदास ॥ ३५२ ॥

ഇതുകാരണം അവരുടെ മനസ്സിൽ വരുന്ന സങ്കല്പ വികല്പങ്ങളത്രയും ഭഗവത്പ്രദമായി തീരുന്നു. ഇതിനാൽ ഭക്തനെ ഒരു പാപവും ബാധിക്കുന്നില്ല. അവർ ശ്രീഹരിയെ പോലെ തന്നെ സത്യസങ്കല്പികളാകുന്നു.

जेवीं बुद्धिबळांचा खेळ । राजा प्रधान गजदळ ।
अवघे काष्ठचि केवळ । तेवीं संकल्प सकळ भगवद्‌रूप ॥ ३५३ ॥

ചതുരംഗം കളിയിൽ രാജാവും, റാണിയും,ആനയും, കാലാൾപ്പടയും ഒക്കെയുണ്ടെങ്കിലും അവ വെറും മര കഷ്ണങ്ങളാകുന്നു. അതുപോലെ ഒരു ഭക്തന്റെ സങ്കൽപ്പങ്ങൾ ഒക്കെയും ഈശ്വരതുല്യമായി മാറുന്നു.

जो जो संकल्प कामी कामु । तो तो होय आत्मारामु ।
तेथ भजनाचा संभ्रमु । अतिनिःसीमु स्वयें वाढे ॥ ३५४ ॥

ഒരു ഭക്തന് ഏതു വിഷയത്തിൽ സങ്കൽപം ഉയർന്നാലും, അവയൊക്കെ ആത്മാരാമമയമായി തീരുന്നു. ഇതുകാരണം അദ്ദേഹത്തിന് ഭജനയിൽനിന്നുമുള്ള ആനന്ദം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

जागृति सुषुप्ती स्वप्न । तिहीं अवस्थां होय भजन ।
तेथ अखंड अनुसंधान । निजबोधें पूर्ण ठसावलें अंगीं ॥ ३५५ ॥

ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്നവസ്ഥകളിലും ഭജനം നടന്നുകൊണ്ടേയിരിക്കുന്നു. ശരീരത്തിൽ ആത്മബോധം നിറഞ്ഞിരിക്കുന്നതു കാരണം അനുസന്ധാനം അഖണ്ഡമായി മാറുന്നു.

मना होतां समाधान । समाधानें अधिक भजन ।
पूर्ण बाणलें अनुसंधान । ध्येय-ध्याता-ध्यान समरसें भजे ॥ ३५६ ॥

മനസ്സ് സമാധാനത്തെ പ്രാപിക്കുമ്പോൾ ഭജനം വർദ്ധിക്കുന്നു. അനുസന്ധാനം അധികരിച്ചുവരുന്നതുകാരണം ധ്യേയ വസ്തു, ധ്യാതാവ്, ധ്യാനം എന്നീ മൂന്നും ഏകരൂപമായി ഭജനം അനുസ്യൂതം നടന്നുകൊണ്ടേയിരിക്കുന്നു.

तूर्या साक्षी उन्मनी । याही लाविल्या भगवद्‌भजनीं ।
जंववरी अवस्थापणीं । आपआपणीं मुकल्या नाहीं ॥ ३५७ ॥

ഒരു ഭക്തൻ തുരീയം, സാക്ഷി, ഉന്മനി എന്നീ അവസ്ഥകളിലും ഈശ്വര ഭജനം ചെയ്തുകൊണ്ടേയിരിക്കുന്നു. എത്ര സമയം ഈ അവസ്ഥകളിൽ തുടരുന്നുവോ, അതുവരേക്കും ഭജനത്തിൽത്തന്നെ ഇരിക്കുന്നു.

ऐसा भावनेवीण उपजे भावो । तो तो तत्काळ होय देवो ।
मग अर्पणाचा नवलावो । न अर्पितां पहा हो स्वयें होय ॥ ३५८ ॥

ഇങ്ങനെ, ഭാവനാ രഹിതമായ അവസ്ഥയിലും ഭാവങ്ങൾ ഉളവാകുമ്പോൾ

അവയൊക്കെ തത്ക്ഷണം ഈശ്വര രൂപമായി മാറുന്നു. ഇവ ഈ വിധത്തിൽ ഈശ്വരന് അർപ്പിക്കപ്പെടുന്നു എന്നുള്ളതിൽ ആശ്ചര്യപ്പെടാൻ എന്തുണ്ട്? ബോധപൂർവ്വം അർപ്പിക്കപ്പെടാതെത്തന്നെ അവ ഈശ്വരാർപ്പിതമായി തീരുന്നു.

स्वरूपें मिथ्या केलें स्वप्न । जागृती सोलूनि काढिलें ज्ञान ।
निवडोनि सुषुप्तिसुखसमाधान । तिहीं तें पूर्ण एकत्र केलें ॥ ३५९ ॥

സ്വരൂപാനുഭവത്തിനാൽ സ്വപ്നാവസ്ഥ മിഥ്യയാകുന്നു, ജാഗ്രത് അവസ്ഥയെ പിളർന്നുകൊണ്ട് ജ്ഞാനം പുറത്തു വരുന്നു, സുഷുപ്തിയുടെ സുഖസമാധാനം പൂർണ്ണമായി ശേഖരിക്കപ്പെടുന്നു.

तये स्वरूपीं सगळें मन । स्वयेंचि करी निजात्मार्पण ।
तेथींचें सुखसमाधान । भक्त सज्ञान जाणती स्वयें ॥ ३६० ॥

ഈ വിധത്തിൽ മനസ്സ് ആത്മാർപ്പിതമാകുന്നു. ഈ സുഖസമാധാനം ജ്ഞാനികളായ ഭക്തർക്ക് മാത്രമേ അറിയുകയുള്ളു.

यापरी मानसिक जाण । सहज स्वरूपीं होय अर्पण ।
आतां इंद्रियांचें समर्पण । होय तें लक्षण ऐक राया ॥ ३६१ ॥

ഇങ്ങനെ, മാനസികമായ സകല വ്യാപാരങ്ങളും സ്വരൂപത്തിൽ സഹജമായിത്തന്നെ അർപ്പിതമാകുന്നു എന്നറിഞ്ഞാലും.

दीपु लाविजे गृहाभीतरीं । तोचि प्रकाशे गवाक्षद्वारीं ।
तेवीं मनीं प्रगटला श्रीहरी । तोचि इंद्रियांतरीं भजनानंदु ॥ ३६२ ॥

ഒരു ഗൃഹത്തിൽ ദീപം കത്തിക്കുമ്പോൾ, അതിന്ടെ പ്രകാശം ജനാലവഴി പുറത്തും പരക്കുന്നതുപോലെ, മനസ്സിൽ ശ്രീഹരി പ്രകാശിക്കുമ്പോൾ, ആ തേജസ്സിന്റെ പ്രഭാവം ഇന്ദ്രിയങ്ങളിൽ ഭജനാനന്ദമായി പ്രകടനമാകുന്നു.

तेचि इंद्रियव्यापार । सांगिजती सविस्तर ।
स्वाभाविक इंद्रियव्यवहार । भजनतत्पर परब्रह्मीं ॥ ३६३ ॥

ഈ വിധത്തിലുള്ള ഇന്ദ്രിയവ്യാപാരങ്ങളെ ഇനി വിസ്തരിച്ചു പറയാം. പരബ്രഹ്മസ്വരൂപമായി സാത്മ്യം പ്രാപിച്ചതിനാൽ ഈ വ്യാപാരങ്ങളും ഈശ്വര ഭജനത്തിന്റെ വിവിധരൂപങ്ങളായി തീരുന്നു.

जंव दृष्टि देखे दृश्यातें । तंव देवोचि दिसे तेथें ।

यापरी दृश्यदर्शनातें । अर्पी भजनसत्ते दृष्टीचा विषयो ॥ ३६४ ॥

ദൃഷ്ടി ദൃശ്യവസ്തുവിൽപ്പെടുമ്പോൾ ആ സമയത്ത് അവിടെ ഭഗവാൻ മാത്രമേ കാണപ്പെടുന്നുള്ളു. ഈ വിധത്തിൽ ഭജന ശക്തിയാൽ ദൃഷ്ടിയും ദൃശ്യവും ഈശ്വരനിൽ അർപ്പിക്കപ്പെടുന്നു.

दृश्य द्रष्टा आणि दृष्टी । देखतां तिन्ही एकवटी ।
सहजें ब्रह्मार्पण ते दृष्टी । भक्त जगजेठी यापरी अर्पी ॥ ३६५ ॥

ദൃശ്യം, ദ്രഷ്ടാവ്, ദൃഷ്ടി - ഇവ മൂന്നും ഒന്നിക്കുമ്പോൾ ദൃഷ്ടി സഹജമായി ബ്രഹ്മത്തിൽ അർപ്പിക്കപ്പെടുന്നു. ഈ വിധത്തിൽ ഭക്തൻ തന്റെ ദൃഷ്ടിയെ ഈശ്വരന് സമർപ്പിക്കുന്നു.

दृश्य प्रकाशी दृश्यपणें । तेंचि दृष्टीमाजीं होय देखणें ।
ऐसेनि अभिन्नपणें । दर्शनार्पणें भजती भक्त ॥ ३६६ ॥

ഒരു വസ്തു ദൃശ്യഗോചരമാകുന്നത് കണ്ണിനു കാഴ്ചശക്തിയുള്ളതുകൊണ്ടാണ്. കാഴ്ചശക്തിയും ദൃശ്യവസ്തുവും അഭിന്നമാകുന്നു, കാരണം, ഒന്നില്ലാതെ മറ്റൊന്നിന് പ്രയോജനമില്ല. അതുപോലെ, അഭിന്നഭാവത്തിൽ ഭഗവാനെ ഭക്തൻ ഭജിക്കുന്നു.

हे एकपणीं तीनही भाग । तिन्हीमाजीं एक अंग ।
ऐसें जें देखणें चांग । त्याचि अर्पणें साङ्ग सहजें अर्पी ॥ ३६७ ॥

ഏകത്വത്തിൽ ഇവ മൂന്നും മൂന്നു വശങ്ങളാകുന്നു, ഇവ മൂന്നിലും ഒരേ രൂപം തന്നെയാണുള്ളത്. ഈ വിധത്തിൽ കാണുമ്പോൾ, `കാണുക' എന്ന പ്രക്രിയ തന്നെ മനോഹരമാക്കുന്നു, അംഗങ്ങൾ സഹജമായി അർപ്പിക്കപ്പെടുന്നു.

नाना पदार्थ प्रांजळे । नीच नवे देखती डोळे ।
परी अर्पणाचे सोहळे । निजात्ममेळें अर्पिती स्वयें ॥ ३६८ ॥

നമ്മുടെ കണ്ണുകൾ എല്ലായ്പ്പോഴും നിരവധി പുതിയ വസ്തുക്കളെ കാണുന്നു, എന്നാൽ ഭക്തർ എല്ലാറ്റിനെയും ആത്മാവായി മാത്രമേ കാണുന്നുള്ളൂ, അങ്ങനെ അവർ കാണുക എന്ന പ്രക്രിയയെ ഈശ്വരന് അർപ്പിക്കുന്ന ഒരു ഉത്സവമാക്കി മാറ്റുന്നു.

यापरी दृष्टीचें दर्शन । भक्त करिती ब्रह्मार्पण ।
आतां श्रवणाचें अर्पण । अर्पी तें लक्षण ऐक राया ॥ ३६९ ॥

ഇങ്ങനെ ഭക്തർ കാഴ്ചയെ ബ്രഹ്മത്തിന് അർപ്പിക്കുന്നു. ഹേ രാജാവേ, ഇനി ബ്രഹ്മത്തിന് ശ്രവണം എങ്ങനെ അർപ്പിക്കുന്നുവെന്ന് ഞാൻ നിങ്ങളോട് പറയാം.

जो बोलातें बोलविता । तोचि श्रवणीं झाला श्रोता ।
तोच अर्थावबोधु जाणता । तेथें ब्रह्मार्पणता सहजेंचि ॥ ३७० ॥

ഏതു വസ്തുവാണോ ശബ്ദങ്ങളെ ഉച്ചരിപ്പിക്കുന്നത്, അതേ വസ്തു തന്നെയാണ് കാതുകളിലൂടെ കേൾക്കുന്നത്. ശബ്ദങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നതും അതേവസ്തു തന്നെയാണ്. അതായത്, ശ്രവണവും സഹജമായിത്തന്നെ ബ്രഹ്മത്തിൽ അർപ്പിക്കപ്പെടുന്നു.

शब्दु शब्दत्वें जंव उठी । तंव शब्दविता प्रगटे पाठींपोटीं ।
तेणें अकृत्रिम भजन उठी । ब्रह्मार्पणमिठी श्रवणीं पडे ॥ ३७१ ॥

ശബ്ദം ഉച്ചരിക്കപ്പെടുമ്പോൾ അതിന്ടെ പിന്നാലെ ഉച്ചരിക്കുന്ന ആളും പ്രകടമാകുന്നു. ഭക്തിസാന്ദ്രമായ വാക്കുകൾ സഹജമായി നമ്മുടെ അർപ്പണമാകുന്നു. ഈ വിധത്തിൽ കേൾക്കുക എന്ന പ്രക്രിയയും ബ്രഹ്മത്തിന് അർപ്പിതമാകുന്നു.

शब्दबोलासवें अर्थवाढी । तंव शब्दविता घे शब्दार्थगोडी ।
तेणें हरिभजनीं आवडी । स्वयें उठी गाढी श्रवणार्पणेंसीं ॥ ३७२ ॥

വാക്കുകൾ ഉച്ചരിക്കപ്പെടുമ്പോൾ അതിന്റെ അർത്ഥവും ഒപ്പം പ്രകടമാകുന്നു. വക്താവ് ഈ വാക്കുകളുടെ മാധുര്യത്തിനെ ആസ്വദിക്കുന്നു. ഇത് കേട്ടമാത്രത്തിൽ ശ്രോതാവിലും ഭക്തി ഉണ്ടാകുന്നു.

शब्द जंव कानीं पडे । तंव शब्दार्थें भजन वाढे ।
बोलवित्याच्या अंगा घडे । अर्पण उघडें करितांचि ॥ ३७३ ॥

വാക്കുകളെ കേൾക്കുന്നമാത്രയിൽ അവയുടെ അർത്ഥം ഉള്ളിൽ സ്ഫുരിക്കുന്നതു കാരണം ഭക്തി ഉണ്ടാകുന്നു, അതുകൊണ്ട്, ശ്രവണേന്ദ്രിയങ്ങളും ഭഗവത് രൂപമാകുന്നു.

बोलासी जो बोलविता । त्यासीं दृढ केली एकात्मता ।
तें भजन चढे श्रवणाच्या हाता । ब्रह्मार्पणता निजयोगें ॥ ३७४ ॥

വാക്കുകളെപുറപ്പെടുവിപ്പിക്കുന്ന ഭഗവാനുമായി ഐക്യം

ദൃഢമാകുമ്പോൾ, ശ്രവണത്തിനു വിഷയം തന്നെ ഭഗവാനായി ഭവിക്കുന്നു, അങ്ങനെ ശ്രവണേന്ദ്രിയങ്ങളും ഭഗവത് അർപ്പിതമാകുന്നു.

सद्‌गुरुवचन पडतां कानीं । मनाचे मनपण विरे मनीं ।
तेंचि श्रवण ब्रह्मार्पणीं । भगवद्‌भजनीं सार्थकता ॥ ३७५ ॥

സദ്ഗുരുവിന്റെ വാക്കുകൾ ശ്രവിക്കുമ്പോൾ ത്രിഗുണാത്മകമായ മനസ്സ് ഹൃദയത്തിൽ ലയിച്ച് ഇല്ലാതെയാകുന്നു. ഇങ്ങനെ ശ്രവണം ഭഗവത് അർപ്പിതമായി ഈശ്വരഭജനത്തിലൂടെ സാർത്ഥകമാകുന്നു.

श्रवणेंचि यापरी श्रवण । करितां उठिलें ब्रह्मार्पण ।
हेतुरहित भगवद्‌भजन । स्वभावें जाण स्वयें होत ॥ ३७६ ॥

ഇങ്ങനെ ശ്രവണത്തിലൂടെ തന്നെ ശ്രവണം ബ്രഹ്മാർപ്പണം ചെയ്യപ്പെട്ട് സഹജമായിത്തന്നെ ഹേതുരഹിതമായ ഈശ്വര ഭജനം അതിന്റെ സ്വഭാവമായി മാറുന്നു.

भजनें तुष्टला जगन्निवास । होय वासाचा निजवास ।
मग घ्राणद्वारा परेश । भोगी सुवास ब्रह्मार्पणेंसीं ॥ ३७७ ॥

ജഗന്നിവാസനായ ഭഗവാൻ എപ്പോൾ ഭജനത്തിൽ സന്തോഷിക്കുന്നുവോ, അപ്പോൾ മൂക്കിലെ ഘ്രാണശക്തിയായി നിവസിക്കുന്നു. അന്തര്യാമിയായ ഭഗവാൻ തന്നെ മൂക്കിലൂടെ ഗന്ധത്തിനെ സ്വീകരിക്കുന്നതുകൊണ്ട് ഘ്രാണശക്തിയും ബ്രഹ്മാർപ്പണമാകുന്നു.

जो सुमना सुमनपण जोडी । तो घ्राणाचेंही घ्राण होय आवडी ।
मग नाना सुवासपरवडी । ब्रह्मार्पणप्रौढीं निजभोग अर्पी ॥ ३७८ ॥

പൂവിന് അതിന്റെ പുഷ്പഭാവം നൽകുന്നത് ഭഗവാനാണ്, മൂക്കായി സുഗന്ധത്തിനെ മണക്കുന്നതും ഭഗവാൻ തന്നെയാണ്. അങ്ങനെ ഈശ്വരൻ എല്ലാ സുഗന്ധവും സ്വീകരിക്കുന്നു, ഇങ്ങനെയാണ് ഘ്രാണശക്തി ബ്രഹ്മത്തിൽ അർപ്പിക്കപ്പെടുന്നത്.

वासाचा अवकाश होय आपण । घ्राणीं ग्राहकपणें जाण ।
तो भोगुचि स्वयें संपूर्ण । कृष्णार्पण सहज होतु ॥ ३७९ ॥

നാസാരന്ധ്രത്തിലെ സുഗന്ധം ഗ്രഹിക്കുന്ന ഗുണം ദൈവത്തിന് സമർപ്പിക്കുമ്പോൾ മൂക്ക് കൃഷ്ണാർപ്പിതമായി തീരുന്നു.

रसना रस सेवूं जाये । तंव रसस्वादु देवचि होये ।

मग रसनेमाजीं येऊनि राहे । ब्रह्मार्पणें पाहे रसभोगवृत्ती ॥ ३८० ॥

ഇനി രസത്തിന്റെ വഴിപാട് എന്താണെന്ന് ഞാൻ വിശദീകരിക്കാം. നാവ് രസത്തിനായി എത്തുമ്പോൾ, ദൈവം തന്നെ രുചിയായി മാറുന്നു, അത് നാവിന്റെ രസത്തിനായുള്ള ആഗ്രഹത്തെ ബ്രഹ്മത്തിനുള്ള വഴിപാടാക്കി മാറ്റുന്നു.

जे जे रसना सेवी गोडी । ते ते हरिरूपें धडफुडी ।
स्वादा येऊनि रोकडी । ब्रह्मार्पणपरवडी निजभोग अर्पी ॥ ३८१ ॥

നാവിന് എന്ത് രുചി ലഭിച്ചാലും അത് പൂർണ്ണമായും മധുരമായി മാറുന്നു, ഹരിയെ ഉൾക്കൊള്ളുന്നു. അങ്ങനെ, നാവ് അതിന്റെ രസാനുഭവത്തിനെ ബ്രഹ്മാർപ്പണം ചെയ്യുന്നു.

रस-रसना-रसस्वादु । त्रिविधभेदें निजअभेदु ।
रससेवनीं परमानंदु । स्वानंदकंदु वोसंडे ॥ ३८२ ॥

രസവും രസനശക്തിയും രസാസ്വാദനവും അവയുടെ നിജസ്വരൂപത്തിൽ അഭേദമാണ്. അത്തരമൊരു ഭാവത്തോടെ രസത്തിനെ നുകരുന്നതിലൂടെ മധുരമുള്ള ആ സ്വരൂപാനുഭൂതി ഇന്ദ്രിയങ്ങളിൽ നിന്ന് പുറത്തുവരുന്നു. അതായത്, അത്തരമൊരു രസസേവനത്തിലൂടെ ഭക്തൻ പരമാനന്ദത്തിനെ പ്രാപിക്കുന്നു.

कटु मधुर नाना रस । रसना सेवी सावकाश ।
परी ते अवघा ब्रह्मरस । स्वादीं सुरस परमानंदु ॥ ३८३ ॥

കയ്പ്പ്, മധുരം തുടങ്ങിയ പല രുചികളെയും നാവ് പതുക്കെ രുചിക്കുന്നു. എങ്കിലും ഇതെല്ലാം `ബ്രഹ്മരസം' ആയതിനാൽ, മധുരമായ ആനന്ദം മാത്രമേ അതിന്റെ രുചിയിൽ പ്രകടമാകുന്നുള്ളു.

यापरी रसीं रसना । भोगें रतली कृष्णार्पणा ।
आतां स्पर्शविषयरचना । अर्पे ब्रह्मार्पणा तें ऐक राया ॥ ३८४ ॥

അങ്ങനെ നാവ് രുചിയിൽ മുഴുകിയാലും ഭഗവാന് അർപ്പിതമാകുന്നു. ഇനി, ഹേ രാജാവേ, സ്പർശനേന്ദ്രിയം ബ്രഹ്മാർപ്പണം ആകുന്നതെങ്ങനെയെന്ന് ഞാൻ പറയാം. ദയവായി കേൾക്കൂ.

स्पर्श घेईजे निजदेहीं । तंव देहींच प्रगटे विदेही ।
मग स्पर्शी जें जें कांहीं । तो तो भोगु पाहीं ब्रह्मार्पणें उठी ॥ ३८५ ॥

നാം സ്പർശിക്കുമ്പോൾ ശരീരത്തിനപ്പുറമുള്ള പരമാത്മാവ് ശരീരത്തിൽ പ്രകടമാകുന്നു, നമ്മൾ എന്ത് സ്പർശിച്ചാലും അത് ബ്രഹ്മാർപ്പണമാകുന്നു.

स्पर्शास्पर्शें जें स्पर्शिजे । तंव स्पर्शावया नाडळे दुजें ।
तेणें एकपणाचेनि व्याजें । कृष्णार्पणवोजें भजन प्रगटे ॥ ३८६ ॥

ത്വക്ക് എന്തെങ്കിലും സ്പർശിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, സ്പർശിക്കാൻ കഴിയുന്ന ഒരു പ്രത്യേക വസ്തുവും ഇല്ല, കാരണം ആ സ്പർശനത്തിൽ ഭഗവാൻ ശ്രീകൃഷ്ണൻ മാത്രമേ ഉള്ളൂ. അങ്ങനെ സ്പർശനം ഭഗവാന് സമർപ്പിക്കപ്പെടുന്നു.

तेथ जो जो घेईजे पदार्थु । तो तो पदार्थु होय समर्थु ।
तेणेंचि भजनें परमार्थु । निजस्वार्थु निजभक्तां ॥ ३८७ ॥

അതുകൊണ്ട്, ഏത് വസ്തുവിനെ സ്പർശിക്കാൻ പോയാലും ആ വസ്തു സർവ്വശക്തനായ ഈശ്വരനായി നിലനിൽക്കുന്നതുകാരണം എന്തിനെ സ്പർശിച്ചാലും അതൊരു ഭജനാനുഭവമായി മാറുന്നു.

द्यावया कांहीं देवा जाये । तंव देतां भजन कैसें होये ।
देतें घेतें दान स्वयें । देवोचि होये निजांगें ॥ ३८८ ॥

ഇനി കയ്യിന്റെ കാര്യം - ഈശ്വരന് എന്തർപ്പിച്ചാലും അതൊരു ഭജനമായി മാറുന്നതെങ്ങിനെ എന്ന് നോക്കാം - ദാനം കൊടുക്കുമ്പോൾ ദാതാവ്, സ്വീകരിക്കുന്നയാൾ, ദാനം എന്നീ മൂന്ന് വസ്തുക്കളും ഭഗവാൻ തന്നെയായി മാറുന്നു.

जेउतें जेउतें चालवी पाये । तो तो मार्गु देवोचि होये ।
मग पाउला पाउलीं पाहे । निजभजन होये ब्रह्मार्पणेंशीं ॥ ३८९ ॥

കാലുകൊണ്ട് നടക്കുന്ന പാതതന്നെ ഭഗവാനാകുന്നു, നടക്കുക എന്ന പ്രക്രിയ ഭഗവതർപ്പിതമാകുന്നു.

चरणा चरणा निजगती । तोचि निजांगें क्षितीची क्षिती ।
चालतां तैशिया युक्ती । सहज ब्रह्मस्थिति निजकर्मे अर्पी ॥ ३९० ॥

ചരണങ്ങൾക്കു നടക്കാനുള്ള ശക്തിയെ നൽകുന്ന ആ ഭഗവാൻ തന്നെ ഭൂമിയിൽ നമ്മളെ വഹിക്കുന്ന ശക്തിയാകുന്നു. ഈയൊരു തിരിച്ചറിവോടെ നമ്മൾ നടക്കുമ്പോൾ, നടക്കുക എന്ന പ്രക്രിയ ഈശ്വരാർപ്പിതമാകുന്നു.

(ഇതുവരെ നമ്മൾ ജ്ഞാനേന്ദ്രിയങ്ങളിൽനിന്നും ശ്രവണേന്ദ്രിയത്തിനെ സംബന്ധിച്ച് പറഞ്ഞു, ഇനി കർമേന്ദ്രിയങ്ങളിൽ വെച്ച് വാഗിന്ദ്രിയത്തിനെ പറ്റി കേട്ടാലും).

बोल बोलवितिया वदनीं भेटी । बोलणें लाजे त्याचिया दृष्टी ।
ते लाज गिळून बोलणें उठी । निजभजनपुष्टी ब्रह्मार्पणेंसी ॥ ३९१ ॥

വാക്കുകളും സംസാരിക്കപ്പെടുന്ന ആളുടെയും സമാഗമം വായിലാണ്. വായിൽ ഭഗവാന്റെ സാന്നിധ്യത്തിനെ കണ്ട് വാക്കുകൾ നാണിക്കുന്നു. ആ ലജ്ജയെ മറികടക്കുമ്പോൾ മാത്രമേ, വാക്കുകൾ വ്യക്തമാകുന്നുള്ളു. അതുകൊണ്ട്, സംസാരിക്കുമ്പോൾ, ആ സംസാരം തന്നെ ബ്രഹ്മാർപ്പണം ആകുന്നതോടുകൂടി ആത്മധ്യാനത്തിൽ (ഭജനത്തിൽ) അഭിവൃദ്ധിയും ഉണ്ടാകുന്നു.

शब्द मावळे निःशब्दीं । निःशब्दचि बोलिजे शब्दीं ।
तोचि अर्पणाचा विधी । जाण त्रिशुद्धी समर्पितेनिशीं ॥ ३९२ ॥

ശബ്ദം നിശ്ശബ്ദതയിൽ ലയിക്കുന്നു. ഈ നിശ്ശബ്ദതയെയാണ് ശബ്ദം പ്രകടിപ്പിക്കുന്നത്. കർത്താവോടുകൂടി വാക്കുകൾ സമർപ്പിക്കപ്പെടുമ്പോൾ, ഇതുതന്നെ ബ്രഹ്മാർപ്പണം എന്നറിഞ്ഞാലും.

बोलु बोलविता बोलाआंतु । तो बोलु अर्पणेंसींच येतु ।
ऐसा शब्देंचि भजनार्थु । प्रकटे परमार्थु ब्रह्मार्पणेंसीं ॥ ३९३ ॥

വാക്കിനുള്ളിൽ വാക്കിനെ നിയന്ത്രിക്കുന്ന ദൈവം വസിക്കുന്നു എന്ന് നാം കരുതുമ്പോൾ, വാക്കുകൾ ഉച്ചരിക്കുമ്പോൾ തന്നെ അർപ്പിക്കപ്പെട്ടതായി മാറുന്നു. അങ്ങനെ ദൈവത്തോടുള്ള ഭക്തി സംസാരശേഷിയിലൂടെ നിർവ്വഹിക്കപ്പെടുന്നു.

ऐसा मनें-कर्में-वचनें । जो दृढावला भगवद्‌भजनें ।
तेंचि भजन अभिमानें । निजनिर्वाणें दृढ धरी ॥ ३९४ ॥

ഇനി അഭിമാനത്തിന്റെ അർപ്പണം എങ്ങനെയാണ് എന്ന് വിശദീകരിക്കാം. മുകളിൽ പറഞ്ഞതുപോലെ, മനസ്സുകൊണ്ട് കർമ്മങ്ങളേയും, വാക്കുകൾ കൊണ്ട് ഭജനയിലും ആരാണോ ദൃഢമായിരിക്കുന്നത് ആ ഭക്തന്ടെ അഭിമാനം ഭഗവാനിൽ അർപ്പിതമാകുന്നു, അങ്ങനെ അദ്ദേഹം മോചിതനാകുന്നു.

तरंग समुद्राआंतौता । म्हणे माझेनि मेघु तत्त्वतां ।
जगातें निववितां जीववितां । तृषा हरिता चातकांची ॥ ३९५ ॥

സമുദ്രത്തിനുള്ളിൽ വസിക്കുന്ന തിരമാല പറയുന്നു, "യാഥാർത്ഥ്യത്തിൽ, ലോകത്തെ ശാന്തമാക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നതും ചകോരപ്പക്ഷിയുടെ ദാഹം ശമിപ്പിക്കുന്നതുമായ മേഘത്തിന്റെ ഉത്ഭവം എന്നിൽ നിന്നാണ്".

माझेनि सस्यें पिकतीं । माझेनि सरिता उसळती ।
मागुती मजमाजीं मिळती । समरसती सिंधुत्वें ॥ ३९६ ॥

"ഞാൻ കാരണമാണ് വിളകൾ പാകമാകുന്നത്. നദികൾ കവിഞ്ഞൊഴുകുന്നതും, പിന്നീട് സമുദ്രത്തിൽ പ്രവേശിച്ച് എന്നിൽ തന്നെ ലയിക്കുന്നതും ഞാൻ കാരണമാണ്".

तेवीं मुळींचें पूर्णपण । पावोनि भजे अभिमान ।
त्याचे भजनाचें लक्षण । सावधान अवधारीं ॥ ३९७ ॥

ഇതുപോലെ, ഒരു ഭക്തൻ പൂർണ്ണതയെപ്രാപിച്ച്, ആ പൂർണ്ണത്വത്തിൽ അഭിമാനംകൊണ്ട് ഭജനത്തിൽ ഏർപ്പെടുന്നു. ഇങ്ങനെയുള്ള ഭക്തിയുടെ ലക്ഷണങ്ങൾ ധ്യാനിച്ചു കേട്ടാലും.

म्हणे मी सकललोककर्ता । कर्म करोनि अकर्ता ।
मी सर्वभोगभोक्ता । नित्य अभोक्ता मी एकु ॥ ३९८ ॥

അദ്ദേഹം പറയുന്നു, മൂന്ന് ലോകങ്ങളുടെയും കർത്താവ് ഞാനാണ്! കർമ്മം ചെയ്തും അകർമ്മമായിട്ടിരിക്കുന്നു എല്ലാ ഭോഗങ്ങൾ അനുഭവിക്കുന്നു, എന്നാൽ `അനുഭവിക്കുന്നവൻ' താനാണെന്ന വിചാരം ആ ഭക്തനില്ല.

सकळ लोकीं माझी सत्ता । सकळीं सकळांचा नियंता ।
सकळां सकळत्वें मी प्रकाशिता । होय मी शास्ता सकळिकांचा ॥ ३९९ ॥

എല്ലാ ലോകങ്ങളിലുമുള്ള സത്ത എന്റെയാണ്. സർവ്വനിയന്താവ് ഞാനാണ്, എല്ലാത്തിനേയും പ്രകാശിപ്പിക്കുന്നവനും ഞാനാണ്. എല്ലാവരേയും ശാസിക്കുന്ന ശാസ്താ ഞാനാണ്.

सकळां भूतीं मी एकु । मीचि व्याप्य व्यापकु ।
जनिता जनयिता जनकु । न होनि अनेकु जगद्‌रूप मी ॥ ४०० ॥

എല്ലാ ജീവജാലങ്ങളിലും ഞാനാണ് നിവസിക്കുന്നത്. ജഗത്തിന്റെ വ്യാപ്തിയും സർവ്വവ്യാപിയും ഞാനാണ്. ജനിക്കുന്നവനും

സൃഷ്ടിക്കുന്നവനും ഞാനാണ്. ഏകാത്മഭാവത്തെ വിടാതെത്തന്നെ നാനാ വിധത്തിൽ ജഗത്രൂപമായി കാണപ്പെടുന്നതും ഞാൻ തന്നെയാണ്.

मी देवांचा आदिदेवो । देवीं देवपणा माझाचि भावो ।
व्ययामाजीं मी अज अव्ययो । अक्षरीं अक्षरभावो माझेनि अंगें ॥ ४०१ ॥

ഞാൻ ദേവന്മാരുടെ ആദിദേവനാണ്. ദേവന്മാരിലെ ദിവ്യത്വമാണ് എന്റെ സത്ത. നശ്വരമായ വസ്തുക്കളിൽ നാശമില്ലാത്തവനും ശാശ്വതനുമാണ് ഞാൻ. ഞാൻ കാരണമാണ് അക്ഷരങ്ങളിൽ അക്ഷരഗുണം ദൃശ്യമാകുന്നത്.

ईश्वरीं जे जे सत्ता । ते ते माझी सामर्थ्यता ।
भगवंतीं भगवंतता । जाण तत्त्वतां माझेनि ॥ ४०२ ॥

ഈശ്വരനിൽ കാണുന്ന സത്ത എന്റെ ചമത്കാരമാകുന്നു. ഈശ്വരനിലുള്ള ഈശ്വരത്വം എനിക്ക് അവകാശപ്പെട്ടതാണ്.

मी आपरूपीं आपु । मी प्रकृतिपुरुषांचा बापु ।
सृष्टिरचनेचा संकल्पु । निर्विकल्पु पैं माझा ॥ ४०३ ॥

ജലത്തിന്റെ രസം ഞാനാണ്, പ്രകൃതി പുരുഷന്മാരുടെ ജനകൻ ഞാനാണ്. ഈ സൃഷ്ടിയുടെ രചന എന്റെ സങ്കൽപം ആണ്, പക്ഷെ ഞാൻ നിർവ്വികല്പനാണ്.

मी आदीची अनादि आदी । मी समाधीची निजसमाधी ।
निजशुद्धीसी माझेनि शुद्धी । यापरी त्रिशुद्धी अभिमानार्पण ॥ ४०४ ॥

എല്ലാം കാരണങ്ങളുടെയും അനാദിയായ കാരണം ഞാനാകുന്നു, സമാധിയുടെത്തന്നെ സമാധിസ്ഥാനം ഞാനാണ്. ആത്മശുദ്ധിക്ക് ശുദ്ധി ഞാനാണ്. അഭിമാനത്തിന്റെ കൃഷ്ണാർപ്പണം ഈ വിധത്തിലാകുന്നു.

मी अजन्मा न जन्मोनि जन्में । मी अकर्मा न करोनि करीं कर्में ।
माझेनि योगें पुरुषोत्तमें । पाविजे महिमे उत्तमत्वाचे ॥ ४०५ ॥

ഞാൻ അജനാണ്, ജന്മമെടുത്തില്ലെങ്കിലും ജന്മമെടുക്കുന്നു. ഞാൻ അകർമ്മനാണ് - കർമ്മം ഒന്നും ചെയ്തില്ലെങ്കിലും കർമ്മം ചെയ്യുന്നു. പുരുഷോത്തമന് `ഉത്തമ' സ്ഥാനത്തിന്റെ മഹിമ ഞാൻ കാരണമാണ് ലഭിച്ചിരിക്കുന്നത്.

सच्छब्दें माझें अंग । चिच्छब्दें मीचि चांग ।

न होनिया तिन्ही भाग । आनंद निर्व्यंग तोचि मी ॥ ४०६ ॥

അദ്ദേഹം പറയുന്നു, "`സത്' കൊണ്ട് ഞാൻ അറിയപ്പെടുന്നു, `ചിത്' കൊണ്ട് ഞാൻ സൂചിപ്പിക്കപ്പെടുന്നു, സത്, ചിത്, ആനന്ദം എന്നിവ എന്നിൽ ഐക്യപ്പെട്ടിരിക്കുന്നു, ഇതിൽ അവശേഷിക്കുന്ന നിഷ്കളങ്കമായ ആനന്ദം എന്റെ സ്വരൂപമാണ്."

माझेनि सूर्यदृष्टी डोळस । मजमाजीं चिदाकाशाचा अवकाश ।
माझेनि अंगें जगन्निवास । सावकाश नांदतु ॥ ४०७ ॥

സൂര്യനിലുള്ള പ്രകാശം ഞാനാണ്, ചിതാകാശത്തിന്ടെ ആകാശം എന്നിലാണ് വസിക്കുന്നത്. ജഗന്നിവാസൻ ജഗത്തിൽ ആനന്ദമായി വസിക്കുന്നതിന്ടെ കാരണം ഞാനാണ്.

अजा अजपणें मी अज । निःशेष निर्बीजां मी बीज ।
माझेनि निजांगें निज । निजभोज स्वयें नाचे ॥ ४०८ ॥

`അജാ' (ജനിക്കാത്തവൾ) എന്നറിയപ്പെടുന്ന മായയ്ക്ക് അജത്വം ലഭിച്ചിരിക്കുന്നത് എന്റെ കാരണമാണ്. നിർബീജമായ പദാർത്ഥങ്ങൾക്കും ബീജം ഞാനാകുന്നു. എന്റെ അധിഷ്ഠാനത്തിലാണ് ആത്മസ്വരൂപം പ്രകടനമായി നൃത്തം വെക്കുന്നത്.

अधिष्ठाना मजमाजीं अधिवासु । मी जगदीशाचा पूर्ण ईशु ।
मी परम पुरुषाचाही पुरुषु । परेशा परेशु मीच स्वयें ॥ ४०९ ॥

അധിഷ്ഠാനം എന്നിലാണ് സ്ഥിതി ചെയ്യുന്നത്. ജഗദീശ്വരനും ഈശ്വരൻ ഞാനാകുന്നു. പരമപുരുഷന്ടെ പുരുഷൻ ഞാനാകുന്നു, പരേശന്റെ ശ്രേഷ്ഠത ഞാൻ ആകുന്നു.

असंत माझेनि संत होये । अचित् माझेनि चिदत्व लाहे ।
निजानन्दासीही पाहें । आनंदु निर्वाहे माझेनि ॥ ४१० ॥

അസത്ത്പദാർത്ഥങ്ങൾ ഞാൻ കാരണം സത്തായി മാറുന്നു. ജട വസ്തുക്കൾ ഞാൻ കാരണം ചേതനയെ പ്രാപിക്കുന്നു. സ്വാനന്ദത്തിനു പോലും ഞാൻ കാരണമാണ് ആനന്ദം ലഭിക്കുന്നത്.

मी सकळ सिद्धींची निजसिद्धी । मी सर्वांगदेखणी बुद्धीची बुद्धी ।
मोक्ष म्हणणें तोही उपाधी । जाण त्रिशुद्धी माझेनि ॥ ४११ ॥

എല്ലാം സിദ്ധികളുടെയും മൂല സിദ്ധി ഞാനാകുന്നു. ബുദ്ധിയുടെ

സുന്ദരമായ ബുദ്ധി ഞാനാണ്. മോക്ഷപ്രാപ്തിയും ഞാൻ മൂലമാണ് ലഭിക്കുന്നത്.

मी साचार निजधर्म । मजमाजीं ब्रह्म विसरे कर्म ।
ब्रह्मसमाधीचें परब्रह्म । निजनिःसीम मीच मी ॥ ४१२ ॥

വാസ്തവമായ ധർമ്മം ഞാനാകുന്നു. ബ്രഹ്മാവുപോലും എന്നിൽ കർമ്മത്തിനെ മറക്കുന്നു. ബ്രഹ്മസമാധിയുടെ പരമമായ നിസ്സീമ അവസ്ഥ ഞാനാണ്.

हरि-हर-ब्रह्मा निजनिर्धारीं । हेही माझे अंशांशधारी ।
मी दशावतारांचा अवतारी । माझी निजथोरी मीही नेणें । ॥ ४१३ ॥

ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നിവർ എന്റെയൊരു അംശധാരികൾ മാത്രമാകുന്നു. ദശാവതാരങ്ങളും എന്നിലാണ് അവതരിച്ചത്. എന്റെ മഹിമയെ എനിക്കുപോലും അളക്കാൻ സാധിക്കില്ല.

ऐशिया नाना विवंचना । अभिमानें भजे भगवद्भजना ।
"ब्रह्माहमस्मि" दृढभावना । आपण आपणा पूर्णत्वें अर्पी ॥ ४१४ ॥

ഈ വിധത്തിലുള്ള അനേക ഭാവങ്ങളാൽ തന്റെ അഭിമാനത്തിനെ ഒരു ഭക്തൻ ഈശ്വരന് അർപ്പിക്കുന്നു, `അഹം ബ്രഹ്മാസ്മി' അതായത്, `ഞാൻ ബ്രഹ്മമാകുന്നു' എന്ന ദൃഢഭാവനയോടെ തന്റെ ജീവിതത്തിനെ പൂർണ്ണമായി ഭഗവാന് സമർപ്പണം ചെയ്യുന്നു.

जीव घालूनि पुर्णत्वाआंतु । जें जें अभिमान कल्पितु ।
तें तें साचचि स्वयें होतु । तेंही पूर्णत्व अर्पितु निजपूर्णत्वीं ॥ ४१५ ॥

ആ ഭക്തൻ പരമമായ പൂർണ്ണതയിൽ മുഴുകിയിരിക്കുന്നു. അദ്ദേഹം എന്തിനെ ചിന്തിക്കുന്നുവോ, അതായി മാറുന്നു. ആ പൂർണ്ണത്വത്തിനേയും തന്റെ മൂലരൂപമായ പൂർണ്ണതയിൽ അർപ്പിക്കുന്നു.

"ब्रह्माहमस्मि" नुसधें वचन । ये अहंते नाम भगवद्भजन ।
मा हा तंव तद्रूप होऊन । भजे अभिमान ब्रह्मार्पणेंसीं ॥ ४१६ ॥

"അഹം ബ്രഹ്മാസ്മി" എന്ന പ്രസ്താവന പരിമിതമായ ബോധത്തെ ഭഗവാനിൽ പൂർണ്ണമായി സമർപ്പിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ ഈ ഭക്തൻ തന്റെ ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും ഈശ്വര സമർപ്പിതമാക്കിയതിനാൽ സ്വയം ബ്രഹ്മവുമായി ഐക്യപ്പെട്ടിരിക്കുന്നു. ഈ അവസ്ഥയിലും (അഭിമാനം ബ്രഹ്മാർപ്പണം

ചെയ്യപ്പെട്ടിട്ടും) ഭക്തൻ ഈശ്വര ഭജനത്തിൽ ഏർപ്പെടുന്നു.

सांडूनि देहबुद्धीचा केरु । भजनें उठिला अहंकारु ।
तो अपरोक्ष निजसाक्षात्कारु । पावूनि पूर्ण निर्धारु पूर्णत्वें वर्ते ॥ ४१७ ॥

ഈ ഭക്തൻ ദേഹബുദ്ധിയെ ത്യജിച്ച്, അഹങ്കാരം നശിച്ച്, ഭജനയിൽ പൂർണ്ണ വിശ്വാസം അർപ്പിക്കുന്നു. ഇത് തന്നെയാണ് അപരോക്ഷമായ ആത്മസാക്ഷാത്കാരത്തിന്റെ അവസ്ഥ.

म्हणौनि मनना मीचि मनन । स्मरणा मीचि नित्य स्मरण ।
चित्तासी मी निजचिंतन । चिंत्यधर्मेंवीण सर्वदा ॥ ४१८ ॥

മനനത്തിന്റെ മനന ശക്തി ഞാനാണ്. സ്മരിക്കുമ്പോൾ, ആ സ്മരണശക്തിയായി പ്രകാശിക്കുന്നതും ഞാനാണ്. ചിന്തിക്കുക എന്നത് ചിത്തത്തിന്റെ സ്വധർമ്മം അഥവാ സ്വഭാവം ആകുന്നു. അങ്ങനെയുള്ള ചിത്തത്തിനെ ചിന്തിപ്പിക്കാതെ തന്നെ ആത്മധ്യാനത്തിൽ സദാ നിർത്തുന്ന ശക്തി ഞാനാണ്.

ज्याची सहसा प्राप्ति नव्हे । तें निजचित्तेंचि चिंतावें ।
तंव अप्राप्तीची प्राप्ति पावे । चित्त निजानुभवें सहज भजतां ॥ ४१९ ॥

മനസ്സുകൊണ്ട് പ്രാപിക്കാൻ പറ്റാത്ത അചിന്ത്യമായ ആ സത്തയെ നിരന്തരം ചിന്തനം ചെയ്തുകൊണ്ടിരിക്കണം. സ്വാത്മാനുഭവത്തോടെ ഭക്തി ചെയ്യുമ്പോൾ, അപ്രാപ്യം എന്ന് കരുതപ്പെടുന്ന സത്യം സാക്ഷാത്കരിക്കപ്പെടും.

तेव्हां निश्चितें जें जें चिंती चित्त । तें तें स्वयेंचि होय समस्त ।
या प्रतीतीं चित्त भजत । ब्रह्मार्पणयुक्त निजबोधें ॥ ४२० ॥

ഇതിനുശേഷം മനസ്സെന്തിനെ സങ്കല്പിച്ചാലും അതായി ഭവിക്കുന്നു. സദാ ഈശ്വര ചിന്തനത്തിൽ ഏർപ്പെട്ട മനസ്സിപ്പോൾ സ്വരൂപത്തിനെ സാക്ഷാത്കരിക്കുന്നു. ഈ അവസ്ഥയിലും ഈശ്വരഭജനം ഭക്തനിൽ നടന്നുകൊണ്ടേയിരിക്കുന്നു.

नाथिलें चिंती ते “अतिचिंता” । आथिलें ते “निश्चिंतता” ।
आथी नाथी सांडिली चिंता । सहजें न भजतां भजन होये ॥ ४२१ ॥

അസ്തിത്വമില്ലാത്ത ഒന്നിനെ കുറിച്ച് ചിന്തിക്കുന്നതിനെ `അതിചിന്ത' എന്നു പറയുന്നു (അമിതമായി ചിന്തിക്കൽ). അസ്തിത്വത്തിൽ ഉള്ളതിനെ

കുറിച്ച് ചിന്തിക്കുന്നതിനെ `നിശ്ചിന്തം' എന്ന് പറയുന്നു. ഇതു രണ്ടും ഒഴിഞ്ഞുപോകുമ്പോൾ, അനായാസമായ ഭജന നടക്കുന്നു.

चित्त चिंत्य आणि चिंतन । यापरी तिहींस जाहलें समाधान ।
तें समाधानही कृष्णार्पण । सहजी संपूर्ण स्वयें होये ॥ ४२२ ॥

ചിത്തം, ചിന്ത്യവസ്തു, ചിന്തിക്കുക എന്നിവ ഒന്നിക്കുമ്പോൾ, ഈ ഐക്യഭാവത്തിൽ നിന്നു ലഭിക്കുന്ന സമാധാനവും കൃഷ്ണാർപ്പണമായി മാറുന്നു.

ऐसिया भगवद्भजनविधीं । भजनशील झाली बुद्धी ।
तैं सकळ कर्मीं समाधी । जाण त्रिशुद्धी स्वयें झाली ॥ ४२३ ॥

ഈ വിധത്തിലുള്ള ഭജനവിധിയിലൂടെ ബുദ്ധി സഹജമായി ഭാവഭക്തിപൂർണം ആകുമ്പോൾ ആ ഭക്തൻ തന്റെ ഓരോ പ്രവൃത്തിയിലും നിശ്ചിന്തമായ സമാധി അനുഭവിക്കുന്നു.

कर्माचरणीं समाधी । एक म्हणती न घडे कधीं ।
तें पावले नाहीं निजात्मबोधीं । जाण त्रिशुद्धी विदेहा ॥ ४२४ ॥

കർമ്മത്തിൽ ഏർപ്പെടുമ്പോൾ സമാധി ഒരിക്കലും സാധ്യമല്ല എന്ന് ചിലർ പറയുന്നു. ഹേ ജനകരാജാവേ (നിമി ചക്രവർത്തി), അങ്ങനെ വിശ്വസിക്കുന്നവർക്ക് ഇതുവരെ ആത്മസ്വരൂപത്തിന്ടെ ബോധം ഉണ്ടായിട്ടില്ല.

ताटस्थ्या नांव समाधी । म्हणेल त्याची ठकली बुद्धी ।
ते समाधी नव्हे त्रिशुद्धी । जाणावी नुसधी मूर्छा आली ॥ ४२५ ॥

തടസ്ഥ അവസ്ഥയെ സമാധി എന്ന് കരുതുന്നവർ അവിവേകികളാണ്, കാരണം അത് യഥാർത്ഥ 'സമാധി' അല്ല, മറിച്ച് 'അബോധാവസ്ഥ' മാത്രമാണ്.

ताटस्थ्यापासूनि उठिला । तैं तो समाधीस मुकला ।
तेव्हां एकदेशी भावो आला । मंदही या बोला न मानिती सत्य ॥ ४२६ ॥

അവർ പറയുന്നു, "തടസ്ഥാവസ്ഥയിൽനിന്ന് എഴുന്നേറ്റ ആൾക്ക് തീർച്ചയായും സമാധി അനുഭവം നഷ്ടമായി. അതായത്, ആ ആളുടെ സമാധി അനുഭവം സീമിതമാണ്". മന്ദബുദ്ധികൾ പോലും ഈ പ്രസ്താവനയെ ശെരി എന്നുമാനിക്കില്ല.

समाधी आणि एकदेशी । बोलतां बोलणें ये लाजेसी ।
सत्य मानी ते शब्दपिशी । शुद्ध स्वरूपासी अनोळख ॥ ४२७ ॥

സമാധിയും തടസ്ഥാവസ്ഥയും ഒരിക്കലും ഒന്നാവുകയില്ല. ഈ രണ്ടവസ്ഥകളും ഒന്നാണെന്ന് പറയുന്നതു തന്നെ ലജ്ജാകരമാണ്. ഈ രണ്ടവസ്ഥകളും ഒന്നെന്നു കരുതുന്നവർ കേവലം `ശബ്ദ പണ്ഡിതന്മാർ' ആകുന്നു. സ്വരൂപാനുഭവത്തിന്‍റെ ശുദ്ധി അവർ അറിയുന്നില്ല.

येथें प्राचीन अतिसमर्थ । तें मूर्च्छा आणोनि करी तटस्थ ।
वांचूनि चालते बोलते समाधिस्थ । जाण पां निश्चित वसिष्ठादिक ॥ ४२८ ॥

തടസ്ഥാവസ്ഥയുടെ കാര്യത്തിൽ, പൂർവ്വ കർമ്മങ്ങളുടെ പ്രഭാവം ശക്തമാവുകയും, അത് ഒരുവനെ നിർവ്വികാരനും മന്ദനും ആക്കുന്നു. നടക്കുമ്പോഴും സംസാരിക്കുമ്പോഴും സമാധിസ്ഥിതിയിൽ കഴിഞ്ഞിരുന്ന മഹാത്മാക്കളാണ് വസിഷ്ഠരെപോലെയുള്ള ഋഷികൾ.

पाहें पां देवर्षि नारदु । विनोदें न मोडे समाधिबोधु ।
याज्ञवल्क्याचा समाधिसंबंधु । ऋषिप्रसिद्धु परिक्षा केली ॥ ४२९ ॥

നാരദനെ നോക്കൂ. തമാശകൾ പറയുകയും കളിക്കുകയും ചെയ്യുമെങ്കിലും അദ്ദേഹത്തിന്‍റെ സമാധി മുറിയുന്നില്ല. നടക്കുമ്പോഴും സംസാരിക്കുമ്പോഴും സഞ്ചരിക്കുമ്പോഴും എല്ലാത്തരം പ്രവൃത്തികളിലും ഏർപ്പെടുമ്പോഴും അദ്ദേഹം എപ്പോഴും ഭക്തിസാന്ദ്രതയിലാണ്. യാജ്ഞവൽക്യ ഋഷിയുടെ സമാധി പ്രസിദ്ധമാണ്. അത് വളരെ പ്രശസ്തരായ ഋഷിമാർ പോലും പരീക്ഷിച്ചിട്ടുണ്ട്.

स्वरूप देखोनि मूर्च्छित जाहला । तो आपणियां आपण तरला ।
स्वयें तरूनि जन उद्धरिला । तो बोधु प्रकाशिला शुकवामदेवीं ॥ ४३० ॥

സ്വരൂപാവസ്ഥയെ കണ്ടിട്ട് മൂർചിച്ചുപോയ വ്യക്തി ഭവക്കടലിനെ സ്വയം കടന്നു എങ്കിലും ബാക്കിയുള്ളവരെ കടത്താൻ സമർത്തനല്ല. പക്ഷെ ശ്രീ ശുകമുനിയും വാമദേവനെപോലെയും ഉള്ള ജ്ഞാനികൾ സ്വയം ഭവക്കടൽ തരണം ചെയ്ത് ബാക്കിയുള്ളവരെയും ഉദ്ധാരണം ചെയ്യാനുള്ള ജ്ഞാനത്തിനെ പ്രകടനമാക്കിയിട്ടുണ്ട്.

यालागीं समाधि आणि व्युत्थान । या दोनी अवस्थांसहित जाण ।
बुद्धी होये ब्रह्मार्पण । अखंडत्वें पूर्ण परमसमाधि ॥ ४३१ ॥

അതുകൊണ്ടു, സമാധിസ്ഥിതിയിലേക്ക് `പോവുകയും വരുകയും' ചെയ്യുന്നത് ബുദ്ധിയുടെ തലത്തിലാണെന്ന് മനസിലാക്കണം, ഇത് താത്കാലികമായ ഒരു അവസ്ഥ മാത്രമാണ്. സർവസ്വവും ഭഗവാന് സമർപ്പിച്ച ഒരു ഭക്തൻ നിത്യ നിരന്തരമായ സമാധി അനുഭവിക്കുന്നു, ഇത് അഖണ്ഡവും പൂർണ്ണവുമായ ഒരു അനുഭവമാണ്.

अर्जुना देऊनि निजसमाधी । सवेंचि घातला महायुद्धीं ।
परी तो कृष्ण कृपानिधी । ताटस्थ्य त्रिशुद्धी नेदीच स्पर्शों ॥ ४३२ ॥

ഭഗവാൻ കൃഷ്ണൻ അർജ്ജുനന് ഈ സമാധി അനുഭവത്തിനെ പ്രദാനം ചെയ്തു, എന്നിട്ട് ഘനഘോരമായ യുദ്ധം ചെയ്യുവാനുള്ള ശക്തിയും പ്രചോദനവും നൽകി. എന്നാൽ, ആ കൃപാനിധിയായ കൃഷ്ണൻ തടസ്സ്ഥാവസ്ഥ അർജ്ജുനനെ സ്പർശിക്കാൻ പോലും വിട്ടില്ല.

सकळ कर्मीं समाधी । हे सद्‌गुरुचि बोधी बुद्धी ।
तरी बुद्धींही त्रिशुद्धी । निजसमाधी न मोडे ॥ ४३३ ॥

എല്ലാ കർമ്മങ്ങൾ ചെയ്യുമ്പോഴും നാം സമാധിയിലായിരിക്കണം, ഈ ജ്ഞാനം ബുദ്ധിക്കു സദ്ഗുരുവിന് മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് യുദ്ധം പോലെയൊരു ഘോരമായ കർമ്മം ചെയ്യുമ്പോഴും അർജ്ജുനന് സമാധി ഭംഗം സംഭവിച്ചില്ല.

बुद्धीं आकळलें परब्रह्म । तैं अहैतुक चाले कर्म ।
हेंचि बुद्धीचें अर्पण परम । इतर तो भ्रम अनुमानज्ञान ॥ ४३४ ॥

ബുദ്ധി പരമാത്മാവിനെ ഗ്രഹിക്കുമ്പോൾ, ഏതൊരു പ്രവൃത്തിയും നിസ്വാർത്ഥമാകുന്നു; ഇതാണ് ബുദ്ധിയുടെ യഥാർത്ഥ സമർപ്പണം. ഇതല്ലാതെ അനുമാനിക്കപ്പെട്ട എല്ലാ ജ്ഞാനവും ഭ്രമം മാത്രമാകുന്നു.

स्वरूपीं दृष्टी निवधी । अनवच्छिन्न समानबुद्धी ।
कर्माकर्मीं अज्ञान न बाधी । "परमसमाधी" तिये नांव ॥ ४३५ ॥

സ്വരൂപസ്ഥിതിയിൽനിന്നും ഒരിക്കലും വിട്ടുമാറാത്ത ശ്രദ്ധയും ലോകവിഷയങ്ങളോട് സമഭാവവും ആർക്കുണ്ടോ, അങ്ങനെയുള്ള ഒരു ഭക്തനെ അജ്ഞാനം ഒരിക്കലും ബാധിക്കുന്നില്ല. കർമ്മം ചെയ്യുമ്പോഴും ചെയ്യാത്തപ്പോഴും അദ്ദേഹം ഇതേ സ്ഥിതിയിൽ തന്നെയാണ്. ഈ സ്ഥിതിക്ക് പേരാണ് `പരമസമാധി'.

निःशेष गेलिया देहबुद्धी । स्वरूपपणें फुंज न बाधी ।
कर्माकर्मीं अज्ञान न बाधी । ते 'परमसमाधी' निर्दुष्ट ॥ ४३६ ॥

ദേഹാത്മബുദ്ധി തികച്ചും ഇല്ലാതെയാകുമ്പോൾ സ്വസ്വരൂപാനുഭവസ്ഥിതിയെ അഹങ്കാരം ശല്യപ്പെടുത്തുന്നില്ല. അജ്ഞാനം കർമ്മ-അകർമ്മങ്ങളെ ബാധിക്കുന്നില്ല. ഇതാണ് പരമസമാധി.

ते स्वरूपीं निरवधी । भजनशीळ झाली बुद्धी ।
ते सकळ कर्मीं समाधी । निजार्पणविधी स्वयें जाहली ॥ ४३७ ॥

ബുദ്ധി സദാസർവ്വദാ സ്വസ്വരൂപധ്യാനത്തിൽ ഏർപ്പെടുമ്പോൾ, ഏതു കർമ്മം ചെയ്തുകൊണ്ടിരുന്നാലും സ്വയമായി കൃഷ്ണാർപ്പിതം ആകുന്നു.

जेथें शमली मनाची आधी । ते जाणावी 'परमसमाधी' ।
समाधी घेणें ते देहबुद्धी । काष्ठ तें त्रिशुद्धी मूर्च्छितप्राय ॥ ४३८ ॥

മനസ്സിന്റെ വ്യാകുലതകൾ പൂർണ്ണമായും അടങ്ങുമ്പോൾ അത് സമാധിയുടെ പരമകാഷ്ഠയാകുന്നു. ദേഹാത്മബുദ്ധിയെ ത്യജിക്കാതെ ശ്വാസനിയന്ത്രണം കൊണ്ട് ചിത്തത്തിനെ നിശ്ചലമാക്കാൻ ശ്രമിച്ചാൽ, മനസ്സ് ഒരു മരക്കഷ്ണം പോലെയാകുന്നു, അതിനെ അബോധാവസ്ഥയോട് ഉപമിക്കാം.

मनासी ठाउकें नसे । इंद्रियीं व्यापारु तरी दिसे ।
कर्म निपजे जें ऐसें । तें जाणिजे आपैसें 'कायिक' ॥ ४३९ ॥

ഇനി `കായികമായ' കർമ്മങ്ങളുടെ ലക്ഷണങ്ങളെ പറ്റി പറയാം. മനസ്സിന്റെ ഇടപെടലില്ലാതെ ഇന്ദ്രിയങ്ങൾ അതാത് പ്രവർത്തികളിൽ ഏർപ്പെടുമ്പോൾ, അങ്ങനെയുള്ള കർമ്മങ്ങൾ സഹജമായി `കായിക കർമ്മങ്ങൾ' ആകുന്നു, അതായത് അവ ശരീരത്തിന്റെ വ്യവഹാരം മാത്രമാകുന്നു.

श्वासोच्छ्वासांचे परिचार । कां निमेषोन्मेषांचे व्यापार ।
तेही नारायणपर । केले साचार निजस्वभावें ॥ ४४० ॥

ശ്വസിക്കുന്നതും കണ്ണുകൾ തുറക്കുന്നതും അടയ്ക്കുന്നതും നാരായണനുവേണ്ടിയാകുന്നു.

तरी देहगेहवर्णाश्रमें । स्वभागा आलीं जीं जीं कर्में ।
तीं तीं आचरोनि निजधर्में । पूर्वानुक्रमें अनहंकृती ॥ ४४१ ॥

വീട്, ശരീരം, വർണ്ണാശ്രമം എന്നീ ധർമ്മങ്ങളനുസരിച്ചുള്ള
കർമ്മങ്ങളൊക്കെയും ഈ ഭക്തൻ യാതൊരു അഹങ്കാരവുമില്ലാതെ,
കർത്തവ്യബോധത്തോടെ നിർവ്വഹിക്കുന്നു.

**साखरेचें कारलें प्रौढ । तें देठू-कांटेनशीं सर्वही गोड ।
तेवीं इंद्रियकर्मगूढ । स्वादिष्ठ सदृढ ब्रह्मार्पणें ब्रह्मीं ॥ ४४२ ॥**

പഞ്ചസാരകൊണ്ട് പാവക്കയുണ്ടാക്കിയാൽ അതിന്ടെ തണ്ടും
മറ്റംഗങ്ങളും എല്ലാം മധുരമാകുന്നതുപോലെ എല്ലാ ഇന്ദ്രിയങ്ങളും
ബ്രഹ്മാർപ്പണം ചെയ്ത ഒരു യോഗിയുടെ എല്ലാ കർമ്മങ്ങളും
മധുരമാകുന്നു.

**कर्मकलापु आघवा । आचरोनि आणि गौरवा ।
परी कर्तेपणाचिया गांवा । अहंभावो स्पर्शेना ॥ ४४३ ॥**

എല്ലാ കർമ്മങ്ങളും വിധിപൂർവ്വകം നിർവ്വഹിച്ചുംകൊണ്ട്
കർമ്മസമൂഹത്തിൻടെ തന്നെ ഗൗരവത്തിനെ ഇദ്ദേഹം വർദ്ധിപ്പിക്കുന്നു.
എന്നാൽ, മനസ്സിൽ തെല്ലും കർതൃത്വഭാവം ഇദ്ദേഹത്തിനില്ല.

**मजपासून झालें सत्कर्म । माझा आचार अति उत्तम ।
म्यां निरसिलें मरणजन्म । हा स्वभावें देहधर्म उठोंचि नेणे ॥ ४४४ ॥**

ഞാൻ സത്കർമ്മങ്ങൾ ചെയ്തു എന്നോ എന്റെ കർമ്മാചരണം
ഉത്തമമായി എന്നോ, എനിക്കിനി ജന്മമരണങ്ങൾ ഇല്ല എന്നോ ഉള്ള
ദേഹാത്മഭാവങ്ങൾ ഇദ്ദേഹത്തിൽ ഉദിക്കുന്നതേയില്ല.

**देहसंगें तरी वर्तणें । परी देहधर्म धरूं नेणे ।
देहस्वभाव लक्षणें । ब्रह्मार्पणें विचरिती ॥ ४४५ ॥**

അദ്ദേഹം ദേഹംകൊണ്ടു നിർവ്വഹിക്കേണ്ട കർമ്മങ്ങൾ
ദേഹാത്മബുദ്ധികൂടാതെ ചെയ്യുന്നു. എല്ലാം കർമ്മങ്ങളും
ബ്രഹ്മാർപിതമായി നിർവഹിക്കുന്നു.

**देहधर्माचा नुठे फांटा । ज्ञानगर्वाचा न चढेचि ताठा ।
यालागीं सहज भजनामाजिवटा । झाला तो पैठां अनहंकृती ॥ ४४६ ॥**

ദേഹധർമ്മത്തിന്റെ അങ്കുരം ഈ ഭക്തനിൽ ഇല്ല. താൻ ശരീരമല്ല എന്ന
ജ്ഞാനത്തിലും അഭിമാനം വെക്കാതെ എപ്പോഴും അഹങ്കാര രഹിതമായ
സഹജ ഭജനത്തിൽ ഇരിക്കുന്നു.

त्यापासूनि जें जें निपजे । तें तें देवो म्हणे माझें खाजें ।
यालागीं ब्रह्मार्पणवोजें । त्याचे स्वभाव सहजें नार्पितां अर्पिती ॥ ४४७ ॥

ഭഗവാൻ ഇങ്ങനെയൊരു ഭക്തനെ നോക്കി പറയുന്നു "ഈ ഭക്തന്റെ കർമ്മ ഫലങ്ങളെല്ലാം എനിക്ക് ഭക്ഷിക്കാനുള്ള മധുര പലഹാരങ്ങളാണ്". ഈ വിധത്തിൽ, ഈ ഭക്തന്റെ എലാ കർമ്മങ്ങളും സ്വഭാവവും ബോധപൂർവം ബ്രഹ്മാർപ്പണം ചെയ്യാതെ തന്നെ താനായി അർപ്പിക്കപ്പെടുന്നു.

परिसाचे कसवटीवऱ्हें । जें जें लागे तें तें साडेपंधरें ।
तेवीं निपजे जें जें शरीरें । तें तें खरें परब्रह्म ॥ ४४८ ॥

സ്പർശകല്ലിൽ ഉരക്കപ്പെട്ട ഏതൊരു ഇരുമ്പ് കഷണവും തീർച്ചയായും എല്ലായ്പ്പോഴും ഏറ്റവും ഉയർന്ന ഗുണനിലവാരമുള്ളതായിരിക്കും. അതുപോലെ, ഈ ഭക്തൻ ചെയ്യുന്ന ഏതൊരു പ്രവൃത്തിയും യഥാർത്ഥത്തിൽ പരബ്രഹ്മമാണ്, മറ്റൊന്നുമല്ല.

त्याचा खेळु तेंचि महापूजन । त्याची बडबड तेंचि प्रिय स्तवन ।
त्याचे स्वभावीं स्वानंदपूर्ण । श्रीनारायण सुखावे ॥ ४४९ ॥

ഇങ്ങനെയൊരു ഭക്തൻ നേരമ്പോക്കിനു കളിക്കുമ്പോൾ, ആ കളികൾ മഹാപൂജയായി മാറുന്നു, കൊച്ചു വർത്തമാനങ്ങൾ ഭഗവാന് പ്രിയമായ സ്തുതികളാകുന്നു. ആ ഭക്തന്റെ സാധാരണമായ പ്രവർത്തനങ്ങൾകൊണ്ടുതന്നെ നാരായണൻ സന്തോഷിക്കുന്നു. അതുകൊണ്ട് ഉള്ളിൽ നിത്യനിരന്തരമായ സ്വാനന്ദം സഹജമായിട്ടുതന്നെ നിലനിൽക്കുന്നു.

तो जेउती वास पाहे । आवडीं देवो तेउता राहे ।
मग पाहे अथवा न पाहे । तरी देवोचि स्वयें स्वभावें दिसे ॥ ४५० ॥

ഈ ഭക്തൻ എങ്ങോട്ടു നോക്കിയാലും ഭഗവാൻ അവിടെ സന്തോഷത്തോടെ നിൽക്കുന്നു. അതുകൊണ്ട്, ഇദ്ദേഹം ഭഗവാനെ നോക്കിയാലും ഇല്ലെങ്കിലും, സ്വാഭാവികമായി ഭഗവാൻ മാത്രമേ കാണപ്പെടുന്നുള്ളു.

तयासी चालतां मार्गें । तो मार्गु होइजे श्रीरंगें ।
तो देवाचिया दोंदावरी वेगें । चाले सर्वांगें डुल्लत ॥ ४५१ ॥

ഈ ഭക്തൻ ഏതു മാർഗത്തിലൂടെ സഞ്ചരിച്ചാലും അത് `ശ്രീരംഗൻ' ആകുന്നു. അതായത്, ഇദ്ദേഹം ഭഗവാന്റെ ഉദരത്തിലൂടെ സന്തോഷമായി സഞ്ചരിക്കുന്നു.

जें जें कर्म स्वाभाविक । तें तें ब्रह्मार्पण अहेतुक ।
या नांव भजन निर्दोख । 'भागवतधर्म' देख या नांव ॥ ४५२ ॥

അദ്ദേഹം വിഹിത കർമ്മങ്ങളെ ഫലേച്ഛകൂടാതേയും ഈശ്വരാർപ്പിത ഭാവത്തിലും ചെയ്യുന്നു. ഇതിന്റെ പേരാണ് നിർദോഷ ഭജനം, ഇത് തന്നെയാകുന്നു ശുദ്ധമായ ഭാഗവത ധർമ്മം.

स्वाभाविक जे वर्तन । तें सहजें होय ब्रह्मार्पण ।
या नांव शुद्ध आराधन । भागवतधर्म पूर्ण जाण राया ॥ ४५३ ॥

സ്വാഭാവികമായും ചെയ്യുന്ന പ്രവർത്തികൾ തീർച്ചയായിട്ടും ഈശ്വരാർപ്പിതമായി ഭവിക്കുന്നു. ഇതിനു പേരാണ് ശുദ്ധ ആരാധന. ഹേ ജനക രാജാവേ, പൂർണ്ണമായുള്ള ഭാഗവത ധർമ്മം ഇതുതന്നെ എന്നറിഞ്ഞാലും.

यापरी भगवद्‌भजनपथा । भय नाहीं गा सर्वथा ।
'अभय' पुशिलें नृपनाथा । तें जाण तत्त्वतां भजनें होय ॥ ४५४ ॥

അത്തരമൊരു ഭക്തിമാർഗ്ഗത്തിൽ ഭയമില്ല. ഹേ രാജാവേ, "അഭയത്തെ"ക്കുറിച്ച് അങ്ങ് ചോദിച്ചു. അത് തീർച്ചയായും ഈ വിധത്തിലുള്ള ഭജനത്തിലൂടെ നേടാനാകും.

येथें भयाचें कारण । राया तूं म्हणशील कोण ।
तेंही सांगों सावधान । ऐक श्रवणसौभाग्यनिधी ॥ ४५५ ॥

ഹേ രാജാവെ, ഭയത്തിന്റെ കാരണം എന്തെന്നു അവിടുന്ന് ചോദിക്കുകയാണെങ്കിൽ, അതും ഞാൻ പറയാം, കേൾക്കുക. അല്ലയോ ശ്രവണസൗഭാഗ്യനിധിയെ, ശ്രദ്ധിച്ചുകേട്ടാലും.

അവിദ്യമാനോഽപ്യവഭാതി ഹി ദ്വയോ
ധ്യാതുർധിയാ സ്വപ്ന മനോരഥൌ യഥാ
തത്കർമ്മസങ്കല്പവികല്പകം മനോ
ബുധോ നിരുന്ധ്യാദഭയം തതഃ സ്യാത്. 38

രണ്ടെന്നത് ഇല്ലാത്തതാണെങ്കിലും, ധ്യാനിക്കുന്നവന്റെ സങ്കല്പ ശക്തിയാൽ സ്വപ്നവും മനോരഥവും പോലെ ഉള്ളതുപോലെ പ്രകാശിക്കുന്നു. അതുകൊണ്ട്, കർമ്മങ്ങളെ സങ്കല്പിക്കുകയും വികല്പിക്കുകയും ചെയ്യുന്ന മനസ്സിനെ ബുദ്ധിയുള്ളവൻ നിരോധിക്കണം. അങ്ങനെ ചെയ്താൽ ഭയമില്ലായ്മ ഭവിക്കും.

आतां पूर्णत्वें सर्वत्र एक । तेथ जो म्हणे मी वेगळा देख ।
तेंचि अज्ञान भयजनक । दुःखदायक अतिद्वंद्वें ॥ ४५६ ॥

ഏകവും പൂർണ്ണവുമായ ആത്മാവിൽനിന്നും `ഞാൻ ഭിന്നനാണ്' എന്ന് കരുതുന്നതുതന്നെ ഭയജനകമായ അജ്ഞാനം ആണ്. ഈ ഭേദഭാവന അതീവമായ ദുഃഖത്തിന് കാരണമാകുന്നു.

भयाचें मूळ दृढ अज्ञान । त्याचें निवर्तक मुख्य ज्ञान ।
तेथ कां लागलें भगवद्‌भजन । ऐसा ज्ञानाभिमान पंडितां ॥ ४५७ ॥

`ദൃഢമായ അജ്ഞാനം തന്നെ ഭയത്തിനു കാരണമെങ്കിൽ ജ്ഞാനം തന്നെ അതിനു മറുമരുന്നാകുന്നു. അപ്പോൾ, ഭഗവത്ഭക്തികൊണ്ട് എന്തു പ്രയോജനം?' തങ്ങളുടെ അറിവിൽ അഭിമാനിക്കുന്ന പണ്ഡിതരുടെ വാദമാണിത്.

ऐक राया येचि अर्थी । ज्ञानासी कारण मुख्य भक्ती ।
हा कृतनिश्चयो आमुच्या मतीं । तेही उपपत्ती अवधारीं ॥ ४५८ ॥

ഹേ രാജാവെ, ഞാൻ പറയുന്നതിനെ ശ്രദ്ധിച്ചു കേട്ടാലും - ജ്ഞാനത്തിന്റെ മുഖ്യ കാരണം ഭക്തിയാണ്, ഇതാണ് നമ്മുടെ ദൃഢമായ വിശ്വാസം. ഇതിനുള്ള കാരണവും കേട്ടാലും.

अज्ञानाचें मूळ माया । जे ब्रह्मादिकां न ये आया ।
गुणमयी लागली प्राणियां । जाण ते राया अति दुस्तर ॥ ४५९ ॥

ബ്രഹ്മാവിനു പോലും ജയിക്കാൻ കഴിയാത്ത മായയാണ് അജ്ഞാനത്തിന്റെ മൂല കാരണം. അത് ത്രിഗുണാത്മകമും എല്ലാ ജീവജാലങ്ങളെയും എപ്പോഴും ബന്ധിക്കുന്നതുമാണ്. മായയെ മറി കടക്കുന്നത് വളരെ ബുദ്ധിമുട്ടാണ്.

त्या मायेचें मुख्य लक्षण । स्वस्वरूपाचें आवरण ।

द्वैतांचें जें स्फुरे स्फुरण । “मूळमाया” जाण तिचें नांव ॥ ४६० ॥

സ്വസ്വരൂപത്തിനെ ആവരണം ചെയ്യുന്നതാണ് മായയുടെ മുഖ്യ ലക്ഷണം. ദ്വൈതത്തിന്റെ ആവിർഭാവമാണ് മൂലമായ.

ब्रह्म अद्वयत्वें परिपूर्ण । ते स्वरूपी स्फुरे जें मीपण ।
तेंचि मायेचें जन्मस्थान । निश्चयें जाण नृपनाथा ॥ ४६१ ॥

ബ്രഹ്മം അദ്വൈതത്താൽ പരിപൂർണ്ണമാണ്. ഹേ രാജാവേ, ആ അദ്വൈത രൂപത്തിൽ `ഞാൻ' എന്ന വൃത്തി ഉദിക്കുന്ന സ്ഥലമാണ് മായയുടെ ജന്മസ്ഥാനം.

ते मायेच्या निजपोटीं । भयशोकदुःखांचिया कोटी ।
ब्रह्माशिवादींचे लागे पाठी । इतरांची गोठी ते कोण ॥ ४६२ ॥

മായ ദുഃഖം, വേദന, ദുരിതം എന്നിവയുടെ ഒരു ഭണ്ഡാരമാണ്. ആ മായ ബ്രഹ്മദേവനേയും ശിവനേയും വിടുന്നില്ല, പിന്നെ നമ്മുടെ കാര്യം പറയണമോ?

ते माहामायेची निवृत्ती । करावया दाटुगी भगवद्भक्ती ।
स्वयें श्रीकृष्ण येचि अर्थीं । बोलिला अर्जुनाप्रती गीतेमाजीं ॥ ४६३ ॥

ആ മഹാമായയെ ജയിക്കാൻ ഭഗവത്ഭക്തിക്കു മാത്രമേ സാധിക്കുകയുള്ളു. ഭഗവത് ഗീതയിൽ ശ്രീകൃഷ്ണൻ അർജ്ജുനനോട് ഈ വിഷയത്തെ കുറിച്ച് പറഞ്ഞിട്ടുണ്ട്- `മാമേവ യേ പ്രപദ്യന്തേ മായാമേതാം തരന്തി തേ'.

माया म्हणिजे भगवच्छक्ती । भगवद्भजनें तिची निवृत्ती ।
आन उपाय तेथें न चलती । भक्त सुखें तरती हरिमाया ॥ ४६४ ॥

മായ ഭഗവാന്റെ ശക്തിയാണ്, ആ മായയിൽനിന്നും മോചനം നേടാൻ ഭഗവത് ഭക്തിയാൽ മാത്രമേ സാധിക്കുകയുള്ളു, വേറെ യാതൊരു ഉപായവും ഇല്ല.

हरीची माया हरिभजनें । हरिभक्तीं सुखेंचि तरणें ।
हें निजगुह्य अर्जुनाचेनि कारणें । स्वयें श्रीकृष्णें सांगितलें ॥ ४६५ ॥

ഭഗവാന്റെ ഭക്തർക്ക് മാത്രമേ ഹരിയുടെ മായയെ സുഖമായിട്ടു തരണം ചെയ്യാൻ സാധിക്കുകയുള്ളു. പരമമായ ഈ രഹസ്യത്തിനെ ശ്രീകൃഷ്ണൻ അർജ്ജുനന് വെളിപ്പെടുത്തി.

मायेचि हेचि निजपुष्टी । स्वरूपीं विमुख करी दृष्टी ।
द्वैतभावें अत्यंत लाठी । भ्रमाची त्रिपुटी वाढवी सदा ॥ ४६६ ॥

മായ നമ്മളെ സ്വസ്വരൂപവിമുഖരാക്കി, ദ്വൈതഭാവത്തിനെ പ്രബലമാക്കി, ഭ്രമഫലമായ ത്രിപുടിയെ (ദൃശ്യം, ദൃക്ക്, ദ്രഷ്ടാവ്) ദൃഢമാക്കുന്നു. ഈ വിധമാണ് മായ സമ്പുഷ്ടമാകുന്നത്.

भयाचें जनक द्वैतभान । द्वैतजनक माया जाण ।
मायानिवर्तक ब्रह्मज्ञान । हें संत सज्ञान बोलती ॥ ४६७ ॥

ഭയത്തിന്റെ ജനയിതാവ് ദ്വൈതഭാവമാകുന്നു, ദ്വൈതഭാവത്തിനെ സൃഷ്ടിക്കുന്നത് മായയാണ്. ബ്രഹ്മജ്ഞാനം മായയെ നശിപ്പിക്കുന്നു. ജ്ഞാനികളായ സജ്ജനങ്ങളുടെ ഉപദേശം ഇതാണ്.

ऐसें श्रेष्ठ जें ब्रह्मज्ञान । तें भक्तीचें पोसणें जाण ।
न करितां भगवद्भजन । ब्रह्मज्ञान कदा नुपजे ॥ ४६८ ॥

പക്ഷെ ഈ ബ്രഹ്മജ്ഞാനം ഭക്തിയുടെ വളർത്തുപുത്രനാണെന്നറിഞ്ഞാലും. അതുകൊണ്ട്, ഭക്തിയില്ലെങ്കിൽ ബ്രഹ്മജ്ഞാനവുമില്ല.

जरी जाहले वेदशास्त्रसंपन्न । तिहीं न करितां भगवद्भजन ।
मायानिवर्तक ब्रह्मज्ञान । तयांसीही जाण कदा नुपजे ॥ ४६९ ॥

വേദങ്ങളിലും ശാസ്ത്രങ്ങളിലും നല്ല അറിവുള്ളവനാണെങ്കിലും, ഭഗവത് ഭജനം ചെയ്തില്ലെങ്കിൽ മായയെ പരാജയപ്പെടുത്താൻ കഴിയുന്ന ബ്രഹ്മജ്ഞാനം അവന് ഒരിക്കലും ലഭിക്കില്ല.

शब्दज्ञानाची व्युत्पत्ती । दाटुगी होय लौकिक स्थिती ।
मायानिवर्तक ज्ञानप्राप्ती । न करितां हरिभक्ती कदा नुपजे ॥ ४७० ॥

ബ്രഹ്മത്തിനെ കുറിക്കുന്ന ശബ്ദജ്ഞാനം (അനുഭവജ്ഞാനമില്ലാതെ കേവലം ശബ്ദങ്ങൾകൊണ്ടുള്ള അറിവ് മാത്രം) ലൗകീകമായ നേട്ടങ്ങൾ തരുമായിരിക്കാം, എന്നാൽ മായയെ ഇല്ലാതാക്കുന്ന ജ്ഞാനം ഹരിഭക്തിയില്ലാതെ ഒരിക്കലും നേടാനാവില്ല.

हरिगुणांची रसाळ कहाणी । ते ब्रह्मज्ञानाची निजजननी ।
हरिनामाचेनि गर्जनीं । जीव घेऊनि माया पळे ॥ ४७१ ॥

രസഭരിതമായ ഹരികഥയാണ് ആത്മജ്ഞാനത്തിന്റെ വാസ്തവമായ ജനനി. ഹരിനാമഘോഷം കേൾക്കുന്നമാത്രത്തിൽ മായ നമ്മുടെ ജീവിതത്തിൽ നിന്ന് ഓടിപ്പോകുന്നു.

माया पळतां पळों न लाहे । हरिनामधाकें विरोनि जाये ।
यालागीं हरिमाया पाहें । बाधूं न लाहे हरिभक्तां ॥ ४७२ ॥

മായ ഓടാൻ തുടങ്ങുന്നു എങ്കിലും ഓടാൻ സാധിക്കില്ല, കാരണം ഹരിനാമഘോഷം ചെയ്യുന്ന ക്ഷണത്തിൽ തന്നെ മായയുടെ പ്രഭാവം കുറയുകയും അവിടെത്തന്നെ മരിക്കുകയുംചെയ്യുന്നു.അതുകൊണ്ട്, ഹരിയാൽ സൃഷ്ടിക്കപ്പെട്ട മായക്ക് ഹരിഭക്തരെ ബന്ധിക്കാൻ സാധിക്കുകയില്ല.

नामाची परम दुर्धर गती । माया साहों न शके निजभक्ती ।
हरिभक्त माया सुखें तरती । यालागीं श्रीपती बोलिला स्वयें ॥ ४७३ ॥

ഹരിനാമത്തിന്റെ ശക്തി അതുല്യമാണ്, അതിൻടെ മുമ്പിൽ മായയ്ക്ക് ഒരു ശക്തിയുമില്ല, അതിനാൽ ഹരിഭക്തർ സുഖമായിട്ട് മായയെ മറികടക്കുന്നു, ഇത് ശ്രീപതിയായ ഭഗവാന്റെ വാഗ്ദാനമാണ്.

सायुज्याच्या चारी मुक्ती । अंकीं वाढवी भगवद्‌भक्ती ।
ते न करितां अनन्यगती । शास्त्रज्ञां मुक्ती न घडे कदा ॥ ४७४ ॥

ദൈവഭക്തി നാലുവിധ മുക്തികളെ (സാലോക്യം, സാരൂപ്യം, സാമീപ്യം, സായൂജ്യം) മടിയിൽ ലാളിച്ചു വളർത്തുന്നു. പണ്ഡിതന്മാരോ ശാസ്ത്രജ്ഞരോ ആയിക്കോട്ടെ, അനന്യഭാവത്തിൽ ഭക്തി ചെയ്തില്ലെങ്കിൽ അവർക്കൊരിക്കലും മുക്തിനേടാനാവില്ല.

हरिभजनीं जे विमुख । त्यांसी सदा द्वैत सन्मुख ।
महाभयेंसीं दुःखदायक । प्रपंचु देख दृढ वाढे ॥ ४७५ ॥

ഹരിഭജനവിൻമുഖന്മാർക്ക് ദ്വൈതം എപ്പോഴും മുഖാമുഖം നിന്നുകൊണ്ടേയിരിക്കും. ഇവരുടെ മുമ്പിൽ മഹാഭയവും ദുഖവും തരുന്ന പ്രപഞ്ചം വർദ്ധിച്ചുകൊണ്ടേയിരിക്കും.

जेवीं एकाएकीं दिग्भ्रमु पडे । तो पूर्ण म्हणे पश्चिमेकडे ।
तैसी वस्तुविमुखें वाढे । अतिगाढें मिथ्या द्वैत ॥ ४७६ ॥

ദിശകളെക്കുറിച്ച് ആശയക്കുഴപ്പത്തിലായ ഒരാൾ പടിഞ്ഞാറ് കിഴക്കാണെന്ന് കരുതുന്നതുപോലെ, മനുഷ്യൻ പരമമായ ബ്രഹ്മത്തിൽ

നിന്ന് അകന്നുപോകുമ്പോൾ, മിഥ്യയായ ദ്വൈതം വേഗത്തിൽ വളരുന്നു.

**द्वैताचिये भेदविहिरे । सुटती संकल्पविकल्पांचे झरे ।
तेथ जन्ममरणांचेनि पूरें । बुडे एकसरे ब्रह्मांडगोळ ॥ ४७७ ॥**

ദ്വൈതമാകുന്ന കിണറ്റിൽ നിന്നും സങ്കല്പ വികല്പങ്ങളാകുന്ന ഉറവകൾ പൊട്ടിപ്പുറപ്പെടുകയും, പ്രപഞ്ചം മുഴുവൻ ജനനമരണങ്ങളുടെ പ്രളയത്തിൽ മുങ്ങുകയും ചെയ്യുന്നു.

**जन्ममरणांचिया वोढी । नाना दुःखांचिया कोडी ।
अभक्त सोशिती सांकडीं । हरिभक्तांतें वोढी स्वप्नींही न लगे ॥ ४७८ ॥**

അഭക്തന്മാരെ ജനന മരണം ആകർഷിക്കുന്നതുകൊണ്ട് അവർ നാനാവിധ ദുഖങ്ങളെ നേരിടുന്നു. ഹരിഭക്തൻന്മാർക്കു സ്വപ്നത്തിൽ പോലും ജനന മരണത്തിന്റെ ആകർഷണം ഉണ്ടാകുന്നില്ല.

**भक्तीचें अगाध महिमान । तेथें रिघेना भवबंधन ।
तें करावया भगवद्भजन । सद्गुरुचरण सेवावे ॥ ४७९ ॥**

ഭക്തിയുടെ മഹത്വം അഗാധമാണ്; ഭവബന്ധനം അതിൽ പ്രവേശിക്കുന്നില്ല. അത്തരം ഭക്തി കൈവരിക്കാൻ, ഒരാൾ ഒരു സദ്ഗുരുവിന്റെ പാദങ്ങളെ സേവിക്കണം.

**निजशिष्याची मरणचिंता । स्वयें निवारी जो वस्तुतां ।
तोचि सद्गुरु तत्त्वतां । येर ते गुरुता मंत्रतंत्रोपदेशें ॥ ४८० ॥**

ആരാണോ ശിഷ്യനില്ലിന്ന് മരണഭയത്തിനെ നീക്കുന്നത്, അദ്ദേഹമാണ് യഥാർത്ഥ സദ്ഗുരു. ഇതല്ലാതെ ബാക്കിയുള്ള ആചാര്യൻമാർ ജനങ്ങൾക്ക് കേവലം മന്ത്രതന്ത്രോപദേശങ്ങൾ മാത്രമേ ചെയ്യുന്നുള്ളു.

**मंत्रतंत्र उपदेशिते । घरोघरीं गुरु आहेत आइते ।
जो शिष्यासी मेळवी सद्वस्तूतें । सद्गुरु त्यांते श्रीकृष्ण मानी ॥ ४८१ ॥**

മന്ത്ര തന്ത്രങ്ങൾ ഉപദേശിക്കുന്ന ഗുരുജനങ്ങളെ വീടുകൾതോറും കാണാൻ സാധിക്കും,എന്നാൽ, ആരാണോ ശിഷ്യന് സത് വസ്തുവിനെ കൊടുക്കുന്നത്, അവരെ സദ്ഗുരുവെന്നു ശ്രീകൃഷ്ണഭഗവാൻ മാനിക്കുന്നു.

**गुरु देवो गुरु माता पिता । गुरु आत्मा ईश्वर वस्तुतां ।
गुरु परमात्मा सर्वथा । गुरु तत्त्वतां परब्रह्म ॥ ४८२ ॥**

ഗുരു ദേവനാണ്, മാതാവും പിതാവും ആണ്, ഗുരു ആത്മാവാണ്, ഗുരു ഈശ്വരനുമാണ്. എല്ലാവിധത്തിലും ഗുരു പരമാത്മാവുതന്നെയാകുന്നു. ഗുരുതത്വം പരബ്രഹ്മം തന്നെയാകുന്നു.

गुरूचे उपमेसमान । पाहतां जगीं न दिसे आन ।
अगाध गुरूचे महिमान । तो भाग्येंवीण भेटेना ॥ ४८३ ॥

ഗുരുവിനു തുല്യമായി ഈ ലോകത്ത് ഉപമിക്കാൻ കഴിയുന്നതായിട്ടു മറ്റൊന്നുമില്ല. ഗുരുവിന്റെ മഹത്വം അളക്കാനാവാത്തതാണ്. ഭാഗ്യമില്ലാത്ത ഒരാൾക്ക് അദ്ദേഹത്തെ കണ്ടുമുട്ടാൻ കഴിയില്ല.

निष्काम पुण्याचिया कोडी । अगाध वैराग्य जोडे जोडी ।
नित्यानित्यविवेकआवडी । तैं पाविजे रोकडी सद्‌गुरुकृपा ॥ ४८४ ॥

കോടിക്കണക്കിനു നിഷ്കാമബുദ്ധിയോടെ ചെയ്ത പ്രവർത്തികളുടെ പുണ്യഫലവും അസീമമായ വൈരാഗ്യവും നിത്യാനിത്യവിവേകത്തിനോടുള്ള ഇഷ്ടവും ചേരുമ്പോൾ മാത്രമേ ഗുരുകൃപ പ്രാപ്തമാകുന്നുള്ളു.

सद्‌गुरुकृपा हातीं चढे । तेथें भक्तीचें भांडार उघडे ।
तेव्हां कळिकाळ पळे पुढें । कायसें बापुडें भवभय ॥ ४८५ ॥

സദ്ഗുരുവിന്റെ കൃപ ലഭിച്ച ഭക്തന്റെ മുമ്പിൽ ഭക്തിയുടെ ഭണ്ഡാരം തുറക്കപ്പെടുന്നു. അങ്ങനെയൊരു വ്യക്തിയിൽ നിന്നും കലികാലം തന്നെ ഓടി പോകുമ്പോൾ, സംസാരഭയത്തിന് എന്ത് ചെയ്യാൻ കഴിയും?

गुरूतें म्हणो मातापिता । ते एकजन्मीं सर्वथा ।
हा सनातन तत्त्वतां । जाण पा वस्तुतां मायबापु ॥ ४८६ ॥

ഗുരുവിനെ മാതാപിതാക്കളായിട്ടു കൂടി കരുതാൻ കഴിയില്ല, കാരണം മാതാപിതാക്കളുടെ സഹവാസം ഒരു ജീവിതകാലം മാത്രമേ നീണ്ടുനിൽക്കുന്നുള്ളു, പക്ഷേ ഗുരു എല്ലാ ജന്മങ്ങളിലും നമുക്ക് രക്ഷിതാവായിട്ടുണ്ട്.

अधोद्वारें उपजविता । ते लौकिकीं मातापिता ।
अधोद्वारा आतळों नेदिता । तो सद्‌गुरु पिता सत्यत्वें शिष्यां ॥ ४८७ ॥

ലൗകിക ദൃഷ്ടിയിൽ അധോമുഖമായിട്ടു ജന്മം നൽകുന്നവരാണ് മാതാ പിതാക്കൾ, എന്നാൽ അധോദ്വാരത്തിനെ ഇനി സ്പർശിക്കാൻ പോലും

അനുവദിക്കാത്ത ഗുരുവാണ് വാസ്തവമായ അർത്ഥത്തിൽ നമ്മുടെ രക്ഷിതാവാകുന്നത്.

गुरूतें म्हणों कुळदेवता । तिची कुळकर्मींच पूज्यता ।
हा सर्व कामीं अकर्ता । पूज्य सर्वथा सर्वार्थी ॥ ४८८ ॥

ഗുരു നമ്മുടെ കുലദേവതയാണെന്ന് പറഞ്ഞാൽ, വീട്ടിലെ ഏതെങ്കിലും കുടുംബ ഉത്സവത്തിന്റെ സമയത്ത് മാത്രമേ ആ ദേവതയെ ആരാധിക്കേണ്ടതുള്ളൂ, എന്നാൽ ഗുരു എല്ലാ കർമ്മങ്ങൾക്കും അതീതനും കർമ്മമില്ലാത്തവനുമായതിനാൽ, എല്ലായ്പ്പോഴും പൂജനീയനാണ്.

गुरु म्हणो देवासमान । तंव देवांसी याचेनि देवपण ।
मग त्या सद्‌गुरूसमान । देवही जाण तुकेना ॥ ४८९ ॥

ഗുരു ഒരു ദൈവത്തെപ്പോലെയാണെന്ന് പറഞ്ഞാൽ, ഗുരുവിന്റെ കൃപകൊണ്ടാണ് ദൈവങ്ങളെ ദൈവമായിട്ട് കാണാൻ സാധിക്കുന്നത്. അതിനാൽ ഗുരുവിനെ ദൈവവുമായി താരതമ്യം ചെയ്യാൻ കഴിയില്ല.

गुरु ब्रह्म दोनी समान । हेही उपमा किंचित न्यून ।
गुरुवाक्ये ब्रह्मा ब्रह्मपण । तें सद्‌गुरुसमान अद्वयत्वें ॥ ४९० ॥

ഗുരുവും ബ്രഹ്മവും ഒരുപോലെ എന്നുള്ള ഉപമ തെറ്റാണ്. കാരണം, ബ്രഹ്മത്തിന്റെ ബ്രഹ്മത്വം ഗുരു വാക്യത്തിൽ അടങ്ങിയിരിക്കുന്നു. അങ്ങനെയിരിക്കെ, ഇവ രണ്ടാണെന്നും ഒന്നിനെ മറ്റൊന്നായിട്ടു ഉപമിക്കാനും എങ്ങനെ സാധിക്കും? ഒന്നായ ഈ തത്വത്തിനെ രണ്ടായി കാണിച്ച് താരതമ്യപ്പെടുത്തുന്നത് തെറ്റാണ്.

यालागी अगाध गुरुगरिमा । उपमा नाहीं निरुपमा ।
ब्रह्मीं-ब्रह्मत्व-प्रमाण-प्रमा । हे वाक्यमहिमा गुरूची ॥ ४९१ ॥

അതുകൊണ്ട് ഗുരുവിന്റെ മഹിമ അഗാധവും ഉപമയില്ലാത്തതുമാണ്. ബ്രഹ്മത്തിനെത്തന്നെ നാം എങ്ങനെ മനസ്സിലാക്കുന്നു? ബ്രഹ്മത്വത്തിന്റെ പ്രമാണവും നമ്മൾ ഗുരു വാക്യത്തിലൂടെയാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് ആ വാക്മഹിമയും സദ്ഗുരുവിന്റേതാണ്.

ब्रह्म सर्वांचे प्रकाशक । सद्‌गुरु तयाचाही प्रकाशक ।
एवं गुरूहूनि अधिक । नाहीं आणिक पूज्यत्वें ॥ ४९२ ॥

ബ്രഹ്മത്തിന്റെ പ്രകാശത്തിലാണ് നാം എല്ലാം കാണുന്നത്. എന്നാൽ സദ്ഗുരു ബ്രഹ്മത്തിന്റെയും പ്രകാശകനാണ്. അതുകൊണ്ടു

ഗുരുവിനേക്കാൾ പൂജനീയം മറ്റൊന്നും തന്നെയില്ല.

यालागीं गुरूतें मनुष्यबुद्धीं । पाहों नये गा त्रिशुद्धी ।
ऐशिये भावार्थबुद्धी । सहजें चित्तशुद्धी सच्छिष्यां ॥ ४९३ ॥

അതുകൊണ്ട് ഹേ രാജാവേ, ഒരു സദ്ഗുരുവിനെ ഒരിക്കലും മനുഷ്യ ഭാവത്തിൽ വീക്ഷിക്കരുത്. പാവനമായ ഒരു ആരാധനാഭാവം ബുദ്ധിയിൽ ഉണ്ടെങ്കിൽ ഒരു നല്ല ശിഷ്യൻ സ്വാഭാവികമായും ചിത്തശുദ്ധി കൈവരിക്കുന്നു.

ज्यांचा गुरुचरणीं निःसीम भावो । त्यांचा मनोरथ पुरवी देवो ।
गुरुआज्ञा देवो पाळी पहा हो । गुरुवाक्यें स्वयमेवो जड मूढ तारी ॥ ४९४ ॥

ഇങ്ങനെയാരാണോ ഗുരുചരണത്തിൽ നിസ്സീമമായ ഭക്തി വെക്കുന്നത്, അവരുടെ കാമനകളെ ഭഗവാൻ നിറവേറ്റുന്നു, കാരണം ദൈവം പോലും സദ്ഗുരുവിന്റെ ആജ്ഞകൾ അനുസരിക്കുന്നു. ഗുരുവിന്റെ നിർദ്ദേശപ്രകാരം, ഭഗവാൻ ജട വസ്തുക്കളെയും, മന്ദബുദ്ധികളെയും പോലും മോചിപ്പിക്കുന്നു.

ब्रह्मभावें जे गुरुसेवक । देवो त्यांचा आज्ञाधारक ।
त्यांसी नित्य पुरवी निजात्मसुख । हे गुरुमर्यादा देख नुल्लुंघी देवो ॥ ४९५ ॥

ബ്രഹ്മഭാവത്തോടെ ഗുരുവിനെ സേവിക്കുന്നവരുടെ ആജ്ഞകൾ ദൈവം പോലും അനുസരിക്കുന്നു. ഭഗവാൻ ഈ ഭക്തരിൽ എപ്പോഴും സ്വരൂപാനന്ദത്തിന്റെ സുഖം നല്കിക്കൊണ്ടേയിരിക്കുന്നു. അതുകൊണ്ട്, ദൈവം ഗുരുവിന്റെ ആഗ്രഹങ്ങളെ ഒരിക്കലും ലംഘിക്കുന്നില്ല.

देवो गुरुआज्ञा स्वयें मानी । तंव गुरु देवासी पूज्यत्व आणी ।
एवं उभयतां अभिन्नपणीं । भावार्थियांलागोनी तारक ॥ ४९६ ॥

ഗുരുവിന്റെ ആജ്ഞകൾ ഭഗവാൻ തന്നെ അനുസരിക്കുന്നു, ഗുരു തന്നെയാണ് ഭഗവാന് മഹത്വം പ്രദാനം ചെയ്യുന്നത്. അതിനാൽ, ഇവ രണ്ടുപേരും അഭിന്നഭാവത്തിൽ ഭാവുകന്മാരായ ഭക്തരുടെ മുക്തിദാതാക്കളാകുന്നു.

सद्भावो नाहीं अभ्यंतरीं । बाह्य भक्ति भावेंचि करी ।
ते भावानुसारें संसारीं । नानापरी स्वयें ठकती ॥ ४९७ ॥

മനസ്സിൽ സദ്ഭാവമില്ലാതെ പുറമെ ഭക്തിയെ കാട്ടികൂട്ടുന്നവർ അവരുടെ

കർമ്മത്തിനനുസരിച്ച് സംസാര സാഗരത്തിൽ മുങ്ങുകയും പൊങ്ങുകയും ചെയ്ത് ഒരുപാട് ദുരിതങ്ങൾ അനുഭവിക്കുന്നു.

ठकले ते मनुष्यगती । ठकले ते निःस्वार्थी ।
ठकले ते ब्रह्मप्राप्ती । दंभें हरिभक्ती कदा नुपजे ॥ ४९८ ॥

അവർ മനുഷ്യത്വമില്ലാത്ത ജീവിത നിലവാരത്തിലേക്ക് താഴുന്നു. അവർക്ക് ആത്മാവ് നഷ്ടപ്പെടുന്നു, ബ്രഹ്മത്തെ സാക്ഷാത്കരിക്കാനുള്ള മഹത്തായ അവസരം അവർക്ക് നഷ്ടപ്പെടുന്നു. ദംഭമുള്ളവരിൽ ഒരിക്കലും ഹരിഭക്തി ഉദിക്കില്ല.

येथ भावेंवीण तत्त्वतां । परमार्थु न ये हाता ।
सकळ साधनांचे माथां । जाण तत्त्वतां सद्भावो ॥ ४९९ ॥

ഭാവ ശുദ്ധിയില്ലെങ്കിൽ ഒരിക്കലും പരമാത്മതത്വം സിദ്ധിക്കുകയില്ല. സദ്ഭാവനയാണ് എല്ലാ സാധനകളിൽ വെച്ച് ഏറ്റവും ഉയർന്ന സാധന.

कोरडिये खांबीं धरितां सद्भावो । तेथेंचि प्रगटे देवाधिदेवो ।
मा सद्गुरु तंव तो पहा वो । स्वयें स्वयमेवो परब्रह्म ॥ ५०० ॥

(ഭക്ത പ്രഹ്ളാദൻ) വെറും നിർജ്ജീവമായ ഒരു തൂണിൽ സദ്ഭാവം വെച്ചപ്പോൾ അതിൽ ഭഗവാൻ അവതരിച്ചു. ഇവിടെ, സദ്ഗുരു സ്വയം മനുഷ്യരൂപത്തിൽ നമ്മുടെ കൂടെ ഉണ്ട്.

यालागी गुरुभजनापरता । भजावया मार्गु नाही आयता ।
ज्ञान-भक्ति जे तत्त्वतां । ते जाण सर्वथा सद्गुरुभक्ति ॥ ५०१ ॥

അതുകൊണ്ട്, ഗുരു ഭജനം പോലെ സരളമായൊരു മാർഗ്ഗം വേറെയില്ല. ജ്ഞാനമിശ്രിതമായ ഭക്തി എന്നുവെച്ചാൽ അത് ഗുരു ഭക്തിയല്ലാതെ മറ്റൊന്നുമല്ല.

गुरुहूनि श्रेष्ठ ब्रह्म । म्हणतां गुरुत्वा आला कनिष्ठ धर्म ।
ऐसा भाव धरितां विषम । ब्रह्मसाम्य शिष्यां नुपजे ॥ ५०२ ॥

ബ്രഹ്മം ഗുരുവിനേക്കാൾ ശ്രേഷ്ഠമാണെന്ന് പറയുന്നത് ഗുരുത്വത്തിന്റെ മഹത്വത്തെ കുറയ്ക്കുന്നു. അത്തരമൊരു കുറുകിയ ചിന്ത ശിഷ്യനിൽ ബ്രഹ്മനിഷ്ഠ ഉണ്ടാവാൻ തടസ്സമാകുന്നു.

आम्हां सद्गुरु तोचि परब्रह्म । ऐसा नित्य निजभाव सप्रेम ।
हेचि गुरुसेवा उत्तमोत्तम । शिष्य परब्रह्म स्वयें होये ॥ ५०३ ॥

`ഗുരു തന്നെ എനിക്ക് പരബ്രഹ്മം' ഇങ്ങനെ പ്രേമത്തോടെയുള്ള ഗുരു ഭക്തി തന്നെ ഉത്തമ ഗുരുസേവ. ഉത്തമമായ ഗുരു സേവ കൊണ്ട് ശിഷ്യനും പരബ്രഹ്മപദവി പ്രാപിക്കുന്നു.

ऐशिये गुरुसेवेआंत । प्रह्लाद झाला द्वंद्वातीत ।
नारद स्वानंदें गात नाचत । ब्रह्मसाम्यें विचरत सुरासुरस्थानें ॥ ५०४ ॥

ഇത്തരത്തിലുള്ള ഗുരുസേവകൊണ്ടാണ് പ്രഹ്ളാദൻ ദ്വന്ദ്വാതീതനായത്. നാരദമുനി സ്വാനന്ദത്തിൽ പാടിയും ആടിയും സുരാസുരന്മാർക്കിടയിൽ സ്വതന്ത്രമായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

ऐसीचि गुरुसेवा करितां । चुकली अंबरीषाची गर्भव्यथा ।
ते गर्भ जाहला देवोचि साहता । भक्ता भवव्यथा बाधों नेदी ॥ ५०५ ॥

ഇത്തരത്തിലുള്ളൊരു ഗുരുസേവ ചെയ്തതുകൊണ്ടാണ് അംബരീശന്റെ ഗർഭവ്യഥ സമാപ്തമായത്. ആ ഗർഭവ്യഥയെ ഭഗവാൻ സ്വയം വഹിച്ചു. തന്റെ ഭക്തന് ഭഗവാൻ സംസാരവ്യഥ കൊടുത്തില്ല.

(കുറിപ്പ് - ദ്വാദശി ദിനത്തിൽ അതിഥിയായെത്തിയ ദുർവ്വാസാ മുനിയെ കാത്തുനിൽക്കാതെ ദ്വാദശി പാരണ ചെയ്യാൻ തുളസീജലം സേവിച്ച അംബരീശരാജാവിനോട് കോപിച്ച് "നിനക്കിനി പത്തുജന്മം ഗർഭവാസം ഉണ്ടാകട്ടെ" എന്ന് ദുർവ്വാസാ മുനി ശപിച്ചു. ഈ ശാപം ഭക്തനെ ബാധിക്കാതെയിരിക്കാൻ ഭഗവാൻ അത് തന്റെമേൽ സ്വയം വഹിച്ചു. അങ്ങനെയാണ് ഭഗവാൻ ദശാവതാരം എടുത്തത് എന്നത് ഒരു പ്രസിദ്ധമായ വാരക്കരി വിശ്വാസമാണ്.)

ऐशिया अभिन्न भावना । सुबुद्धी भजती गुरुचरणां ।
ते पढियंते जनार्दना । त्यांसी भवभावना शिवों नेदी ॥ ५०६ ॥

ഇങ്ങനെയൊരു അഭിന്ന ഭാവനയോടെ ഏതു സദ്ബുദ്ധിമാനാണോ ഗുരുചരണങ്ങളെ ഭജിക്കുന്നത് അദ്ദേഹം ജനാർദ്ദനന് പ്രിയനാകുന്നു. ലൗകിക ചിന്തകൾ ഇങ്ങനെയുള്ള ഭക്തരെ സ്പർശിക്കാൻ പോലും ഭഗവാൻ അനുവദിക്കില്ല.

गुरु ब्रह्म दोनी एक । शिष्यही असे तदात्मक ।
जे भेदें मानिती वेगळिक । तेही मायिक कवि सांगे ॥ ५०७ ॥

ഗുരുവും ബ്രഹ്മവും ഒന്നാണ്. അതുപോലെ, ശിഷ്യനും തത്സ്വരൂപം തന്നെയാകുന്നു. ആരാണോ മായയുടെ പിടിയിൽ പെട്ടിരിക്കുന്നത്,

അവർ ഭേദഭാവത്തോടെ ദ്വൈതത്തെ അംഗീകരിക്കുന്നു. കവി എന്ന യോഗി ഇങ്ങനെ അരുളിച്ചെയ്തു.

അവിദ്യമാനോഽപ്യവഭാതി ഹി ദ്വയോ
ധ്യാതുർധിയാ സ്വപ്ന മനോരഥൗ യഥാ
തത്കർമ്മസങ്കല്പവികല്പകം മനോ
ബുധോ നിരുന്ധ്യാദഭയം തതഃ സ്യാത്. 38

രണ്ടെന്നത് ഇല്ലാത്തതാണെങ്കിലും, ധ്യാനിക്കുന്നവന്റെ സങ്കല്പ ശക്തിയാൽ സ്വപ്നവും മനോരഥവും പോലെ ഉള്ളതുപോലെ പ്രകാശിക്കുന്നു. അതുകൊണ്ട്, കർമ്മങ്ങളെ സങ്കല്പിക്കുകയും വികല്പിക്കുകയും ചെയ്യുന്ന മനസ്സിനെ ബുദ്ധിയുള്ളവൻ നിരോധിക്കണം. അങ്ങനെ ചെയ്താൽ ഭയമില്ലായ്മ ഭവിക്കും.

पुरुषासी जो प्रपंचु दिसे । तो नसतांचि मिथ्या आभासे ।
जेवीं कां एकला निद्रावशें । स्वप्नीं निजमानसें जग कल्पी ॥ ५०८ ॥

ഒരു വ്യക്തി ഉറങ്ങുമ്പോൾ സ്വപ്നത്തിൽ ലോകത്തെ സങ്കൽപ്പിക്കുന്നതുപോലെ, ഒരാൾ കാണുന്ന ലോകം മിഥ്യയാണ്. അത് യഥാർത്ഥത്തിൽ ഇല്ല.

असोनि निद्रावश दिसे स्वप्न । जो जागा होवोनि आपण ।
करूं बैसे मनोरथध्यान । तो नसतेंचि जन वन एकत्वीं देखे ॥ ५०९ ॥

ഒരു വ്യക്തി ഉറങ്ങുമ്പോൾ, സ്വപ്നങ്ങൾ കാണുന്നു; ഉണരുമ്പോൾ, തന്റെ ആഗ്രഹങ്ങളെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുന്നു, ജനത്തിനെയും വനത്തിനെയും കാണാൻ തുടങ്ങുന്നു, വാസ്തവത്തിൽ ഇവയൊന്നും ഇലാത്തവയാണ്.

हो कां घालोनि आसन । जो करी मूर्तिचिंतन ।
त्यासी ध्येय-ध्याता-उपचार-ध्यान । नसतेंच जाण कल्पित भासे ॥ ५१० ॥

അഥവാ, ഒരാൾ ആസനത്തിൽ ഇരുന്നുകൊണ്ട് ഒരു മൂർത്തിയെ ധ്യാനിക്കുമ്പോൾ, ധ്യാനിക്കുന്ന തന്നേയും ധ്യേയവസ്തുവായ

മൂർത്തിയേയും ധ്യാനിക്കുക എന്ന പ്രക്രിയയേയും, ചെയ്യുന്ന ഉപചാരങ്ങളേയും ഭിന്നമായി കാണുന്നു. ഇതൊക്കെ കല്പന മാത്രമാകുന്നു.

जेवीं धनलोभ्याचें हारपे धन । परी वासना न सांडी धनधान्य ।
धनातें आठवितां मन । धनलोभें पूर्ण पिसें होये ॥ ५११ ॥

എല്ലാം നഷ്ടപ്പെട്ടിട്ടും ഒരു പിശുക്കൻ തന്റെ പണത്തോട് ആസക്തിയുള്ളവനായിരിക്കുകയും, നഷ്ടപ്പെട്ട സ്വത്തുക്കളെക്കുറിച്ച് ചിന്തിച്ച് അവന്റെ മനസ്സ് പണത്തിനുവേണ്ടി ഭ്രാന്തനാകുകയും ചെയ്യുന്നതുപോലെ.

मन स्वयें जरी नव्हे धन । तरी धनकोश आठवी मन ।
तंव स्मृती वळघे वन । व्यामोहें पूर्ण पिसें होये ॥ ५१२ ॥

മനസ്സ് പണമല്ലെങ്കിലും, തന്റെ (ഇപ്പോൾ നഷ്ടപ്പെട്ടുപോയ) എല്ലാ സമ്പത്തുകളുടെയും ശേഖരത്തെ ഓർക്കുമ്പോൾ അത് അതിന്റെ സ്വരൂപം മറക്കുകയും പണത്തെക്കുറിച്ചുള്ള അഭിനിവേശത്താൽ ബാധിക്കപ്പെടുകയും ചെയ്യുന്നു.

तेवीं व्यामोहाचें पूर्ण भरित । मिथ्या भासे देहादि द्वैत ।
तें अहंभावें मानितां आप्त । भवभय निश्चित आदळे अंगीं ॥ ५१३ ॥

അതുപോലെ, ഒരാൾ ആസക്തിയാൽ പൂർണ്ണമായും ബാധിക്കപ്പെടുമ്പോൾ, അയാൾക്ക് മിഥ്യയായ ശരീരം താനാണെന്ന തോന്നലുണ്ടാകുകയും ദ്വന്ദ്വഭാവം അനുഭവപ്പെടുകയും ചെയ്യുന്നു. അഹങ്കാരം കാരണം അത് സത്യമാണെന്ന് അയാൾ അംഗീകരിക്കുമ്പോൾ, ലോകഭയം ശരീരത്തെ പൂർണ്ണമായും ആക്രമിക്കുന്നു.

भवभयाचे कारण । मनःकल्पना मुख्य जाण ।
त्या मनाचें करावया निरोधन । सद्‌गुरुवचननिजनिष्ठा ॥ ५१४ ॥

ഭയത്തിന്റെ മൂലകാരണം നമ്മുടെ മനസ്സാണെന്ന് ഓർമ്മിക്കുക. ഈ ഭയത്തെ മറികടക്കാൻ, നാം സദ്ഗുരുവചനത്തിനെ അനുസരിക്കുകയും അദ്ദേഹത്തിൽ ഉറച്ച വിശ്വാസം പുലർത്തുകയും വേണം.

हें जाणोनि सच्छिष्य ज्ञाते । गुरुवाक्यें विश्वासयुक्तें ।
विवेकवैराग्याचेनि हातें । निजमनातें आकळिती ॥ ५१५ ॥

ഇത് അറിഞ്ഞുകൊണ്ട്, യഥാർത്ഥ ജ്ഞാനികൾ ഗുരുവിന്റെ വാക്കുകളിൽ വിശ്വാസമർപ്പിച്ച്, വിവേചനശക്തിയുടെയും വൈരാഗ്യത്തിന്റെയും ബലത്താൽ മനസ്സിനെ നിയന്ത്രിക്കുന്നു.

तेचि आकळती हातवटी । संक्षेपें राया सांगेन गोष्टी ।
सद्‌गुरुवाक्य परिपाटी । जे मनातें थापटी निजबोधें ॥ ५१६ ॥

ഹേ രാജാവെ, മനസ്സിനെ അടക്കാൻ ഏറ്റവും എളുപ്പമായ വഴി ഞാൻ പറയാം - സദ്ഗുരുവിന്റെ വാക്യങ്ങൾ സ്മരിച്ചുകൊണ്ടേയിരിക്കണം. അത് നമ്മുടെ മനസ്സിനെ നിരന്തരം ഓർമിപ്പിച്ചുകൊണ്ടേയിരിക്കുന്നു - ഈ മനസ്സ് നിജബോധമായ ആത്മാവാണെന്നും മറ്റൊന്നും അല്ല എന്നും.

चंचळत्वें विषयध्यान । करितां देखे जें जें मन ।
तें तें होय ब्रह्मार्पण । सद्‌गुरुवचननिजनिष्ठा ॥ ५१७ ॥

സദ്ഗുരുവിലും അദ്ദേഹത്തിന്റെ വചനങ്ങളിലും ദൃഢവിശ്വാസം വെക്കുന്നതിനാൽ ചപലത കാരണം വിഷയചിന്തനം ചെയ്യുന്ന മനസ്സ് എന്തു കണ്ടാലും അത് ബ്രഹ്മാർപ്പണം ചെയ്യുന്നു.

धरूनियां विषयस्वार्थु । मनें जो जो घेइजे अर्थु ।
तो तो होय परमार्थु । हा अनुग्रहो समर्थु गुरुकृपेचा ॥ ५१८ ॥

ഗുരുകൃപയുടെ ചമത്കാരത്താൽ മനസ്സിൽ സ്വാർത്ഥബുദ്ധിയോടെ എന്ത് സങ്കല്പിച്ചാലും അത് പരമാർത്ഥരൂപമായി മാറുന്നു.

जो भुईभेणें पळों जाये । तो जेथें पळे तेथें भू ये ।
मग येणेंजाणें स्वयें राहे । ठायीं ठाये पांगुळला ॥ ५१९ ॥

ഭൂമിയെ ഭയന്ന് ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്ന ഒരാൾ ഓടുകയാണെങ്കിൽ, അവൻ പോകുന്നിടത്തെല്ലാം കാലിന്റെ താഴെ ഭൂമിയുണ്ടാകും. ഇത് മനസ്സിലാക്കി, അവൻ ഓടുന്നത് നിർത്തുമ്പോൾ അവന്റെ പോക്കും വരവും താനായി നിലയ്ക്കുന്നു.

तैसें मनासी लाविजे वर्म । जें जें देखे तेंचि ब्रह्म ।
जें जें करूं बैसे कर्म । तेथ पुरुषोत्तम स्वयें प्रगटे ॥ ५२० ॥

ഈ വിധത്തിൽ, മനസ്സിന് ഒരു പരമഗുഹ്യമായ തത്വം കാണിച്ചുകൊടുക്കണം: അത് കാണുന്നതെന്തും ബ്രഹ്മമാണ്. ഇത് ചെയ്യുന്നതിലൂടെ, അത് എന്ത് പ്രവൃത്തി ചെയ്താലും, പുരുഷോത്തമൻ സ്വാഭാവികമായി അവിടെയൊക്കെ പ്രകടമാകും.

एवं इंद्रियवृत्तिउल्लाळे । मोडिले गुरुवाक्यप्रतीतिबळें ।
निजाधिष्ठानमेळें । कळासलें येके वेळे अखंड कुलुप ॥ ५२१ ॥

ഗുരുവാക്യത്തിന്റെ ബലത്തിൽ ഇന്ദ്രിയവൃത്തികൾ നിയന്ത്രിതമാകുന്നു. ഈ വൃത്തികളൊക്കെ ആത്മാവാകുന്ന അധിഷ്ഠാനത്തിൽ അടങ്ങി ബാഹ്യമായ പ്രവൃത്തികൾ നിൽക്കുന്നു.

ऐसें नेमितां बाह्य कर्म । मनाचा मोडे द्वैत भ्रम ।
तंव बाह्य परब्रह्म । पूर्ण चिद्योम कोंदाटे ॥ ५२२ ॥

ബാഹ്യകർമ്മങ്ങൾ നിയന്ത്രിതമായി മനസ്സിലെ ദ്വൈതഭാവം ഇല്ലാതാകുന്നു. അപ്പോൾ പുറമേക്കാണുന്നതൊക്കെയും പരബ്രഹ്മരൂപമായ ചിതാകാശമായി നിറഞ്ഞുനിൽക്കുന്നു.

ऐसें भजनें मन नेमितां स्वयें । न रिघे कल्पांतकाळभये ।
भक्त होऊनियां निर्भयें । विचरती स्वयें निःशंक ॥ ५२३ ॥

ഇങ്ങനെയുള്ള ഈശ്വര ഭജനം കൊണ്ട് മനസ്സിനെ നിയന്ത്രിക്കുമ്പോൾ ആ ഭക്തർക്ക് കല്പാന്തകാലത്തോളം ഭയം ഉണ്ടാവുകയില്ല. അവർ നിർഭയമായി സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു.

हे अगाध निष्ठा परिपूर्ण । भोळ्याभाळ्या न टके जाण ।
यालागी सुगम साधन । सांगेन आन तें ऐक ॥ ५२४ ॥

എന്നാൽ ഈ അപാരമായ നിഷ്ഠ പാമരന്മാർക്ക് നേടാൻ സാധിച്ചു എന്നുവരില്ല, അതിനാൽ മറ്റൊരു ലളിതമായ ഉപായം ഞാൻ നിങ്ങളോട് പറയാം.

ശൃണ്വൻ സുഭദ്രാണി രഥാംഗപാണേഃ
ജന്മാനി കർമ്മാണി ച യാനി ലോകേ
ഗീതാനി നാമാനി തദർത്ഥകാനി
ഗായൻ വിലജ്ജോ വിചരേദസംഗഃ. 39

ചക്രപാണിയായ ഭഗവാന്റെ പുണ്യജനകങ്ങളായും
കേൾക്കുന്നവർക്കു പുരുഷാർത്ഥത്തെ ഉണ്ടാക്കിത്തീർക്കാൻ വേണ്ടി
മാത്രം ഭഗവാനാൽ അനുഷ്ഠിക്കപ്പെട്ടവയും ലോകത്തിൽ

കീർത്തിക്കപ്പെടുന്നതായും ആയ യാതൊരു നാമങ്ങളേയും ജന്മങ്ങളേയും കർമ്മങ്ങളേയും കേൾക്കുകയും കീർത്തിക്കുകയും ചെയ്യുന്നവനും ലജ്ജയില്ലാത്തവനുമായിട്ട് ഒന്നിന്മേലും ആസക്തികൂടാതെ സഞ്ചരിക്കണം.

तरावया भाळेभोळे जन । मुख्य चित्तशुद्धीच कारण ।
जन्मकर्म हरीचे गुण । करावे श्रवण अत्यादरें ॥ ५२५ ॥

പാമര ജനങ്ങൾക്ക് മോക്ഷത്തിനുള്ള മുഖ്യ മാർഗ്ഗം ചിത്തശുദ്ധിയിലൂടെയാണ്. ഹരിയുടെ അവതാരകഥകൾ, കർമ്മങ്ങൾ, ഗുണങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങൾ അതീവ ആദരവോടെ കേൾക്കണം.

चुकल्या पुत्राची शुद्धिवार्ता । जेणें सादरें ऐके माता ।
तेणें सादरें हरिकथा । सार्थकता परिसावी ॥ ५२६ ॥

നഷ്ടപ്പെട്ട പുത്രനെ തിരിച്ചു കിട്ടുന്ന വാർത്ത ഒരമ്മ എത്ര ഉത്കണ്ഠയോടെ കേൾക്കുമോ, അതേ ഭാവത്തോടെ ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്ന ഹരികഥയെ നാം കേൾക്കണം.

हरीचीं जन्मकर्मे अनंत गुण । म्हणाल त्यांचें नव्हेल श्रवण ।
लोकप्रसिद्ध जें जें पुराण । तें श्रद्धा संपूर्ण ऐकावें ॥ ५२७ ॥

ഹരിയുടെ ജന്മ കർമ്മ ഗുണങ്ങൾ എന്നിവ അനന്തമാണ്. ഇതെല്ലാം എവിടെ കേൾക്കുവാൻ കിട്ടും? ഇതിന് ഏക ഉപായം പ്രസിദ്ധമായ ഏതെങ്കിലും പുരാണത്തെ പൂർണ്ണ ഭക്തിയോടെ കേൾക്കുക എന്നതാണ്.

बहु देव बोलिले पुराणीं । तेही लागती ज्याचे चरणीं ।
तो समर्थ चक्रपाणी । जो वेदपुराणीं वंदिजे ॥ ५२८ ॥

പുരാണങ്ങളിൽ നിരവധി ദേവന്മാരെക്കുറിച്ച് പറയപ്പെട്ടിട്ടുണ്ട്. അവയും, വേദങ്ങളും പുരാണങ്ങളും ആരുടെ ചരണങ്ങളെയാണോ വന്ദിക്കുന്നത് ആ ചക്രപാണിയായ ശ്രീകൃഷ്ണൻ തന്നെ സമർത്ഥൻ.

त्याचीं जीं जीं जन्मे अतिअद्भुत । जीं जीं कर्मे परमार्थयुक्त ।
स्वमुखें बोलिला भगवंत । तीं तीं ज्ञानार्थ परिसावीं ॥ ५२९ ॥

ആത്മജ്ഞാനം നേടണമെങ്കിൽ ഭഗവൻ സ്വയം വർണ്ണിച്ചിരിക്കുന്ന അദ്ഭുതമായ ഭഗവാന്റെ അവതാര കഥകളും കർമ്മങ്ങളും ശ്രവണം ചെയ്യണം.

जें जें केलें पुराणश्रवण । तें तें व्यर्थ होय मननेंविण ।
यालागीं श्रवण-मनन । सावधान करावें ॥ ५३० ॥

ശ്രവണം ചെയ്യുന്ന പുരാണകഥകളെ അതോടൊപ്പം മനനം ചെയ്യുന്നതും മുഖ്യമാണ്. മനനമില്ലാതെ ശ്രവണം വ്യർത്ഥമാണ്.

मोले घेतली जे गाये । दुभतें खातां विषय होये ।
तेचि दान देतां लवलाहें । दुभती होये परमामृतें ॥ ५३१ ॥

പണം നൽകി ഒരു പശുവിനെ വാങ്ങി അതിന്റെ പാൽ സ്വയം കുടിച്ചാൽ അത് ഇന്ദ്രിയസുഖമാണ്, എന്നാൽ അതേ പശുവിനെ ദാനം ചെയ്താൽ അത് പരമമായ അമൃതിന്റെ പാൽ അതായത് മോക്ഷം നൽകുന്നു.

तेवीं केले जें श्रवण । तें मननें परम पावन ।
तेंचि उपेक्षितां जाण । परिपाकीं पूर्ण वांझ होये ॥ ५३२ ॥

അതുപോലെ ശ്രവണം പാവനമാകുന്നത് മനനത്തിലൂടെയാണ്. മനനം ചെയ്യുന്നതിനെ ഉപേക്ഷിച്ചാൽ ശ്രവണം തന്നെ നിഷ്ഫലമാകും.

हरिनाम पडतां श्रवणीं । एकां गळोनि जाये वदनीं ।
एकां ये कानींचे ते कानीं । जाय निघोनि हरिनाम ॥ ५३३ ॥

ഹരിനാമം കേൾക്കുമ്പോൾ, ചിലർ അതിനെ ഉച്ചരിക്കുന്നു, എന്നാൽ ചിലർ ആ നാമത്തിനെ ഒരു ചെവിയിലൂടെ കേട്ട് മറ്റേ ചെവിയിലൂടെ പുറത്തേക്കു വിടുന്നു.

हरिनाम पडतां श्रवणीं । ज्याचे रिघे अंतःकरणीं ।
सकळ पापा होवोनि धुणी । हरिचरणीं तो विनटे ॥ ५३४ ॥

പക്ഷെ ആരുടെ അന്തഃകരണത്തിലാണോ ഹരി നാമം പ്രവേശിക്കുന്നത്, ആ ഭക്തന്റെ എല്ലാം പാപങ്ങളും കഴുകിക്കളയപ്പെടുന്നു. ആ ഭക്തൻ ഹരിചരണങ്ങളിൽ ഐക്യം പ്രാപിക്കുന്നു.

यापरी श्रवणीं श्रद्धा । मननयुक्त करितां सदा ।
तैं विकल्प बाधीना कदा । वृत्तिं शुद्धा स्वयें होये ॥ ५३५ ॥

ഈ വിധത്തിൽ ശ്രവണ മനനാദികൾകൊണ്ട് വികല്പത്തിന്‌റെ ബാധ അകന്നുപോകുന്നു, ചിത്തവൃത്തികൾ സ്വയമേവ ശുദ്ധമാകുന്നു.

**ऐसें मननयुक्त श्रवण । करितां वोसंडे हर्ष पूर्ण ।
तेणें हर्षें हरिकिर्तन । करी आपण स्वानंदें ॥ ५३६ ॥**

ഇങ്ങനെ മനനയുക്തമായ ശ്രവണം കൊണ്ട് പൂർണ്ണമായ ആനന്ദം കവിഞ്ഞൊഴുകുന്നു. ആ ഭക്തൻ സ്വാനന്ദത്തിൽ ഹരികീർത്തനം ചെയ്യുന്നു.

**हरिचरित्रें अगाध । ज्ञानमुद्रा-पदबंध ।
कीर्तनीं गातां विशद । परमानंद वोसंडे ॥ ५३७ ॥**

ജ്ഞാനമുദ്ര, പദബന്ധങ്ങൾ പോലെ അലങ്കാരങ്ങളുടേയും ഉപമകളുടേയും പ്രയോഗത്തോടെ ഹരിയുടെ അഗാധമായ ചരിത്രത്തെ ഹരികീർത്തനത്തിന്‌റെ മാധ്യമത്തിലൂടെ ആലപിക്കുമ്പോൾ പരമാനന്ദം നിറഞ്ഞൊഴുകുന്നതായി അനുഭവപ്പെടും.

**वानिती अजन्मयाचीं जन्में । वानिती अकर्मयाचीं कर्में ।
स्मरती अनामियाचीं नामें । अतिसप्रेमें डुल्लत ॥ ५३८ ॥**

ജനനമില്ലാത്തവന്‌റെ ജന്മങ്ങളെ വർണ്ണിക്കുന്നു, കർമ്മങ്ങളില്ലാത്തവന്‌റെ കർമ്മങ്ങളെ അതായത് ലീലകളെ പാടുന്നു, നാമരഹിതനായവന്‌റെ അനേക നാമങ്ങളെ സങ്കീർത്തനം ചെയ്ത് പ്രേമത്തോടെ തലയാട്ടുന്നു.

**साधावया निजकाज । सांडूनि लौकिकाची लाज ।
कीर्तनी नाचती भोज । अतिनिर्लज्ज निःशंक ॥ ५३९ ॥**

തന്‌റെ ആത്യന്തിക ക്ഷേമത്തിനായി ലൗകിക ലജ്ജ മാറ്റിവെച്ച് സന്തോഷത്തോടെ നൃത്തം ചെയ്യുന്നു.

**कीर्तनें निर्दळिले दोष । जप तप ठेले निरास ।
यमलोक पाडिला वोस । तीर्थाची आस निरास जाहली ॥ ५४० ॥**

ഹരികീർത്തനത്തിൽ മഗ്നമാകുമ്പോൾ പാപങ്ങൾ ഓടിപ്പോകുന്നു, ജപവും തപവും ഇനി അനാവശ്യമാകുന്നു, പാതാളം ശൂന്യമാകുന്നു, തീർത്ഥാടനകേന്ദ്രങ്ങൾക്ക് ആളുകൾ അവിടെ (അവരുടെ പാപങ്ങൾ കഴുകിക്കളയാൻ) വരുമെന്നുമുള്ള പ്രതീക്ഷ നഷ്ടപ്പെടുന്നു.

यमनियमां पडती उपवास । मरों टेंकले योगाभ्यास ।
कीर्तनगजरें हृषीकेश । निर्दळी दोष नाममात्रे ॥ ५४१ ॥

യമ നിയമങ്ങൾക്ക് ഉപവാസമാകുന്നു, യോഗാഭ്യാസങ്ങൾക്ക് മരണതുല്യമായ അവസ്ഥയാകുന്നു. കീർത്തനത്തിന്റെ ഘോഷം തുടങ്ങുമ്പോൾത്തന്നെ, പരമാത്മാവായ ഹൃഷികേശന്റെ നാമോച്ചാരണമാത്രത്തിൽ എല്ലാ ദോഷങ്ങളും നഷ്ടമാകുന്നു.

कीर्तनाचा घडघडाट । आनंदु कोंदला उद्‌भट ।
हरुषें डोले वैकुंठपीठ । तेणें सुखें नीलकंठ तांडवनाचें नाचतु ॥ ५४२ ॥

കീർത്തനത്തിന്റെ ആരവത്തിൽ, ആ സ്ഥലം മുഴുവനും ആനന്ദത്താൽ നിറഞ്ഞുനിൽക്കുന്നു. ഭഗവാൻ വിഷ്ണു സന്തോഷത്താൽ തലയാട്ടുവാൻ തുടങ്ങുന്നു, ആ ഭജനാനന്ദത്തിൽ നീലകണ്ഠനായ ശിവഭഗവാൻ താണ്ഡവ നൃത്തം ചെയ്യുന്നു.

यापरी हरिकीर्तन । देत परम समाधान ।
हा भक्ति-राजमार्ग पूर्ण । ये मार्गीं स्वयें रक्षण चक्रपाणी कर्ता ॥ ५४३ ॥

അങ്ങനെ, ഹരികീർത്തനം മനസ്സിന് പരമമായ സമാധാനത്തെ നൽകുന്നു. ഇത് ഭക്തിയുടെ രാജമാർഗ്ഗമാണ്. ഈ പാതയിൽ ചക്രപാണി തന്നെയാണ് നമുക്ക് രക്ഷകനായിട്ടുള്ളത്.

चक्र घेऊनि भक्तांचे ठायीं । म्हणे तुझें कार्य कायी ।
मज जगीं वैरीचि नाहीं । भक्तद्वेषी पाहीं निजशस्त्रें नाशी ॥ ५४४ ॥

അദ്ദേഹം കയ്യിൽ ചക്രം ഏന്തിക്കൊണ്ട് (പാപികളോട്) ചോദിക്കുന്നു, " ഒരു ഭക്തനിരിക്കുന്ന സ്ഥലത്ത് നിനക്കെന്താണ് കാര്യം? ലോകത്തിൽ എനിക്ക് ശത്രുക്കളാരും ഇല്ല. പക്ഷെ ആരാണോ ഭക്തനെ ദ്വേഷിക്കുന്നത്, അയാളെ ഞാൻ എന്റെ ശസ്ത്രം കൊണ്ട് വിനാശം ചെയ്യും".

चक्रें अभिमानाचा करी चेंदा । मोहममता छेदी गदा ।
शंखें उद्बोधी निजबोधा । निजकमळें सदा निजभक्त पूजी ॥ ५४५ ॥

ചക്രം കൊണ്ട് ഞാൻ ഭക്തന്റെ അഹങ്കാരത്തെ പൊടിച്ചു തകർക്കുന്നു. ഗദകൊണ്ട് മോഹത്തെയും മമതയെയും നശിപ്പിക്കുന്നു, ശംഖുകൊണ്ട് ഞാൻ ഭക്തനിൽ ആത്മബോധം ഉണർത്തുന്നു, താമര കൊണ്ട് ഞാൻ എപ്പോഴും എന്റെ ഭക്തരെ പൂജിക്കുന്നു.

जेथें चक्रपाणी रक्षिता । तेथें न रिघे भवभयाची कथा वार्ता ।
यापरी कीर्तिवंता । हरि सर्वथा स्वयें रक्षी ॥ ५४६ ॥

എവിടെയാണോ ചക്രപാണി സ്വയം രക്ഷകനായിട്ടുള്ളത്, അവിടെ സംസാരഭയത്തിന്റെ കഥപോലും കേൾക്കുവാൻ സാധിക്കുകയില്ല. അവിടെ ശ്രീഹരി തന്നെ കീർത്തനം ചെയ്യുന്നവരെ സ്വയം രക്ഷിച്ചുകൊണ്ടിരിക്കുന്നു.

ज्यांसी न करवे कथाश्रवण । अथवा न टके हरिकीर्तन ।
तिंहीं करावें नामस्मरण । राम-कृष्ण-गोविंद ॥ ५४७ ॥

ആർക്കാണോ കഥാശ്രവണമോ ഹരികീർത്തനമോ ചെയ്യാൻ സാധിക്കാത്തത്, അവർ രാമ- കൃഷ്ണ - ഗോവിന്ദ നാമ സ്മരണം ചെയ്യണം.

अच्युत-नामाची निजख्याती । चेवल्या कल्पांतीं हों नेदी च्युती ।
त्या नामातें जे नित्य स्मरती । ते जाण निश्चितीं अच्युतावतार ॥ ५४८ ॥

'അച്യുതൻ' എന്ന നാമത്തിന്റെ മഹത്വം എത്രത്തോളമെന്നാൽ, അത് ജപിക്കുന്നവർക്ക് കല്പാന്തത്തിൽപോലും 'ച്യുതി' അതായത് അധഃപതനം സംഭവിക്കുകയില്ല. അച്യുതന്റെ നാമത്തെ ഉച്ചരിക്കുന്നവർ അച്യുതന്റെ അവതാരം തന്നെയാകുന്നു.

रामकृष्णादी नामश्रेणी । अखंड गर्जे ज्यांची वाणी ।
त्यांसी तीर्थें येती लोटांगणीं । सुरवर चरणीं लागतीं स्वयें ॥ ५४९ ॥

രാമകൃഷ്ണ നാമങ്ങൾ അഖണ്ഡമായി കീർത്തിക്കുന്നവരെ പുണ്യതീർത്ഥങ്ങൾ ശയനപ്രദക്ഷിണം ചെയ്യുന്നു, ദേവന്മാർ പോലും അവരുടെ പാദങ്ങളെ സേവിക്കുന്നു.

बाप नामाचें निजतेज । यम वंदी चरणरज ।
नामापाशीं अधोक्षज । चतुर्भुज स्वयें तिष्ठे ॥ ५५० ॥

നാമത്തിന്റെ വൈഭവം ഒന്ന് വേറെ തന്നെയാണ്. നാമം ജപിക്കുന്ന ആളുടെ പാദധൂളി യമരാജൻ പോലും ശിരസ്സിൽ ധരിക്കുന്നു. നാമത്തിന്റെ അടുത്ത് നാമിയായ അധോക്ഷജൻ ചതുർഭുജനായിട്ട് നിൽക്കുന്നു.

नामाचेनि पडिपाडें । कायिसें भवभय बापुडें ।

कळिकाळाचें तोंड कोणीकडे । नामापुढें रिघावया ॥ ५५१ ॥

നാമത്തിന്റെ ശക്തിയുമായി താരതമ്യപ്പെടുത്തുമ്പോൾ ലൗകിക ജീവിതത്തെക്കുറിച്ചുള്ള ഭയം ഒന്നുമല്ല. ഹരിനാമത്തിന്റെ മുന്നിൽ നിൽക്കാൻ പോലും കലികാലം ധൈര്യപ്പെടുമോ?

जेवढी नामाची शक्ती । तेवढें पाप नाहीं त्रिजगतीं ।
नामापाशी चारी मुक्ती । जाण निश्चित्तीं विदेहा ॥ ५५२ ॥

നാമത്തിൽ എത്ര ശക്തി അടങ്ങിയിട്ടുണ്ടോ, അത്രയും പാപം ഈ മൂന്നു ലോകങ്ങളിൽത്തന്നെയില്ല. ഹേ വിദേഹ രാജാവെ, ഇതു അറിഞ്ഞാലും - നാലുവിധ മുക്തികളും നാമത്തിൽ ഉണ്ട്.

ऐक राया सावधान । नामापरतें सुगम साधन ।
सर्वथा नाहीं नाहीं आन । निश्चय जाण नेमस्त ॥ ५५३ ॥

രാജാവേ, ഭഗവാന്റെ അടുത്ത് എത്താൻ നാമത്തെപ്പോലൊരു സരളമായ വഴി വേറെയില്ലെന്ന് നിശ്ചയമായിട്ടും അറിഞ്ഞാലും.

जन्म-नाम-कर्में श्रीधर । श्रवणें उद्धरती पामर ।
यालागीं हरिलीला सुभद्र । शास्त्रज्ञ नर वर्णिती ॥ ५५४ ॥

ശ്രീധരന്റെ ജന്മ-നാമ-കർമ്മ കഥകൾ ശ്രവിക്കുമ്പോൾ തന്നെ പാമരന്മാർ ഉദ്ധരിക്കപ്പെടുന്നു. അതുകൊണ്ടാണ് ശാസ്ത്രം അറിഞ്ഞ പണ്ഡിതന്മാർ ഹരിലീലകളെ മംഗളദായകമെന്ന് വർണ്ണിച്ചിരിക്കുന്നത്.

ऐसा बाणल्या भक्तियोग । न धरी जाणपणाचा फूग ।
त्यजूनि अहंममतापांग । विचरती निःसंग हरिकीर्तनें ॥ ५५५ ॥

ഇങ്ങനെയൊരു ഭക്തിയോഗം ആർക്കുണ്ടോ അവർക്ക് `ഞാൻ ജ്ഞാനിയാണ്' എന്ന അഹംഭാവം ഉണ്ടാകില്ല.`ഞാൻ - എന്റേത്' എന്ന വലയത്തിൽനിന്നു മുക്തമായിട്ട് അവർ നിസ്സംഗമായി ഹരികീർത്തനം ചെയ്യുന്നു.

करितां श्रवण स्मरण कीर्ति । तेणें वाढे सप्रेम भक्ति ।
भक्त विसरे देहस्फुर्ति । ऐक तेही स्थिति सांगेन राया ॥ ५५६ ॥

ഹരികീർത്തനം ചെയ്യുന്നതുകൊണ്ടും ഹരിനാമം സ്മരിക്കുന്നതു കൊണ്ടും സപ്രേമഭക്തിയെ വർദ്ധിപ്പിക്കുന്നു. ഭക്തന് ശരീരബോധം നഷ്ടപ്പെടുകയും ചെയ്യുന്നു. ഹേ രാജാവേ, ആ അവസ്ഥയെയും ഞാൻ

വിവരിക്കാം.

ഏവംവ്രതഃ സ്വപ്രിയനാമകീർത്ത്യാ
ജാതാനുരാഗോ ദ്രുതചിത്ത ഉച്ചൈഃ
ഹസത്യഥോ രോദിതി രൗതി ഗായതി
ഉന്മാദവന്നൃത്യതി ലോകബാഹ്യഃ. 40

ഈ വിധം വ്രതമുള്ളവൻ തന്റെ പ്രേമാസ്പദമായ ഭഗവാന്റെ നാമങ്ങൾ കീർത്തിക്കുന്നതുകൊണ്ട് ഉണ്ടായ അനുരാഗത്തോടുകൂടിയവനായി ദ്രവിച്ച മനസ്സോടുകൂടിയവനായിട്ട് ഉച്ചത്തിൽ ചിരിക്കുന്നു, പിന്നെ, കരയുന്നു, നിലവിളിക്കുന്നു, പാടുന്നു, ഭ്രാന്തുള്ളവനെപ്പോലെ ലോകധർമ്മങ്ങളിൽനിന്നു പുറത്തുവന്നവനായിട്ട് കളിക്കുന്നു.

हरिनामगुणकीर्तनकीर्ती । अखंड आवडे जागृतीं ।
स्वप्नींही तेचि स्थिती । दृढ हरिभक्ती ठसावे ॥ ५५७ ॥

ഹരിനാമജപവും ഹരിഗുണകീർത്തനവും അഖണ്ഡമായ പ്രേമത്തോടെ ജാഗ്രത് അവസ്ഥയിൽ ചെയ്യുന്നത് നല്ലതാണ്, എന്നാൽ സ്വപ്നാവസ്ഥയിലും ഇതേ അവസ്ഥ ഉണ്ടാകുമ്പോൾ, മനസ്സിൽ ഹരിഭക്തി ദൃഢമായിട്ടുണ്ടെന്നു മനസ്സിലാക്കണം.

ऐशियापरी भक्तियुक्त । दृढतर जाहलें ज्याचें व्रत ।
तंव तंव होय आर्द्रचित्त । प्रेमा अद्‌भुत हरिनामकीर्ती ॥ ५५८ ॥

ഈ രീതിയിൽ ഭക്തിയോടെ ആരുടെ നിഷ്ഠയാണോ പതുക്കെ പതുക്കെ ദൃഢമായിക്കൊണ്ട് വരുന്നത്, അവരുടെ ചിത്തം ഇനിയും ഇനിയും ആർദ്രമാവുകയും ഹരിനാമം കീർത്തിക്കുന്നതിൽ ഇഷ്ടം ഒരു അദ്ഭുതമായ രീതിയിൽ വർദ്ധിക്കുകയും ചെയ്യും.

आत्मा परमप्रिय हरी । त्याचे नामकीर्तीचा हर्ष भारी ।
नित्य नवी आवड वरी । सबाह्याभ्यंतरीं हरि प्रगटे ॥ ५५९ ॥

പരമപ്രിയമായ ആത്മാവുതന്നെയാണ് ഹരി. ആ ഹരിയുടെ നാമകീർത്തനത്തിൽ ലഭിക്കുന്ന ആനന്ദം അതിരറ്റതാണ്. ഹരിയെ കീർത്തിക്കുമ്പോൾ, നിത്യവും പുതിയപുതിയ ഭക്തിപരമായ ആശയങ്ങൾ മനസ്സിൽ ഉദിക്കുന്നു. ഈ യോഗത്താൽ ഉള്ളിലും പുറത്തും

വ്യാപിച്ചിരിക്കുന്ന ഹരി പ്രകടമാകുന്നു.

चुकल्या मायपूतां संकटीं । एकाकीं बहुकाळें जाहली भेटी ।
तेणें वोरडे घालोनि मिठी । चाले जेवीं पोटीं अनिवार रुदन ॥ ५६० ॥

ഏതോ ഒരു പ്രതിസന്ധി കാരണം ഒരു മകൻ അമ്മയിൽ നിന്ന് വേർപിരിഞ്ഞാൽ, വളരെ നാളുകൾക്ക് ശേഷം അവർ കണ്ടുമുട്ടുമ്പോൾ, ആ കുട്ടി ഉറക്കെ കരയുവാൻ തുടങ്ങുകയും അമ്മയെ കെട്ടിപ്പിടിക്കുകയും ചെയ്യുന്നു.

तेवीं जीवशिवां अवचटी । भक्तीचे पेठे जाहली भेटी ।
आत्मसाक्षात्कारें पडे मिठी । ते संधीमाजीं उठी अनिवार रुदन ॥ ५६१ ॥

അതുപോലെ, ഭക്തിയുടെ മാർഗ്ഗത്തിൽ എപ്പോഴാണോ ജീവനും ശിവനും കണ്ടുമുട്ടുന്നത്, ആത്മസാക്ഷാത്ക്കാരത്തിന്റെ ആലിംഗനം അവിടെ ഉണ്ടാകുന്നു, അനിവാര്യമായ കരച്ചിലും ഉണ്ടാകുന്നു. അങ്ങിനെയാണ് ആനന്ദാനുഭൂതിയിൽ ഈ ഭക്തൻ ഉറക്കെ കരയുന്നത്.

परमात्मयासी आलिंगन । तेणें अनिवार स्फुंदन ।
रोमांचित रुदन । सप्रेम पूर्ण उसासोनि करी ॥ ५६२ ॥

പരമാത്മാവിനെ ആലിംഗനം ചെയ്യുമ്പോൾ ഉച്ചത്തിലുള്ള കരച്ചിൽ കേൾക്കുവാൻ തുടങ്ങുന്നു, സ്നേഹത്താൽ നിറഞ്ഞുനിൽക്കുന്ന അവൻ പുളകാങ്കിതനായി ഉറക്കെ കരയുവാൻ തുടങ്ങുന്നു.

सवेंचि गदगदोनि हांसे । मानी मजमाजींच मी असें ।
चुकलों भेटलों हें ऐसें । देखोनि आपुलें पिसें हांसोंचि लागे ॥ ५६३ ॥

പിന്നെ, അടുത്ത നിമിഷം, അവൻ ഉറക്കെ പൊട്ടിച്ചിരിച്ചുകൊണ്ട് പറയുന്നു, "ഓ! ഞാൻ എന്നെത്തന്നെയാണ് കെട്ടിപ്പിടിച്ചിരിക്കുന്നത്. എന്റെ അറിവില്ലായ്മകൊണ്ടാണ് ഞാൻ `പരമാത്മാവായിട്ടു കണ്ടുമുട്ടി' എന്ന് കരുതിയത്. അങ്ങനെ ചിന്തിച്ചത് എന്റെ വിഭ്രാന്തി കാരണമാണ്. ഇതാലോചിച്ച് ആ ഭക്തൻ ഉറക്കെ ചിരിക്കുന്നു.

मी अखंडत्वें स्वयें संचलों । अभेदपूर्णत्वें अनादि रचलों ।
तो मी अव्ययो म्हणे जाहलों मेलों । येणें आठवें डोलडोलों हांसोंचि लागे ॥ ५६४ ॥

ഞാൻ അഖണ്ഡമായി സർവ്വവും വ്യാപിച്ചിരിക്കുന്നു. ഞാൻ പൂർണ്ണവും അഭേദവും അനാദിയുമാണ്. ഞാൻ അവ്യയമായതുകൊണ്ട്

ജനിച്ചിട്ടുമില്ല, മരിച്ചിട്ടുമില്ല. ഇതാലോചിച്ച് തലയാട്ടിക്കൊണ്ട് ആ ഭക്തൻ ചിരിക്കുന്നു.

पळतां दोराच्या सर्पाभेण । पडे अडखळे भयें पूर्ण ।
तोच दोरातें वोळखोन । आपणिया आपण स्वयें हांसे ॥ ५६५ ॥

കയറിനെ പാമ്പാണെന്ന് തെറ്റിധരിച്ച് ഭയന്ന ഒരാൾ ഓടുകയും ഇടറി വീഴുകയും ചെയ്യുന്നു, പക്ഷേ പിന്നീട് കയറിനെ തിരിച്ചറിഞ്ഞ് അയാൾ സ്വയം ചിരിക്കാൻ തുടങ്ങുന്നു.

तेवीं संसाराचा अभावो । देहभाव समूळ वावो ।
तेथें नाथिली ममता अहंभावो । मज होता पहा वो म्हणूनि हांसे ॥ ५६६ ॥

അതുപോലെ, സംസാരം മിഥ്യയാണെന്നും ദേഹാത്മഭാവം നുണയാണെന്നും തിരിച്ചറിഞ്ഞുകൊണ്ട് ആ ഭക്തൻ വിചാരിക്കുന്നു - ഇക്കാലം മുഴുവൻ ഞാൻ വെറുതെ അഹംഭാവത്തിലും മമതയിലും കഴിഞ്ഞുവല്ലോ!

बाप गुरुवाक्य निजनिर्वाहो । देहीं असतां विदेहभावो ।
माझे चारी देह झाले वावो । येणें अनुभवें पहा वो गर्जों लागे ॥ ५६७ ॥

ഈ അജ്ഞാനത്തെ കടക്കാൻ കാരണമായ ആ ഗുരുവചനങ്ങൾ ധന്യം തന്നെ! ദേഹമുണ്ടായിട്ടും ഞാൻ ഇതാ വിദേഹിയായി തീർന്നിരിക്കുന്നു. എന്റെ നാല് ശരീരങ്ങളും (സ്ഥൂല ശരീരം, സൂക്ഷ്മ ശരീരം, കാരണ ശരീരം, മഹാകാരണ ശരീരം) ഇപ്പോൾ മിഥ്യയായിത്തീർന്നതെങ്ങിനെ? ഈ വിധത്തിൽ ആ ഭക്തൻ സ്വാനുഭവത്തിന്റെ ആനന്ദത്തിൽ ഗർജ്ജിക്കുന്നു.

म्हणे धन्य धन्य भगवद्‌भक्ती । जिणें मिथ्या केल्या चारी मुक्ती ।
मी परमात्मा निजनिश्चितीं । येणें उल्हासें त्रिजगती गर्जवी गजरें ॥ ५६८ ॥

അദ്ദേഹം പറയുന്നു, "നാലുവിധ മുക്തിയേയും മിഥ്യയായി സിദ്ധീകരിച്ച ആ ഭഗവത് ഭക്തി ധന്യം തന്നെ! പരമാത്മാവ് ഞാൻ തന്നെയാണ്, ഇത് നിശ്ചയം". അത്തരം സന്തോഷകരമായ ഗർജ്ജനങ്ങളാൽ, അദ്ദേഹം പ്രപഞ്ചത്തെ മുഴങ്ങുന്ന ആനന്ദത്താൽ നിറയ്ക്കുന്നു.

धन्य भगवंताचें नाम । नामें केलों नित्य निष्काम ।
समूळ मिथ्या भवभ्रम । गर्जोनि निःसीम हाक फोडी ॥ ५६९ ॥

ഭഗവത് നാമം ധന്യം തന്നെ! ആ നാമം എന്നെ നിത്യനിഷ്കാമമാക്കി തീർത്തു. സംസാരഭ്രമം പൂർണ്ണമായും മിഥ്യയാണെന്നു സിദ്ധമായി. ഈ രീതിയിൽ ആ ഭക്തൻ ഉല്ലാസത്തോടെ ഉച്ചത്തിൽ വിളിച്ചു പറയുന്നു.

आतां दुजें नाहींच त्रिलोकीं । दिसे तें तें मीच मी कीं ।
मीच मी तो एकाकी । येणें वाक्यें अलोलिकी हाक फोडी ॥ ५७० ॥

ഇപ്പോൾ മൂന്ന് ലോകങ്ങളിലും മറ്റൊന്നുമില്ല, കാണുന്നതെന്തും, അത് ഞാൻ മാത്രമാണ്, ഇങ്ങനെ പറഞ്ഞുകൊണ്ട് ആ ഭക്തൻ ഉച്ചത്തിൽ ഘോഷിക്കുന്നു.

दुर्धर भवबंध ज्याचेनि । निःशेष गेला हारपोनी ।
त्या सद्गुरूच्या निजस्तवनीं । गर्जवी वाणी अलोलिक ॥ ५७१ ॥

ദുസ്തരമായ ഭവബന്ധങ്ങൾ ഇല്ലാതാക്കിയ സദ്ഗുരുവിനെ സ്തുതിച്ചുകൊണ്ട്, അദ്ദേഹം തന്റെ അലൗകികമായ വാണിയിൽ ഗർജ്ജിക്കുന്ന -

म्हणे संसार झाला वावो । जन्ममरणांचा अभावो ।
कळिकाळासी नाहीं ठावो । म्हणोनियां पहा वो हाक फोडी ॥ ५७२ ॥

"ആഹാ! ഈ ലോകം മിഥ്യയായിരിക്കുന്നു, ജനനവും മരണവുമില്ലാതായിരിക്കുന്നു, കലിയുഗത്തിന്റെ നിലനിൽപ്പ് അവസാനിച്ചിരിക്കുന്നു", ഇങ്ങനെ അദ്ദേഹം ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

ऐशा हांकावरी हाका । फोडूं लागे अलोलिका ।
सवेंचि गाये निजात्मसुखा । स्वानंदें देखा डुल्लतु ॥ ५७३ ॥

ഇങ്ങനെ അദ്ദേഹം ഒന്നിനുപുറകെ ഒന്നായി മുദ്രാവാക്യങ്ങൾ പറഞ്ഞുകൊണ്ടേയിരുന്നു. ആ നിമിഷം തന്നെ ആത്മസുഖത്തിന്റെ ആനന്ദത്തിൽ ഗാനം ആലപിക്കുകയും സന്തോഷത്താൽ ആടുകയും ചെയ്യുന്നു.

परम सख्याची गोड कथा । तृप्ती न बाणे स्वयें सांगतां ।
तेवीं निजानुभवें हरि गातां । धणी सर्वथा पुरेना ॥ ५७४ ॥

ഒരു സ്ത്രീ തന്റെ പ്രിയതമന്റെ കഥ മാധുര്യത്തോടെ പറയുമ്പോൾ, പറഞ്ഞും പറഞ്ഞും അവർക്ക് തൃപ്തിയാവുകയില്ല. അതുപോലെ ആത്മാനുഭവത്തോടെ ഹരികഥ ചെയ്യുന്ന ഒരു ഭക്തന് ഒരിക്കലും

മതിവരില്ല.

त्याचें गाणें ऐकतां । सुखरूप होय सज्ञान श्रोता ।
मुमुक्षां होय परमावस्था । जरी तो अवचिता गावों लागे ॥ ५७५ ॥

ഈ ഗീതങ്ങൾ ഒരു ജ്ഞാനി ശ്രവിക്കുമ്പോൾ, അദ്ദേഹം സ്വരൂപത്തിൽ നിഷ്ഠിതനാകുന്നു, ഒരു മുമുക്ഷു കേൾക്കുമ്പോൾ പ്രേമഭാവം ഉള്ളിൽ പൊങ്ങിവരുന്നു.

गातां पदोपदीं निजसुख । कोंदाटे अधिकाअधिक ।
वोसंडितां परम हरिख । स्वानंदें अलोलिक नाचों लागे ॥ ५७६ ॥

ഈ ഭക്തൻ ആത്മാനന്ദത്താൽ നിറഞ്ഞവനാണ്, അദ്ദേഹത്തിന് ആഹ്ളാദം അടക്കാൻ കഴിയാതെ അലൗകികമായ ഭാവത്തോടെ നൃത്തം ചെയ്യുന്നു.

सारूनि दुजेपणाचें काज । निरसोनि लौकिकाची लाज ।
अहंभावेंविण सहज । आनंदाचे भोजें अलोलिक नाचे ॥ ५७७ ॥

അനന്യഭാവത്തിൽ, `ആളുകൾ എന്തു പറയും' എന്ന് ചിന്തിക്കാതെ, അഹങ്കാരത്തെ ത്യജിച്ച്, സഹജമായ ആനന്ദത്തിൽ ഉന്മത്തമായി നൃത്തം ചെയ്യുന്നു.

जो मोलें मदिरा खाये । तो मदिरानंदें नाचे गाये ।
जेणें ब्रह्मानंदु सेविला आहे । तो केवीं राहे आवरला ॥ ५७८ ॥

മദ്യം വാങ്ങി കുടിക്കുന്നവൻ മദ്യത്തിന്റെ സ്വാധീനത്തിൽ പാടുകയും നൃത്തം വെക്കുകയും ചെയ്യുന്നുവെങ്കിൽ, ബ്രഹ്മാനന്ദത്തിന്റെ അമൃത് കുടിച്ച ഒരാൾ എങ്ങനെ ഉന്മത്തമാകാതെയിരിക്കും?

यालागीं तो लोकबाह्यता । स्वये नाचे ब्रह्मउन्मादता ।
लोक मानिती तया पिशाचता । हा बोधु पंडितां सहजा न कळे ॥ ५७९ ॥

അതുകൊണ്ട് ഈ ഭക്തൻ ബ്രഹ്മാനന്ദത്തിന്റെ ഉന്മാദത്തിൽ ലോകബാഹ്യനായി നൃത്തം ചെയ്യുകയും പാടുകയും ചെയ്യുന്നു. ആളുകൾ അവനെ ഭ്രാന്തനെന്ന് വിളിക്കുന്നു. പണ്ഡിതന്മാർക്കുപോലും ഈ അവസ്ഥ മനസ്സിലാകില്ല.

त्याचिया निजबोधाची कथा । ऐक सांगेन नृपनाथा ।

एक भगवंतावांचून सर्वथा । त्यासी लौकिकता दिसेना ॥ ५८० ॥

ഹേ രാജാവേ, ഭഗവാനല്ലാതെ വേറെയൊരു വിഷയവും അവൻ കാണുന്നില്ല. ഈ വിധത്തിലുള്ള ഭക്തന്റെ നിജബോധാനുഭൂതിയുടെ കഥ ഞാൻ പറയാം, കേട്ടാലും.

ഖം വായുമഗ്നിം സലിലം മഹീഞ്ച
ജ്യോതീംഷി സത്ത്വാനി ദിശോ ദ്രുമാദീൻ
സരിത്സമുദ്രാംശ്ച ഹരേശ്ശരീരം
യത് കിഞ്ച ഭൂതം പ്രണമേദനന്യഃ. 41

ആകാശത്തേയും വായുവിനേയും തീയിനേയും വെള്ളത്തേയും ഭൂമിയേയും പ്രകാശസ്ഥാനങ്ങളേയും പ്രാണികളേയും ദിക്കുകളേയും വൃക്ഷാദികളേയും നദികളേയും സമുദ്രങ്ങളേയും ഭൂതമാത്രമായ ഏതൊന്നിനേയും അന്യനെന്നു കരുതാതെ വിഷ്ണുവിന്റെ സ്വരൂപമെന്ന ഭാവനയോടുകൂടി നമസ്കരിക്കണം.

ब्रह्मउन्मादपरमानंदें । जंव जंव पाहे स्वानंदबोधें ।
तंव तंव चराचर पूर्णानंदें । देखे स्वानंदकंदें दुमदुमित ॥ ५८१ ॥

ബ്രഹ്മത്തിലുള്ള ഉന്മാദത്തിനാൽ ലഭിച്ച പരമാനന്ദം കാരണം ഈ ഭക്തൻ എവിടെ നോക്കിയാലും അവിടെ സ്വാനന്ദബോധം മാത്രമേ കാണുന്നുള്ളൂ. ഈ ചരാചരം മുഴുവനും പൂർണ്ണാനന്ദത്തിൽ നിറഞ്ഞിരിക്കുകയും സ്വാനന്ദത്തിൽ മുങ്ങിക്കിടക്കുന്നതുമായി അദ്ദേഹം കാണുന്നു.

पृथ्वी आप तेज वायु नभ । देखे हरिरूप स्वयंभ ।
भूतां महाभूतांचें डिंभ । न देखे भिन्न कोंभ अभिन्नत्वें ॥ ५८२ ॥

ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നിവയെല്ലാം അദ്ദേഹത്തിന് ഹരിയായി കാണപ്പെടുന്നു. ഭൂതങ്ങളുടെയും മഹാഭൂതങ്ങളുടേയും ചമത്കാരം കാരണം ചെയ്യപ്പെട്ടിരിക്കുന്ന സൃഷ്ടിയുടെ അങ്കുരങ്ങൾ അദ്ദേഹത്തിന് അഭിന്നവും ഏകരൂപവുമായി തോന്നുന്നു.

जेवीं न मेळवितां मेळा । पाहतां जैसा केळीचा कळा ।
स्वयें विकासे फळांदळां । तेवीं वस्तु हे पांचाला भूतभौतिकात्मक ॥ ५८३ ॥

പരീക്ഷിത്ത് രാജാവേ, ഒരു വാഴ അന്യവസ്തുക്കളുടെ ആശ്രയമില്ലാതെ എപ്രകാരമാണോ കുലക്കുന്നത്, അതുപോലെ പരബ്രഹ്മം വികസിച്ച് ഭൂത ഭൗതികമായ പ്രപഞ്ചമായി കാണപ്പെടുന്നു.

जेवीं कांतोनियां रंध्रसळे । स्फटिकदीपगृहअंगमेळें ।
चितारिलीं अश्वगजदळें । तीं भासती सोज्ज्वळें आंतुलेनि दीपें ॥ ५८४ ॥

അഥവാ, ഒരു സ്ഫടികം ഗൃഹത്തിന്റെ ചുമരുകളിൽ കൊത്തിയെടുക്കപ്പെട്ട ആനകളുടെയും കുതിരകളുടെയും സൈന്യങ്ങളുടെയും ശില്പങ്ങൾ ഉള്ളിലുള്ള പ്രകാശത്താൽ ഉജ്ജ്വലമായി തിളങ്ങുന്നു.

तेवीं सोमसूर्यादि तेजशक्ती । कां वन्हि नक्षत्रें जे लखलखिती ।
जननयनादि निजदीप्ती । देखे आत्मज्योती सतेज ॥ ५८५ ॥

അതുപോലെ, തേജഃപുഞ്ജങ്ങളായ സൂര്യചന്ദ്രന്മാരിൽ പ്രകാശിക്കുന്ന തേജസ്സ്, നക്ഷത്രങ്ങളിൽ കാണപ്പെടുന്ന തിളക്കം, ജീവജാലങ്ങളുടെ കണ്ണുകളിൽ കാണപ്പെടുന്ന പ്രകാശം, ഇവയെല്ലാം ആത്മജ്യോതിയുടെ വിഭയാണ്.

युक्तीं मेळवितां द्रव्यांतर । अग्नि परी भासे पुष्पाकार ।
तेवीं वस्तु स्वलीला साचार । रविचंद्राकारा नानात्वें भासे ॥ ५८६ ॥

വെടിക്കെട്ട് കത്തിച്ചു ജ്വലിപ്പിക്കുമ്പോൾ തീക്കനലുകൾ പൂക്കളെപ്പോലെ തോന്നിക്കുന്നതുപോലെ, ബ്രഹ്മം സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയുടെ രൂപത്തിൽ തിളക്കമുള്ളതായി കാണപ്പെടുന്നുവെന്ന് പറയാം.

पृथ्वी गंधरूपें स्वयें असे । तो गंधु कस्तूर्यादिकीं भासे ।
तेवीं भगवत्सत्ता सर्वत्र असे । परी सात्त्विकीं दिसे अतिप्रगट ॥ ५८७ ॥

ഭൂമി സ്വയം സുഗന്ധപൂരിതമാണ്, പക്ഷേ ആ സുഗന്ധം കസ്തൂരി പോലുള്ള വസ്തുക്കളിൽ മാത്രമേ പ്രകടമാകൂ. അതുപോലെ, ഈശ്വരസാന്നിധ്യം എല്ലായിടത്തും ഉണ്ട്, എന്നാൽ സാത്വിക സ്വഭാവമുള്ള ആളുകളിലാണ് അത് ഏറ്റവും വ്യക്തമായി ദൃശ്യമാകുന്നത്.

पृथ्वीसी जळावरण आहे । तेंचि चतुःसमुद्र नांव लाहे ।

तैसें देवाचेंचि अंग पाहे । दिशात्वें वाच्य होये दशदिशां ॥ ५८९ ॥

അതുകൊണ്ട്, ഒരു സാത്വിക വ്യക്തിയുടെ സാത്വികത്ത്വം ഭഗവത് തത്വം തന്നെയാണെന്ന് മനസ്സിലാക്കുക. സാത്വീകരായ ജനങ്ങളിൽ ഹരിയുടെ രൂപം സ്പഷ്ടമായി കാണപ്പെടുന്നതുകൊണ്ടാണ് അവർ ബഹുമാന്യരായിരിക്കുന്നത്.

पृथ्वीसी जळावरण आहे । तेंचि चतुःसमुद्र नांव लाहे ।
तैसें देवाचेंचि अंग पाहे । दिशात्वें वाच्य होये दशदिशां ॥ ५८९ ॥

ഭൂമിയുടെ ചുറ്റുമുള്ള ജലത്തിന്റെ ആവരണം `ചതുഃസമുദ്രം' എന്നറിയപ്പെടുന്നു. അതുപോലെ, പത്ത് ദിശകളിലും വ്യാപിച്ചിരിക്കുന്ന ഈശ്വരൻ തന്നെയാണ് `ദിശ' എന്ന നാമത്തിൽ അറിയപ്പെടുന്നത്.

पूर्वपश्चिमादि योग । दशदिशांचे दिग्विभाग ।
तेही देवाचेंचि अंग । तद्रूप श्रीरंग स्वयें भासे ॥ ५९० ॥

പൂർവ്വപശ്ചിമാദി ദിശകൾ ദശദിശകളുടെ ഭാഗമാണ്, അവ ഈശ്വരാംശം തന്നെയാണ്. ഈ രൂപത്തിൽ ശ്രീരംഗനായ ഭഗവാൻ തന്നെയാണ് ഭാസിക്കുന്നത്.

तृण दूर्वा दर्भ द्रुम । देखोनि म्हणे हेही हरीचे रोम ।
अनोळखा हें अतिविषम । निजांगीं सर्व सम हरिरूप पाहतां ॥ ५९१ ॥

പുല്ല്, കരിംപുല്ല്, ദർഭ, മരങ്ങൾ മുതലായവയെ കാണുമ്പോൾ ഒരു ഭക്തൻ അവയെ ഭഗവാൻ ഹരിയുടെ രോമങ്ങൾ എന്ന് വിളിക്കുന്നു. സമരൂപത്തിൽ ഹരി എല്ലാ ജീവ ജാലങ്ങളിലും ഉണ്ടെങ്കിലും അത് തിരിച്ചറിയാത്ത ഒരാൾക്ക് അവയെല്ലാം വ്യത്യസ്തമായി കാണപ്പെടുന്നു.

जैशा आपुल्या अंगोळिया । गणितां दिसती वेगळालिया ।
परी असती लागलिया । स्वयें सगळिया अखंड अंगीं ॥ ५९२ ॥

നമ്മുടെ വിരലുകൾ എണ്ണുമ്പോൾ, അവ വെവ്വേറെയായി തോന്നുമെങ്കിലും, അവ അടിസ്ഥാനപരമായി നമ്മുടെ ശരീരത്തിന്റെ ഒരേ ഭാഗവുമായി ബന്ധപ്പെട്ടിരിക്കുകയാണ്.

तेवीं वन-वल्ली-दर्भ-दांग । देखोनि म्हणे हे हरीचें अंग ।
अनन्यभावें लगबग । भिन्नभाग देखेना ॥ ५९३ ॥

അതുപോലെ വനം, വള്ളിച്ചെടികൾ, പുല്ല്, കാട് എന്നിവയെ

നോക്കുമ്പോൾ അദ്ദേഹം പറയുന്നു, "ഇവയെല്ലാം ഹരിയുടെ അംഗങ്ങളാണ്." അദ്ദേഹം അതിനെയെല്ലാം അനന്യഭാവത്തോടെ വീക്ഷിക്കുന്നു, ഭഗവത് അംശമില്ലാതെ അതിൽ വേറെയൊന്നും കാണുന്നില്ല.

म्हणे दूर्व-द्रुम-वन-वल्ली । हेचि अनंत कोटि रोमावळी ।
हरीचेनि अंगें असे वाढली । त्या निजशोभा शोभली हरिरूपत्वें ॥ ५९४ ॥

അദ്ദേഹം പറയുന്നു, "അത് പുല്ലായാലും മരങ്ങളായാലും വള്ളിച്ചെടികളായാലും, കാടായാലും ഇവ ഭഗവാൻ ഹരിയുടെ ശരീരത്തിലുള്ള രോമങ്ങളാണ്, ഭഗവാൻ ഹരിയുടെ സ്വരൂപത്തിലുള്ള ശോഭയാണ് ഇവയിലൂടെ കാണപ്പെടുന്നത്".

जेवीं वटाच्या पारंबिया । लोंबोनि वाढती वेगळालिया ।
त्याही वटरूपें संचलिया । वटत्वा मुकलिया म्हणों नये ॥ ५९५ ॥

ആൽമരത്തിന്റെ തൂങ്ങിക്കിടക്കുന്ന വേരുകൾ വെവ്വേറെ വളരുന്നു, എന്നിരുന്നാലും അവ ആൽമരത്തിന്റേതാണ്; അവ അതിന്റെ മൂലത്തിൽനിന്നും വേർപെടുന്നില്ല.

तेवीं चैतन्यापासोनि वोघ । निघाले सरितारूप अनेग ।
तेही चैतन्यघन चांग । चिद्रूपें साङ्ग सदा वाहती ॥ ५९६ ॥

അതുപോലെ, ചൈതന്യത്തിൽനിന്നും തന്നെയാണ്, ഒരേ ഉറവിടത്തിൽനിന്നും പലനദികളെന്നപോലെ, നിരവധി നാമരൂപങ്ങൾ ഉദ്ഭവിക്കുന്നത്. അവയും ചൈതന്യഘനമായ ചിദ്രൂപികൾ തന്നെയാണ്.

हो कां चंद्रबिंबीं अमृत जैसे । बिंबीं बिंबरूप होऊनि असे ।
तेवीं भगवंतीं संसारु भासे । भजनविश्वासें भगवद्रूप ॥ ५९७ ॥

ചന്ദ്രനിൽനിന്നും വരുന്ന ചന്ദ്രകിരണങ്ങൾ അമൃതരൂപമായിട്ടിരിക്കുന്നു. ചന്ദ്രൻ അമൃതരൂപമല്ലെങ്കിൽ എങ്ങനെയാണ് ചന്ദ്രകിരണം അമൃതരൂപമാകുന്നത്? അതുപോലെ, ഭഗവാനിൽനിന്നും ഉദിച്ച സംസാരത്തിനുള്ളത് ഭഗവാന്റെ രൂപം തന്നെയാണ്. ഈ സത്യം ഭഗവത് ഭജനത്തിലുള്ള വിശ്വാസത്തിലൂടെ ഒരു ഭക്തന് ലഭിക്കുന്നു.

ऐसे वेगवेगळे भाग । पाहतां उल्हासे जंव चांग ।
तंव अवघें उघडें जग । देवोचि साङ्ग स्वयें झाला ॥ ५९८ ॥

അതുപോലെ, ആ ഭക്തൻ സൃഷ്ടിയുടെ വിവിധ ഭാഗങ്ങളെ

കണ്ടുല്ലസിക്കുന്നു. അവയെല്ലാം ഭഗവാന്റെ മേനിയിൽ വ്യത്യസ്തങ്ങളായ ആഭൂഷണങ്ങളായി ഭക്തൻ കരുതുന്നു.

यालागीं सर्व भूतांचे ठायीं । अनन्यशरण कैसा पाहीं ।
लवण जैसें सागरापायीं । ठायीं ठायीं जडोनि ठाके ॥ ५९९ ॥

കടൽവെള്ളത്തിൽ ഉപ്പ് ലയിക്കുന്നതുപോലെ അവൻ എല്ലാ ജീവജാലങ്ങളുടെയും ഹൃദയങ്ങളിൽ ലയിച്ചുചേരുന്നു.

तेथ मुंगीही देखोनि जाण । हरिरूपीं वंदी आपण ।
मशकासही अनन्यशरण । घाली लोटांगण भगवद्रूपें ॥ ६०० ॥

ആ അവസ്ഥയിൽ, ഒരു ഉറുമ്പിനെ കണ്ടാലും, അദ്ദേഹം അതിനെ ഹരിയുടെ സ്വരൂപമായി കണക്കാക്കി അതിനെ വണങ്ങുന്നു. ഒരു ഈച്ചയെ പോലും ഭഗവത് സ്വരൂപമായി കണക്കാക്കി അതിനെ അനന്യഭാവത്തോടെ അംഗപ്രദക്ഷിണം ചെയ്യുന്നു.

गो-खर-चांडाळ-श्वान । अतिनिंद्य जे हीन जन ।
ते भगवद्रूप देखोनि पूर्ण । घाली लोटांगण अनन्यभावें ॥ ६०१ ॥

പശുവായാലും കഴുതയായാലും ചണ്ഡാളനായാലും നായയായാലും, ആളുകൾ അങ്ങേയറ്റം നിന്ദ്യവും നികൃഷ്ടവുമായി കരുതുന്നതിനെപോലും അവൻ ഈശ്വരന്റെ പൂർണ്ണരൂപമായി കണക്കാക്കുകയും അവയെ പൂർണ്ണഭക്തിയോടെ വണങ്ങുകയും ചെയ്യുന്നു.

हरिरूपें देखे पाषाण । भगवद्रूपें वंदी तृण ।
जंगमस्थावरादिकां शरण । घाली लोटांगण चिदैक्यभावें ॥ ६०२ ॥

ഒരു കല്ലിനെപ്പോലും ഹരിയുടെ രൂപമായി അദ്ദേഹം കണക്കാക്കുന്നു. പുല്ലിനെപ്പോലും ദൈവത്തിന്റെ രൂപമായി കരുതി വന്ദിക്കുന്നു. സ്ഥാവരജംഗമ വസ്തുക്കളെ ഏകാത്മഭാവത്തോടെ വണങ്ങുന്നു.

करितां हरिनामस्मरणकीर्ती । एकाएकी एवढी प्राप्ती ।
झाली म्हणसी कैशा रितीं । ऐकें नृपती तो भावो ॥ ६०३ ॥

ഹരിനാമസ്മരണകീർത്തി ഇത്രയധികം ഗുണം വരുത്തുന്നത് എങ്ങനെയെന്ന് ചോദിച്ചാൽ, ഹേ രാജാവേ, അതിന്റെ സാരാംശം കേൾക്കൂ.

करितां पूजाविधिविधान । कां श्रवण स्मरण कीर्तन ।
सर्वदा चिदैक्यभावना पूर्ण । "पूर्ण प्राप्ति" जाण त्यातेंचि वरी ॥ ६०४ ॥

വിധിപ്രകാരമുള്ള പൂജയും ശ്രവണവും സ്മരണവും കീർത്തനവും ചെയ്ത് ആർക്കാണോ എപ്പോഴും ചിത്തത്തിൽ ഐക്യ ഭാവം ഉണ്ടാകുന്നത്, അവർക്കുമാത്രമേ പൂർണ്ണസ്വരൂപത്തെ പ്രാപിക്കുവാൻ കഴിയുകയുള്ളു.

ഭക്തിഃ പരേശാനുഭവോ വിരക്തിഃ
അന്യത്ര ചൈഷ ത്രിക ഏകകാലഃ
പ്രപദ്യമാനസ്യ യഥാശ്നതസ്സ്യുഃ
തുഷ്ടിഃ പുഷ്ടിഃ ക്ഷുദപായോഽനുഘാസം. 42

ഭക്ഷിക്കുന്നവന് കബളംതോറും ഉദരപൂർത്തിയും സന്തോഷവും ക്ഷുത്തിന്റെ ശാന്തിയും ഒരേസമയത്ത് അനുഭവപ്പെടുന്നപോലെ ഭഗവാനെ ശരണം പ്രാപിച്ചവന് പരമസ്നേഹവും ഈശ്വരതത്ത്വജ്ഞാനവും മറ്റുവിഷയങ്ങളിൽ വിരാഗവും ഈ മൂന്നും ഒരേസമയം ഭവിക്കുന്നു.

आइके विदेहा चक्रवर्ती । ऐशी जेथें भगवद्‌भक्ती ।
तीपाशीं विषयविरक्ती । ये धांवती गोवत्स न्यायें ॥ ६०५ ॥

ഹേ ചക്രവർത്തി ജനക രാജാവേ, കേൾക്കൂ, എവിടെയെല്ലാം ഭഗവാനോടുള്ള അത്തരം ഭക്തി നിലനിൽക്കുന്നുവോ, ഗോവത്സ ന്യായം എന്നപോലെ, വിഷയവിരക്തിയും വന്നുചേരുന്നു.

हें असो जेवीं जावळीं फळें । हों नेणें येरयेरां वेगळें ।
तेवीं भक्ति विरक्ति एके काळें । भक्त तेणें बळें बळिष्ठ होती ॥ ६०६ ॥

ഇരട്ട പഴങ്ങൾക്ക് പരസ്പരം പിരിയാൻ കഴിയാത്തതുപോലെ, ഭക്തിയും വിരക്തിയും ഒരുമിച്ച് ഉണ്ടാകുകയും അവയുടെ ബലത്താൽ ഭക്തർ ബലിഷ്ഠരാവുകയും ചെയ്യുന്നു.

जेथ भक्ती आणि विरक्ती । नांदो लागती सहजस्थिती ।
तेथेंचि पूर्णप्राप्ती । दासीच्या स्थितीं सर्वदा राबे ॥ ६०७ ॥

ഭക്തിയും വിരക്തിയും സഹജസ്ഥിതിയിൽ എവിടെ നിവസിക്കുന്നുവോ

അവിടെ പൂർണ്ണത്വവും ഒരു ദാസിയെന്നപോലെ സർവ്വദാ നിവസിക്കുന്നു.

यापरी भगवद्भक्ती । पूर्ण दाटुगी त्रिजगती ।
भक्तांघरीं नांदे प्राप्ती । भक्तिविरक्तिनिजयोगें ॥ ६०८ ॥

ഭഗവത് ഭക്തി മൂന്നുലോകങ്ങളിലും വെച്ച് ഏറ്റവും ശക്തമാണ്. ഭക്തിയും വിരക്തിയും ഭക്തനിൽ യുക്തമായിരിക്കുന്നതുകാരണം എല്ലാവിധ സൗഭാഗ്യങ്ങളും ഭക്തന്റെ വീട്ടിൽ നിവസിക്കും.

भक्ति विरक्ति अनुभवप्राप्ती । तिन्ही एके काळें होती ।
ऐक राया तेही स्थिती । विशदोक्तीं सांगेन ॥ ६०९ ॥

ഇനി ഈ മൂന്നും - ഭക്തി, വൈരാഗ്യം, അനുഭവപ്രാപ്തി - ഒരേ സമയം എങ്ങനെ ഉണ്ടാകുന്നുവെന്ന് ഞാൻ വിശദമായി പറയാം.

जैसी कीजे भगवद्भक्ती । तैसीच होय विषयविरक्ती ।
तदनुसारें अनुभवस्थिती । ती भक्त पावती तेचि क्षणीं ॥ ६१० ॥

എത്രയധികം ഭക്തി വർദ്ധിക്കുന്നുവോ അത്രയധികം വിഷയവിരക്തിയും ഉത്പന്നമാകുന്നു, അതിനനുസരിച്ച് സ്വരൂപാനുഭവവും പ്രാപ്തമാകുന്നു.

जेवीं कां भुकेलियापाशीं । ताट वाढिलें षड्रसीं ।
तो पुष्टि तुष्टि क्षुधानाशासी । जेवीं ग्रासोग्रासीं स्वयेंचि पावे ॥ ६११ ॥

വിശക്കുന്ന ഒരാളുടെ മുന്നിൽ ഒരു തട്ടിൽ ഷഡ്രസയുക്തമായ ഭക്ഷണം വയ്ക്കുന്നതിലൂടെ, അയാൾക്ക് പുഷ്ടിയും, തുഷ്ടിയും ലഭിക്കുന്നതോടൊപ്പം വിശപ്പും അടങ്ങുന്നു.

जितुका जितुका घेइजे ग्रास । तितुका तितुका क्षुधेचा नाश ।
तितुकाचि पुष्टिविन्यास । सुखोल्लास तितुकाचि ॥ ६१२ ॥

ഭക്ഷണം കഴിക്കുന്തോറും വിശപ്പ് കുറയുകയും വയറു നിറയുകയും സന്തോഷവും സംതൃപ്തിയും വർദ്ധിക്കുകയും ചെയ്യുന്നു.

पुष्टि तुष्टि क्षुधानाशनी । जेवीं एके काळें येती तिनी ।
भोक्ता पावे स्वयें भोजनीं । तेवीं भगवद्भजनीं भक्त्यादि त्रिकु ॥ ६१३ ॥

ഭക്ഷണം കഴിക്കുന്ന ഒരാൾക്ക് മൂന്ന് കാര്യങ്ങളും ഒരുമിച്ച് ലഭിക്കുന്നതുപോലെ - പോഷണം, സംതൃപ്തി, വിശപ്പ് ശമിപ്പിക്കൽ,

അതുപോലെ ദൈവാരാധനയിൽ, ഭക്തിയുടെ ത്രികൂടം അതായത് ഭക്തി, വൈരാഗ്യം, അനുഭവ പ്രാപ്തി, ഇവ മൂന്നും ഒരുമിച്ച് ഉണ്ടാകുന്നു.

सद्भावें करितां भगवद्भक्ती । भक्ति-विरक्ति-भगवद्प्राप्ती ।
तिनी एके काळें होती । ऐशिया युक्तीं जाणिजे राया ॥ ६१४ ॥

രാജാവേ! സദ്ഭാവത്തോടെ ഭക്തി ചെയ്യുന്നതിലൂടെ, ഭക്തി, വിരക്തി, അനുഭവപ്രാപ്തി എന്നിവ മൂന്നും ഒരേസമയം ഉണ്ടാകുന്നു.

भक्ती म्हणिजे सर्व भूतीं । सप्रेम भजनयुक्ती ।
प्राप्ती म्हणिजे अपरोक्षस्थिती । भगवत्स्फूर्ती अनिवार ॥ ६१५ ॥

സമസ്ത പ്രാണികളോടും ഉള്ള പ്രേമഭാവമാണ് ഭക്തിയുടെ അർത്ഥം. അപരോക്ഷ സാക്ഷാത്കാരമാണ് അനുഭവപ്രാപ്തിയെന്നാൽ അർത്ഥം. ഭഗവത്സ്പൂർത്തിയുടെ അനുഭവമാണിത്.

विरक्ति म्हणिजे ऐशी पहा हो । स्त्रीपुत्रदेहादि अहंभावो ।
समूळ जेथें होय वावो । विरक्ति निर्वाहो या नांव राया ॥ ६१६ ॥

ഭാര്യ, മകൻ, ശരീരം എന്നിവയോടുള്ള ആസക്തിയും അഹങ്കാരവും പൂർണ്ണമായും മിഥ്യയാണെന്നുള്ള അനുഭവത്തിനെയാണ് വിരക്തിയെന്നു വിളിക്കുന്നത്.

यापरी भजनाचे पोटीं । भक्ति-विरक्ति-प्राप्ति त्रिपुटी ।
ऐक्यभावें सद्भक्तां उठी । हरिभजनदिठी एकेचि काळीं ॥ ६१७ ॥

ഇങ്ങനെ, ഭജനത്തിലൂടെ ഭക്തിയും വിരക്തിയും ആത്മതത്വജ്ഞാനവും ഐക്യഭാവത്തിൽ ഒരു ഭക്തനിൽ ഉത്പന്നമാകുന്നു.

यालागीं राया निजहितार्थीं । आदरें करावी हरिभक्ती ।
तेणें अवश्य भगवत्प्राप्ती । उपसंहारार्थी कवि सांगे ॥ ६१८ ॥

അതുകൊണ്ട്, ഹേ രാജാവേ, സ്വഹിതത്തിനായി ആദരവോടെ ഹരിഭക്തി ചെയ്യണം. തീർച്ചയായും ഇത് ഭഗവത് പ്രാപ്തിക്കു കാരണമാകും എന്ന് കവി എന്ന യോഗി പറഞ്ഞു.

ഇത്യച്യുതാംഘ്രിം ഭജതോऽനുവൃത്ത്യാ
ഭക്തിർവിരക്തിർ ഭഗവത്പ്രബോധഃ
ഭവന്തി വൈ ഭാഗവതസ്യ രാജൻ

തതഃ പരാം ശാന്തിമുപൈതി സാക്ഷാത്. 43

ഇങ്ങനെ ക്രമത്തിൽ ഭഗവത്പാദത്തെ ഭജിക്കുന്ന ഭഗവദ്ഭക്തന് ഭക്തിയും വൈരാഗ്യവും ഈശ്വരതത്ത്വജ്ഞാനവും നിശ്ചയമായും ഭവിക്കുന്നു. പിന്നെ, പരമശാന്തിയെന്നു പറയുന്ന മോക്ഷത്തേയും പ്രാപിക്കുന്നു.

यापरी अनन्य भक्ती । जे सर्वदा सर्वभूतीं करिती ।
ते भक्ती-विरक्ती-भगवत्प्राप्ती । सहजें पावती अनायासें ॥ ६१९ ॥

ഈ വിധത്തിൽ ആരാണോ സർവ്വ ജീവജാലങ്ങളോട് അനന്യ ഭക്തിഭാവം വെക്കുന്നത്, ആ ഭക്തൻ ഭക്തിയും വിരക്തിയും ഭഗവത് പ്രാപ്തിയും അനായാസത്തിൽ പ്രാപിക്കുന്നു.

राया हरिभक्तिदिव्यांजन । तें लेऊनि भक्त सज्जन ।
साधिती भगवन्निधान । निजभजनमहायोगें ॥ ६२० ॥

രാജാവേ! ഹരിഭക്തി ഉത്തമമായ ഒരു ദിവ്യാഞ്ജനമാണ്. ഈ അഞ്ജനം കണ്ണിൽ എഴുതുന്നതോടെ നിജഭജനമെന്ന മഹായോഗം സിദ്ധിക്കുന്നു. ഇതിലൂടെ ഭഗവത് സ്വരൂപത്തിന്റെ നിധിയെ ഭക്തൻ നേടുന്നു.

करितां ऐक्यभावें निजभक्ती । उत्कृष्ट उपजे पूर्ण शांती ।
तेणें होये असतांची निवृत्ती । भक्तां पूर्णप्राप्ति परमानंदें ॥ ६२१ ॥

ഐക്യഭാവത്തോടെ ആത്മഭക്തി അനുഷ്ഠിക്കുന്നതിലൂടെ ഒരാൾക്ക് ഉത്തമവും പൂർണ്ണവുമായ ശാന്തി ലഭിക്കുന്നു. അതുമൂലം, അസത് വിഷയങ്ങൾ നീക്കം ചെയ്യപ്പെട്ടതിനുശേഷം, ഭക്തർ പരമാനന്ദത്തിനെ പൂർണ്ണമായി പ്രാപിക്കുന്നു.

यालागीं धन्य भगवद्‍भक्त । इंद्रियीं वर्तता विषयी विरक्त ।
देहीं असोनि देहातीत । नित्यमुक्त हरिभजनें ॥ ६२२ ॥

അതിനാൽ ഭഗവത് ഭക്തന്മാർ ധന്യം തന്നെ! അവർ ഇന്ദ്രിയവ്യവഹാരം ചെയ്യുമ്പോഴും വിരക്തരായിട്ടിരിക്കുന്നു. ദേഹം ഉണ്ടായിട്ടും വിദേഹരായിരിക്കുന്നു, ഹരി ഭജനത്തിലുള്ള യോഗത്താൽ നിത്യമുക്തരായിട്ടിരിക്കുന്നു.

**भावें करितां भगवद्भक्ती । भक्त मुक्तीही न वंछिती ।
तरी त्यांपाशी चारी मुक्ती । दास्य करिती सर्वदा ॥ ६२३ ॥**

ഭാവപൂർണ്ണമായിട്ടവർ ഭഗവത്ഭക്തി ചെയ്യുമ്പോൾ മുക്തിയെ പോലും ഇച്ഛിക്കാറില്ല. എങ്കിലും നാലുവിധ മുക്തികളും അവരുടെ അടുത്ത് ദാസികളെ പോലെ വന്നു നിൽക്കുന്നു.

**हा भागवतांचा निजमहिमा । अनुपम नाहीं उपमा ।
भावें भजोनि पुरुषोत्तमा । परमात्मगरिमा पावले ॥ ६२४ ॥**

ഈശ്വരഭക്തിയുടെ മഹിമ അനുപമമാണ്. ഭാവത്തോടെ പുരുഷോത്തമനെ ഭജനം ചെയ്തു പരമപദത്തെ പ്രാപിക്കുന്നു.

**अगाध भगवंताची भक्ती । भक्तांची उत्कृष्ट प्राप्ती ।
ऐकतां विदेहचक्रवर्ती । आश्चर्यें चित्तीं चमत्कारला ॥ ६२५ ॥**

ഇത്തരത്തിലുള്ള അഗാധമായ ഭഗവത് ഭക്തിയെക്കുറിച്ചും ഭക്തർക്ക് ഇതിലൂടെ പ്രാപിക്കുന്ന ഉൽകൃഷ്ടമായ പദവിയെക്കുറിച്ചും കേട്ടപ്പോൾ ചക്രവർത്തി രാജാവായ ജനകൻ വളരെ ആശ്ചര്യപ്പെട്ടു.

**म्हणे धन्य धन्य भगवद्भजन । हरिखें कवीस लोटांगण ।
घालितां चालिलें स्फुंदन । रोमांचित नयन अश्रुपूर्ण जाहले ॥ ६२६ ॥**

`ഭഗവത് ഭജനം ധന്യം ധന്യം!' എന്ന് പറഞ്ഞുകൊണ്ട് രാജാവ് കവിയെ സാഷ്ടാംഗമായി നമസ്കരിച്ചു. ആ സമയത്ത് അദ്ദേഹത്തിന്റെ തൊണ്ട ഇടറുകയും കണ്ണ് നിറയുകയും തനു പുലകാങ്കിതമാവുകയും ചെയ്തു.
**आनंदस्वेदें कांपत । नावेक राहिला तटस्थ ।
सवेंचि जाहला सावचित्त । म्हणे झणीं महंत न पुसतां जाती ॥ ६२७ ॥**

അദ്ദേഹത്തിന്റെ ശരീരം സ്വാനന്ദത്താൽ വിറയ്ക്കാൻ തുടങ്ങി, ഒരു നിമിഷം സ്തംഭിച്ചു നിന്നു. പക്ഷെ ആ അവസ്ഥയിൽനിന്നും അദ്ദേഹം പുറത്തുവന്നു, കാരണം ഈ മഹാത്മാക്കൾ അദ്ദേഹത്തോട് പറയാതെ പോകുമോ എന്ന പേടിയുണ്ടായിരുന്നു.

**ऐशिया अतिकाकुलतीं । नेत्र उघडोनि पाहे नृपती ।
बैसली देखोनि मुनिपंक्ती । अतिशयें चित्तीं सुखावला ॥ ६२८ ॥**

രാജാവ് വളരെ അസ്വസ്ഥതയോടെ കണ്ണുതുറന്നു, അവിടെ ഇരിക്കുന്ന മുനി സംഘത്തെ കണ്ട് അദ്ദേഹം വളരെ സന്തോഷിച്ചു.

तेणें संतोषें डोलत । म्हणे पूर्णप्राप्त भगवद्‌भक्त ।
जगीं कैसे कैसे विचरत । तीं चिन्हें समस्त पुसों पाहों ॥ ६२९ ॥

ആ സന്തോഷത്തിൽ രാജാവ് ആടിയുലയാൻ തുടങ്ങി, പൂർണ്ണമായ സാക്ഷാത്കാരം നേടിയ ഭക്തരുടെ എല്ലാ സ്വഭാവവിശേഷങ്ങളെക്കുറിച്ചും, അവർ ലോകത്തിൽ എങ്ങനെ പെരുമാറുന്നു എന്നതിനെക്കുറിച്ചും ഇവരോട് ചോദിക്കാം എന്ന് വിചാരിച്ചു.

രാജോവാച
അഥ ഭാഗവതം ബ്രൂത യദ്ധർമ്മോ യാദൃശോ നൃണാം
യഥാഃചരതി യദ് ബ്രൂതേ യൈർല്ലിങ്ഗൈർഭഗവത്പ്രിയഃ. 44

രാജാവു ചോദിച്ചു:"അല്ലയോ മഹത്തുക്കളേ, മനുഷ്യർക്ക് അനുഷ്ഠിക്കാവുന്ന ഭാഗവതധർമ്മം എന്താണെന്നും അതിന്റെ സ്വഭാവം എങ്ങനെയുള്ളതാണെന്നും ഞങ്ങൾക്ക് പറഞ്ഞുതന്നാലും. ഭഗവാന് ഏറ്റവും പ്രിയപ്പെട്ട ഒരു ഭക്തൻ എപ്രകാരമാണ് പെരുമാറുന്നത് (ആചരിക്കുന്നത്)? അവൻ എന്താണ് സംസാരിക്കുന്നത്? ഏതെല്ലാം ലക്ഷണങ്ങൾ (അടയാളങ്ങൾ) കൊണ്ടാണ് അവനെ തിരിച്ചറിയാൻ സാധിക്കുന്നത്?"

भक्तां 'पूर्णप्राप्ति' सुगम । ऐकतां राजा निवाला परम ।
तो भक्तचिन्हानुक्रम । समूळ सवर्म पूसत ॥ ६३० ॥

ഭക്തർ അനായാസമായിട്ട് പൂർണ്ണപ്രാപ്തി നേടുന്നു എന്ന് കേട്ടതിൽ രാജാവിന് വലിയ സമാധാനം തോന്നി. ഇങ്ങനെയുള്ള ഭക്തരുടെ ലക്ഷണങ്ങളും സ്വഭാവ വിശേഷതകളെക്കുറിച്ചും ചോദിക്കുവാൻ ആരംഭിച്ചു.

विदेह म्हणे स्वामी मुनी । पूर्ण प्राप्ति आकळोनी ।
ते भक्त कैसे वर्तती जनीं । तीं लक्षणें श्रवणीं लेववी मज ॥ ६३१ ॥

ജനകൻ പറഞ്ഞു, "ഹേ സ്വാമി! പൂർണ്ണപ്രാപ്തി നേടിയവർ ലോകത്തിൽ എങ്ങനെ പെരുമാറുന്നു? അവരുടെ എല്ലാ സ്വഭാവലക്ഷണങ്ങളും പറഞ്ഞുതന്ന് എന്റെ ചെവികളെ അലംകൃതമാക്കേണമേ!

भक्तलक्षणभूषण । तेणें मंडित करा श्रवण ।
सावध ऐकतां संपूर्ण । होइजे आपण भगवत्प्रिय ॥ ६३२ ॥

ഭക്തരുടെ ലക്ഷണങ്ങൾ ഒരുതരം അലങ്കാരമാണ്; അവകൊണ്ട് എന്റെ ചെവികളെ അലങ്കരിച്ചാലും. ഭക്തലക്ഷണങ്ങൾ കേൾക്കുന്നതിലൂടെ നാമും ഭഗവാന് പ്രിയപ്പെട്ടവരാകും.

त्यांचा कोण धर्म कोण कर्म । कैसे वर्तती भक्तोत्तम ।
हृदयीं धरोनि पुरुषोत्तम । त्यांचें बोलतें वर्म तें कैसें ॥ ६३३ ॥

അവരുടെ ധർമ്മം എന്താണ്? അവരുടെ കർമ്മങ്ങൾ എന്തൊക്കെയാണ്? ഈ ഭക്തോത്തമന്മാർ എങ്ങിനെയാണ് വ്യവഹരിക്കുന്നത്? പരമാത്മാവിനെ ഹൃദയത്തിൽ വെച്ചുകൊണ്ട് ഇവരുടെ സംസാരം ഏതുവിധമാണ്?

कोणेपरी कैशा स्थितीं । हरिभक्त हरीस प्रिय होती ।
ऐशिया लक्षणांचिया पंक्ती । समूळ मजप्रती सांगिजे स्वामी ॥ ६३४ ॥

ഏതു സ്ഥിതിയിലാണ് ഇവർ ഹരിക്കു പ്രിയമായി തീരുന്നത്? അവരുടെ ലക്ഷണങ്ങളെല്ലാം വിസ്താരമായിട്ടെനിക്ക് പറഞ്ഞു തരേണമേ സ്വാമി!

विदेहाच्या प्रश्नावरी । संतोषिजे मुनीश्वरीं ।
कविधाकुटा जो कां हरी । तो बोलावया वैखरी सरसावला ॥ ६३५ ॥

ജനകരാജാവിന്റെ ഈ ചോദ്യത്തിൽ എല്ലാമുനികളും സന്തോഷിച്ചു. കവിയുടെ അനുജനായ ഹരി എന്ന പേരുള്ള യോഗി ഈ പ്രശ്നത്തിന് ഉത്തരം നൽകാൻ മുന്നോട്ടു വന്നു.

ഹരിരുവാച
സർവ്വഭൂതേഷു യഃ പശ്യേത് ഭഗവദ്ഭാവമാത്മനഃ
ഭൂതാനി ഭഗവത്യാത്മനി ഏഷ ഭാഗവതോത്തമഃ. 45

ഹരി പറഞ്ഞു: ആത്മാവിന് സകലഭൂതങ്ങളിലും ഭഗവദ്ഭാവത്തെ നിരതിശയമായ ഐശ്വര്യമുള്ളവനായിരിക്കുന്നുവെന്ന അവസ്ഥയേയും ഭഗവാനായ ആത്മാവിൽ തന്നെ സർവ്വഭൂതങ്ങളേയും

യാവനൊരുവൻ കാണുമോ ഇവൻ ഭക്തന്മാരിൽ വെച്ച് ഉത്തമനാകുന്നു.

**हरि म्हणे रायाप्रती । अमित भक्तलक्षणस्थिती ।
एक दिगंबरत्वें वर्तती । एक स्वाश्रमस्थिती निजाचरें ॥ ६३६ ॥**

ഹരി എന്ന യോഗി രാജാവിനോട് പറഞ്ഞു, "ഹെ രാജാവെ, ഭക്ത ലക്ഷണങ്ങൾ പലതാണ്. ചിലർ ദിഗംബരരായി സഞ്ചരിക്കുന്നു. ചിലർ അവരവരുടെ ആശ്രമധർമ്മത്തിനെ അനുസരിച്ച് ആചാരങ്ങളെ പാലിക്കുന്നു."

**एक सदा पडले असती । एकांची ते उन्मादस्थिती ।
एक सदा गाती नाचती । एक ते होती अबोलणे ॥ ६३७ ॥**

ചിലർ എപ്പോഴും കിടന്നുറങ്ങുന്നു, മറ്റു ചിലർ ഉന്മാദാവസ്ഥയിലിരിക്കുന്നു. ചിലർ എപ്പോഴും നൃത്തം ചെയ്യുകയും പാടുകയും ചെയ്യുന്നു, മറ്റു ചിലർ നിശ്ശബ്ദത പാലിക്കുന്നു.

**एक गर्जनीं हरिनामें । एक निर्दाळिती निजकर्में ।
एक भूतदयाळू दानधर्में । एक भजननेमें राहती ॥ ६३८ ॥**

ചിലർ ഉറക്കെ ഹരിനാമം ജപിക്കുന്നു, മറ്റു ചിലർ തങ്ങളുടെ കർമ്മങ്ങളെ ത്യജിക്കുന്നു. ചിലർ എല്ലാ ജീവജാലങ്ങളോടും കരുണയോടെ ജീവിക്കുന്നു, മറ്റു ചിലർ ഭജന നിഷ്ഠയിൽ ഇരിക്കുന്നു.

**ऐशा अनंत भक्तस्थिती । सांगतां सांगावया नाकळे वृत्ती ।
त्यांमाजीं मुख्य संकलितीं । राया तुजप्रती सांगेन ॥ ६३९ ॥**

ഇങ്ങനെ ഭക്തർ പലസ്ഥിതിയിൽ കാണപ്പെടാറുണ്ട്. അവയെല്ലാം വിവരിക്കുക അസാധ്യമാണ്. പ്രധാനപ്പെട്ടവയെക്കുറിച്ച് ഞാൻ ചുരുക്കമായി അങ്ങേയ്ക്കു വിവരിക്കാം.

**पूर्णप्राप्तीचा मुख्य ठावो । सर्वां भूतीं भगवद्भावो ।
हाचि पूर्णभक्तीचा निजगौरवो । तोचि अभिप्रावो हरि सांगे ॥ ६४० ॥**

എല്ലാ ജീവജാലങ്ങളിലും വ്യാപിച്ചിരിക്കുന്നതായ ഭഗവാനെ കാണുക എന്നതാണ് പൂർണ്ണതയെ പ്രാപിച്ചതിന്റെ മുഖ്യ ലക്ഷണം. ഹരി പറഞ്ഞ അഭിപ്രായം ഇതാണ്.

सर्व भूतीं मी भगवंत । सर्व भूतें मजआंत ।
भूतीं भूतात्मा मीचि समस्त । मीचि मी येथ परमात्मा ॥ ६४१ ॥

ഞാൻ ഭഗവത് സ്വരൂപമാണ്, സർവ്വ ജീവജാലങ്ങളിലും ഞാൻ തന്നെയാണ് വ്യാപിച്ചിരിക്കുന്നത്, സമസ്ത ജീവ ജാലങ്ങളും എന്നിലാണ് വസിക്കുന്നത്. എല്ലാ ജീവജാലങ്ങളുടെയും ആത്മാവ് ഞാൻ തന്നെയാണ്, പരമാത്മാവും ഞാൻ തന്നെയാണ്.

ऐसें जें पूर्णत्वाचें मीपण । तेणें वाढे आत्माभिमान ।
सहजें निजनिरभिमान । तें शुद्ध लक्षण ऐक राया ॥ ६४२ ॥

പൂർണ്ണതയെ പ്രാപിച്ചവരുടെ `ഞാൻ' എന്ന ഭാവം ഇതാകുന്നു. അവരുടെ ആത്മാഭിമാനം വർദ്ധിച്ച് സഹജമായൊരു അഭിമാനഹീന അവസ്ഥ കൈവരിക്കുന്നു. രാജാവേ, ഈ ശുദ്ധലക്ഷണത്തിനെ കുറിച്ച് ഞാൻ ഇനിയും പറയാം.

शुद्ध भक्तांचें निजलक्षण । प्रत्यगात्मयाचें जें मीपण ।
तेंही मानूनियां गौण । भावना पूर्ण त्यांची ऐसी ॥ ६४३ ॥

ശുദ്ധഭക്തന്റെ പ്രധാന ലക്ഷണം, തന്നെത്തന്നെ `പ്രത്യഗാത്മൻ' എന്ന് കരുതുന്നു എന്നതാണ് (ജാഗ്രദാവസ്ഥ, സ്വപ്നം, സുഷുപ്തി എന്നീ മൂന്ന് അവസ്ഥകൾക്ക് സാക്ഷിയാണ് പ്രത്യഗാത്മൻ). സ്വയം ആത്മാവിന്റെ പരിചാരകനായി കരുതുന്ന അദ്ദേഹം വിശ്വസിക്കുന്നു -

सर्वां भूती भगवंत । भूतें भगवंती वर्तत ।
भूतीं भूतात्मा तोचि समस्त । मी म्हणणे तेथ मीपणा न ये ॥ ६४४ ॥

എല്ലാ പ്രാണികളിലും ഭഗവാൻ വസിക്കുന്നു, എല്ലാ ജീവജാലങ്ങളും ഭഗവാനിൽതന്നെയാണ് വസിക്കുന്നത്. പ്രാണികളിലും വസിക്കുന്ന പരമാത്മസ്വരൂപം ഞാൻ ആണ്. ഇങ്ങനെ ചിന്തിക്കുന്നതുകൊണ്ട് അദ്ദേഹത്തിൽ അഹങ്കാരം തെല്ലും അവശേഷിക്കുന്നില്ല.

सर्व भूतीं भगवंत पाहीं । भूतें भगवंताचे ठायीं ।
हें अवघें देखे जो स्वदेहीं । स्वस्वरूप पाहीं स्वयें होय ॥ ६४५ ॥

സർവ്വ പ്രാണികളിലും ഭഗവാനുണ്ടെന്നും സർവ്വ പ്രാണികളും ഭഗവാനിലാണെന്നും മാനിക്കുന്ന ആ ഭക്തൻ ഇതെല്ലാം സ്വന്തം ദേഹത്തിൽ തന്നെ കാണുന്നതുകൊണ്ട് സ്വസ്വരൂപമായിത്തന്നെ ഭവിക്കുന്നു.

तो भक्तांमाजीं अतिश्रेष्ठ । तो भागवतांमाजीं वरिष्ठ ।
त्यासी उत्तमत्वाचा पट । अवतार श्रेष्ठ मानिती ॥ ६४६ ॥

ഇദ്ദേഹം ഭക്തരിൽ അതിശ്രേഷ്ഠനാകുന്നു, ഭാഗവതന്മാരിൽവെച്ച് വരിഷ്ഠനാകുന്നു. ഇങ്ങനെയൊരു ഭക്തനെ സർവോത്തമൻ എന്ന് മാനിച്ച് ശ്രേഷ്ഠമായ അവതാരം എന്ന് കരുതപ്പെടുന്നു.

तो योगियांमाजीं अग्रगणी । तो ज्ञानियांचा शिरोमणी ।
तो सिद्धांमाजीं मुगुटमणीं । हें चक्रपाणी बोलिला ॥ ६४७ ॥

അദ്ദേഹം യോഗികളിൽ അഗ്രഗണ്യനാണ്, ജ്ഞാനികളിൽ ശിരോമണിയാണ്, സിദ്ധന്മാരിൽ മകുടമണിയാണ്, ഇത് ചക്രപാണി സ്വയം പറഞ്ഞിരിക്കുന്നു.

जैशा घृताचिया कणिका । घृतेंसीं नव्हती आणिका ।
तेवीं भूतें भौतिकें व्यापका । भिन्न देखा कदा नव्हती ॥ ६४८ ॥

നെയ്യുടെ അംശം നെയ്യിൽനിന്ന് വ്യത്യസ്തമല്ല. അതുപോലെ പഞ്ചമഹാഭൂതങ്ങളും ഭൗതിക പദാർത്ഥങ്ങളും സർവ്വവ്യാപിയായ പരമാത്മാവിൽനിന്ന് ഒരിക്കലും ഭിന്നമല്ല.

हे उत्तम भक्तांची निजस्थिती । राया जाणावी सुनिश्चितीं ।
आतां मध्यम भक्त कैसे भजती । त्यांची भजनगती ऐक राया ॥ ६४९ ॥

ഹേ രാജാവേ, ഉത്തമ ഭക്തരുടെ സ്ഥിതി ഈവിധമാണെന്നു നിശ്ചിതമായിട്ടറിഞ്ഞാലും. ഇപ്പോൾ, മധ്യമ ഭക്തരുടെ ഭജന രീതിയെക്കുറിച്ചു കേൾക്കുക -

ഈശ്വരേ തദധീനേഷു ബാലിശേഷു ദ്വിഷത്സു ച
പ്രേമമൈത്രീകൃപോപേക്ഷാ യഃ കരോതി സ മദ്ധ്യമഃ. 46

ഈശ്വരനിലും ഈശ്വരനെ ആശ്രയിച്ചിരിക്കുന്നവരിലും അറിവില്ലാത്തവരിലും ശത്രുക്കളിലും ക്രമേണ പ്രേമത്തേയും മൈത്രിയേയും കൃപയേയും ഉപേക്ഷയേയും യാവനൊരുത്തൻ ചെയ്യുന്നുവോ അവൻ മദ്ധ്യമൻ.

ईश्वर मानी उत्तमोत्तम । तद्भक्त मानी मध्यम ।
अज्ञान तो मानी अधम । द्वेषी ते परम पापी मानी ॥ ६५० ॥

ഈശ്വരൻ ഏറ്റവും ഉത്തമനെന്നും, ഭക്തർ മധ്യമരെന്നും, അജ്ഞാനികൾ അധമരെന്നും ദ്വേഷികൾ പരമ പാപികളെന്നും അദ്ദേഹം മാനിക്കുന്നു.

ईश्वरी 'प्रेम' पवित्र । भक्तांसी 'मैत्री' मात्र ।
अज्ञानी तो कृपापात्र । उपेक्षा निरंतर द्वेषियांची ॥ ६५१ ॥

ഈശ്വരനോട് അദ്ദേഹത്തിന് പ്രേമഭാവമാണ്, ഭക്തന്മാരോട് മൈത്രീ ഭാവം, അജ്ഞാനികളോട് കൃപ, ദ്വേഷികളോട് ഉപേക്ഷ ഭാവം.

हे मध्यम भक्तांची भक्ती । राया जाण ऐशिया रितीं ।
आतां प्राकृत भक्तांची स्थिती । तेही तुजप्रती सांगेन ॥ ६५२ ॥

രാജാവേ, മധ്യമ ഭക്തരുടെ ഭക്തി ഇത്തരത്തിലുള്ളതാണ്. ഇനി, പ്രാകൃത ഭക്തരുടെ അവസ്ഥയെക്കുറിച്ച് ഞാൻ പറയാം.

അർച്ചയാമേവ ഹരയേ പൂജാം യഃ ശ്രദ്ധയേഹതേ
ന തദ്ഭക്തേഷു ചാന്യേഷു സ ഭക്തഃ പ്രാകൃതഃ സ്മൃതഃ. 47

പ്രതിമയിൽ മാത്രം ശ്രദ്ധയോടുകൂടി ഹരിയായ്ക്കൊണ്ട് പൂജയെ യാതൊരുവൻ ചെയ്യുന്നുവോ, ഈശ്വരഭക്തന്മാരിലും അന്യരിലും പൂജിക്കുന്നില്ലയോ ആ ഭക്തൻ പ്രാകൃതനാകുന്നു.

पाषाणप्रतिमा हाचि देवो । तेथेंचि ज्याचा पूर्ण भावो ।
भक्त-संत-सज्जनांसी पहा वो । अणुमात्र देहो लवों नेदी ॥ ६५३ ॥

ഒരു പ്രാകൃത ഭക്തൻ കല്ലിൽകൊത്തിയ വിഗ്രഹത്തിനെ ദൈവം എന്ന് കണക്കാക്കുന്നു, തന്റെ മുഴുവൻ ഭക്തിയും അതിൽ സമർപ്പിക്കുന്നു. എന്നാൽ ഒരു ഭക്തനെയോ സാധുവിനെയോ കാണുമ്പോൾ ചെറുതായിട്ടുപോലും തല കുനിക്കുന്നില്ല.

ते ठायीं साधारण जन । त्याची वार्ता पुसे कोण ।
त्यांसी स्वप्नींही नाही सन्मान । यापरी भजन प्राकृताचें ॥ ६५४ ॥

പിന്നെ സാധാരണ ജനങ്ങളെ മാനിക്കുന്നതിനെകുറിച്ചെന്തു പറയാൻ? അവർക്ക് സ്വപ്നത്തിൽപ്പോലും പ്രാകൃത ഭക്തരിൽനിന്നും ആദരവ് ലഭിക്കുകയില്ല.

ऐशिया स्थितीं जो जड भक्तु । तो जाणावा मुख्य प्राकृतु ।
प्रतिमाभंगें अंतु । मानी निश्चित्य देवाचा ॥ ६५५ ॥

പ്രാകൃത ഭക്തന്മാരുടെ ഭജനം ഈ വിധത്തിലാണ്. ഇവരുടെ ഭക്തി സങ്കല്പം ജഡം പോലെയാണ് - അജ്ഞാനത്തിലാഴ്ന്നതാണ്. ഈ പ്രാകൃത ഭക്തർ മൂർത്തി തകർന്നാൽ ഈശ്വരനും ഇല്ലാതെയായി എന്ന് കരുതുന്നു.

यापरी त्रिविध भक्त । सांगितले भजनयुक्त ।
परी उत्तमांचीं लक्षणें अद्‌भूत । ती सांगावया चित्त उदित माझें ॥ ६५६ ॥

മൂന്ന് വിധത്തിലുള്ള ഭക്തരെ പറ്റി ഇപ്പോൾ ഞാൻ അങ്ങയോടു പറഞ്ഞു. പക്ഷെ, ഉത്തമ ഭക്തരുടെ ലക്ഷണം അപൂർവ്വമാണ്. ആ ലക്ഷണങ്ങളെ പറയുവാൻ എനിക്ക് ഉത്സാഹമായിരിക്കുന്നു.

ഗൃഹീത്വാപീന്ദ്രിയൈരർത്ഥാൻ യോ ന ദ്വേഷ്ടി ന ഹൃഷ്യതി
വിഷ്ണോർമ്മായാമിദം പശ്യൻ സ വൈ ഭാഗവതോത്തമഃ. 48

ഇന്ദ്രിയങ്ങൾകൊണ്ട് വിഷയങ്ങളെ ഗ്രഹിക്കുന്നുവെങ്കിലും യാതൊരുവൻ ദ്വേഷിക്കുന്നില്ല സന്തോഷിക്കുന്നുമില്ല ഇത് വിഷ്ണുവിന്റെ മായയാകുന്നുവെന്ന് കാണുന്നവൻ ആരോ അവൻ തന്നെ ഉത്തമഭഗവദ്ഭക്തൻ.

इंद्रियें विषयांतें सेविती । परी सुखदुःख नुमटे चित्तीं ।
विषय मिथ्यात्वें देखती । ते जाण निश्चितीं उत्तम भक्त ॥ ६५७ ॥

ആർക്കാണോ ഇന്ദ്രിയ വിഷയങ്ങളെ സേവിച്ചാലും ചിത്തത്തിൽ സുഖമോ ദുഃഖമോ ഉണ്ടാകാത്തത്, കാരണം,അദ്ദേഹം വിഷയം മിഥ്യയാണെന്ന് നല്ലതുപോലെ അറിയുന്നു, അങ്ങനെയൊരു ഭക്തൻ ഉത്തമഭക്തനാണ്.

मृगजळीं जेणें केलें स्नान । तो नाहतां कोरडाचि जाण ।
तेवीं भोगीं ज्यांसी अभोक्तेपण । ते भक्त पूर्ण उत्तमोत्तम ॥ ६५८ ॥

മരുമരീചിക ജലത്തിൽ സ്നാനം ചെയ്ത ആൾ നനയുന്നില്ല. അതുപോലെ ഭോഗങ്ങളെ ഭോഗിച്ചാലും ആരാണോ അതിൽ അലിപ്തമായിട്ടിരിക്കുന്നത്, അതായത് അതിൽ കർതൃത്വം വെക്കാത്തത്, അദ്ദേഹം പൂർണ്ണമായിട്ടും ഉത്തമ ഭക്തനാണ്.

उत्तम भक्त विषय सेविती । हा बोलु रूढला प्राकृतांप्रती ।
त्यांसी विषयीं नाहीं विषयस्फूर्ती । त्यागिती भोगिती दोनी मिथ्या ॥ ६५९ ॥

സാധാരണ ജനങ്ങൾ, ഉത്തമ ഭക്തൻ വിഷയങ്ങളെ സേവിക്കുന്നു എന്ന് ധരിച്ചാലും, ഈ ഭക്തർക്ക് വിഷയങ്ങളോട് ആസക്തിയില്ലെന്നുള്ള കാര്യം അവർ അറിയുന്നില്ല. ത്യാഗവും ഭോഗവും ഈ ഭക്തർക്ക് മിഥ്യയാണ്.

स्वप्नींचें केळें रायभोगें । जागा होऊनि खावों मागे ।
तेणें हातु माखे ना तोंडी लागे । तेवीं विषयसंगें हरिभक्त ॥ ६६० ॥

ഒരു വ്യക്തി സ്വപ്നത്തിൽ മധുരമുള്ള ഒരു വാഴപ്പഴം കഴിക്കുകയും പിന്നീട് ഉണർന്നിരിക്കുമ്പോൾ അത് വീണ്ടും കഴിക്കാൻ ആഗ്രഹിക്കുകയും ചെയ്താൽ, അയാൾക്ക് അത് കൈകൊണ്ട് പിടിക്കുവാനോ വായകൊണ്ട് കഴിക്കാനോ കഴിയില്ല. അതുപോലെ, ഹരിഭക്തർ ഇന്ദ്രിയവിഷയങ്ങളുമായുള്ള സമ്പർക്കം മിഥ്യയാണെന്നു കരുതുന്നു.

येथवरी मिथ्या विषयभान । तरी सेवावया त्यांसी काय कारण ।
येथ प्रारब्ध बळी पूर्ण । तें अवश्य जाण भोगवी ॥ ६६१ ॥

ഇന്ദ്രിയവിഷയങ്ങൾ ഇവർക്ക് മിഥ്യയാണെങ്കിൽ പിന്നെ ഇവരെന്തിനു ഇതിനെ സേവിക്കുന്നു? ഉത്തരം, ഈ ജീവിതകാലത്തേക്ക് നിശ്ചയിച്ചിരിക്കുന്ന പ്രാരബ്ദ വളരെ ഒഴിവാക്കാനാവാത്തതിനാൽ വിഷയ സമ്പർക്കവും ഒഴിവാക്കാനാവാത്തതാണ്; അത് അവരെ അനുഭവിക്കാൻ നിർബന്ധിക്കുന്നു.

परी मी एक विषयभोक्ता । ही स्वप्नींही त्यास नुमटे कथा ।
यालागीं उत्तम भागवतता । त्यासीच तत्त्वतां बाणली ॥ ६६२ ॥

പക്ഷെ, വിഷയങ്ങളെ ഭോഗിക്കുമ്പോഴും, കർതൃത്വവും ഭോക്തൃത്വവും അവർക്കു സ്വപ്നത്തിൽപ്പോലും ഇല്ല. അതുകൊണ്ടാണ് ഇവരെ ഭാഗവതോത്തമന്മാർ എന്ന് വിളിക്കുന്നത്.

यापरी विषयासक्तीं । वर्तिजे उत्तम भक्तीं ।

याहून अगाध स्थिती । सांगेन तुजप्रती ते ऐक ॥ ६६३ ॥

ഉത്തമനായ ഭക്തൻ വിഷയസേവനത്തിൽ ഈ വിധമാണ് വ്യവഹരിക്കുന്നത്. ഇതിലും വലിയ ഒരു സ്ഥിതിയുണ്ട്, അതിനെക്കുറിച്ച് ഇനി ഞാൻ പറയാം -

ദേഹേന്ദ്രിയപ്രാണമനോധിയാം യോ
ജന്മാപ്യയക്ഷുദ്ഭയതർഷകൃച്ഛ്രൈഃ
സംസാരധർമ്മൈരവിമുഹ്യമാനഃ
സ്മൃത്യാ ഹരേർഭാഗവതപ്രധാനഃ 49

ദേഹം, ഇന്ദ്രിയം, പ്രാണൻ, മനസ്സ്, ബുദ്ധി ഇവയുടെ ജനനം, മരണം, വിശപ്പ്, പേടി, പ്രയാസം, തൃഷ്ണ എന്നീ സംസാരധർമ്മങ്ങളാൽ ഹരിയുടെ സ്മരണം നിമിത്തം യാതൊരുവൻ മോഹിക്കാതിരിക്കുന്നുവോ അവൻ ഭക്തന്മാരിൽവെച്ച് ശ്രേഷ്ഠൻ.

देह-इंद्रिय-मन-बुद्धि-प्राण । हेंचि बंधाचें पंचायतन ।
क्षुधा तृषा भय क्लेश पूर्ण । जन्ममरण इत्यादि ॥ ६६४ ॥

ദേഹം, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, പ്രാണൻ - ഇവയഞ്ചും ബന്ധനകാരണങ്ങളാണ്, ഇവയിൽ വിശപ്പ്, ദാഹം, ഭയം, ക്ലേശം, ജന്മമരണാദി ദോഷങ്ങൾ നിറഞ്ഞിരിക്കുന്നു.

या पांचां स्थानीं अपार श्रम । या नांव म्हणिजे संसारधर्म ।
निजभक्तां प्रसन्न आत्माराम । त्यांसी भवभ्रम स्वप्नींही नाहीं ॥ ६६५ ॥

ഈ അഞ്ചുസ്ഥലങ്ങളിലും അത്യന്തം കഷ്ടപ്പാടുകൾ അനുഭവപ്പെടുന്നു. ഇതിനെയാണ് സംസാരധർമ്മം എന്ന് വിളിക്കുന്നത്. പക്ഷെ ശ്രീ ആത്മാരാമൻ സ്വന്തം ഭക്തരായ ഇവരിൽ പ്രസന്നമായതു കാരണം സ്വപ്നത്തിൽപ്പോലും ഇവരെ സംസാര ഭ്രമം ബാധിക്കുന്നില്ല.

क्षुधा लागलिया दारुण । आत्नआकांक्षें पीडे प्राण ।
भक्तां क्षुधेची नव्हे आठवण । ऐसें अगाध स्मरण हरीचें ॥ ६६६ ॥

നല്ല വിശപ്പുള്ളപ്പോൾ സാധാരണക്കാർ ഭക്ഷണം കഴിക്കാൻ കൊതിക്കുന്നു, എന്നാൽ ഭക്തർ ഹരിസ്മരണയിൽ മഗ്നമായതിനാൽ അവർക്ക് വിശപ്പനുഭവപ്പെടുന്നതേയില്ല.

भावें करितां भगवद्भक्ती । क्षुधेतृषेची नव्हे स्फूर्ती ।
एवढी पावले अगाध प्राप्ती । ते भवभयें निश्चितीं डंडळतीना ॥ ६६७ ॥

അന്തരംഗത്തിൽ ഭഗവത് ഭക്തി ഉള്ളപ്പോൾ വിശപ്പും ദാഹത്തിന്റെയും ഓർമ്മപോലും ഇവർക്ക് വരുന്നില്ല. ഇങ്ങനെ അഗാധമായ ഭക്തി ആർക്കു പ്രാപ്തമായോ, അവരെ നിശ്ചയമായും സംസാരഭയം ബാധിക്കുന്നില്ല.

मनामाजीं भवभयभरणी । तें मन रातलें हरिचरणीं ।
आतां भयातें तेथ कोण मानी । मन मनपणीं असेना ॥ ६६८ ॥

സംസാരഭയം മനസ്സിൽ ഉണ്ടാകുമെങ്കിലും മനസ്സ് ഹരിചരണത്തിൽ മഗ്നമാണ്. അപ്പോൾ ഭയം ആർക്കു തോന്നാനാണ്? കാരണം, ഭക്തിയിൽ മനസ്സിന് അതിന്റെ സാധാരണ സ്വഭാവവിശേഷങ്ങൾ നഷ്ടപ്പെടുന്നു.

मनीं स्फुरे द्वैताची स्फूर्ती । तेथ भवभयाची दृढस्थिती ।
ते मनीं जाहली हरीची वस्ती । यालागीं भवभयनिवृत्ती द्वैतेंसीं ॥ ६६९ ॥

മനസ്സിൽ ദ്വൈതഭാവന ഉദിക്കുമ്പോഴാണ് സംസാരഭയം ദൃഢമാകുന്നത്. മനസ്സിൽ ഭഗവാൻ നിവസിക്കുമ്പോൾ ദ്വൈതത്തോടൊപ്പം ഭവഭയവും സഹജമായി ഇല്ലാതാക്കപ്പെടുന്നു.

देहबुद्धीमाजीं जाणा । नानापरी उठती तृष्णा ।
ते बुद्धी निश्चयें हरीच्या स्मरणा । करितां परिपूर्णा विनटली स्वयें ॥ ६७० ॥

ദേഹാത്മബുദ്ധിയിൽ അനേകവിധത്തിലുള്ള വാസനകൾ ഉദിക്കുന്നു. പക്ഷെ, അതെ ദേഹം ഹരിസ്മരണയിൽ മുഴുകിയിരിക്കുമ്പോൾ ചപലത അടങ്ങി സ്ഥിരമാകുന്നു.

जेथें जें जें स्फुरे तृष्णास्फुरण । तेथें स्वयें प्रगटे नारायण ।
तेव्हां तृष्णा होय वितृष्ण । विरे संपूर्ण पूर्णामाजीं । ६७१ ॥

അതിനുശേഷം എന്തെന്തു കാമനകൾ ഉദിച്ചാലും അവയിലൊക്കെ നാരായണൻ സ്വയം പ്രകടമാകുന്നു. അതിനാൽ ആ തൃഷ്ണകളൊക്കെ വിതൃഷ്ണമാകുന്നതോടൊപ്പം പൂർണ്ണത്വത്തിൽ അടങ്ങുന്നു.

यापरी गा तृष्णारहित । हरिस्मरणें भगवद्भक्त ।
इंद्रियक्लेशां भक्त अलिप्त । तोही वृत्तांत ऐक राया ॥ ६७२ ॥

ഈ വിധത്തിൽ ഭക്തൻ ഹരിസ്മരണ കാരണം കാമനാരഹിതനായി

ഭവിക്കുന്നു. ഇതിനാൽ അദ്ദേഹം ഇന്ദ്രിയങ്ങളാലുള്ള ക്ലേശങ്ങളിൽനിന്നും ബാധിക്കപ്പെടാതിരിക്കുന്നു. രാജാവേ, ഇങ്ങനെയുള്ളവരെപ്പറ്റി ഇനിയും കേട്ടാലും -

मुख्य कष्टाचें अधिष्ठान । इंद्रियकर्मीं राया जाण ।
ते इंद्रियकर्मीं ब्रह्मस्फुरण । हरिभक्तां पूर्ण हरिभजनें ॥ ६७३ ॥

ക്ലേശങ്ങളുടെ മുഖ്യ അധിഷ്ഠാനം ഇന്ദ്രിയങ്ങളുടെ കർമ്മങ്ങളാണ്. അതെ ഇന്ദ്രിയകർമ്മങ്ങളിലൂടെ ഹരിഭക്തർക്ക് ഭജനത്തിലൂടെ ബ്രഹ്മാനുഭവം ഉണ്ടായിക്കൊണ്ടേ ഇരിക്കുന്നു.

दृष्टीनें घेऊं जातां दर्शन । दृश्यमात्रीं प्रगटे नारायण ।
श्रवणीं शब्द घेतां जाण । शब्दार्थीं पूर्ण विराजे वस्तु ॥ ६७४ ॥

കണ്ണുകൊണ്ടു കാണപ്പെടുന്ന പദാർത്ഥങ്ങളെല്ലാം നാരായണസ്വരൂപമായിട്ടു ഭവിക്കുന്നു. ചെവിയിലൂടെ കേൾക്കുന്ന ശബ്ദങ്ങളുടെ ധ്വനിയിലും അർത്ഥത്തിലും ബ്രഹ്മം മാത്രമാണ് നിറഞ്ഞുനിൽക്കുന്നത്.

घ्राणीं घेतां नाना वासु । वासावबोधें प्रगटे परेशु ।
रसना सेवी जो जो रसु । रसीं ब्रह्मरसु निजस्वादें प्रगटे ॥ ६७५ ॥

മൂക്കുകൊണ്ട് മണക്കുന്ന എല്ലാ ഗന്ധങ്ങളിലും പരമാത്മാവാണ് പ്രകടമായിരിക്കുന്നത്. അതുപോലെ,നാക്ക് എന്തെന്തു രുചിച്ചാലും അവയൊക്കെ ബ്രഹ്മരസമായി ഭവിക്കുന്നു.

देहीं लागतां शीत-उष्ण । अथवा कां मृदु-कठीण ।
तेथें स्पर्श ज्ञानें जाण । चिन्मात्र पूर्ण प्रगटे स्वयें । ६७६ ॥

ദേഹത്തിന് ശീതോഷ്ണ അനുഭവങ്ങളോ മൃദുവോ കഠിനമായോ സ്പർശങ്ങളോ അനുഭവപ്പെട്ടാൽ ആ സ്പർശാനുഭവത്തിന്റെ മൂലസ്ഥാനമായ ചിത്സ്വരൂപമാണ് പ്രകടമാകുന്നത്.

आतां कर्मेंद्रियप्रवृत्ती । तेथही स्फुरे ब्रह्मस्फुर्ती ।
घेणें देणें गमनस्थिती । इंद्रियां गती आत्मारामें ॥ ६७७ ॥

ഇനി കൈകൾ, കാലുകൾ തുടങ്ങിയ കർമ്മേന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങൾ ബ്രഹ്മത്തിൽനിന്നുതന്നെ പ്രചോദിതമാകുന്നതിനാൽ, കൊടുക്കൽ വാങ്ങൽ, പോക്ക്-വരവ് തുടങ്ങിയ ഇന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് ആത്മരാമനാണെന്ന് അവർക്ക്

അനുഭവപ്പെടുന്നു.

ऐसे करितां इंद्रियें कष्ट । ते कष्टीं होय निजसुख प्रगट ।
तेणें इंद्रियां विश्रांति चोखट । पिकली स्वानंदपेठ हरिभक्तां ॥ ६७८ ॥

ഇങ്ങനെ, ഇന്ദ്രിയങ്ങളാൽ കഷ്ടങ്ങൾ അനുഭവിക്കുമ്പോഴും അതിലൊക്കെ ആത്മസുഖം മാത്രമേ പ്രകടമാകുന്നുള്ളൂ. ഈ വിധത്തിൽ ഇന്ദ്രിയങ്ങൾക്ക് ഉത്തമമായ വിശ്രാന്തിയാണ് ലഭിക്കുന്നത്. അതുകൊണ്ട് ഹരിഭക്തർ സ്വാനന്ദത്തിന്റെ ശേഖരം തന്നെ നിത്യജീവിതമാകുന്ന വിപണിയിൽ അനുഭവിക്കുന്നു.

जेणें इंद्रियां कष्ट होती । तेणेंचि इंद्रिया सुखप्राप्ती ।
हे भगवद्भजनीं निजयुक्ती । भोगिजे हरिभक्ती हरीचेनि स्मरणें ॥ ६७९ ॥

ഏതിന്ദ്രിയങ്ങളാണോ ക്ലേശത്തിനു കാരണമാകുന്നത്, അതെ ഇന്ദ്രിയങ്ങളാൽ ഹരിഭക്തർ സുഖത്തെ പ്രാപിക്കുന്നു, ഭക്തരുടെ യുക്തി ഇപ്രകാരമാകുന്നു. ഇങ്ങനെ ഹരിഭക്തർ നിരന്തര ഹരിസ്മരണമൂലം ഭക്തിയെത്തന്നെ ഭോഗിക്കുന്നു.

जन्म आणि मरण । हें देहाचे माथां जाण ।
भक्त देहीं विदेही पूर्ण । ध्यातां हरिचरण हरिरूप जाहले ॥ ६८० ॥

ജന്മവും മരണവും ദേഹത്തിനാണ്. ഭക്തൻ ദേഹിയാണെങ്കിലും വിദേഹഭാവത്തിലാണ്. ഹരിചരണങ്ങളെ ധ്യാനിച്ച് ധ്യാനിച്ച് അദ്ദേഹം ഹരിരൂപമാകുന്നു.

यालागीं देहाची अहंता । कदा नुपजे भगवद्भक्तां ।
ते भक्तपूर्णतेची कथा । ऐक नृपनाथा सांगेन ॥ ६८१ ॥

അതിനാൽ, ഭഗവത് ഭക്തന്മാർക്ക് ശരീരത്തിൽ അഹങ്കാരം ഉണ്ടാകുന്നതേയില്ല.ഹേ രാജാധിരാജാവേ, അവരുടെ ഭക്തിയുടെ പൂർണ്ണതത്വത്തിനെ വർണ്ണിക്കാം, കേട്ടാലും.

देह धरिल्या पंचाननें । भक्त न डंडळी जीवें प्राणें ।
वंध्यापुत्र सुळीं देणें । देहाचें मरणें तेवीं देखे ॥ ६८२ ॥

ഭക്തന്റെ ശരീരം ഒരു കടുവ ആക്രമിച്ചാലും, ഭക്തൻ ഒട്ടും ഭയപ്പെടുന്നില്ല. വന്ധ്യയായ ഒരു സ്ത്രീയുടെ മകന് വധശിക്ഷ വിധിക്കുന്നത് പോലെ തന്നെ വ്യാജമാണ് മരണം എന്ന് അദ്ദേഹം കരുതുന്നു.

छाया पालखीं बैसावी । ऐसें कोणी चिंतीना जीवीं ।
तैशी देहासी पदवी यावी । हा नुठी सद्भावीं लोभ भक्तां ॥ ६८३ ॥

തന്റെ നിഴൽ ഒരു പല്ലക്കിൽ ഇരിക്കണം എന്ന് ആരെങ്കിലും ആഗ്രഹിക്കുമോ? അതുപോലെ, ഒരു വിദേഹിയായ ഭക്തൻ തന്റെ ശരീരത്തിന് പദവിയോ ബഹുമാനമോ ലഭിക്കണമെന്ന് ആഗ്രഹിക്കുന്നതേയില്ല.

देहासी आलिया नाना विपत्ती । भक्तां खेदु नुमटे चित्तीं ।
जेवीं आकाश शस्त्रघातीं । न ये काकुळती तैसे ते ॥ ६८४ ॥

ശരീരത്തിന് എത്ര ആപത്തുകൾ സംഭവിച്ചാലും ഭക്തർ അതിൽ വിഷമിക്കാറില്ല. വാളുകൊണ്ട് ആകാശത്തിനെ പ്രഹരിച്ചാലും ആകാശം അതിനാൽ ബാധിക്കപ്പെടാത്തതുപോലെ.

जननीजठरीं देहो जन्मला । भक्तु न म्हणे मी जन्मा आला ।
रवि थिल्लुरीं प्रतिबिंबला । थिल्लुर मी जाहला कदा न म्हणे ॥ ६८५ ॥

ശരീരം അമ്മയുടെ ഗർഭത്തിൽനിന്നാണ് വരുന്നത്. എന്നാൽ ഒരു ഭക്തൻ `ഞാൻ ജന്മം എടുത്തു' എന്നൊരിക്കലും പറയില്ല. ഒരു ജലാശയത്തിൽ സൂര്യന്റെ പ്രതിബിംബം വീണാൽ, സൂര്യൻ ഒരിക്കലും 'ഞാൻ ജലാശയമായി' എന്ന് പറയില്ല.

सायंप्रातः सूर्य प्रकाशे । अभ्रीं गंधर्वनगर आभासे ।
देह प्रतिपाळी अदृष्ट तैसें । म्यां केलें ऐसें स्फुरेना ॥ ६८६ ॥

പകൽ സമയത്ത് സൂര്യൻ പ്രകാശിക്കുമ്പോൾ, (മേഘങ്ങളാൽ) ആകാശത്തിൽ ഗന്ധർവ്വനഗരമുള്ളതുപോലെ ദൃശ്യമാകും. സൂര്യൻ അവയെ സൃഷ്ടിച്ചുവെന്ന് പറയുന്നില്ല. അതുപോലെ, വിധി അത് ചെയ്യും എന്ന് അറിയാവുന്നതിനാൽ, ഭക്തൻ `ശരീരത്തെ ഞാൻ പരിപാലിക്കുന്നു; എന്ന് പറയുന്നില്ല.

भक्तदेहासी येतां मरण । हेतुरहित हरीचें स्मरण ।
यालागीं देह निमाल्या आपण । न मरतां पूर्ण पूर्णत्वें उरें ॥ ६८७ ॥

ഭക്തന്റെ ശരീരം മരിക്കുന്നു, പക്ഷേ അവൻ ഹേതുരഹിതമായ ഹരിയെ സ്മരിക്കുന്നു. അതുകൊണ്ട്, ശരീരം മരിച്ചാലും അവൻ മരണമില്ലാത്ത പൂർണ്ണതയിൽ ശേഷിക്കുന്നു.

थिल्लुरा समूळ नाशु झाला । तरी रवि न म्हणे तो निमाला ।
तेवीं देहो गेलिया भक्त उरला । सद्रूपें संचला हरिस्मरणें ॥ ६८८ ॥

ഒരു ജലാശയത്തിലുള്ള വെള്ളം വറ്റിപ്പോയാലും (പ്രതിബിംബം കാണാൻ പറ്റാതെയായാലും) സൂര്യൻ `ഞാൻ ഇല്ലാതെയായല്ലോ' എന്ന് കരുതുന്നില്ല. അതുപോലെ, ദേഹം നഷ്ടമായാലും ഹരിസ്മരണ കാരണം ഭക്തൻ സ്വരൂപത്തിൽ അവശേഷിക്കുന്നു.

आधीं काय सर्पु मारावा । मग दोरातें दोरु करावा ।
तो न पालटतां निजगौरवा । दोरूचि अघवा दोररूपें ॥ ६८९ ॥

കയറിൽ കാണപ്പെടുന്ന പാമ്പിനെ ആദ്യം കൊന്നിട്ട് പിന്നീട് കയറാക്കി മാറ്റണമോ? അതിന്റെ യഥാർത്ഥ രൂപം മാറാതെ, കയർ ഒരുമാറ്റവുമില്ലാതെ കയറായി തന്നെ തുടരുന്നു.

तेवीं हरिभक्तां देहाच्या अभावो । मा काळ कवणा घालील घावो ।
आतां आम्ही ते आम्हीच आहों । तें आम्हीपणही वावो आमुचेनि आम्हां ॥ ६९० ॥

അതുപോലെ, ഹരിഭക്തിയിൽ ദേഹാത്മഭാവം നഷ്ടപ്പെടുന്നു. പിന്നെ കാലത്തിന്റെ പ്രഹരം എങ്ങനെ ബാധിക്കും? നാം ഇപ്പോൾ സ്വയം ബ്രഹ്മരൂപമായതുകൊണ്ട് `ഞാൻ ശരീരമാണ്' എന്ന ദേഹാഭിമാനം മിഥ്യയായി മാറുന്നു.

एत्यादि संसारदेहधर्म । ज्यासी स्पर्शों न शके कर्माकर्म ।
मोहें नव्हेचि भवभ्रम । तो भक्तोत्तम प्रधानत्वें ॥ ६९१ ॥

ഇങ്ങനെ, സംസാരത്തിലെ ദേഹധർമ്മവും കർമ്മാകർമ്മങ്ങളും ആരെയാണോ സ്പർശിക്കുകപോലും ചെയ്യാത്തത്, ആർക്കാണോ മോഹം കാരണം ഭവിക്കുന്ന സംസാരഭ്രമം വരാത്തത്, അവർ ഉത്തമ ഭക്തന്മാരാകുന്നു.

राया आणिकही एक खूण । तुज मी सांगेन संपूर्ण ।
ज्याचा काम होय नारायण । तें भक्तलक्षण अवधारीं ॥ ६९२ ॥

ഹേ രാജാവേ, ഇനി ഒരു ലക്ഷണം കൂടി പറയാം. കാമവാസനകളടക്കം നാരായണ സ്വരൂപമായി മാറുന്ന ഭക്തരുടെ ലക്ഷണം പറയാം.

ന കാമകർമ്മബീജാനാം യസ്യ ചേതസി സംഭവഃ

വാസുദേവൈകനിലയഃ സ വൈ ഭാഗവതോത്തമഃ. 50

കാമത്തിനും കർമ്മത്തിനും കാരണമായിരിക്കുന്ന പുണ്യപാപങ്ങളുടെ ഉത്പത്തി യാതൊരുവന്റെ മനസ്സിൽ ഇല്ലയോ വാസുദേവനായ ഭഗവാൻ ശ്രീകൃഷ്ണനിൽത്തന്നെ വസിക്കുന്ന അവൻ ഉത്തമഭക്തനാകുന്നു.

हृदयीं चिंतितां आत्माराम । तद्रूप जाहला हृदयींचा काम ।
त्यासी सर्व कर्मी पुरुषोत्तम । देवदेवोत्तम तुष्टोनि प्रगटे । ६९३ ॥

ഹൃദയത്തിൽ എപ്പോഴും ആത്മാരാമനെ കുറിച്ച് ചിന്തിക്കുന്നതുകൊണ്ട് കാമനകളെല്ലാം ആത്മസ്വരൂപമാകുന്നു. ദേവാദിദേവനായ പുരുഷോത്തമൻ ഇതിൽ സന്തുഷ്ടനായി ഈ ഭക്തൻ ഏർപ്പെടുന്ന എല്ലാം കർമ്മങ്ങളിലും പ്രകടനമാകുന്നു.

तेथें ज्या ज्या वासना हृदयवासी । त्याही पडकल्या हरिमुखासी ।
एवं वासना जडल्या हरिरूपाशीं । हरि आश्रयो त्यांसी दृढ जाहला ॥ ६९४ ॥

അതുകൊണ്ട്, ഉള്ളിൽ ശേഷിക്കുന്ന വാസനകളെല്ലാം ഹരിക്ക് വശപ്പെട്ടതിനാൽ ഹരിരൂപമായി മാറുകയും ഹരിയെത്തന്നെ ദൃഢമായി ആശ്രയം പ്രാപിക്കുകയും ചെയ്യുന്നു.

तेथ जो जो भक्तांसी कामु । तो तो होय आत्मारामु ।
वासनेचा निजसंभ्रमु । पुरुषोत्तमु स्वयें होये ॥ ६९५ ॥

ആ സമയത്തിൽ ഭക്തന് എന്തെന്ത് വിഷയാഭിലാഷമുണ്ടോ അവയൊക്കെ ആത്മാരാമനായി തീരുന്നു. വാസനകളുടെ മൂലകാരണം ഗുണക്ഷോഭമാകുന്നു. ഒരു ഭക്തന്റെ വിഷയത്തിൽ, ആഗ്രഹങ്ങളുടെ പ്രക്ഷുബ്ധത തന്നെ പരമപുരുഷനായ ആത്മാവിൽ സംയോജിപ്പിച്ചിരിക്കുന്നു. ഈ വാസനകളുടെ മൂലകാരണത്തിനെ വിശകലനം ചെയ്തു നോക്കുമ്പോൾ അവിടെ പുരുഷോത്തമനെ മാത്രമേ കാണാൻ സാധിക്കുകയുള്ളു.

जगीं हरिभक्ति उत्तमोत्तम । भक्त कामेंचि करी निष्काम ।
चाळितां वासना-अनुक्रम । निर्वासन ब्रह्म प्रकाशे स्वयें ॥ ६९६ ॥

ഈ ജഗത്തിൽ ഹരിഭക്തി തന്നെ സർവ്വോത്തമം. അത് ഭക്തന്മാരെ കാമനകളിലൂടെത്തന്നെ നിഷ്കാമമാക്കി തീർക്കുന്നു. ഒന്ന് കഴിഞ്ഞാൽ

മറ്റൊന്ന് എന്നവിധത്തിൽ ഉദിക്കുന്ന വാസനകളുടെ ആവലിയെ കണ്ടിട്ട് നിർവാസനാരൂപമായ ബ്രഹ്മം തന്നെ അവയുടെ മധ്യത്തിൽ സ്വയം പ്രകാശിക്കുന്നു.

(ഉദിച്ച ഒരു വൃത്തിക്കും ഇനി ഉദിക്കാൻ പോകുന്ന വൃത്തിയുടെയും നടുവിൽ, ആ സന്ധിയിൽ, നിർവികല്പമായ ചൈതന്യത്തിന്റെ അനുഭവം ഒരു സ്ഫൂർത്തിരൂപത്തിൽ ഭക്തന് സ്പഷ്ടമായി അനുഭവപ്പെടുന്നു).

ग्रासोग्रासीं रामस्मरण । तें अन्नचि होय ब्रह्म पूर्ण ।
भक्त भोगी मुक्तपण । या रीतीं जाण विदेहा ॥ ६९७ ॥

ഓരോ കബളം അന്നം കഴിക്കുമ്പോഴും രാമനെ സ്മരിക്കുന്നതിലൂടെ, ഭക്ഷണം പരബ്രഹ്മമായി മാറുന്നു. ഹേ ജനകരാജാവേ! ഇങ്ങനെ, ഒരു ഭക്തൻ ലൗകിക സുഖങ്ങളെ ഭോഗിക്കുമ്പോഴും മുക്ത സ്ഥിതിയെ അനുഭവിക്കുന്നു.

ऐसा जो निष्कामनिष्ठ । तोचि भागवतांमाजीं श्रेष्ठ ।
त्यासीच प्रधानत्वपट । जाण तो वरिष्ठ उत्तमत्वें ॥ ६९८ ॥

ഇത്തരമൊരു നിഷ്കാമനിഷ്ഠനാണ് ഭാഗവതന്മാരിൽ ശ്രേഷ്ഠൻ. ഇങ്ങനെയൊരു വരിഷ്ഠനായ ഭക്തനെ ഭക്തന്മാരുടെ നിരയിൽ പ്രധാനിയായി മാനിക്കുന്നതാണ് ഉചിതം.

उत्तम भक्त कैसे विचरती । त्या भक्तांची विचरणस्थिती ।
ते सांगितली राया तुजप्रती । यथानिगुती तीं श्लोकीं ॥ ६९९ ॥

രാജാവേ, ഒരു ഉത്തമ ഭക്തൻ എങ്ങനെ വ്യവഹരിക്കുന്നു എന്ന് മൂന്ന് ശ്ലോകങ്ങളിലൂടെ ഞാൻ അങ്ങയോട് വിവരിച്ചു.

उत्तम भक्त कोणें लिंगेंसी । आवडते जाहले भगवंतासी ।
तें लक्षण सांगावयासी । अतिउल्हासीं हरि बोले ॥ ७०० ॥

ഇതിനുശേഷം, ഒരു ഉത്തമ ഭക്തൻ ഈശ്വരന് പ്രിയപ്പെട്ടവനാകാൻ കാരണമായ ഗുണങ്ങളെക്കുറിച്ച് വിശദീകരിക്കാൻ ഹരി വളരെ ഉത്സാഹത്തോടെ സംസാരിച്ചു തുടങ്ങി.

ന യസ്യ കർമ്മാഭ്യാം ന വർണാശ്രമജാതിഭിഃ
സജ്ജതേഽസ്മിന്നഹംഭാവോ ദേഹേ വൈ സ ഹരേഃ പ്രിയഃ. 51

യാതൊരുവന് ജന്മംകൊണ്ടും കർമ്മംകൊണ്ടും വർണ്ണാശ്രമജാതികൾക്കൊണ്ടും ഈ ശരീരത്തിൽ ഞാനെന്ന ഭാവം പറ്റുന്നില്ലയോ അവൻ തന്നെ ഹരിയുടെ പ്രിയൻ.

प्राकृतां देहीं देहाभिमान । तेणें गुरुकृपा करितां भजन ।
पालटे अभिमानाचें चिन्ह । अहं नारायणभावनायुक्त ॥७०१ ॥

സ്വാഭാവികമായി ജനങ്ങൾ ദേഹാത്മഭാവികളാണ്. ഗുരുകൃപയിലൂടെ ഭജനം ചെയ്യുമ്പോൾ അഭിമാനത്തിന്റെ സ്വരൂപം നാരായണഭാവനായുക്തമാകുന്നു, അതായത്, `ഞാൻ സ്വയം നാരായണ സ്വരൂപനാണ്' എന്ന് ഭക്തൻ കരുതുന്നു.

अहं देह हें समूळ मिथ्या । अहं नारायण हें सत्य सत्त्वतां ।
ऐशी भावना दृढ भावितां । ते भावनाआंतौता अभिमान विरे ॥ ७०२ ॥

"ഞാൻ ശരീരമാണ്" എന്ന തോന്നൽ അടിസ്ഥാനപരമായി തെറ്റാണ്; വാസ്തവത്തിൽ, സത്യം "ഞാൻ നാരായണനാണ്." ഈ ഭാവന ശീലമാകുമ്പോൾ, അഹങ്കാരം അതിൽ ലയിക്കുന്നു.

अभिमान हरिचरणीं लीन । तेव्हां भक्त होय निरभिमान ।
तेंचि निरहंतेचें लक्षण । हरि संपूर्ण सांगत ॥ ७०३ ॥

ഹരിയുടെ പാദങ്ങളിൽ ലയിച്ചുചേർന്നതിനുശേഷം ഭക്തൻ അഹങ്കാരരഹിതനാകുന്നു. ഈ അഹങ്കാരമില്ലായ്മയുടെ സവിശേഷതകളെയാണ് ഹരി പൂർണ്ണമായി വിവരിക്കുന്നത്.

निरहंकाराचीं लक्षणें । तो जन्मोनि मी जन्मलों न म्हणे ।
सुवर्णाचें केलें शुनें । तरी सोनें श्वान हों नेणे तदाकारें असतां ॥ ७०४ ॥

നിസ്വാർത്ഥനായ ഒരു വ്യക്തിയുടെ സ്വഭാവം, ജനിച്ചതിനു ശേഷവും അവൻ "ഞാൻ ജനിച്ചു" എന്ന് പറയില്ല എന്നതാണ്. സ്വർണത്താൽ ഒരു നായയുടെ ശിൽപം ഉണ്ടാക്കുകയാണെങ്കിൽ, അത് നായയാണെന്നു പറയാൻ കഴിയുകയില്ലല്ലോ.

तेवीं जन्मादि अहंभावो । उत्तम भक्तां नाहीं पहा हो ।

कर्मक्रियेचा निर्वाहो । अहंकर्ता स्वयमेवो मानीना ॥७०५ ॥

അതുപോലെ, `ഞാൻ ജനിച്ചു' എന്നതുപോലെയുള്ള അഹംഭാവം ഒരുത്തമഭക്തന് ഉണ്ടാവുകയില്ല. അദ്ദേഹം കർമ്മം ചെയ്യുന്നുവെങ്കിലും അതിൽ കർതൃത്വം ഇല്ല.

तो कर्म करी परी न म्हणे मी कर्ता । जेवीं गगनीं असोनि सविता ।
अग्नि उपजवी सूर्यकांता । तेवीं करोनि अकर्ता निजात्मदृष्टीं ॥७०६॥

അദ്ദേഹം കർമ്മം ചെയ്യുന്നുവെങ്കിലും `ഞാൻ കർത്താവാണ്' എന്ന് പറയുന്നില്ല. ആകാശത്ത് സൂര്യൻ ഉണ്ടായിരുന്നിട്ടും, തന്റെ രശ്മികളിലൂടെ ഭൂമിയിൽ അഗ്നി ഉത്പാദിപ്പിക്കുന്നതുപോലെ, ഒരു മഹാഭക്തൻ, എല്ലാ പ്രവൃത്തികളും ചെയ്തിട്ടും, ഒന്നുകൊണ്ടും ബാധിക്കപ്പെടാതെ ആത്മനിഷ്ഠയിൽ ഇരിക്കുന്നു.

सूर्ये सूर्यकांतीं अग्निसंग । तेणें होतु याग कां दाघ ।
तें बाधूं न शके सूर्याचें अंग । तेवीं हा चांग करूनि अकर्ता ॥७०७॥

സൂര്യകാന്തിക്കല്ലിലൂടെ സൂര്യകിരണങ്ങൾ കടക്കുമ്പോൾ അഗ്നി ഉത്പാദിപ്പിക്കപ്പെടുന്നു. ആ അഗ്നി ഒരു യജ്ഞത്തിൽ ഉപയോഗിക്കപ്പെട്ടാലും കാട്ടു തീയായിമാറിയാലും അത് സൂര്യന്റെ രൂപത്തിന് ദോഷം വരുത്തുകയില്ല. അതുപോലെ, എല്ലാ കർമ്മങ്ങളും ചെയ്തിട്ടും ഈ ഭക്തൻ അകർത്താവായിട്ടിരിക്കുന്നു.

अचेतन लोह चुंबकें चळे । लोहकर्में चुंबक न मैळे ।
तेवीं हा कर्में करूनि सकळें । अनहंकृतिबळें अकर्ता ॥७०८॥

കാന്തത്തിന്റെ സാന്നിധ്യം കാരണം അചേതനമായ ഇരുമ്പ് ചലിക്കാൻ തുടങ്ങുന്നു, പക്ഷേ ഇത് കാന്തത്തിനെ ബാധിക്കുന്നില്ല. അതുപോലെ, എല്ലാ പ്രവൃത്തികളും ചെയ്യുമ്പോൾ പോലും, ഭക്തന്റെ നിരഹങ്കാരസ്ഥിതിയുടെ ബലത്തിൽ അദ്ദേഹം അകർത്താവായിട്ടിരിക്കുന്നു.

देहींचीं कर्में अदृष्टें होती । मी कर्ता म्हणतां तीं बाधती ।
भक्तां सर्व कर्मीं अनहंकृती । परमात्मप्रतीती भजनयोगें ॥७०९॥

ശരീരത്തിന്റെ കർമ്മങ്ങൾ പ്രാരബ്ധത്താൽ ഭവിക്കുന്നു. `അത് ചെയ്യുന്നവൻ ഞാൻ ആണ്' എന്ന് പറയുന്നവൻ കർമ്മത്താൽ ബാധിക്കപ്പെടുന്നു. ഭക്തർ ഭജനനിഷ്ഠ കാരണം ഭഗവത് പ്രീതിയ്ക്കായ്കൊണ്ട് കർമ്മം ചെയ്യുമ്പോൾ നിരഹങ്കാരരായി കർമ്മം

ചെയ്യുന്നു.

एवं देहींचीं कर्मे निपजतां । पूर्णप्रतीती भक्त अकर्ता ।
कर्माकर्माची अवस्था । नेघे तो माथां अनहंकृती ॥७१० ॥

അതുകൊണ്ട്, ശരീരം കൊണ്ട് കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോഴും പൂർണ്ണതയുടെ അനുഭവം കാരണം അകർത്താവായിട്ടിരിക്കുന്നു. ഒരു കർമ്മം ചെയ്തുവെന്നോ ചെയ്തില്ല എന്നോ ഉള്ള ഭാരം അദ്ദേഹം സ്വന്തം തലയിൽ വഹിക്കുന്നില്ല.

जरी जाहला उत्तमवर्ण । तरी तो न म्हणे मी ब्राह्मण ।
स्फटिक कुंकुमें दिसे रक्तवर्ण । । "मी लोहीवा पूर्ण" स्फटिक न म्हणे ॥७११ ॥

ഒരു ഉയർന്ന ജാതിയിൽ ജനിച്ചാലും അദ്ദേഹം "ഞാൻ ഒരു ബ്രാഹ്മണനാണ്" എന്ന് പറയില്ല. കുങ്കുമത്തിൽ വച്ചിരിക്കുന്ന സ്ഫടികം ചുവന്ന നിറത്തിൽ കാണപ്പെട്ടാലും ഒരിക്കലും "ഞാൻ ചുവപ്പാണ്" എന്ന് പറയില്ല.

ज्यासी नाही देहाभिमान । तो हाती न धरी देहाचा वर्ण ।
तैसाचि आश्रमाभिमान । भक्त सज्ञान न धरी कदा ॥७१२ ॥

ദേഹത്തിൽ അഭിമാനിക്കാത്ത ഒരാൾ വർണ്ണത്തിനെകുറിച്ച് ചിന്തിക്കാത്തതുപോലെ ജ്ഞാനസമ്പന്നനായ ഒരു ഭക്തൻ ഒരിക്കലും ആശ്രമത്തിൽ അഭിമാനം വയ്ക്കുകയില്ല.

अंगीं बाणला संन्यासु । परी तो न म्हणे मी परमहंसु ।
जेवी नटाअंगीं रजविलासु । तो राजउल्हासु नट न मानी ॥७१३ ॥

ഒരു സന്യാസി "ഞാൻ ഒരു പരമഹംസനാണ്" എന്ന് പറയുകയില്ല. നാടകത്തിലെ ഒരു നടൻ രാജാവിന്റെ വേഷം ധരിച്ചാൽ "ഞാൻ ഒരു രാജാവായി" എന്ന് വിശ്വസിക്കാത്തതുപോലെ.

तेवीं आश्रमादि अवस्था । भक्त न धरीच सर्वथा ।
तैशीच जातीचीही कथा । न घे माथां भक्तोत्तम ॥७१४ ॥

ഒരു ഉത്തമ ഭക്തൻ തന്റെ വർണ്ണാശ്രമത്തിൽ ഒരിക്കലും അഭിമാനം വെക്കുകയില്ല, ജാതിയുടെ ഭാരം തന്റെ തലയിൽ വഹിക്കുകയുമില്ല.

तेवीं जन्म-कर्म-वर्णा-श्रम-जाती । पूर्ण भक्त हातीं न धरिती ।

चहूं देहांची अहंकृती । स्वप्नींही न धरिती हरिभक्त ॥७१६ ॥

ജന്മത്തിലോ കർമ്മത്തിലോ വർണ്ണാശ്രമത്തിലോ ജാതിയിലോ ഈ ഭക്തർ അഭിമാനം വെക്കുകയില്ല. നാലു വിധ ശരീരങ്ങളും ഇവർ സ്വപ്നത്തിൽപ്പോലും തന്റേതാണ് എന്ന് ധരിക്കുകയില്ല.

**आशंका ॥ तरी काय वर्णाश्रम-जाती । भक्त निःशेष सांडिती ।
त्यांत असोनि नाहीं अहंकृती । ते हे उपपत्ति बोलिलो राया ॥७१७ ॥**

ഇവിടെ ഒരു ആശങ്ക ഉദിക്കുന്നു - ഭക്തർ അവരുടെ വർണ്ണാശ്രമധർമ്മങ്ങളെ നിശ്ശേഷം ഉപേക്ഷിക്കുമോ? ഉത്തരം - അവർ ഉപേക്ഷിക്കുന്നില്ല, പക്ഷെ ഒന്നിലും വിശേഷിച്ചൊരു അഭിമാനവും വെക്കുന്നില്ല.

**तो जेव्हां पावे जन्मप्राप्ती । तेव्हां त्यासवें नाहीं वर्णाश्रम-जाती ।
जन्मअभिमानें माथां घेती । हे कुळगोत-जाति पैं माझी ॥७१८ ॥**

ജനന സമയത്തിൽ ഒരുവന് വർണ്ണാശ്രമജാതിയുടെ അറിവില്ല. പക്ഷെ, അവിദ്യകൊണ്ട് താൻ ഇന്ന കുല-ഗോത്ര-ജാതിയിൽ പെട്ടവനാണെന്ന് അഭിമാനിച്ച്, ആ ഭാരം തന്റെ തലയിൽ വഹിക്കുകയും ചെയ്യുന്നു.

**ऐशा नाथिल्या अहंकृती । ब्रह्मादिक गुंतले ठाती ।
वाढविता वर्णाश्रम जाती । सज्ञान गुंतती निजाभिमानें ॥७१९॥**

ബ്രഹ്മാദി ദേവന്മാർപോലും ഈ മിഥ്യാഭിമാനത്തിന് ഇരയാകുന്നു. കൂടാതെ, പല പ്രഗത്ഭരായ പണ്ഡിതന്മാർക്കും തങ്ങൾ ഒരു പ്രത്യേക ജാതിയിലോ കുടുംബത്തിലോ വംശത്തിലോ ആണെന്ന ഒരു ധാരണയുണ്ട്. അവർ ആ അഭിമാനത്തിൽ കുടുങ്ങിയിരിക്കുന്നു.

**ऐशी अहंतेची अतिदुर्धर गती । येथें ब्रह्मादिकां नव्हे निवृत्ती ।
सोडूं नेणे गा कल्पांती । सज्ञान ठाकिजेती निजाभिमानें ॥७२०॥**

ഈ മിഥ്യാഭിമാനത്തിന്റെ ഊക്ക് ഭയാവഹമാണ്. ബ്രഹ്മാദിദേവന്മാർക്കുപോലും ഇതിൽനിന്നും രക്ഷപ്പെടാൻ കഴിയില്ല. കല്പാന്തത്തിലും ഈ മിഥ്യാധാരണ വിട്ടുപോവുകയുമില്ല. പല പണ്ഡിതരും ഇതിൽ കുടുങ്ങിയിട്ടുണ്ട്.

**येथें भक्तांच्या भाविक स्थितीं । अभिमान तुटे भगवद्‌भक्तीं ।
ते निरभिमान भक्तस्थिती । राया तुजप्रती दाविली स्वयें ॥७२१ ॥**

ഭക്തരുടെ വിഷയത്തിൽ ഈ മിഥ്യാഭിമാനം ഒരിക്കലും വർദ്ധിക്കുകയില്ല, മറിച്ച് ഭഗവത്ഭക്തിയിൽ അതില്ലാതെയാവുകയേ ഉള്ളൂ. ഹേ രാജാവേ, നിരഭിമാനിയായ ഭക്തന്റെ ഈ സ്ഥിതിയെക്കുറിച്ച് ഞാൻ അങ്ങയോട് പറഞ്ഞിട്ടുണ്ട്.

समूळ देहाभिमान झडे । तो देहीचि देवासी आवडे ।
ते भक्त जाण वाडेकोडें । लळेवाडे हरीचे ॥७२२ ॥

ദേഹാഭിമാനത്തിനെ വേരോടെ നശിപ്പിച്ചവർ ഭഗവാന് പ്രിയങ്കരരാകുന്നു. ഇങ്ങനെയുള്ള ഭക്തരിൽ കുറവുകൾ ഉണ്ടെങ്കിലും അവർ ഹരിക്കു വളരെ ഇഷ്ടപ്പെട്ടവരാകുന്നു.

ते जें जें मागती कौतुकें । तें देवोचि होय तितुकें ।
त्यांचेनि परम संतोखें । देव सुखावला सुखें दोंदिल होये ॥७२३ ॥

അവർ എന്തൊക്കെ വസ്തുക്കൾ ചോദിക്കുന്നുവോ, ഭഗവാൻ സ്വയം ആ വസ്തുക്കളായി, അതിനെ അവർക്ക് കൊടുക്കുന്നു. അവർ അതിൽ സന്തോഷിക്കുമ്പോൾ, ഭഗവാനും സന്തോഷിക്കുന്നു.

तो जिकडे जिकडे जाये । देव निजांगें तेउता ठाये ।
भक्त जेउती वास पाहे । देव ते ते होय पदार्थ ॥७२४॥

ഒരു ഭക്തൻ എവിടെ പോയാലും അവിടെ ഭഗവാൻ പ്രകടമാകുന്നു. ഭക്തൻ എന്ത് ആഗ്രഹിച്ചാലും അല്ലെങ്കിൽ എന്ത് വസ്തുക്കൾ കണ്ടാലും, ആ വസ്തുക്കൾ ഭഗവാൻ തന്നെയായി മാറുന്നു.

त्यासी झणीं कोणाची दृष्टी लागे । यालागीं देवो त्या पुढें मागें ।
त्या सभोवता सर्वांगें । भक्तीचेनि पंगें भुलला चाले ॥७२५॥

ദുഷ്ട ദൃഷ്ടികളിൽ നിന്ന് അദ്ദേഹത്തെ സംരക്ഷിക്കാൻ, ഭഗവാൻ അദ്ദേഹത്തിന്റെ മുന്നിലും പിന്നിലും ചുറ്റും നില്ക്കുന്നു. ഭഗവാൻ തന്റെ ഭക്തരുടെമുന്നിൽ ഒന്നുമല്ലാതെയാകുന്നു, അവരോടുള്ള ഭക്തിയിൽ ഭഗവാൻ അവരുടെകൂടെ തന്നെ സഞ്ചരിക്കുന്നു.

निरभिमानाचेनि नांवें । देव निजांगें करी आघवें ।
जेवीं कां तान्हयाचेनि जीवें । जीवें भावें निजजननी ॥७२६॥

കുഞ്ഞിനോടുള്ള വാത്സല്യം കാരണം ഒരമ്മ തന്റെ മനസ്സും ശരീരവും കൊണ്ട് എങ്ങനെയാണോ ആ ശിശുവിനെ പരിപാലിക്കുന്നത്, അതുപോലെ നിരഭിമാനിയായ ഒരു ഭക്തനോടുള്ള പ്രേമംകൊണ്ട്

ഭഗവാൻ സർവ്വ അംഗങ്ങളാൽ പരിചരിക്കുന്നു.

एवं राखतां निजभक्तांसी । तरी देव धाके निजमानसीं ।
जरी हा मजसीं आला ऐक्यासी । तरी हे प्रीति कोणासीं मग करावी ॥७२७ ॥

അങ്ങിനെ, തന്റെ ഭക്തനെ സംരക്ഷിക്കുമ്പോൾ, ഭഗവാന്റെ മനസ്സിൽ ഒരു ഭയമേയുള്ളൂ, ഈ ഭക്തൻ എന്നിൽ ഐക്യം പ്രാപിച്ചാൽ, പിന്നെ ഞാൻ ആരെയാണ് സ്നേഹിക്കുക?

कोणासी पाहों कृपादृष्टीं । कोणापें सांगों निजगोष्टी ।
कोणासी खेवें देवों मिठी । ऐशी आवडी मोठी प्रेमाची ॥७२८ ॥

കൃപാദൃഷ്ടിയോടെ ഇനി ഞാൻ ആരെ നോക്കും? മനസ്സിലുള്ള കാര്യങ്ങൾ ഞാൻ ആരെ കേൾപ്പിക്കും? നാലുകൈകൾ കൊണ്ട് ഇനി ആരെ ആലിംഗനം ചെയ്യും? ഈശ്വരന് ഇവരോടുള്ള അസാധാരണമായ സ്നേഹം ഇങ്ങനെയാണ്.

या काकुळतीं श्रीअनंतु । ऐक्यभावें करी निजभक्तु ।
मग देवो भक्त दोहींआंतु । देवोचि नांदतु स्वानंदें ॥७२९॥

ഇത്രയധികം ഭക്തവാത്സല്യത്തോടെ ശ്രീ അനന്തൻ ഭക്തനുമായി ഐക്യപ്പെടുന്നു. അതിനുശേഷം, ഭഗവാൻ ഭഗവാനായും, ഭക്തനായും സ്വാനുഭൂതിയുടെ ആനന്ദത്തിൽ നർത്തനം ചെയ്യുന്നു.

एवं आपुली आपण भक्ती । करीतसे अनन्यप्रीतीं ।
हेंचि निरूपण वेदांतीं । अद्वैतभक्ति या नांव ॥७२९॥

ഈ വിധത്തിൽ ഭഗവാൻ സ്വയം തന്നോട് ഭക്തി ചെയ്യുന്നു. വേദാന്തത്തിൽ ഇതിനെയാണ് നിരൂപിക്കപ്പെട്ടിരിക്കുന്നത്. ഇതിന്റെ പേരാണ് `അദ്വൈത ഭക്തി'.

त्यासी चहूं भुजीं आलिंगितां । हांव न बाणेचि भगवंता ।
मग रिघोनियां आंतौता । परमार्थता आलिंगी ॥७३१ ॥

ഇത്തരമൊരു ഭക്തനെ നാലുകൈകൊണ്ട് ആലിംഗനം ചെയ്തും ഭഗവാന് മതിയാകുന്നില്ല. അതുകൊണ്ട് ഭക്തന്റെ അകത്തുപ്രവേശിച്ച് ഉള്ളിലിന്നും ആലിംഗനം ചെയ്യുന്നു. (അന്തർഭാഹ്യമായ സർവ്വാലിംഗനം ഇതാകുന്നു).

ऐसें खेंवाचें मीस करी । तेणें भक्त आणी आपणाभीतरीं ।

मग आपण त्याआंतबाहेरी । अतिप्रीतीवरी कोंदाटे ॥७३२ ॥

ഇങ്ങനെ ഭക്തനെ ആലിംഗനം ചെയ്യുക എന്ന വ്യാജത്തിൽ ഭഗവാൻ ഭക്തനെ തന്റെയുള്ളിലേക്ക് ആകർഷിച്ച് ഭക്തന്റെ ഉള്ളിലും പുറത്തും അത്യന്തം പ്രേമത്തോടെ സ്വയം വ്യാപിക്കുന്നു.

नवल आवडीचा निर्वाहो । झणीं लागे काळाचा घावो ।
यालागीं निजभक्तांचा देहो । देवाधिदेवो स्वयें होये ॥७३३ ॥

ഭഗവാന്റെ സ്നേഹം വളരെ നവീനമാണ്. ഭക്തന് കാലത്തിന്റെ മുറിവുകൾ ഏൽക്കാതെയിരിക്കാൻ ദേവാദിദേവനായ ഭഗവാൻ തന്നെ ഭക്തന്റെ ശരീരമാകുന്നു.

ऐसा जो पढियंता परम । तो भागवतांमाजीं उत्तमोत्तम ।
यापरी भागवतधर्म । पुरुषोत्तम वश्य करी ॥७३४ ॥

അങ്ങനെ, ഭഗവാന് അത്യധികം പ്രിയപ്പെട്ടവനായിത്തീർന്നവനാണ് ഭാഗവതന്മാരിൽ ഏറ്റവും മികച്ചത്. അത്തരം ഭാഗവത ധർമ്മം പുരുഷോത്തമനായ ഭഗവാനെ വശത്തിലാക്കുന്നു.

ऐशिया उत्तम भक्ता । भेदाची समूळ नुरे वार्ता ।
हेचि अभेदभक्तकथा । ऐक नृपनाथा सांगेन ॥७३५॥

അങ്ങനെയൊരു ഉത്തമഭക്തന് ഭേദത്തിന്റെ കാര്യം പോലും അറിയില്ല. ഹേ രാജാവേ, ആ ഭക്തന്റെ അഭേദഭാവത്തിന്റെ കഥ പറയാം, കേട്ടാലും.

ന യസ്യ സ്വ: പര ഇതി വിത്തേഷ്വാത്മനി വാ ഭിദാ ।
സർവഭൂതസമ: ശാന്ത: സ വൈ ഭാഗവതോത്തമ: 52

യാതൊരുവന് ധനാദികളിലും ശരീരത്തിലും തന്റേതെന്നും അന്യന്റേതെന്നും ഭേദം ഇല്ലാതെ എല്ലാ ഭൂതങ്ങളിലും തുല്യനായും ശാന്തനായിരിക്കുന്നുവോ അവൻ തന്നെ ഉത്തമനായ ഭഗവദ്ഭക്തൻ.

अद्वैतभजनाचे वोजें । मी माझें तूं आणि तुझें ।

ज्यासी नुरेचि सहज निजें । तो भक्त मानिजे उत्तमत्वें ॥७३६॥

അദ്വൈത ഭജനത്തിൽ, 'ഞാൻ', 'എന്റേത്' എന്നോ 'നീ', 'നിന്റെത്' എന്നോ വികാരങ്ങൾ ഇല്ലാത്ത വ്യക്തിയെയാണ് 'ഉത്തമഭക്തൻ' എന്ന് കണക്കാക്കുന്നത്.

यापरी ज्याचे चित्ताचे ठायीं । भेदु निःशेष उरला नाहीं ।
तेथ माझें तुझें हें कांहीं । तें निमालें पाहीं जेथींच्या तेथें ॥७३७॥

ഇങ്ങനെ ആരുടെ ചിത്തത്തിലാണോ ഭേദഭാവം ഒരല്പ്പംപോലും അവശേഷിക്കാത്തത്, അവിടെ എന്റേതെന്നോ നിന്റേതെന്നോ ഉള്ള ഭേദഭാവനയില്ല, കാരണം അത് ഉണ്ടാകുന്ന നിമിഷം തന്നെ ഇല്ലാണ്ടാക്കപ്പെടുന്നു.

जेवीं अग्नीशीं जें जें टेंके । तें तें अग्नीचि होऊनि ठाके ।
तेवीं अभेदभक्त जें जें देखे । तें तें यथासुखें स्वस्वरूप होये ॥७३८ ॥

അഗ്നിയിൽ കാണുന്ന രൂപങ്ങളൊക്കെ വീണ്ടും അഗ്നിയാകുന്നതുപോലെ അഭേദദൃഷ്ടിയോടെ ഇരിക്കുന്ന ഭക്തൻ എന്ത് കണ്ടാലും അവയൊക്കെ സ്വാഭാവികമായി ആത്മസ്വരൂപമാകുന്നു.

निजवित्त आणिकापाशीं देतां । आवांकू नुपजे त्याचिया चित्ता ।
न देखे पारकेपणाची वार्ता । विकल्प घालितां तरी उपजेना ॥७३९॥

തന്റെ സ്വത്ത് മറ്റൊരാൾക്ക് കൊടുക്കുവാൻ ഇങ്ങനെയൊരു ഭക്തൻ മടിക്കുന്നില്ല, കാരണം അദ്ദേഹത്തിന് അന്യഭാവം ഇല്ല. വികല്പത്തിനെ ഉണർത്തുന്ന വർത്തമാനം ആരെങ്കിലും പറഞ്ഞാലും അത് ഭക്തൻ സ്വീകരിക്കുന്നില്ല.

डावे हातींचे पदार्था । उजवे हातीं स्वयें देतां ।
येथें कोण देता कोण घेता । तेवीं एकात्मता सर्वभूतीं ॥७४० ॥

ഇടതു കൈയിൽ നിന്ന് എന്തെങ്കിലും വലതു കൈയ്ക്ക് നൽകിയാൽ, ആരാണ് ദാതാവ്, ആരാണ് സ്വീകരിക്കുന്നയാൾ? അതുപോലെ, അവൻ എല്ലാ ജീവജാലങ്ങളുമായും ഒന്നായിത്തീരുന്നു.

आपणासकट सर्व देहीं । भक्तां भगवंतावांचूनि नाहीं ।
यालागीं शांति त्याचे ठायीं । स्वानंदें पाहीं निःशंक नांदे ॥७४१ ॥

ഭക്തർ സ്വന്തം ശരീരത്തിലും സർവ്വത്തിലും ഭഗവാനല്ലാതെ മറ്റൊന്നും കാണുന്നില്ല, അതുകൊണ്ട് ശാന്തി അവരുടെകൂടെ തീർച്ചയായിട്ടുമുണ്ട്.

ऐशिया निजसमशांतीं । भगवद्भक्त क्रीडा करिती ।
यालागीं उत्तमत्वाची प्राप्ती । सुनिश्चितीं पावले ॥७४२ ॥

ഇത്തരമൊരു സമഭാവത്തിലും ശാന്തിയിലും ഭഗവത് ഭക്തർ നിരന്തരം ക്രീഡിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ട് തീർച്ചയായിട്ടും അവർക്ക് ഉത്തമപദം ലഭിക്കുന്നു.

हरिभक्तांची निरपेक्षता । ऐक सांगेन नृपनाथा ।
उत्तम भक्तांची सांगतां कथा । अतिउल्हासता हरीसी ॥७४३ ॥

ഹേ രാജാവേ, ഇപ്പോൾ, ഹരിഭക്തരുടെ നിരപേക്ഷഭാവത്തെ കുറിച്ച് പറയാം, കേട്ടാലും. ഉത്തമഭക്തരുടെ കഥ പറയുമ്പോൾ, ഹരിയുടെ മനസ്സ് ഉല്ലാസംകൊണ്ട് നിറഞ്ഞു.

निरपेक्ष तो मुख्य भक्त । निरपेक्ष तो अति विरक्त ।
निरपेक्ष तो नित्यमुक्त । सत्य भगवंत निरपेक्षी ॥७४४ ॥

(അദ്ദേഹം പറഞ്ഞു), നിരപേക്ഷനായ ഭക്തനാണ് മുഖ്യ ഭക്തൻ. നിരപേക്ഷനാണ് വാസ്തവത്തിൽ വിരക്തനും നിത്യമുക്തനും. കാരണം, ഭഗവാൻ സ്വയം നിരപേക്ഷനാണ്.

ത്രിഭുവനവിഭവഹേതവേ്പ്യകുണ്ഠ
സ്മൃതിരജിതാത്മ സുരാദിഭിർവ്വിമൃഗ്യാത്
ന ചലതി ഭഗവത്പദാരവിന്ദാത്
ലവനിമിഷാർദ്ധമപി യഃ സ വൈഷ്ണവാഗ്ര്യഃ. 53

മൂന്നുലോകവും സിദ്ധിക്കുമെന്നിരിക്കിലും മനോജയം വരാത്തവരായ ദേവന്മാർ മുതലായവരാൽ അന്വേഷിക്കാൻ യോഗ്യമായ ഭഗവാന്റെ ചരണകമലത്തിൽനിന്ന് അരനിമിഷം കൂടി തെറ്റാതെ സ്മരിച്ചുകൊണ്ടിരിക്കുന്ന യാതൊരുവൻ ഇളകാതിരിക്കുന്നുവോ അവൻ വിഷ്ണുഭക്തന്മാരിൽവെച്ച് ശ്രേഷ്ഠനാകുന്നു.

सप्रेमभावें करितां भक्ती । हरिचरणीं ठेविली चित्तवृत्ती ।
निजस्वार्थाचिये स्थितीं । अतिप्रीतीं निजनिष्ठा ॥७४५ ॥

തന്റെ വാസ്തവമായ ക്ഷേമത്തിനായി, ഭക്തൻ ചിത്തവൃത്തികളെ പ്രേമഭാവത്തോടെ ഹരിചരണങ്ങളിൽ നിഷ്ഠയോടെ സമർപ്പിക്കുന്നു.

तेथें त्रिलोकींच्या सकल संपत्ती । कर जोडूनि वरूं प्रार्थिती ।
तरी क्षणार्ध न काढी चित्तवृत्ती । भक्त परमार्थी अतिलोभी ॥७४६ ॥

ആ സമയത്ത്, മൂന്ന് ലോകങ്ങളിലെയും എല്ലാ സമ്പത്തും അദ്ദേഹത്തെ കൈകൂപ്പി സ്വീകരിക്കണം എന്നഭ്യർത്ഥിച്ചാലും, അദ്ദേഹം ഹരിയുടെ പാദങ്ങളിൽ നിന്ന് ഒരു നിമിഷം പോലും മനസ്സിനെ അകറ്റാൻ തയ്യാറാകില്ല. അദ്ദേഹം പരമാത്മാവിൽ അത്രയധികം സമർപ്പിതനാണ്.

क्षणार्ध चित्तवृत्ती काढितां । त्रिभुवनविभव ये हाता ।
एवढिया सांडूनि स्वार्था । म्हणाल हरिभक्तां लाभ कोण ॥७४७ ॥

ഒരു ക്ഷണം പോലും അദ്ദേഹം ചിത്തവൃത്തികളെ ഹരിചരണത്തിൽനിന്ന് മാറ്റിവെച്ചാൽ, മൂന്ന് ലോകങ്ങളുടെയും സമ്പത്ത് അദ്ദേഹത്തിന്റെ കൈകളിലാകും. പിന്നെ, ഇത്രയധികം ത്യാഗം ചെയ്യുന്നതിൽ എന്ത് പ്രയോജനമാണുള്ളത്? നിങ്ങൾ ഇത് ചോദിച്ചാൽ, ഞാൻ ഇപ്പോൾ ഉത്തരം പറയാം.

हरिचरणीं अपरोक्षस्थिति । तेथील क्षणार्धाची जे प्राप्ती ।
त्यापुढें त्रिभुवनसंपत्ती । भक्त मानिती तृणप्राय ॥ ७४८ ॥

ഇതിന് കാരണം, ഹരിയുടെ പാദങ്ങളിൽ ലഭിക്കുന്ന സാക്ഷാത്കാരത്തിന്റെ ഒരു ക്ഷണാർദ്ധ സമയത്തിലുള്ള സുഖത്തെ ത്രിലോകങ്ങളിലെയും സമ്പത്തും ഐശ്വര്യവുമായി താരതമ്യപ്പെടുത്തുമ്പോൾ, ഭക്തർക്ക് അവ തൃണസമാനമായി തോന്നുന്നു.

सकळ जगाचा स्रजिता । ब्रह्मा पितामहो तत्त्वतां ।
त्रैलोक्यराज्यसमर्थता । वोळगे वस्तुतां अंगणीं ज्याचे ॥ ७४९ ॥

ഈ വിശ്വത്തിനു തന്നെ കാരണമായ ബ്രഹ്മദേവന്റെ മുറ്റത്ത് മൂന്ന് ലോകങ്ങളുടെയും സമ്പത്ത് വിസ്താരമായി കിടക്കുന്നു. ആ സമ്പത്തിന്റെ മുമ്പിൽ, അദ്ദേഹത്തിന്റെ ബ്രഹ്മപദവി തന്നെ ശ്രേഷ്ഠമാണ്. പക്ഷെ ആ ബ്രഹ്മദേവൻ പോലും സ്വസുഖത്തിനായി

ഹരിചരണങ്ങളെ തിരയുന്നു.

त्रिभुवनवैभवाचे माथां । ब्रह्मपदाची समर्थता ।
तो ब्रह्माही निजस्वार्था । होय गिंवसिता हरिचरण ॥ ७५० ॥

ബ്രഹ്മാവിന്റെ ശക്തിയും പദവിയും ത്രിഭുവനത്തില്ലെല്ലാറ്റിനെക്കാളും വലുതാണ്. അദ്ദേഹം പോലും ഹരിചരണങ്ങളെ സ്വസുഖത്തിനായി തേടിക്കൊണ്ടിരിക്കുന്നു.

त्यागोनि ब्रह्मवैभवसंपत्ती । ब्रह्मा बैसोनि एकांतीं ।
अहर्निशीं हरिचरण चिंती । तरी त्या प्राप्ति सहसा नव्हे ॥ ७५१ ॥

ബ്രഹ്മലോകത്തിന്റെ സമ്പത്തും തേജസ്സും നിരസിച്ചുകൊണ്ട്, ബ്രഹ്മാവ് ഏകാന്തതയിൽ ഇരുന്ന് രാവും പകലും ഹരിചരണങ്ങളെ ധ്യാനിക്കുന്നു. എന്നിട്ടും ആ ചരണങ്ങൾ ബ്രഹ്മാവിന് ലഭ്യമാകുന്നില്ല.

सहसा न पवे हरिचरण । यालागीं ब्रह्मा साभिमान ।
तेणें अभिमानेंचि जाण । नेलीं चोरून गोपाल-वत्सें ॥ ७५२ ॥

ബ്രഹ്മദേവന് ഹരിചരണം ലഭ്യമാകാത്തതിനാൽ അഹങ്കാരിയായി ഗോകുലത്തിലെ ഗോപാലന്മാരെയും പശുക്കിടാക്കളെയും മോഷ്ടിച്ചുവെന്ന് ഓർമ്മിക്കുക.

तेथें न कष्टता आपण । न मोडतां कृष्णपण ।
गोपाल-वत्सें जाहला संपूर्ण । पूर्णत्वें पूर्ण स्वलीला ॥ ७५३ ॥

ആ സമയത്ത്, ആർക്കും ഒരു ബുദ്ധിമുട്ടും വരുത്താതെയും, തന്റെ കൃഷ്ണഭാവം കളയാതെയും, ഭഗവാൻ പൂർണ്ണമായും ഗോപാലന്മാരും പശുക്കുട്ടികളുമായി മാറി.

अगाध हरिलीला पूर्ण । पाहतां वेडावलें ब्रह्मपण ।
तेव्हां सांडोनि पदाभिमान । अनन्यशरण हरिचरणीं ॥ ७५४ ॥

ഹരിയുടെ ഈ അത്ഭുതകരമായ ലീല കണ്ട് ബ്രഹ്മാവ് ഒരു ഭ്രാന്തനെപോലെയായി. തന്റെ ബ്രഹ്മപദവിയിലുള്ള അഹങ്കാരം ഉപേക്ഷിച്ച്, അനന്യഭക്തിയോടെ ഹരിയിൽ അഭയം പ്രാപിച്ചു.

कैलासराणा शूलपाणी । ब्रह्मा लागे ज्याचे चरणीं ।
तोहि निजराज्य सांडोनी । महाश्मशानीं हरिचरण चिंती ॥ ७५५ ॥

ബ്രഹ്മവന്ദ്യനായ ശൂലപാണിപോലും തന്റെ കൈലാസ രാജ്യം വിട്ട് ശ്മശാനത്തിൽ ഇരുന്ന് ഹരിയുടെ പാദങ്ങളേ ധ്യാനിക്കുന്നു.

कौपीनभस्मजटाधारी । चरणोदक धरोनि शिरीं ।
हरिचरण हृदयामाझारीं । शिव निरंतरीं चिंतीत ॥ ७५६ ॥

കൗപീനധാരിയായി, ശരീരം മുഴുവൻ ഭസ്മം പൂശി, തലയിൽ ജടാധാരിയായി, ഹരിചരണതീർത്ഥത്തിനെ (ഗംഗാ) തലയിൽ വച്ചുകൊണ്ട്, അദ്ദേഹം ഹൃദയത്തിൽ നിരന്തരം ഹരിചരണങ്ങളെ ധ്യാനിക്കുന്നു.

एवं ब्रह्मा आणि शंकर । चरणांचे न पवती पार ।
तेथें त्रैलोक्यवैभव थोर । मानी तो पामर अतिमंदभाग्य ॥ ७५७ ॥

ഈ വിധത്തിൽ, ബ്രഹ്മശങ്കരന്മാർക്കുപോലും ഹരിപാദങ്ങൾ ലഭിക്കാത്തിടത്ത്, മൂന്ന് ലോകങ്ങളുടെയും സമ്പത്തിനെ ശ്രേഷ്ഠമായി കരുതുന്ന പാമരന്മാർ നിർഭാഗ്യവാന്മാർ തന്നെ.

हरिचरणक्षणार्धप्राप्ती । त्रैलोक्यराज्यसंपत्ती ।
भक्त ओंवाळूनि सांडिती । जाण निश्चितीं निंबलोण ॥ ७५८ ॥

ഒരു നിമിഷത്തെ ഹരിയുടെ പാദസാക്ഷാത്കാരത്തിനായി ഭക്തർ മൂന്ന് ലോകങ്ങളിലേയും സമ്പത്ത് ത്യജിക്കുന്നു എന്നത് ഓർമ്മിക്കുക.

हरिचरणसारामृतगोडी । क्षणार्ध जैं जोडे जोडी ।
तैं त्रैलोक्यवैभवाच्या कोडी । करी कुरवंडी निजभक्त भावें ॥ ७५९ ॥

ഹരിചരണ സാരാമൃതത്തിന്റെ മാധുര്യം ഒരു നിമിഷത്തേക്കെങ്കിലും ആസ്വദിക്കാൻ കഴിഞ്ഞാൽ, ഒരു ഭക്തന് അതിനായി മൂന്ന് ലോകങ്ങളുടെയും സമ്പത്ത് ത്യജിക്കും.

एवं हरिचरणांपरतें । सारामृत नाहीं येथें ।
यालागीं चित्तें वित्तें जीवितें । जडले सुनिश्चितें चरणारविंदी ॥ ७६० ॥

ചുരുക്കത്തിൽ, ഹരിചരണത്തെപ്പോലെ സാരാമൃതമായ മറ്റൊന്നും ഈ ലോകത്തിലില്ല. അതിനാൽ, അവർ പൂർണ്ണമായും ഹരിചരണാരവിന്ദങ്ങളിൽ യോജിച്ചിരിക്കുന്നു.

निमिषार्ध त्रुटी लव क्षण । जे न सोडिती हरिचरण ।

ते वैष्णवांमाजीं अग्रगण । राया ते जाण “उत्तम भक्त” ॥ ७६१ ॥

ഹേ രാജാവേ, ഒരു അര നിമിഷത്തിനോ, ത്രുടിക്കോ, ലവനിമിഷത്തിനോ പോലും ഹരിയുടെ പാദങ്ങൾ വിടാത്ത ഭക്തന്മാരാണ് അഗ്രഗണ്യരായ വൈഷ്ണവന്മാർ. ഇവർ ഉത്തമ ഭക്തന്മാരാകുന്നു എന്നറിഞ്ഞാലും.

जे त्रिभुवनविभवभोग भोगिती । तेही पावले अनुतापवृत्ती ।
त्यांच्या तापाची निजनिवृत्ती । हरिचरणप्राप्ती तें ऐक ॥ ७६२ ॥

ത്രിലോകങ്ങളിലുള്ള സുഖങ്ങളെ അനുഭവിക്കുന്നവരും ക്ലേശങ്ങളാൽ തപിക്കുന്നു. അവരുടെ താപ നിവൃത്തിക്കും ഹരി ചരണത്തിനെ ആശ്രയിക്കുക എന്നതുതന്നെയാണ് പ്രതിവിധി. അതിനെക്കുറിച്ച് ഞാൻ പറയാം, കേട്ടാലും.

ഭഗവത ഉരുവിക്രമാങ്ഘ്രിശാഖാ
നഖമണിചന്ദ്രികയാ നിരസ്തതാപേ
ഹൃദി കഥമുപസീദതാം പുനഃ
സ പ്രഭവതി ചന്ദ്ര ഇവോദിത്യേർക്കതാപഃ. 54

ഭഗവാന്റെ മഹാപരാക്രമത്തോടുകൂടിയ ചരണങ്ങളുടെ വിരലുകളാകുന്ന രത്നത്തിൽനിന്ന് പുറപ്പെടുന്ന ശോഭയാകുന്ന ചന്ദ്രികയാൽ നശിക്കപ്പെട്ട സന്താപത്തോടുകൂടിയ ഭക്തന്മാരുടെ ഹൃദയത്തിൽ ചന്ദ്രൻ ഉദിച്ചിരിക്കുമ്പോൾ സൂര്യോഷ്ണം എന്ന പോലെ രാഗാദിദോഷങ്ങൾ പിന്നെ എങ്ങനെ ഉണ്ടാകും?

थोर हरिचरणाचा पराक्रम । पदें त्रैलोक्य आवरी त्रिविक्रम ।
ब्रह्मांड भेदोनि पदद्रुम । वाढला परमसामर्थ्यें ॥ ७६३ ॥

വീരഗുണങ്ങളുള്ള ഹരിചരണങ്ങളുടെ മഹിമ അളവറ്റതാണ്. ത്രിവിക്രമനായ ശ്രീഹരി ത്രിലോകങ്ങളെ കീഴടക്കിയിട്ടുണ്ട്. അത്ഭുതമായ പരാക്രമഗുണം കാഴ്ചവെച്ചുകൊണ്ട് ശ്രീഹരിയുടെ ചരണമാകുന്ന വൃക്ഷം ബ്രഹ്മാണ്ഡത്തെയും ഭേദിച്ചുകൊണ്ട് കടന്നുപോയി.

ते पदद्रुमींचिया दशशाखा । त्याचि दशधा दशांगुलिका ।
अग्रीं अग्रफळचंद्रिका । नखमणि देखा लखलखित ॥ ७६४ ॥

ആ പാദമാകുന്ന വൃക്ഷത്തിന്റെ പത്തു ശാഖകൾ എന്നപോലെ പത്തു വിരലുകൾ ഉണ്ട്. എതുവിധമാണോ ശാഖകളുടെ അഗ്രഭാഗത്ത് ഫലങ്ങൾ ശോഭിക്കുന്നത്, അതുപോലെ ഈ വിരലുകളുടെ അഗ്രഭാഗത്ത് നഖമണി ചന്ദ്രിക ശോഭിക്കുന്നു.

ते नखचंद्रिकेचे चंद्रकांत । चरणचंद्रामृतें नित्य स्रवत ।
भक्तचकोर ते सेवित । स्वानंदें तृप्त सर्वदा ॥ ७६५ ॥

ചന്ദ്രകാന്തമണി എന്നപോലെ പ്രകാശിക്കുന്ന നഖങ്ങളിൽനിന്നും വരുന്ന അമൃതമാകുന്ന രശ്മികളെ ഭക്തരാകുന്ന ചകോരപ്പക്ഷികൾ സേവിച്ച് സദാസർവ്വദാ സ്വാനന്ദത്തിൽ തൃപ്തരായിരിക്കുന്നു.

त्यांसी कामादि त्रिविधतापप्राप्ती । सर्वथा बाधूं न शके पुढती ।
जेवीं सूर्याची संतप्त दीप्ती । चंद्रबिंबाआंतौती कदा न रिघे ॥ ७६६ ॥

സൂര്യന്റെ രൂക്ഷമായ കിരണങ്ങൾ ഒരിക്കലും ചന്ദ്രന്റെ പ്രതിച്ഛായയിലേക്ക് തുളച്ചുകയറാത്തതുപോലെ, ഇതിനുശേഷം, ഭഗവത് ചരണങ്ങളെ ആശ്രയിക്കുന്ന ഭക്തരെ ത്രിവിധതാപങ്ങൾ ഒരിക്കലും ബാധിക്കുകയില്ല.

जे हरिचरणचंद्रचकोर । स्वप्नींही संसारताप न ये त्यांसमोर ।
ऐसा चरणमहिमा अपार । हरि मुनीश्वर हर्षें वर्णी ॥ ७६७ ॥

ചന്ദ്രനാൽ ആകർഷിക്കപെട്ട ചകോരപ്പക്ഷികൾ എന്നപോലെ ഹരിചരണത്തിനെ ആശ്രയിക്കുന്ന ഭക്തർ സ്വപ്നത്തിൽപ്പോലും സംസാരതാപം അനുഭവിക്കുന്നില്ല. ഇങ്ങനെ, ഹരിചരണങ്ങളുടെ അപാരമഹിമ നവയോഗികളിൽ ഹരി എന്ന രണ്ടാമത്തെ യോഗി ആനന്ദമായി വർണ്ണിച്ചു.

'देहे वै स हरेः प्रियः' । येणें श्लोकें गा विदेह्या ।
दाविली भक्तिलिंगक्रिया । जाण तू राया सुनिश्चित ॥ ७६८ ॥

ഹേ ജനകരാജാവേ, `ദേഹേ വൈ സ ഹരേ: പ്രിയ:' എന്ന ശ്ലോകത്തിലൂടെ ഭക്തന്മാരുടെ ലക്ഷണങ്ങളും വിവരണങ്ങളും സ്പഷ്ടമായി ഞാൻ പറഞ്ഞിരിക്കുന്നു.

'न यस्य स्वः पर इति' । येणें त्याची धर्मस्थिती ।

राया सांगितली तुजप्रती । यथानिगुतीं यथार्थ ॥ ७६९ ॥

അതുപോലെ, `ന യസ്യ സ്വഃ പര ഇതി ' എന്ന ശ്ലോകം അവരുടെ ധർമ്മസ്ഥിതിയുടെ വിവരണമാണ് നൽകുന്നത്.

'याद्दश' म्हणे कैसे असती । भगवद्भजनें स्वानंदतृप्ति ।
त्रिविध तापांची निवृत्ती । करोनि असती हरिभक्त ॥ ७७० ॥

`യാദ്രൃശ' എന്ന ശ്ലോകത്തിലൂടെ ഈ ഭക്തരുടെ പ്രകൃതവും വ്യവഹാരം ചെയ്യുന്ന ശൈലിയും എങ്ങനെയാണ് എന്ന ചോദ്യത്തിനുള്ള ഉത്തരമാണ്.

आतां त्यांची बोलती परी । नामें गर्जती निरंतरीं ।
तेचि ते संक्षेपाकारीं । उपसंहारीं हरि सांगे ॥ ७७१ ॥

ഇനി, സംഗ്രഹമായി, അവരുടെ സംസാരിക്കുന്ന രീതി, സഞ്ചരിക്കുന്ന വിധം, നാമ സങ്കീർത്തനം ചെയ്യുന്ന ശൈലി ഇത്യാദികളെക്കുറിച്ച് ഹരി എന്ന ഋഷി പറയുന്നു.

सकळ लक्षणांची सारस्थिति । प्रेमळाची परमप्रीती ।
उल्लंघूं न शके श्रीपती । तेही श्लोकार्थीं हरि सांगे ॥ ७७२ ॥

പ്രേമികളായിട്ടുള്ള ഭക്തർക്ക് നിസ്സീമമായ പ്രീതിയോടെയുള്ള ഭക്തി തന്നെ പ്രമുഖ ലക്ഷണമാകുന്നു. ശ്രീപതിയായ ഭഗവാനു പോലും ഈ ഭക്തിയെ അവഗണിക്കുവാൻ സാധിക്കുകയില്ല.

വിസൃജതി ഹൃദയം ന യസ്യ സാക്ഷാത്
ഹരിരവശാഭിഹിതോഽപ്യഘൗഘനാശഃ
പ്രണയരശനയാ ധൃതാങ്ഘ്രിപദ്മഃ
സ ഭവതി ഭാഗവതപ്രധാന ഉക്തഃ. 55

യാതൊരുവന്റെ മനസ്സിനെ പ്രേമമാകുന്ന കയറുകൊണ്ട് ബന്ധിക്കപ്പെട്ട പാദപദ്മത്തോടുകൂടിയതും പാപസമൂഹങ്ങളെ നശിപ്പിക്കുന്നവനും ആയ ശ്രീകൃഷ്ണൻ പാരവശ്യസ്ഥിതിയിലിരിക്കുമ്പോൾ ഉച്ചരിക്കപ്പെടുന്നവനായിട്ടുംകൂടി വിട്ടുപോകുന്നില്ലയോ അവൻ ഭക്തന്മാരിൽ വെച്ച് ഉത്തമനായി ഭവിക്കുന്നുവെന്ന് ശാസ്ത്രത്തിൽ പറയപ്പെട്ടിരിക്കുന്നു.

अवचटें तोंडा आल्या हरी । सकळ पातकें संहारी ।
तें हरिनाम निरंतरीं । जे निजगजरीं गर्जती ॥ ७७३ ॥

ഹരിയുടെ നാമം അബദ്ധത്തിൽ ഉച്ചരിച്ചാൽ പോലും, അത് എല്ലാ പാപങ്ങളെയും നശിപ്പിക്കും. ഭക്തർ നിരന്തരം ഈ നാമത്തിനെ ഘോഷിച്ചുകൊണ്ടിരിക്കുന്നു.

ऐसें ज्यांचे जिव्हेवरी । नाम नाचे निरंतरीं ।
तें धन्य धन्य संसारीं । स्वानंदें हरि गर्जति ॥ ७७४ ॥

ഈ വിധത്തിൽ, ആരുടെ നാവിൽ നാമം തുടർച്ചയായി നൃത്തം ചെയ്യുന്നുവോ, ആര് സന്തോഷത്തോടെ ഹരിനാമം ജപിക്കുന്നുവോ അവർ അത്യധികം അനുഗ്രഹീതരാണ്.

सप्रेम सद्भावें संपूर्ण । नित्य करितां नामस्मरण ।
वृत्ति पालटती आपण । तेंही लक्षण ऐक राया ॥ ७७५ ॥

പൂർണ്ണ സ്നേഹത്തോടേയും സദ്ഭാവത്തോടേയും നാമം നിരന്തരം ജപിക്കുന്നതിലൂടെ, ചിത്തവൃത്തികൾ തന്നെത്താനെ മാറുന്നു. അതിന്റെ ലക്ഷണങ്ങളും ഞാൻ അങ്ങയോട് പറയാം, കേൾക്കൂ.

नामासरिसाच हरी । रिघे हृदयामाझारीं ।
तेणें धाकें अभ्यंतरीं । हों लागे पुरी हृदयशुद्धी ॥ ७७६ ॥

നാമത്തോടൊപ്പം ഹരിയും ഹൃദയത്തിൽ പ്രവേശിക്കുന്നു. അതോടെ മനസ്സ് പൂർണ്ണമായും ശുദ്ധമാകുന്നു,

तेव्हां प्रपंच सांडोनि वासना । जडोनि ठाके जनार्दना ।
'अहं'कारु सांडोनि अहंपणा । सोहं सदनामाजीं रिघे ॥ ७७७ ॥

അപ്പോൾ വാസനകൾ സാംസാരികമായ പ്രപഞ്ചത്തെ വിട്ട് ജനാർദനനെത്തന്നെ ഒട്ടിനിൽക്കുന്നു. അഹങ്കാരം അഹം ഭാവത്തെ വെടിഞ്ഞ് സോഹം ഭാവത്തിനെ പ്രാപിക്കുന്നു.

चित्त विसरोनि चित्ता । जडोनि ठाके भगवंता ।
मनाची मोडली मनोगतता । संकल्प विकल्पता करूं विसरे ॥ ७७८ ॥

ചിത്തം സ്വയം മറന്ന് ഭഗവാനോടൊട്ടി നിൽക്കുന്നു. മനസ്സ് മനസ്സിന്റെ ഗുണങ്ങളെ ത്യജിച്ച് സങ്കല്പ വികല്പങ്ങൾ സൃഷ്ടിക്കുവാൻ മറക്കുന്നു.

कृतनिश्चयेंसीं बुद्धी । होऊनि ठाके समाधी ।
ऐशी देखोनि हृदयशुद्धी । तेथोनि त्रिशुद्धी न रिघे हरी ॥ ७७९ ॥

നിശ്ചയമായിട്ടും ബുദ്ധി സമാധിസ്ഥിതമാകുന്നു. ഹൃദയം ഈ വിധത്തിൽ ശുദ്ധമായതിനാൽ ഹരി തീർച്ചയായിട്ടും അവിടെനിന്നു പുറത്തുപോകില്ല.

हरिनामप्रेमप्रीतीवरी । हृदयीं रिघाला जो हरी ।
तो रिघों विसरे बाहेरी । भक्तप्रीतिकरीं कृपाळू ॥ ७८० ॥

ഹരിനാമത്തോടുള്ള പ്രേമത്താൽ ഹരി ഒരു പ്രാവിശ്യം ഹൃദയത്തിൽ പ്രവേശിച്ചാൽ പിന്നെ ആ ഭക്തൻ ഒരിക്കലും ബഹിർമുഖമാവുകയില്ല.

भक्तें प्रणयप्रीतीची दोरी । तेणें चरण धरोनि निर्धारीं ।
निजहृदयीं बांधिला हरी । तो कैशापरी निघेल ॥ ७८१ ॥

പ്രേമമാകുന്ന കയറിനാൽ ഭക്തൻ ഹരിചരണങ്ങളെ എപ്പോൾ ഹൃദയത്തിൽ ബന്ധിക്കുന്നുവോ, പിന്നെ ഹരിക്ക് അവിടെനിന്നു എങ്ങനെ പുറത്തുപോകാൻ സാധിക്കും?

भगवंत महा अतुर्बळी । अदट दैत्यांतें निर्दळी ।
तो कोंडिला हृदयकमळीं । हे गोष्टी समूळीं मिथ्या म्हणती ॥ ७८२ ॥

ചിലർ പറയും - ശക്തിശാലികളായ അസുരന്മാരെപോലും സംഹരിക്കുന്ന അതീവ ബലിഷ്ഠനായ ഭഗവനെ ഭക്തഹൃദയകമലങ്ങളിൽ ബന്ധിക്കുക എന്നത് അസംഭവ്യമാണ്.

जो शुष्क काष्ठ स्वयें कोरी । तो कोंवळ्या कमळामाझारीं ।
भ्रमर गुंतला प्रीतीवरी । केसर माझारीं कुचंबो नेदी ॥ ७८३ ॥

അതിനുള്ള ഉത്തരം ഇതാ - ഉണങ്ങിയ തടിയെ തുളയ്ക്കുന്ന അതേ വണ്ട് സ്നേഹം നിമിത്തം മൃദുവായ താമരയിൽ കുടുങ്ങിക്കിടക്കുന്നു. എന്നാൽ ഉള്ളിലുള്ള പൂമ്പൊടിയ്ക്ക് കേടുപാട് വരുത്തുന്നില്ല.

तेवीं भक्ताचिया प्रेमप्रीतीं । हृदयीं कोंडिला श्रीपती ।
तेथ खुंटल्या सामर्थ्यशक्ती । भावार्थाप्रती बळ न चले ॥ ७८४ ॥

അതുപോലെ ഭക്തന്റെ അഖണ്ഡമായ പ്രേമത്തിന്റെ കാരണം ഹരി സ്വയം ഭക്തഹൃദയത്തിൽ ബന്ധിതനാക്കുന്നു. ഭക്തന്റെ മുന്നിൽ

ഹരിയുടെ എല്ലാം സാമർത്ഥ്യവും പരാക്രമവും വ്യർത്ഥമാകുന്നു. ഭാവപൂർണ്ണഭക്തിക്കു മുമ്പിൽ ബലം ഒന്നുമല്ല.

बाळ पालवीं घाली पिळा । तेणें बाप राहे थोकला ।
तरी काय तो निर्बळ जाहला । ना तो स्नेहें भुलला ढळेना ॥ ७८५ ॥

ഒരു കുഞ്ഞ് അച്ഛന്റെ മുണ്ടു പിടിച്ചുംകൊണ്ട് പോകുന്നതിൽനിന്നും തടഞ്ഞാൽ അത് അച്ഛന്റെ ശക്തിയെ കുറയ്ക്കുമോ? ഇല്ല. കുഞ്ഞിന്റെ സ്നേഹം കണ്ടിട്ട് അച്ഛന് മുമ്പോട്ടു പോകാൻ കഴിയുന്നില്ല, അത്രമാത്രം.

तेवीं निजभक्त लडेवाळ । त्याचें प्रेम अत्यंत गोड ।
निघावयाची विसरोनि चाड । हृदयीं सुरवाड हरि मानी ॥ ७८६ ॥

അതുപോലെ, പ്രിയഭക്തന്റെ ഭക്തിയോടുള്ള സ്നേഹം അത്യധികം മധുരമുള്ളതാണ്, അതിനാൽ അവിടെ നിന്ന് പോകുന്നതിനെക്കുറിച്ച് മറന്ന്, ശ്രീ ഹരി ആ ഹൃദയത്തിൽ സന്തോഷത്തോടെ വസിക്കുന്നു.

ऐसें ज्याचें अंतःकरण । हरि न सांडी स्वयें आपण ।
तैसेचि हरीचे श्रीचरण । जो सांडिना पूर्ण प्रेमभावें ॥ ७८७ ॥

അത്തരമൊരു മനസ്സുള്ള ഒരാളെ, ശ്രീ ഹരി ഒരിക്കലും ഉപേക്ഷിക്കുകയില്ല. അതുപോലെ, പൂർണ്ണമായ സ്നേഹം കാരണം, ഹരിയുടെ പാദങ്ങൾ ഒരിക്കലും ആ ഭക്തനും ഉപേക്ഷിക്കുകയില്ല.

हरीचे ठायीं प्रीति ज्या ऐशी । हरीची प्रीति त्या तैसी ।
जे अनन्य हरीपाशीं हरि । त्यांसी अनन्य सदा ॥ ७८८ ॥

ഹരിയോട് ഭക്തന് എത്ര സ്നേഹമുണ്ടോ അത്രയും പ്രേമം ഹരിക്കും ഭക്തനോടുണ്ട്. ആരാണോ ഹരിയോട് നിരന്തരം അനന്യഭാവത്തിൽ ഇരിക്കുന്നത്, അവരോട് ഹരിയും സദാ അനന്യമായിത്തന്നെ ഇരിക്കുന്നു.

ऐसे जे हरिचरणीं अनन्य । तेचि भक्तांमाजीं प्रधान ।
वैष्णवांत ते अग्रगण । राया ते जाण 'भागवतोत्तम' ॥ ७८९ ॥

ഇപ്രകാരം ഹരിയോട് അനന്യഭക്തി ചെയ്യുന്നവർ മുഖ്യഭക്തന്മാരാകുന്നു. അവർ വൈഷ്ണവന്മാരിൽ അഗ്രഗണ്യരാകുന്നു. ഹേ രാജാവേ, അവരെ `ഉത്തമഭക്തർ' എന്നറിഞ്ഞാലും.

गौण करूनि चारी मुक्ती । जगीं श्रेष्ठ भगवद्‌भक्ती ।

त्या उत्तम भक्तांची स्थिती । संक्षेपें तुजप्रती बोलिलों राया ॥ ७९० ॥

ഈ വിധത്തിൽ, നാല് മുക്തികളെയും തിരസ്കരിച്ചുകൊണ്ട് ഭഗവത്ഭക്തിയെ ആശ്രയിക്കുന്ന ഉത്തമ ഭക്തന്മാരുടെ സ്ഥിതിയെ അങ്ങേയ്ക്കു ഞാൻ സംക്ഷേപമായി പറഞ്ഞു.

पूर्ण भक्तीचें निरूपण । सांगतां वेदां पडलें मौन ।
सहस्रमुखाची जिव्हा पूर्ण । थकोनि जाण थोंटावे ॥ ७९१ ॥

പൂർണ്ണ ഭക്തിയെ നിരൂപിക്കുമ്പോൾ വേദങ്ങൾ പോലും നിശ്ശബ്ദമാകുന്നു, ഭക്തിയുടെ മഹത്വത്തെക്കുറിച്ച് വിവരിക്കുമ്പോൾ ആയിരം തലയുള്ള ശേഷന്റെ നാവ് പോലും ക്ഷീണിക്കുന്നു.

ते भक्तीची एकांशता । तुज म्यां सांगितली हे कथा ।
यावरी परिपूर्णता । राया स्वभावतां तूं जाणशी ॥ ७९२ ॥

ഹേ രാജാവേ, ഭക്തിയുടെ മഹത്വം എത്രത്തോളമെന്നാൽ, ഞാൻ അങ്ങയോടു പറഞ്ഞത് ഭക്തിയുടെ കഥയുടെ ഒരു ചെറിയ ഭാഗം മാത്രമാണ്.

हरीसारिखा रसाळ वक्ता । सांगतां उत्तमभक्त कथा ।
तटस्थ पडिलें समस्तां । भक्तभावार्थता ऐकोनी ॥ ७९३ ॥

ഹരിയെപ്പോലെ ഒരു ശ്രേഷ്ഠമായ വക്താവ് ഉത്തമഭക്തന്മാരുടെ കഥ പറഞ്ഞപ്പോൾ, എല്ലാവരും സ്തംഭിച്ചുപോയി.

तंव रावो रोमांचित जाहला । रोममूळीं स्वेद आला ।
श्रवणसुखें लांचावला । डोलों लागला स्वानंदें ॥ ७९४ ॥

രാജാവിന്റെ കാര്യമോ? അദ്ദേഹം പുളകാങ്കിതനായി, എല്ലാ രോമകൂപങ്ങളും ഭക്തിയുടെ ആവേശത്താൽ വിയർത്തു. ശ്രവണസുഖത്തിൽ ലയിച്ച് അദ്ദേഹം ആത്മാനന്ദത്തിൽ ആടി തുടങ്ങി.

पूर्ण संतोषोनि मनीं । म्हणे भलें केलें मुनी ।
थोर निवालों निरूपणीं । श्रवणाची धणी तरी न पुरे ॥ ७९५ ॥

മനസ്സിൽ അത്യന്തം സംതൃപ്തി പ്രാപിച്ച രാജാവ് പറഞ്ഞു, "മുനിവര്യ! അവിടുന്ന് ചെയ്തത് ഒരു വലിയ കാര്യമാണ്. അങ്ങയുടെ നിരൂപണം കേട്ടപ്പോൾ എനിക്ക് സമാധാനം തോന്നി. പക്ഷെ, അതുകൊണ്ടുമാത്രം ശ്രവണത്തിൽ തൃപ്തി വരുന്നില്ല.

ऐकोनि हरीचें वचन । राजा म्हणे हे अवघे जण ।
अपरोक्षज्ञानें ज्ञानसंपन्न । वक्ते पूर्ण अवघेही ॥ ७९६ ॥

ഹരിമുനിയുടെ പ്രസംഗം കേട്ട രാജാവ് സ്വയം പറഞ്ഞു, "ഈ ഋഷിമാരെല്ലാം അപരോക്ഷജ്ഞാനസമ്പന്നരാണ്. മാത്രമല്ല, അവർ മികച്ച പ്രഭാഷകരുമാണ്."

भिन्न भिन्न करोनि प्रश्न । आकर्णूं अवघ्यांचें वचन ।
ऐशिया श्रद्धा राजा पूर्ण । अनुपम प्रश्न पैं करील ॥ ७९७ ॥

അതുകൊണ്ട്, അവരോട് വിവിധ ചോദ്യങ്ങൾ ചോദിക്കുകയും അവരുടെ പ്രഭാഷണങ്ങൾ കേൾക്കുകയും എന്തുകൊണ്ട് ചെയ്തുകൂടാ? ഇങ്ങനെയുള്ള പൂർണ്ണ ശ്രദ്ധയോടെ രാജാവ് ഉപമയില്ലാത്ത മഹിമയോടെയുള്ള ചോദ്യങ്ങൾ ചോദിക്കാൻ പോവുകയാണ്.

रायासी कथेची पूर्ण चाड । पुढां प्रश्न करील गोड ।
जे ऐकतांचि पुरे कोड । श्रोते वाड सुखावती ॥ ७९८ ॥

രാജാവിന് കഥ വളരെ ഇഷ്ടമാണ്, അദ്ദേഹം വളരെ നല്ല ചോദ്യങ്ങൾ ചോദിക്കും. അത് കേൾക്കുമ്പോൾ ശ്രോതാക്കൾ സംതൃപ്തരാകും, അവരുടെ ആഗ്രഹങ്ങൾ സഫലമാകും.

त्या प्रश्नाचें गुह्य ज्ञान । श्रवणीं पाववीन संपूर्ण ।
वदनीं वक्ता जनार्दन । यथार्थ पूर्ण अर्थवी ॥ ७९९ ॥

ആ ചോദ്യങ്ങളുടെ ഗുഹ്യമായ ജ്ഞാനം ഞാൻ എല്ലാവരുമായും പങ്കുവെക്കാം. ശ്രീ ജനാർദ്ദനസ്വാമിയാണ് അവ എന്നിലൂടെ യഥാർത്ഥമായും പൂർണ്ണമായ അർത്ഥത്തോടെയും സംസാരിക്കുന്നത്.

पांवा नाना मधुर ध्वनी गाजे । परी तो वाजवित्याचेनि वाजे ।
तेवीं एका जनार्दनीं साजे । ग्रंथार्थवोजें कवि कर्ता ॥ ८०० ॥

മുരളിയിൽനിന്നും പലവിധത്തിലുള്ള ധ്വനികൾ പുറത്തുവരുന്നു. പക്ഷേ അതിന്റെ കഴിവ് അത് വായിക്കുന്ന ആളുടേതാണ്. അതുപോലെ, ഗുരു ജനാർദ്ദന സ്വാമിയുടെ അനുഗ്രഹത്താൽ, ഈ `ഏക' ഒരു കവിയും എഴുത്തുകാരനുമായി മുന്നേറുന്നു. ശ്രീ കൃഷ്ണാർപ്പണമസ്തു!

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പാരമഹംസ്യാം
സംഹിതായാം ഏകാദശസ്കന്ധേ

ഭാഗവതധർമ്മനിരൂപണം നാമ ദ്വിതീയോ്ദ്ധ്യായഃ

🙏ശ്രീ കൃഷ്ണാർപ്പണമസ്തു🙏